R6x3
32F9

MUL
051147

സർവ്വവേദാന്തസിദ്ധാന്ത

# സാരസംഗ്രഹം.

---

തരവത്ത് അമ്മാളു-അമ്മ

എഴുതിയത്.

---

(൧-ാം പതിപ്പ് ...

UNIVERSITY LIBRARY
7 APR. 1919
MADRAS

---

തൃശ്ശിവപേരൂർ

മംഗളോദയംകമ്പനിവക

കേരളകല്പദ്രുമം അച്ചുകൂടം.

---

൧൦൯൪

[പകൎപ്പവകാശം]

വില 8 ണ.

51147
R6x3
32F9

UNIVERSITY LIBRARY
7 APR. 1929
MADRAS

# മുഖവുര.

ശ്രീമൽ ശങ്കരാചാൎയ്യഭഗവൽപൂജ്യപാദവിരചിതമായ "സൎവ്വവേദാന്തസിദ്ധാന്തസാരസംഗ്രഹം" എന്ന സംസ്കൃത ഗ്രന്ഥത്തിൻെറ പരിഭാഷയാകുന്ന പ്രസ്തുത പുസ്തകം ഗ്രന്ഥകൎത്താവായ ആചാൎയ്യസ്വാമികളുടെ മാഹാത്മ്യം ജഗൽപ്രസിദ്ധമായതുകൊണ്ടു വിശേഷിച്ചൊന്നും പറയേണ്ടതില്ലല്ലോ. ഈ ഗ്രന്ഥത്തിൽ പ്രതിപാദിതമായ വിഷയം വേദാന്തസിദ്ധാന്തമാകുന്നു. ബ്രഹ്മസൂത്രഭാഷ്യം, ദശോപനിഷൽഭാഷ്യം, ഭഗവൽഗീതാഭാഷ്യം ഇത്യാദികളുടെ കൎത്താവായ ജഗൽഗുരു ദുൎഗ്രഹങ്ങളായ ഇവകളിൽ അധികാരികളല്ലാത്ത ജീവികളെ ഉദ്ധരിപ്പാനായി അവരിലുള്ള കരുണയാൽ സൎവ്വവേദാന്തസിദ്ധാന്തസാരത്തേയും സംഗ്രഹിച്ചെടുത്ത് ആയിരത്തെട്ടു ശ്ലോകമായി നിൎമ്മിച്ചുവെച്ചിരിക്കുന്നു ആ മഹാത്മാവ് ഈ ഗ്രന്ഥത്തിന്നു പേരിട്ടിരിക്കുന്നതു യഥാൎത്ഥനാമം തന്നെ. ബ്രഹ്മസൂത്രഭാഷ്യാൎത്ഥങ്ങളുടേയും, ഉപനിഷൽഭാഷ്യാൎത്ഥങ്ങളുടേയും സാരങ്ങളെല്ലാം ലളിതമധുരസൂക്തികളാൽ മനോഹരപദ്യരൂപേണ നിൎമ്മിച്ചിരിക്കുന്നതിന്ന് ആ കരുണാനിധിയെ എത്ര പ്രശംസിച്ചാലും മതിയാവുന്നതല്ല. ആ പദ്യമാധുൎയ്യത്തെ അനുഭവിച്ചറിവാനായി ചില ശ്ലോകങ്ങളെ ഇടക്കിടെ ഇതിൽ എടുത്തു ചേൎത്തിട്ടുണ്ട്. പുത്രാത്മവാദികൾ, ദേഹാത്മവാദികൾ, ഇന്ദ്രിയാത്മവാദികൾ, പ്രാണാത്മവാദികൾ, മനാത്മവാദികൾ, ബുദ്ധ്യാത്മവാദികൾ, അജ്ഞാനാത്മവാദികൾ, ശൂന്യാത്മവാദികൾ, ശൂന്യവാദികൾ ഇത്യാദി മതങ്ങളെയെല്ലാം ഖണ്ഡിച്ച് അദ്വൈതമതത്തെ സ്ഥിരമായി സ്ഥാപിച്ചിരിക്കുന്നത് എത്ര യുക്തിയുക്തമായിരിക്കുന്നു. എന്തിന്നു വളരെ പറയുന്നു, സംസാരബദ്ധന്മാരായ ജീവികൾക്കു ബന്ധമോ

ചനത്തിന്ന് ആഗ്രഹമുണ്ടെങ്കിൽ ഈ ഒരൊററ ഗ്രന്ഥം മതിയാവുമെന്നു പറയുന്നത് ഒട്ടും അതിപ്രശംസയാകുന്നതല്ല. ഭവരാഗതപ്തന്മാൎക്ക് ഇത് ഒരു ദിവ്യൌഷധം തന്നെ. അപാരമായ സംസാരസാഗരത്തിൽ മുങ്ങിപ്പൊങ്ങി വീൎപ്പുമുട്ടി തിരമാലകളാൽ അടിപെട്ട് അങ്ങുമിങ്ങും അലഞ്ഞുലഞ്ഞ് കുഴങ്ങിമറിയുന്ന മനുഷ്യജീവികൾക്ക് ഇത് ഒരു തോണിയാണെന്നു നിസ്സംശയം പറയാം. ജനനമരണക്ലേശങ്ങളിൻ ഭയമുള്ളവൎക്ക് ഇതൊരു ഭയനിവൎത്തകമന്ത്രം തന്നെ.

എനിക്ക് ഈ ഗ്രന്ഥത്തെക്കുറിച്ചുള്ള ഭക്തിവിശ്വാസങ്ങളെ മുഴുവനും പറഞ്ഞറിയിക്കുവാൻ നിൎഭാഗ്യവശാൽ സംഭവിച്ച ഹൃദയദൌൎബ്ബല്യം നിമിത്തം സാദ്ധ്യമല്ലാതെ വന്നുപോയി. ഈ ഗ്രന്ഥത്തെ സംസാരചക്രത്തിൽ ഭ്രമിച്ചുഴലുന്ന മനുഷ്യർ ശ്രദ്ധയോടെ പഠിക്കേണ്ടതാണ്. സംസ്കൃതാനഭിജ്ഞന്മാരായ കേരളീയൎക്ക് ഇതിൽ പ്രത്യേകം ശ്രദ്ധയുണ്ടാവുമെന്നാണ് എന്റെ വിശ്വാസം; എന്നാൽ എനിക്കു ചാരിതാൎത്ഥ്യവുമായി.

ഈ ഗ്രന്ഥത്തെ 'വേദാന്തവിശാരദൻ' എന്നും, 'വേദാന്തവിദ്വാൻ' എന്നും ബിരുദങ്ങൾ സിദ്ധിച്ച കപ്പാത്തി ലക്ഷ്മണശാസ്ത്രികൾ അവൎകൾ പരിശോധിച്ചു പിഴതീൎത്തു തന്നതിന്ന് അദ്ദേഹത്തോടു പ്രത്യേകം വന്ദനം പറഞ്ഞുകൊള്ളുന്നു. വേദാന്തഗ്രന്ഥം പരിഭാഷപ്പെടുത്തുവാനാകട്ടെ, വേദാന്തശ്രദ്ധ ജനങ്ങളിൽ ഉൽപാദിപ്പിക്കുവാനാകട്ടെ ഉള്ള വൈദുഷ്യമോ ബുദ്ധിയോ ഈ ചപലയായ അബലയ്ക്കുണ്ടായിട്ടല്ല ഇതിന്നു ശ്രമിച്ചത്. ഈ സംസാരത്തിൽ ഭയങ്കരതാപത്രയത്താൽ അടിപെട്ടു ഭയവിഹ്വലമായ ചിത്തത്തിന്ന് എങ്ങിനെയാണ് ഒരു വിശ്രമം ലഭിക്കുന്നതെന്ന് അന്വേഷിച്ചുകൊണ്ടിരിക്കുമ്പോൾ ഈ ഗ്രന്ഥത്തിൽ അല്പം വിശ്രമിപ്പാനിടവന്നു. ഈ വിശ്രമം ലോകത്തിൽ എല്ലാം മനുഷ്യൎക്കും അത്യന്താപേക്ഷിതമായതുകൊണ്ടു മററുള്ളവൎക്കും ഇതി

ന്നെ അനുഭവിപ്പാനിടവരുത്തേണമെന്നുള്ള ആഗ്രഹത്താൽ
മാത്രം ഇതിൽ പരിശ്രമിച്ചതാണ്. എൻെറ പ്രിയസഹോദ
രൻെറ അകാലവിയോഗം നിമിത്തം എനിക്കുണ്ടായിരിക്കുന്ന
അതിദുസ്സഹമായ ഹൃദയവ്യഥയെ തിതിക്ഷയോടേ സഹിക്കു
വാൻ ഈ ഗ്രന്ഥം വളരെ ഉപകരിച്ചിട്ടുണ്ടെന്നു പ്രത്യേകം
പറയാതെ കഴിയുന്നതല്ല. ഈ ഗ്രന്ഥം മാത്രമല്ല, ജഗൽ
ഗുരുവായ ശങ്കരാചാർയ്യസ്വാമികളുടെ എല്ലാം കൃതികളും വാ
യിപ്പാനും ഈ ഗ്രന്ഥത്തെ തർജ്ജമ ചെയ്വാനും ഇടവരുത്തിയ
ത് എൻെറ പ്രിയസഹോദരനായ ഡാക്ടർ ടി. എം. നായര
വർകളാകുന്നു. അതുകൊണ്ട് ഈ ഗ്രന്ഥത്തെ സർവ്വാനുസ്യൂ
തമായും സർവ്വവ്യാപകമായും സർവ്വാന്തർയ്യാമിയായുമുള്ള ചൈ
തന്യത്തിൽ ലീനനായ പ്രിയസഹോദരൻെറ ആത്മജ്യോതി
സ്സിങ്കൽതന്നെ ഞാനിതാ സമർപ്പിച്ചിരിക്കുന്നു. ശ്രീമാധവാ
യ സമർപ്പണം.

എന്ന്

പാലക്കാട്, }
15—2—20. } ഗ്രന്ഥകർത്ത്രി.

--ooXoo--

ശ്രീ

സർവ്വവേദാന്തസിദ്ധാന്ത

# സാരസംഗ്രഹം.

---

'അഖണ്ഡംസച്ചിദാനന്ദം അവാങ്മനസഗോചരം
ആത്മാനമഖിലാധാരം ആശ്രയേഭീഷ്ടസിദ്ധയേ. 1
യദാലംബൊദരംഹന്തി സതാംപ്രത്യൂഹസംഭവം
തദാലംബേദയാലംബം ലംബോദരപദാംബുജം. 2
വേദാന്തശാസ്ത്രസിദ്ധാന്ത സാരസംഗ്രഹഉച്യതേ
പ്രേക്ഷാവതാംമുമുക്ഷൂണാം സുഖബോധോപപത്തയേ'. 3

അഖണ്ഡസച്ചിദാനന്ദമായും, വാക്കിന്നും മനസ്സിന്നും അഗോചരമായും, സർവ്വാധാരമായും ഇരിക്കുന്ന പരമാത്മാവിനെ സർവ്വാഭീഷ്ടസിദ്ധിക്കായിക്കൊണ്ട് ഞാനിതാ ആശ്രയിക്കുന്നു. സത്തുക്കൾക്കു വിഘ്നകാരണമായ അജ്ഞാനത്തെ നശിപ്പിക്കുന്നവനായും, ദയാസിന്ധുവായുമിരിക്കുന്ന ശ്രീവിഘ്നേശപരമൂർത്തിയുടെ പാദപത്മങ്ങളെ നമസ്കരിച്ചു, സകല വേദാന്തശാസ്ത്രങ്ങളാലും നിശ്ചയിക്കപ്പെട്ട സിദ്ധാന്തസാരങ്ങളെല്ലാം സംഗ്രഹിച്ചു മുമുക്ഷുക്കൾക്ക് അനായാസേന തത്വബോധമുണ്ടാവാനായി ഇതാ പറയുന്നു.

ഈ ഗ്രന്ഥം വേദാന്തശാസ്ത്രങ്ങളെ അനുസരിച്ചുള്ളതാകയാൽ ആ ശാസ്ത്രങ്ങൾ ശാസ്ത്രമൂലമെന്നു പറയപ്പെടുന്ന അനുബന്ധചതുഷ്ടയത്തെ പറയാം. ഇപ്രകാരം കൃപാവാരിധിയായ സൽഗുരുവാക്യം കേട്ടു മോക്ഷേച്ശുവായ ശിഷ്യൻ ചോദിക്കുന്നു.

ശിഷ്യൻ:—അല്ലയോ ഗുരോ, അനുബന്ധചതുഷ്ടയം എന്നു വെച്ചാൽ എന്തെല്ലാമാണെന്നു വിവരിച്ചുപദേശിക്കേണം.

ഗുരു:—കേൾക്കുക. അധികാരി, വിഷയം, സംബന്ധം, പ്രയോജനം എന്നിങ്ങിനെ നാലാകുന്നു ഇവയെ ശാസ്ത്രാരംഭഫലമെന്നു പറയപ്പെടുന്നു.

ശി:—അതെന്തുകൊണ്ട്?

ഗുരു:—ഈ ശാസ്ത്രഗ്രഹണത്തിന്നായി പ്രവൎത്തിക്കുന്നവൎക്ക് ഇതു ഫലലക്ഷണമായിരിക്കുന്നതുതന്നെ ഇതിൻെറ പ്രയോജനം. പ്രയോജനമൊന്നുമില്ലെങ്കിൽ ആൎക്കും ഇതിൽ പ്രവൃത്തിയുണ്ടാവുന്നതല്ലല്ലോ. 'പ്രയോജനമനുദ്ദിശ്യനമന്ദോപിപ്രവൎത്തതേ' എന്നല്ലെ പ്രമാണം.

ശി:—എന്നാൽ ഈ ശാസ്ത്രത്തിന്ന് 'അധികാരി' ആരാണ്?

ഗു:—സാധനചതുഷ്ടയസമ്പന്നനായും, വിദ്വാനായും, യുക്തിസാമൎത്ഥ്യമുള്ളവനായും, ബുദ്ധിമാനായും ഇരിക്കുന്നവനാണ്.

ശി:—'വിഷയ'മെന്നതോ?

ഗു:—സകല വേദാന്തവാക്യങ്ങളുടേയും താല്പൎയ്യാൎത്ഥങ്ങൾ യാതൊരു വസ്തുവിൽ കാണപ്പെടുന്നുവോ, യാതൊരുവസ്തു ജീവബ്രഹ്മൈക്യസ്വരൂപമായിരിക്കുന്നുവോ ആ പരിശുദ്ധചൈതന്യംതന്നെ ഇതിന്നു വിഷയം.

ശി:—സംബന്ധമെന്നാലെന്താകുന്നു?

ഗു:—ജീവബ്രഹ്മൈക്യത്തെ പ്രതിപാദിക്കുന്നതായ പ്രമേയപ്രമാണശാസ്ത്രങ്ങൾക്കുള്ള് ബോദ്ധ്യബോധകലക്ഷണമാകുന്നു സംബന്ധമെന്നു വിദ്വാന്മാരാൽ പറയപ്പെട്ടിരിക്കുന്നത്.

ശി:—പ്രയോജനമെന്നാലെന്താണ്?

ഗു:—പ്രത്യഗാത്മാവും ബ്രഹ്മവും തമ്മിൽ ഐക്യം സിദ്ധിക്കുന്ന ആനന്ദാനുഭവത്താൽ സകലസംസാരബന്ധവും നശിക്കുന്നതുതന്നെ പ്രയോജനം. ഈ ഫലസിദ്ധിയാവട്ടെ ബുദ്ധിമാനായി സാധനചതുഷ്ടയസമ്പന്നനായവന്നു മാത്രമേ സിദ്ധിക്കുകയുള്ളൂ. ഏതെങ്കിലും ഒരു സാധനത്തിന്നു ന്യൂ

നതയുണ്ടെങ്കിൽ ഫലം ലഭിക്കുകയില്ല. സാധനചതുഷ്ടയ വിഹീനന്മാൎക്കു മുക്തി ലഭിക്കയില്ലെന്നു മഹൎഷിമാർ നിൎവ്വിവാദം ഘോഷിക്കുന്നു.

ശി:—ആ സാധനങ്ങൾ ഏതെല്ലാമാണ്?

ഗു:—നിത്യാനിത്യവസ്തുവിവേകം ഒന്നാമത്തെ സാധനമെന്നും, ഇഹാമുത്രാൎത്ഥഫലഭോഗവിരാഗമെന്നതു രണ്ടാമത്തേതെന്നും, മൂന്നാമത്തെ സാധനം ശമാദിഷൾക്കസമ്പത്തിയെന്നും, മുമുക്ഷുത്വം നാലാമത്തെ സാധനമെന്നുമാണ് ശാസ്ത്രങ്ങളിൽ പറയപ്പെട്ടിരിക്കുന്നത്.

ശി:— നിത്യാനിത്യവസ്തുവിവേകമെന്നാലെന്തെന്നറിവാൻ ഞാൻ ആഗ്രഹിക്കുന്നു.

ഗു:—പറയാം കേൾക്കുക.

"ബ്രഹ്മൈവനിത്യമന്യത്തുഹ്യനിത്യമിതിവേദനം
സോയംനിത്യാനിത്യവസ്തുവിവേകഇതികഥ്യതേ".

ബ്രഹ്മംതന്നെയാകുന്നു നിത്യം. ദേഹേന്ദ്രിയാദി മററു സകല പ്രപഞ്ചവും അനിത്യമാണ്. എന്നറിയുന്നതിനെ നിത്യാനിത്യവസ്തുവിവേകമെന്നു പറയപ്പെടുന്നു.

ശി:—ഇതിന് എന്തു ദൃഷ്ടാന്തം?

ഗു:—കുടത്തിന്നു കാരണമായ മണ്ണു, മൂന്നുകാലത്തിലും മണ്ണായിത്തന്നെ കാണപ്പെടുന്നതുകൊണ്ട് അതു നിത്യമാണെന്നും, മണ്ണിൻെറ കാൎയ്യരൂപങ്ങളായ ഘടാദികൾ നശിച്ചുപോകുന്നതിനാൽ അവ അനിത്യമാണെന്നും അറിയുന്നതുപോലെ, ദേഹാദിപ്രപഞ്ചമെല്ലാം ബ്രഹ്മത്തിൻെറ കാൎയ്യമായതുകൊണ്ട് അനിത്യമെന്നും ഈ അനിത്യമായ പ്രപഞ്ചത്തിന്നു ബ്രഹ്മം കാരണമായതുകൊണ്ടു (ഘടത്തിനെ നോക്കുമ്പോൾ മണ്ണെങ്ങിനെ നിത്യമോ അപ്രകാരം) ബ്രഹ്മം നിത്യമെന്നും അറിയേണ്ടതാകുന്നു.

ശി:—ഈ ദേഹാദിജഗത്തു ബ്രഹ്മത്തിൻെറ കാൎയ്യമാണെന്നതിന്നു പ്രമാണമെന്താണ്?

ഗു:—ബ്രഹ്മത്തിൽനിന്നാകുന്നു ആകാശാദി പഞ്ചഭൂതജഗത്തുണ്ടായതെന്നു യജ്ജുൎവ്വേദോപനിഷത്തിൽ വരുണൻ ഭൃഗുവിനോടു പറഞ്ഞിരിക്കുന്നു. അതിനാൽ ദേഹാദിപ്രപഞ്ചങ്ങൾ ബ്രഹ്മത്തിൻെറ കാൎയ്യമായതുകൊണ്ട് അനിത്യമാണെന്നുള്ളതിന്നു സംശയം ലേശമില്ല. അതുകൂടാതെ സകല ജഗത്തും സാവയവമായിരിക്കുന്നതിനാൽ അനിത്യമാണെന്നു കാൎയ്യകാരണങ്ങളെ അറിയുന്ന എല്ലാവൎക്കും അനുഭവമുള്ളതുകൊണ്ടു സാവയവത്വമുള്ള വൈകുണ്ഠാദിലോകങ്ങൾ നിത്യമാണെന്നു വിചാരിച്ചിരിക്കുന്നതു ബുദ്ധിഭ്രമമെന്നല്ലാതെ മറെറാന്നുമല്ല, അതുകൊണ്ടു നിത്യത്തേയും അനിത്യത്തേയും ശ്രുതികൊണ്ടും യുക്തികൊണ്ടും വിവേചനം ചെയ്ത് അറിയുന്നതുതന്നെയാണ് നിത്യാനിത്യവസ്തുവിവേകം എന്നു പറയപ്പെടുന്നത്.

ശി:—രണ്ടാംസാധനമായ വൈരാഗ്യമെന്നാലോ?

ഗു:—ഇഹലോകപരലോകങ്ങളിൽ ഉള്ള സുഖഭോഗങ്ങൾ അനിത്യമായതുകൊണ്ട് അവകളിൽ തുച്ഛബുദ്ധിയാൽ അവയെ വെറുക്കുന്നതുതന്നെ ഇഹാമുത്രാൎത്ഥഫലഭോഗവിരാഗം എന്നു പറയപ്പെടുന്നത്. നിത്യാനിത്യവസ്തുവിവേകം സിദ്ധിച്ചവൎക്കു പുഷ്പം ചന്ദനം സ്ത്രീ മുതലായ സകല സുഖസാധനങ്ങളിലും ഉടനെ വൈരാഗ്യമുണ്ടാവുമെന്നറിയേണ്ടതാണ്.

ശി:—അതെങ്ങിനെയാണ്?

ഗു:—

"കാകസ്യവിഷ്ഠാവദസഹ്യബുദ്ധി-
ഭോഗേഷു സതീവ്രവിരക്തിരിഷ്യതേ
വിരക്തിതീവ്രത്വനിദാനമാഹു-
ൎഭോഗ്യേഷുദോഷേക്ഷണമേവസന്തഃ"

കാകപുരീഷത്തിൽ എല്ലാവൎക്കും വിരക്തിയുണ്ടാവുന്നതെങ്ങിനെയോ അതുപ്രകാരം സകല സുഖഭോഗവസ്തുവി

ലും വൈരാഗ്യമുണ്ടാവുന്നതുതന്നെയാണ് തീവ്രവൈരാഗ്യമെന്നു പറയപ്പെടുന്നത്. ആ തീവ്രവിരക്തിയുടെ നിദാനം സകലസുഖഭോഗ്യങ്ങളിലും ദോഷത്തെ കാണുന്നതാണെന്നു മഹാന്മാർ പറയുന്നു.

"പ്രദൃശ്യതേവസ്തുനിയത്രദോഷോ
നതത്രപുംസോസ്തിപുനഃപ്രവൃത്തിഃ
അന്തർമ്മഹാരോഗവതീംവിജാനൻ
കോനാമവേശ്യാമപിരൂപിണീംവ്രജൽ."

യാതൊരു വസ്തുവിൽ ദോഷം കാണപ്പെടുന്നുവോ അതിന്നുശേഷം ആ വസ്തുവിൽ മനുഷ്യക്ക് പ്രവൃത്തിയുണ്ടാവുന്നതല്ല. ഒരു വേശ്യാസ്ത്രീ അതിരൂപവതിയായിരുന്നാലും ഗൂഢമായ രോഗമുള്ളവളാണെന്നറിഞ്ഞതിന്നു ശേഷം ആരെങ്കിലും അവളെ പ്രാപിക്കുമോ? അതുകൊണ്ട് ഇഹലോകത്തിലും പരലോകത്തിലും കാണപ്പെടുന്നതായ പദാർത്ഥങ്ങളുടെ പരമാർത്ഥതത്വത്തെ നല്ലവണ്ണം ആലോചിച്ചറിയുകതന്നെയാണ് ചെയ്യേണ്ടത്. ഏതൊരു വസ്തുവിൻെറയും ഗുണദോഷവിമർശനം ചെയ്യുന്നതായാൽ അതിൻെറദോഷം അനായാസേന അറിയാവുന്നതാണല്ലോ.

കുക്ഷൌസ്വമാതുർമ്മലമൂത്രമദ്ധ്യേ
സ്ഥിതിംതദാവിട്ക്രിമിദംശനംച
തദീയകൌക്ഷേയകവഹ്നിദാഹം
വിചാര്യകോവാവിരതിംനയാതി.

തൻെറ അമ്മയുടെ ഉദരത്തിൽ അകപ്പെട്ട മലമൂത്രമദ്ധ്യത്തിലുള്ള കിടപ്പും ക്രിമിദംശനത്താലുണ്ടാവുന്ന വേദനയും ജഠരാഗ്നിയാൽ ഉണ്ടാവുന്ന താപവും നല്ലവണ്ണം ഒന്നാലോചിക്കുന്നതായാൽ ആക്കാണ് വിരക്തിയുണ്ടാവാത്തത്. ഗർഭത്തിൽനിന്നു പുറത്തായതിന്നുശേഷം മലമൂത്രമദ്ധ്യത്തിൽ കിടന്നു കുഴങ്ങിയും ഈച്ചയും ഉറമ്പും കടിച്ചു ബുദ്ധിമുട്ടിയും ബാലഗ്രഹാദിപീഡകൊണ്ടും രോഗാദിപീഡകൊണ്ടും പാര

വശ്യമായിരിക്കുന്ന ബാല്യകാലത്തെ ഒന്നാലോചിച്ചാൽ ആ ൎക്കാണ് വിരക്തിയുണ്ടാവാത്തത്. ചാപല്യത്തിനും മൂഢത യ്ക്കും അജ്ഞാനത്തിനും ഇരിപ്പിടമായ കൌമാരകാലത്തെ ആലോചിച്ചാൽ ആൎക്കാണ് വിരക്തിയുണ്ടാവാത്തത്;

"മദോദ്ധതിംമാന്യതിരസ്കൃതിംച
കാമാതുരത്വംസമയാതിലംഘനം
താംതാംയുവത്യോതിതദുഷ്ടചേഷ്ടാം
വിചാൎയ്യകോ വാവിരതിംനയാതി."

മദനമത്തനായി മാന്യന്മാരെ അവമാനിച്ചുകൊണ്ടും കാമാതുരനായും അസമയങ്ങളിൽ സ്ത്രീസുഖങ്ങളെ അനുഭവി ച്ചുകൊണ്ടും അനവധി ദുരാചാരങ്ങളിൽ തല്പരന്മാരായും തീ രുന്ന യൌവനകാലത്തെ ഒന്നാലോചിക്കുന്നതായാൽആൎക്കാ ണ് വിരക്തിവരാത്തത്. ജരാനരകളാൽ വൈരൂപ്യം ബാ ധിച്ചും, സകലരാലും നിന്ദ്യനായും, പലവിധരോഗങ്ങൾക്കി രുപ്പിടമായും, ദൈന്യതയ്ക്കു പാത്രമായും, ബുദ്ധിഹീനനായും ഭവിക്കുന്ന വാൎദ്ധക്യകാലത്തിലുള്ള ആ ദുൎദ്ദശയെ ഒന്നാലോചി ച്ചാൽ ആൎക്കാണ് വിരക്തിയുണ്ടാവാത്തത്.

"യമാവലോകോദിതഭീതികമ്പ
മൎമ്മവ്യഥോഛ്വാസഗതീശ്ചവേദനാം
പ്രാണപ്രയാണേപരിദൃശ്യമാനാം
വിചാൎയ്യകോവാവിരതിംനയാതി."

പ്രാണപ്രയാണസമയത്തിൽ യമനെക്കാണുമ്പോഴു ള്ള ഭയവും, വിറയലും, മൎമ്മവേദനയും, സന്ധികൾ തോറുമു ള്ള വേദനയും, ഊൎദ്ധ്വശ്വാസത്തെ കഫം തടയുന്നതിനാലു ള്ള കഠിനവേദനയും ഒന്നാലോചിച്ചാൽ ആൎക്കാണ് വിര ക്തിവരാത്തത്. മരണാനന്തരം യമദൂതന്മാരാലുണ്ടാവുന്ന കഠിനോപദ്രവങ്ങളും, കുംഭീപാകം മുതലായ നരകാനുഭവങ്ങ ളും ആലോചിച്ചാൽ ആൎക്കാണ് വിരക്തി വരാത്തത്. പുണ്യം ചെയ്യുവർ പുണ്യലോകങ്ങളിൽ വസിച്ചു പുണ്യകൎമ്മം ക്ഷയി

ക്കമ്പോൾ ഭൂമിയിലേക്കു വീഴുന്നത് ആലോചിച്ചാൽ ആക്കാണു വിരക്തി വരാത്തത്.

ഇപ്രകാരം ഇഹലോകപരലോകങ്ങളിലുള്ള സുഖദുഃഖങ്ങളെ വിവേചനം ചെയ്തറിയുന്ന വിവേകികൾക്ക്, ആശാബദ്ധന്മാരായ അനവധി ജന്തുക്കൾ വ്യർത്ഥമായി മരിച്ചുപോകുന്നതിനെ ദിവസംപ്രതി കണ്ടുകൊണ്ടിരിക്കെ, നശ്വരമായും തുച്ഛമായുമിരിക്കുന്ന ഈ ഗൃഹാദിസുഖങ്ങളിൽ എങ്ങിനെ ആസക്തി ഭവിക്കും.

"സുഖംകിമസ്ത്യത്രവിചാര്യമാണേ
ഗൃഹേപിവായോഷിതിവാപദാർത്ഥേ
മായാതമോന്ധീകൃതചക്ഷുഷോയേ
തഏവമുഹ്യന്തിവിവേകശൂന്യാഃ"

അജ്ഞാനാന്ധകാരത്താൽ അന്ധന്മാരായ വിവേകശൂന്യന്മാർ സുഖമാണെന്നു ഭ്രമിച്ചുകൊണ്ടിരിക്കുന്നതായും, തുച്ഛസുഖപ്രദമായും നശ്വരമായും ഇരിക്കുന്ന ഗൃഹദാരധനാദികളുടെ പരമാർത്ഥം ആലോചിച്ചു നോക്കുന്നതായാൽ ഇതിൽ യാതൊരു സുഖവും കാണപ്പെടുന്നതല്ല മൂഢന്മാരെ ഭ്രമിപ്പിക്കുന്ന അത്തിപ്പഴത്തിന്നു തുല്യംതന്നെ.

ശിഷ്യൻ—അതെങ്ങിനെ?

ഗുരു—അത്തിപ്പഴം മുറിച്ചു നോക്കുന്നതിന്നു മുമ്പു എത്ര രമണീയമായിരിക്കുന്നു. എന്നാൽ അതു മുറിച്ചു നോക്കുന്നതായാൽ അത് ഒരു ഉപഭോഗ്യവസ്തുവാണെന്നു തോന്നുമോ? അതുപോലെ വിഷയവസ്തുക്കളും വിവേകമില്ലാത്തവക്കു രമണീയമാണെന്നല്ലാതെ വിവേകികൾക്ക് ഉപഭോഗ്യമല്ല. വെള്ളത്തിൽ കിടക്കുന്ന 'ഞണ്ട്' വെള്ളം വററിപ്പോയാലും തൻെറ വാസസ്ഥലത്തെ ഉപേക്ഷിച്ചു മറെറാരു ദിക്കിൽ പോയി രക്ഷപ്പെടുവാനറിയാതെ ആ കുഴിയിൽ തന്നെ കിടന്നു മരിക്കുന്നതുപോലെ, അവിവേകിയും ഗൃഹാദിസുഖങ്ങളിൽ മുങ്ങിക്കിടന്ന് അവയെ വിട്ടുപിരിഞ്ഞുപോ

കുവാൻ ശക്തനല്ലാതെ മോഹത്താൽ മരിച്ചുപോകുന്നു. തനിക്കു സുഖമായിരിപ്പാൻ വേണ്ടി തന്നിൽ നിന്നുണ്ടാവുന്ന നൂലുകൊണ്ടു കൂടു കെട്ടി അതിൽനിന്നു പുറത്തു വരുവാനറിയാതെ അതിൽ കിടന്നു ചാവുന്ന പട്ടുനൂൽ പുഴുവിനെപ്പോലെതന്നെ അവിവേകിയും ഗൃഹാദിസുഖങ്ങളാൽ കെട്ടപ്പെട്ട് അതിൽനിന്നു പുറത്തു വരുവാനറിയാതെ വ്യൎത്ഥമായി നശിച്ചുപോകുന്നു. ഈ ഗൃഹാദികളുടെ പരമാൎത്ഥം ആലോചിക്കുന്നതായാൽ ഈ ഗൃഹത്തിന്നും, കാരാഗൃഹത്തിന്നും എന്തൊരു വ്യത്യാസമാണുള്ളത്? ഗൃഹാശ എന്നുള്ളതു കാലിൽ കെട്ടിയ ചങ്ങലയാകുന്നു. കളത്രപുത്രാശയോ കഴുത്തിൽ കെട്ടി മുറുക്കിയ പാശമാകുന്നു. ധനാശയാവട്ടെ തലയിൽ വീഴുന്ന പ്രാണനാശകരമായ ഇടിത്തീയാകുന്നു.

"ആശാപാശശതേനപാശിതപദോനോത്ഥാതുമേവക്ഷമഃ
കാമക്രോധമദാദിഭിഃപ്രതിഭടൈഃസംരക്ഷ്യമാണോനിശം
സമ്മോഹാവരണേനഗോപനവതഃസംസാരകാരാഗൃഹാൽ
നിൎഗ്ഗന്തുംത്രിവിധൈഷണാപരവശഃകഃശക്നുയാദ്രാഗിഷു"

ഇപ്രകാരമുള്ള ത്രിവിധൈഷണങ്ങളിൽ ആസക്തനായിരിക്കുന്നവൻ നാനാരൂപങ്ങളായ ആശാപാശങ്ങളാൽ കെട്ടപ്പെട്ടതുകൊണ്ട് എഴുനീല്ക്കുവാൻ കൂടി ശക്തനായി ഭവിക്കുന്നില്ല. അങ്ങിനെയിരിക്കെ ദുൎഗ്ഗുണങ്ങളായ കാമക്രോധാദികൾ മോഹമായ അന്ധകാരത്തിൽ മുക്കി മയക്കി തല പൊന്തിക്കുവാൻ അയക്കാതെ അതിജാഗ്രതയായി എപ്പോഴും കാത്തുകൊണ്ടിരിക്കുന്ന സംസാരകാരാഗൃഹത്തിൽനിന്നു പുറത്തു ചാടുവാൻ ആൎക്കു സാധിക്കും. കാമാന്ധകാരത്താൽ കണ്ണു കാണാതിരിക്കുന്നവൻ കുത്സിതയായ സ്ത്രീരൂപത്തിൽ മോഹിച്ചുപോകുന്നു. കണ്ണുകാണാത്തവന്നു ഏതൊരു വസ്തുവിന്റെയും ഗുണദോഷഗ്രഹണം സാദ്ധ്യമല്ലല്ലൊ.

“ശ്ലേഷ്മോൽഗാരിമുഖംസ്രവന്മലമതീനാസാശ്രുമല്ലോചനം
സ്വേദസ്രാവിമലാഭിപൂൎണ്ണമഭിതോദുൎഗ്ഗന്ധദുഷ്ടംവപുഃ
അന്യദ്വക്തുമശക്യമേവമനസാമന്തുംക്വചിന്നാൎഹതി
സ്ത്രീരൂപംകഥമീദൃശംസുമനസാംപാത്രീഭവേന്നേത്രയോഃ”.

ഇപ്രകാരമുള്ള സ്ത്രീരൂപം വിവേകികൾക്കു രമ്യമായി തോന്നുന്നതെങ്ങിനെ? അഗ്നിജ്വാലയെ ദൂരത്തിൽ കണ്ട പാററകൾ അതു ഉപഭോഗ്യവസ്തുവാണെന്നു വിചാരിച്ച് അതിൽ ചാടി മോഹത്താൽ നശിച്ചുപോകുന്നു. അതുപോലെ വിഷയസക്തരായവർ അന്ധന്മാരായാൽ സൂക്ഷ്മമായ മോക്ഷമാൎഗ്ഗത്തെ കണ്ടുപിടിക്കുവാൻ കഴിയുമോ? വിവേകികളായ മുമുക്ഷുക്കൾക്കു കാമൻ സാക്ഷാൽ യമൻ തന്നെ. ഗൃഹം യമാലയമെന്നതിന്നു സംശയമില്ല. ഗൃഹത്തിലാവട്ടെ യമാലയത്തിലാവട്ടെ താപത്രയത്തിന്നു നിവൃത്തി വരുന്നതല്ല. ഗൃഹാദികളിൽ രമ്യബുദ്ധി തോന്നുന്നതു മൂഢന്മാൎക്കു മാത്രമാകുന്നു. കാമനും യമനും തമ്മിൽ താരതമ്യം ആലോചിക്കുന്നതായാൽ വളരെ വ്യത്യാസമുണ്ട്. യമൻ ശത്രുവായിട്ടാണ് ജനങ്ങളെ ഉപദ്രവിക്കുക. കാമൻ അങ്ങിനെയല്ല. ഇഷ്ടനായിട്ടു തന്നെയാണ് അനൎത്ഥം ചെയ്യുന്നത്. അതു മാത്രമല്ല യമൻ ദുഷ്ടന്മാരെ മാത്രമേ ഉപദ്രവിക്കാറുള്ളു. കാമനോ ശിഷ്ടന്മാരെയാകുന്നു അധികം ഉപദ്രവിക്കുക. ദുഷ്ടന്മാരുടെ കഥ പിന്നെ പറയേണ്ടതുണ്ടോ?

കാമോനാമമഹാൻജഗൽഭ്രമയിതാ
സ്ഥിത്വാന്തരംഗേസ്വയം
സ്ത്രീപുംസാവിതരേതരാംഗകഗുണൈ-
ൎഹാസൈശ്ചഭാവൈഃസ്ഫുടം
അന്യോന്യംപരിമോഹ്യനൈജതമസാ
പ്രേമാനുബന്ധേനതൌ
ബദ്ധ്വാഭ്രാമയതിപ്രപഞ്ചരചനാം
സംവൎദ്ധയൻബ്രഹ്മഹാ”.

സകല ലോകത്തേയും ഭ്രമിപ്പിക്കുന്ന കാമൻ സ്ത്രീപുരുഷന്മാരുടെ ഹൃദയങ്ങളിൽ അധിവസിച്ചുകൊണ്ട് അന്യോന്യം അനുരാഗമുണ്ടാക്കി, സരസസല്ലാപാദിലീലകളെ ചെയ്യിച്ച് കാമാന്ധകാരത്താൽ അവരെ മയക്കി പ്രേമപാശത്താൽ ബന്ധിച്ച് പ്രപഞ്ചത്തെ വൎദ്ധിപ്പിക്കുന്നു. ഇങ്ങിനെയുള്ള കാമൻ ഹൃദയങ്ങളിൽ വസിക്കുകയാലാകുന്നു സൎവ്വജീവികൾക്കും ഭോഗ്യവസ്തുക്കളിൽ പ്രവൃത്തി സ്വതസ്സിദ്ധമായി കാണുന്നത്. അല്ലാത്തപക്ഷം അനുഭവിച്ചറിയാത്ത വസ്തുവിൽ ജീവികൾക്കു പ്രവൃത്തിയുണ്ടാകുന്നതാണോ? സകല ജന്തുക്കൾക്കും ദേഹം ജീൎണ്ണമായാൽകൂടി കാമൻ നശിക്കുന്നില്ലല്ലോ. അതുകൊണ്ടു ബുദ്ധിസാമൎത്ഥ്യമുള്ളവരുണ്ടെങ്കിൽ വിഷയസുഖങ്ങളിലുള്ള ദോഷത്തെ ആലോചിച്ചറിഞ്ഞ് കാമപാശബന്ധത്തിൽനിന്നു മോചിക്കുന്നതായാൽ സാക്ഷാൽ മോക്ഷമാൎഗ്ഗത്തിൽ ചെന്നു ചേരാവുന്നതാണ്.

ശിഷ്യൻ:— ഈ കാമനെ ജയിപ്പാനുള്ള ഉപായമെന്താണ്?

ഗുരു— കേൾക്കു, പറയാം.

കാമസ്യവിജയോപായംസൂക്ഷ്മംവക്ഷ്യാമ്യഹംസതാം
സങ്കല്പസ്യപരിത്യാഗഉപായഃസുലഭോമതഃ ( )

ശ്രുതേദൃഷ്ടേപിവാഭോഗ്യേയസ്മിൻകസ്മിൻശ്ചവസ്തുനി
സമീചീനത്വധീത്യാഗാൽകാമോനോദേതികൎഹിചിൽ. (൨)

കാമസ്യബീജംസങ്കല്പഃസങ്കല്പാദേവജായതേ
ബീജേനഷ്ടേങ്കുരമിവതസ്മിൻനഷ്ടേവിനശ്യതി". (൩)

കാമനെ ജയിപ്പാനുള്ള സൂക്ഷ്മോപായം സുലഭമായിട്ടുള്ളതു സങ്കല്പത്തെ ത്യജിക്കുന്നതാകുന്നു. കാണപ്പെടുന്നതായും കേൾക്കപ്പെടുന്നതായുമുള്ള ഏതൊരു വസ്തുക്കളിലും അതു നല്ലതാണെന്നുള്ള ബുദ്ധി ഉണ്ടാവാതിരുന്നാൽ അവകളിൽ കാമപ്രവൃത്തി ഉണ്ടാവുന്നതല്ല. കാമന്റെ വിത്തുസങ്കല്പമാകുന്നു. സങ്കല്പമുണ്ടായാലേ കാമമുണ്ടാവുകയുള്ളൂ. വിത്തു നശിച്ചാൽ മു

ച്ഛയുണ്ടാവാത്തതുപോലെ സങ്കല്പം നശിച്ചാൽ കാമവും ഉണ്ടാകുന്നതല്ല.

"നകോപിസമ്യക്തപധിയംവിനൈവ
ഭോഗ്യംനരഃകാമയിതുംസമർത്ഥഃ
യതസ്തതഃകാമജയേച്ഛുരേതാം
സമ്യക്തപബുദ്ധിംവിഷയേനിഹന്യാൽ".

ജീവികൾ സുഖമുണ്ടെന്നുള്ള ബുദ്ധികൊണ്ടാണ് ഭോഗ്യവസ്തുക്കളെ കാമിക്കുന്നത്. അതിൽ സുഖമില്ലെന്നുള്ള ബുദ്ധിവന്നാൽ ആരും അവയെ ഭുജിക്കുമാറില്ല. വിഷയവസ്തുക്കളിൽ സുഖബുദ്ധി എത്രകാലം നിലനില്ക്കുന്നുവോ അത്രകാലം ജീവികൾക്കു കാമനെ ജയിപ്പാനും കഴിയുന്നതല്ല. അതുകൊണ്ടു കാമനെ ജയിക്കേണമെന്നാഗ്രഹിക്കുന്നവർ ഭോഗ്യവസ്തുക്കളിലുള്ള രമ്യബുദ്ധിയെ തീരെ ത്യജിക്കേണ്ടതാകുന്നു. വിഷയവസ്തുക്കളിലുള്ള സുഖസങ്കല്പത്തെ ത്യജിക്കുവാൻ രണ്ടുപായങ്ങളുണ്ട്, ഒന്നു, വിഷയവസ്തുക്കളുടെ യഥാർത്ഥചിന്തനവും, മറെറാന്ന് അവയുടെ അനർത്ഥചിന്തനവുമാകുന്നു. മാണിക്യരത്നത്തെ കല്ലാണെന്നു വിചാരിക്കുന്നവക്ക് അതു നല്ലതാണെന്നു തോന്നുകയില്ല. അതിനെ ലഭിക്കേണമെന്നും തോന്നുകയില്ല.

ശിഷ്യൻ—ധനത്തിൻെറ ദോഷലക്ഷണങ്ങൾ എന്തെല്ലാമാണ്?

ഗുരു—"ധനംഭയനിബന്ധനംസതതദുഃഖസംവർദ്ധനം
പ്രചണ്ഡതരകർദ്ദനംസ്ഫുടിതബന്ധുസംവർദ്ധനം
വിശിഷ്ടഗുണബാധനംകൃപണധീസമാരാധനം
നമുക്തിഗതിസാധനംഭവതിനാപിഹൃച്ഛോധനം.
രാജ്ഞോഭയംചോരഭയംപ്രമാദാൽ
ഭയംതഥാജ്ഞാതിഭയംചവസ്തുതഃ
ധനംഭയഗ്രസ്തമനർത്ഥമൂലം
യതഃസതാംനൈവസുഖായകല്പതേ".

ധനമെന്നുള്ളതു ഭയങ്കരസ്വരൂപവും എപ്പോഴും ദുഃഖപ്രദവും, ഗർവ്വത്തെ വർദ്ധിപ്പിക്കുന്നതും, ബന്ധുക്കളെ വർദ്ധിപ്പിക്കുന്നതും, സൽഗ്ഗുണങ്ങളെ നശിപ്പിക്കുന്നതും, കൃപണബുദ്ധികളാൽ ആരാധിക്കപ്പെടുന്നതും, മുക്തിമാർഗ്ഗത്തെ തടുക്കുന്നതും, ഹൃദയത്തെ മലിനമാക്കുന്നതുമാകുന്നു. അതു മാത്രമല്ല, ധനമുള്ളവർക്കു രാജാവിങ്കൽനിന്നും ഭയം കള്ളന്മാരിൽനിന്നും ഭയം വിസ്മരണംകൊണ്ടും ഭയം ദായാദികളിൽനിന്നും ഭയം ഇങ്ങിനെ എല്ലാംകൊണ്ടും ഭയമഗ്നമായും, അനർത്ഥഹേതുവായുമിരിക്കുന്ന ധനം സജ്ജനങ്ങൾക്ക് ഒരിക്കലും സുഖഹേതുവായിഭവിക്കുന്നില്ല. ആർജ്ജിക്കുമ്പോഴും, രക്ഷിക്കുമ്പോഴും, ദാനം ചെയ്യുമ്പോഴും, ചിലവുചെയ്യുമ്പോഴും അതിദുഃഖപ്രദമായിരിക്കുന്ന ധനം മനുഷ്യർക്കു സുഖസാധനമാണോ? സജ്ജനങ്ങൾക്കുകൂടി ധനലാഭമുണ്ടായാൽ ലോഭമുണ്ടാകുന്നു. ലോഭമുണ്ടായാൽ വിവേകം നശിക്കുന്നു. വിവേകം നശിക്കുന്നതോ സർവ്വനാശകരമാണല്ലോ. ധനം ലഭിക്കാതിരിക്കുമ്പോൾ അലാഭദുഃഖം, ലഭിച്ചാൽ ലോഭദുഃഖം ഇങ്ങിനെ സദാ ദുഃഖകരമായ ധനത്തിനാൽ ആർക്കുതന്നെ സുഖമുണ്ടാവും. ധനം ദാനംചെയ്തു കളയാമെന്നു വെച്ചാൽ പുനർജ്ജനനത്തിന്നൊരു കാരണമായിത്തീരുന്നു. അനുഭവിച്ചേക്കാമെന്നു വെച്ചാൽ മദമത്തനായും ഭവിക്കുന്നു. ഏതായാലും അർത്ഥംകൊണ്ട് അനർത്ഥമല്ലാതെ സൽഗതിയുണ്ടാവുന്നതല്ല.

"ധനേന മദവൃദ്ധിഃസ്യാൽ
മദേനസ്മൃതിനാശനം
സ്മൃതിനാശാൽബുദ്ധിനാശോ
ബുദ്ധിനാശാൽപ്രണശ്യതി".

ധനംകൊണ്ടു മദം വർദ്ധിക്കും. മദത്താൽ സ്മൃതി നശിച്ചുപോകും. സ്മൃതിനാശത്താൽ ബുദ്ധിനാശംവരും. ബുദ്ധിനാശത്താൽ സകലം നശിച്ചുപോകയും ചെയ്യും.

"സുഖയതിധനമേവേത്യന്തരാശാപിശാച്യാ
ദൃഢതരമുപഗൂഢോമൂഢലോകോജഡാത്മാ

നിവസതിതദുപാന്തേസന്തയംപ്രേക്ഷമാണോ
വ്രജതിതദപിപശ്ചാൽപ്രാണമേതസ്യഹൃത്വാ."

ധനം സുഖസാധനമാണെന്നുള്ള ആശാപിശാചിനാൽ ഗാഢാലിംഗനം ചെയ്യപ്പെട്ടവരായ മൂഢജനങ്ങൾ ആ ധനത്തെ എപ്പോഴും കാത്തുരക്ഷിച്ചുകൊണ്ടുതന്നെ കാലംകഴിക്കുന്നു. ആ ധനമാവട്ടെ അവരുടെ പ്രാണനെക്കൂടെ വലിച്ചുകൊണ്ടു പൊയ്ക്കളയുന്നു.

"സമ്പന്നോന്ധവദേവകിഞ്ചിദപരം
നോവീക്ഷതേചക്ഷുഷാ
സദ്ഭിർവ്വർജ്ജിതമാർഗ്ഗഏവചരതി
പ്രോൽസാരിതോബാലിശൈഃ
തസ്മിന്നേവമുഹുഃസ്ഖലൻപ്രതിപദം
ഗത്വാന്ധകൂപേപത-
ത്യസ്യാന്ധതാനിവർത്തകൌഷധമിദം
ദാരിദ്ര്യമേവാഞ്ജനം".

ധനസമ്പന്നനായവൻ കണ്ണുകൾ കാണാത്തവനെപ്പോലെ ചുററുമുള്ള ലോകസ്ഥിതിയെ ഒന്നും കണ്ടറിയുന്നില്ല. സജ്ജനങ്ങൾ നടക്കുന്ന വഴിയിൽക്കൂടി നടക്കുന്നില്ലെന്നു മാത്രമല്ല ദുർജ്ജനസഹവാസംചെയ്തു ദുർമ്മാർഗ്ഗത്തിൽക്കൂടി തപ്പിത്തടഞ്ഞു നടന്നു് അവസാനം അഗാധമായ അന്ധകൂപത്തിൽ ചെന്നു ചാടുകയും ചെയ്യുന്നു. ഈ ഐശ്വര്യമത്തന്റെ അന്ധതം കളയുവാനുള്ള ഔഷധം ദാരിദ്ര്യമാകുന്ന അഞ്ജനം മാത്രമാകുന്നു.

"ലോഭഃക്രോധശ്ചഡംഭശ്ചമദോമത്സരഏവച
വർദ്ധന്തേവിത്തസംപ്രാപ്ത്യാകഥംതച്ചിത്തശോധനം".

ധനം ലഭിച്ച ക്ഷണത്തിൽ തന്നെ ലോഭം ക്രോധം ഡംഭം മദം മത്സരം മുതലായ ദുർഗ്ഗുണങ്ങൾ വർദ്ധിച്ചുവരുന്നു. ഇങ്ങിനെയിരിക്കെ ആ ധനം മനുഷ്യർക്ക് ഹൃദയനൈർമ്മല്യത്തെ ഉണ്ടാക്കുന്നതെങ്ങിനെ.

"നിഗ്രാഹിതേനവിത്തേനഭയചിന്താനപായിനാ
ചിത്തസ്വാസ്ഥ്യംകുതോജന്തോർഗൃഹസ്ഥേനാഹിനായഥാ."

സദാസ്സോഴും ഭയപ്പെട്ടും ദുഃഖിച്ചും ധനത്തെ രക്ഷിച്ചു കൊണ്ടിരിക്കുന്നവൎക്ക മനസ്സിന്നു സ്വാസ്ഥ്യത എങ്ങിനെയുണ്ടാവും. സൎപ്പമുള്ള ഗൃഹത്തിൽ വസിക്കുന്നവൎക്ക എപ്പോഴെങ്കിലും സ്വാസ്ഥ്യതയുണ്ടാവുമോ.

"കാന്താരേവിജനേവനേജനപദേ
സേതൌനിശീതൌചവാ
ചോരൈൎവ്വാപിതഥേതരൈൎന്നരവരൈ
ർമുക്താവിയുക്തോപിവാ
നിഃസ്വഃസ്വാസ്ഥ്യതയാസുഖേനവസതി
ഹ്യാശ്രീയമാണോജനൈഃ
ക്ലിശ്യത്യേവധനീസദാകുലമതി
ർഭീതശ്ചപുത്രാദപി."

ജനസഞ്ചാരമില്ലാത്ത കാടുകളിലും, ജനസമ്പൂൎണ്ണമായ നഗരങ്ങളിലും, കള്ളന്മാരുടെ നടുവിലും രാജഭവനങ്ങളിലും ഏകനായോ അനേകജനങ്ങളോടുകൂടിയോ ദരിദ്രനായവൻ സുഖമായി വസിക്കുന്നു. എല്ലാവരും അവനെ ആദരിക്കയും ചെയ്യുന്നു. ധനവാനായവൻ സ്വന്തപുത്രനെക്കൂടിയും ഭയപ്പെട്ടുകൊണ്ടു ക്ലേശിച്ചു വസിക്കുന്നു.

"തസ്മാദനൎത്ഥസ്യനിദാനമൎത്ഥഃ
പുമൎത്ഥസിദ്ധിൎന്നഭവത്യനേന
തതോവനാന്തേനിവസന്തിസന്തഃ
സംന്യസ്യസൎവ്വംപ്രതികൂലമൎത്ഥം."

അതുകൊണ്ട് അൎത്ഥം അനൎത്ഥങ്ങൾക്കിരുപ്പിടമാണെന്നും പുരുഷാൎത്ഥലാഭം അൎത്ഥത്താൽ സിദ്ധിക്കുന്നതല്ലെന്നും നിശ്ചയിച്ച് സൽപുരുഷന്മാർ വിപരീതാൎത്ഥമായ അൎത്ഥത്തെ ത്യജിച്ച് സന്യാസികളായി കാട്ടിൽ പോയി വസിക്കുന്നു.

"ശ്രദ്ധാഭക്തിമതിംപ്രിയാംഗുണവതിം
 പുത്രാൻശൂരാൻസമ്മതാൻ
അക്ഷയ്യംവസുധാനുഭോഗവിഭവൈഃ
 ശ്രീസുന്ദരംമന്ദിരം
സൎവ്വംനശ്വരമിത്യവേത്യകവയഃ
 ശ്രുത്യുക്തിഭിൎയ്യുക്തിഭിഃ
സംന്യസ്യന്ത്യപരേതുതൽസുഖമിതി
 ഭ്രാമ്യന്തിദുഃഖാൎണ്ണവേ

അത്രമാത്രവുമല്ല, വിവേകികൾ ഭക്തിമതിയായും, ഗുണവതിയായുമിരിക്കുന്ന ഭാൎയ്യയേയും, സജ്ജനസമ്മതന്മാരായ പുത്രരേയും, ദാനത്തിന്നും ഭോഗത്തിന്നും ഉപകരിക്കുന്നതായ അക്ഷയ്യധനത്തേയും, ലക്ഷ്മീവിലാസമുള്ള ഭവനത്തേയും ശ്രുതിയുക്തി അനുഭവങ്ങളാൽ നശ്വരമാണെന്നു നിശ്ചയിച്ചു സൎവ്വവും സന്യസിക്കുന്നു. അവിവേകികളോ ഇവയെല്ലാം സുഖമാണെന്നു സങ്കല്പിച്ചു ദുഃഖസമുദ്രത്തിൽ മുങ്ങിപ്പൊങ്ങി ഭ്രമിക്കയും ചെയ്യുന്നു. കളത്രപുത്രധനാദികളോടുകൂടി, മലസമ്പൂൎണ്ണമായ ഗൃഹത്തിൽ പുഴുവിനെപ്പോലെ വസിക്കുന്നവൎക്കു മേൽക്കുമേൽ ഗൎഭവാസാദി ദുഃഖങ്ങൾ അനുഭവിക്കുവാനല്ലാതെ മോക്ഷശബ്ദാൎത്ഥത്തെ കേൾക്കുവാൻകൂടിയും ഇടവരുന്നതല്ല.

"സല്കൎമ്മക്ഷയപാപ്മനാംശ്രുതിമതാം
 സിദ്ധാത്മനാംധീമതാം
നിത്യാനിത്യപദാൎത്ഥശോധനമിദം
 യുക്ത്യാമുമുക്ഷുഃകുൎവ്വതാം
തസ്മാദ്ദൃഢമഹാവിരക്ത്യസിമതാം
 മോക്ഷൈകകാംക്ഷാവതാം
ധന്യാനാംസുലഭംസ്ത്രീയാദിവിഷയ
 പാശാലതാച്ഛേദനം."

വേദവിധിപ്രകാരം പുണ്യകൎമ്മാനുഷ്ഠാനത്താൽ പാപത്തെ നശിപ്പിച്ചവരായും, ചിത്തശുദ്ധിവന്നവരായും, വിദ്വാ-

ന്മാരായും മുമുക്ഷുക്കളായും, നിത്യാനിത്യവസ്തുവിചാരത്തിൽനിന്നു ലഭിച്ചതായ തീവ്രവൈരാഗ്യമാകുന്ന വാളോടുകൂടിയവരായുമിരിക്കുന്ന ധന്യന്മാർക്കു ഗൃഹധനകളത്രാദികളിലുള്ള ആശയാകുന്ന ലതയെ അറുത്തുകളയുന്നതു സുലഭമായ കാര്യമാകുന്നു.

"മുക്തിശ്രീനഗരസ്യ ദുർജ്ജയതരം ദ്വാരം യദസ്ത്യാദിമം
തസ്യ ദ്വേ അരരേ ധനം ച യുവതീ താഭ്യാം പിനദ്ധം ദൃഢം
കാമാഖ്യാർഗ്ഗളദാരുണാ ബലവതാ ദ്വാരം തദേതത്ത്രയം (യഃ)"
ധീരോ യസ്തു ഭിനത്തി സോഽർഹതി സുഖം ഭോക്തും വിമുക്തിശ്രി

മോക്ഷലക്ഷ്മീനഗരത്തിൽ പ്രവേശിക്കുന്ന ആദ്യദ്വാരമൊന്നുണ്ട്, അതിന്നു ഘനമായ രണ്ടു വാതിലുകളും ഉണ്ട്. അതിൽ ഒന്നു ധനവും, മററൊന്നു സ്ത്രീയുമാകുന്നു. ഈ അഭേദ്യവാതിലുകളെ ദൃഢമായി ബന്ധിച്ച കാമനാകുന്ന ബലമുള്ള തഴുതിട്ടു പൂട്ടിയിരിക്കുന്നു. ഈ മൂന്നിനേയും ഏതൊരു ധീരൻ ഭേദിക്കുന്നുവോ അവൻ മോക്ഷശ്രീ നഗരത്തിലെ സുഖാനുഭവങ്ങൾക്ക് അവകാശിയായി ഭവിക്കുന്നു. വിവേകമാകുന്ന കുതിരപ്പുറത്തു കയറി വൈരാഗ്യമാകുന്ന വാളും, ദുഃഖസഹനമാകുന്ന കുപ്പായവും ധരിച്ച മോക്ഷലക്ഷ്മീനഗരത്തിലേക്കു പോകുന്നവന്നു മാർഗ്ഗത്തിൽ യാതൊരു ശത്രുവും ഉണ്ടാവുന്നതല്ല.

"വിവേകജാം തീവ്രവിരക്തിമേവ
മുക്തേർന്നിദാനം നിഗദന്തി സന്തഃ
തസ്മാദ്വിവേകീ വിരതിം മുമുക്ഷുഃ
സമ്പാദയേത്താം പ്രഥമം പ്രയത്നാൽ."

വിവേകജന്യമായ തീവ്രവൈരാഗ്യംതന്നെയാകുന്നു മോക്ഷത്തിന്നിരുപ്പിടമെന്നു സത്തുക്കൾ പറയുന്നു. അതുകൊണ്ടു വിവേകിയായവൻ മോക്ഷം ലഭിക്കേണമെന്നാഗ്രഹിക്കുന്നുവെങ്കിൽ എന്തു പ്രയത്നം ചെയ്തിട്ടും തീവ്രവൈരാഗ്യത്തെയാണ് സമ്പാദിക്കേണ്ടത്.

"പുമാനജാതനിർവ്വേദോദേഹബന്ധംജിഹാസിതും
നഹിശക്നോതിനിർവ്വേദോബന്ധഭേദോമഹാനസൗ."

ഏതൊരു പുരുഷനും വൈരാഗ്യമുണ്ടായില്ലെങ്കിൽ ദേഹബന്ധത്തെ ത്യജിക്കുവാൻ ഒരിക്കലും ശക്തനായി ഭവിക്കുന്നില്ല. വൈരാഗ്യമെന്നതു ബന്ധമോചനത്തിനു മുഖ്യമായൊരു സാധനമാകുന്നു.

ഇനി മൂന്നാം സാധനമായ ശമാദിഷൾക്കത്തെ പറയാം. ശമം, ദമം, തിതിക്ഷാ, ഉപരതി, ശ്രദ്ധ, സമാധാനം എന്നിങ്ങിനെ ആറാകുന്നു ശമാദിഷൾകമെന്നു പറയപ്പെടുന്നത്.

ശിഷ്യൻ:—ശമമെന്നാലെന്താണ്?

ഗുരു—:"ഏകവൃത്ത്യൈവമനസഃസ്വലക്ഷ്യേനിയതസ്ഥിതിഃ
ശമഇത്യുച്യതേസദ്ഭിഃശമലക്ഷണവേദിഭിഃ"

മനസ്സിലുണ്ടാവുന്ന വൃത്തികാരങ്ങളടങ്ങി ലക്ഷ്യവസ്തുവിൽ നിത്യവും ഏകാഗ്രമായിസ്ഥിതിചെയ്യുന്നതുതന്നെ ശമലക്ഷണജ്ഞന്മാരായ സത്തുക്കളാൽ ശമമെന്നുപറയപ്പെടുന്നത്. ഈ ശമംതന്നെ ഉത്തമമെന്നും, മദ്ധ്യമമെന്നും, അധമമെന്നും മൂന്നു വിധമായി പറയപ്പെട്ടിരിക്കുന്നു.

"സ്വവികാരംപരിത്യജ്യവസ്തുമാത്രതയാസ്ഥിതിഃ
മനസഃസോത്തമാശാന്തിർബ്രഹ്മനിർവ്വാണലക്ഷണാ".

മനസ്സ് സങ്കല്പവികല്പരൂപങ്ങളായ വികാരങ്ങളെ ത്യജിച്ച് ലക്ഷ്യവസ്തു മാത്രമായി സ്ഥിതിചെയ്യുന്ന അവസ്ഥയാകുന്നു ബ്രഹ്മനിർവ്വാണലക്ഷണയായ ഉത്തമശാന്തിയെന്നു പറയപ്പെടുന്നത്. മനസ്സുകൊണ്ടു പ്രത്യഗാത്മചിഹ്നത്തെ സദാ അനുസന്ധാനം ചെയ്തുകൊണ്ടിരിക്കുന്നതാകുന്നു ശുദ്ധസത്വലക്ഷണയായ മദ്ധ്യമശാന്തിയെന്നു പറയപ്പെടുന്നത്. മനസ്സു വിഷയവ്യാപാരത്തിൽനിന്നു പിന്തിരിഞ്ഞ് ശ്രവണമനനാദികൾ ചെയ്തുകൊണ്ടിരിക്കുന്ന അവസ്ഥയെ മലിനസത്വലക്ഷണയായ അധമശാന്തിയെന്നു പറയുന്നു. ഈ ശമത്തിനു പൂ

ൎവ്വാംഗം വൈരാഗ്യമാകുന്നു. ശമം ഉത്തരാംഗവുമാകുന്നു. പൂൎവ്വാംഗമായ വൈരാഗ്യമുണ്ടായാൽ മാത്രമേ ഉത്തരാംഗമായ ശമാദികൾ ശോഭിക്കുകയുള്ളൂ.

“കാമഃക്രോധശ്ചലോഭശ്ചമദോമോഹശ്ചമത്സരഃ
നജിതാഃഷഡ്ഭിമേയേനതസ്യശാന്തിന്നസിദ്ധ്യതി”.

കാമം, ക്രോധം, ലോഭം, മോഹം, മദം, മത്സരം എന്നുള്ള ആറു ശത്രുക്കളെ ജയിക്കാത്തവൎക്ക് ശാന്തി ലഭിക്കുകയില്ല. തീവ്രമുമുക്ഷുതയോടുകൂടി വിഷയവസ്തുക്കളെ വിഷംപോലെ ത്യജിക്കാത്തവൎക്ക് ശാന്തി ലഭിക്കുകയില്ല. ഈശ്വരാനുഗ്രഹം ആൎക്കില്ലാതിരിക്കുന്നുവോ, ആൎക്ക് ഗുരുകടാക്ഷമില്ലയോ, ആൎക്ക് ചിത്തപ്രസാദമില്ലയോ അവൎക്കാൎക്കും ശാന്തിയുണ്ടാവുന്നതല്ല. ചിത്തപ്രസാദം സിദ്ധിപ്പാനുള്ള സാധനങ്ങൾ പണ്ഡിതന്മാരാൽ പറയപ്പെട്ടിട്ടുണ്ട്. അവയെന്തെല്ലാമെന്നു പറയാം. ബ്രഹ്മചൎയ്യം, അഹിംസ, ഭൂതദയ, ആൎജ്ജവം, വിഷയവസ്തുവിരക്തി, ശൌചം, ഡംഭമില്ലായ്മ, സത്യം, മമത്വമില്ലായ്മ, സ്ഥൈൎയ്യം, അഭിമാനമില്ലായ്മ, ഈശ്വരധ്യാനനിഷ്ഠ, ബ്രഹ്മജ്ഞന്മാരോടുള്ള സഹവാസം, ജ്ഞാനനിഷ്ഠത്വം, മാനത്തിൽ അനാസക്തി, സുഖദുഃഖങ്ങളിൽ സമഭാവന, ഏകാന്തവാസസ്വഭാവം, മുമുക്ഷുത്വം ഇവയെല്ലാം ആൎക്കുണ്ടാകുന്നുവോ അവരുടെ ഹൃദയം നിൎമ്മലമായി ഭവിക്കും. ഇവയില്ലെങ്കിൽ എത്രകാലമായാലും ആൎക്കും ചിത്തപ്രസാദമുണ്ടാവുന്നതുമല്ല.

ശിഷ്യൻ — ബ്രഹ്മചൎയ്യം, മുതലായ ലക്ഷണങ്ങളെ പറഞ്ഞുവല്ലോ. അവയുടെ ലക്ഷണങ്ങൾ എന്തെല്ലാമാണ്?

ഗുരു — “സ്മരണംദൎശനംസ്ത്രീണാംഗുണകൎമ്മാനുകീൎത്തനം
സമീചീനത്വധീസ്താസുപ്രീതിഃസംഭാഷണംമിഥഃ
സഹവാസശ്ചസംസൎഗ്ഗോഽഷ്ടധാമൈഥുനംവിദുഃ
ഏതദ്വിലക്ഷണംബ്രഹ്മചൎയ്യംചിത്തപ്രസാദകം.”

ഇവയില്ലായ്മയാകുന്നു ബ്രഹ്മചൎയ്യം സൎവ്വഭൂതങ്ങളേയും

തന്നെപ്പോലെ വിചാരിച്ചുകൊണ്ടു ദയയോടുകൂടി മനസ്സുകൊണ്ടും വാക്കുകൊണ്ടും ദേഹംകൊണ്ടും യാതൊരു പ്രാണിയേയും പീഡിപ്പിക്കാതിരിക്കുന്നതാകുന്നു അഹിംസയെന്നു പറയപ്പെടുന്നത്. മനസ്സും വാക്കും പ്രവൃത്തിയും ഏകരൂപമായിരിക്കുന്നത് ആജ്ജവമാകുന്നു. ബ്രഹ്മാദിസ്ഥാവരാന്തമുള്ള വിഷയവസ്തുക്കളിൽ കാകവിഷ്ഠയിലെന്നപോലെ വിരക്തി വരുന്നതാകുന്നു തീവ്രവൈരാഗ്യം. ശൌചമെന്നതു ബാഹ്യമെന്നും ആന്തരമെന്നും രണ്ടുവിധമായി പറയപ്പെടുന്നു. മണ്ണു വെള്ളം മുതലായവകൊണ്ടു ശരീരത്തിൽ ചെയ്യുന്ന ശൌചം ബാഹ്യവും, ജ്ഞാനംകൊണ്ട് അജ്ഞാനത്തെ കളയുന്നത് ആന്തരവും ആകുന്നു. ആന്തരശൌചം നല്ലവണ്ണം ചെയ്യുന്നവക്കു ബാഹ്യശൌചം ആവശ്യമുള്ളതല്ല. ഈശ്വരധ്യാനം പൂജ മുതലായതെല്ലാം ജനങ്ങൾ കണ്ടു പുകഴ്ത്തുവാൻ വേണ്ടി പരമാത്ഥബുദ്ധിയില്ലാതെ ആർ ചെയ്യുന്നുവോ അതിനെ ഡംഭാചാരമെന്നു പറയപ്പെടുന്നു. അത്തരത്തിലുള്ള ഡംഭാചാരങ്ങളില്ലാതിരിക്കുന്നതു തന്നെ ഡംഭമില്ലായ്മ. സ്വന്ത ദൃഷ്ടികൊണ്ടു കണ്ടതിനെ മറച്ചുവെക്കാതെ പറയുന്നതു സത്യമാകുന്നു. ദേഹാദിവസ്തുക്കളിൽ എന്റേതെന്ന ദൃഢബുദ്ധിയില്ലാതിരിക്കുന്നതാകുന്നു മമതയില്ലായ്മ. ഗുരുവാക്യങ്ങളാലും വേദാന്തവാക്യങ്ങളാലും നിശ്ചിതമായ അത്ഥങ്ങളിൽ ഏകബുദ്ധിയോടുകൂടെ ദൃഢബുദ്ധിയായിരിക്കുന്നതു സ്ഥൈര്യമാകുന്നു. വിദ്യ, ഐശ്വര്യം, തപസ്സ്, ദാനം, കുലം, സൌന്ദര്യം, ജാതി മുതലായവകളാൽ അഹങ്കാരമില്ലാതിരിക്കുന്നതാകുന്നു അഭിമാനമില്ലായ്മ. മനസ്സുകൊണ്ടും വാക്കുകൊണ്ടും കമ്മംകൊണ്ടും വിഷയവസ്തുക്കളെ ത്യജിച്ച് ആത്മചിന്തനം ചെയ്യുന്നത് ഈശ്വരധ്യാനമാകുന്നു. ബ്രഹ്മജ്ഞന്മാരുടെ കൂടെ എപ്പോഴും പിരിയാതെ ഛായപോലെ വസിക്കുന്നതാകുന്നു ബ്രഹ്മജ്ഞന്മാരോടുള്ള സഹവാസം. ജ്ഞാനശാസ്ത്രങ്ങളിൽ പ്രതിപാദിക്കപ്പെട്ടതായ ശ്രവണാദികളിൽ തല്പരനാ

യി കൎമ്മങ്ങളിൽ വിമുഖനായിരിക്കുന്നതു ജ്ഞാനനിഷ്ഠത്വമാകുന്നു. ധനകളത്രപുത്രാദികളുടേയും, രോഗാദി ദുഃഖങ്ങളുടേയും സംഗമത്തിൽ സുഖദുഃഖവികാരങ്ങളില്ലാതിരിക്കുന്നതാകുന്നു സമഭാവന. പ്രാകൃതജനങ്ങളുടെ ഇടയിൽ വസിക്കുന്നതുകൊണ്ട് ആത്മചിന്തനക്കു വിഘ്നമുണ്ടെന്നു കണ്ട് വിജനസ്ഥലത്തു വസിക്കുന്നതു ഏകാന്തവാസസ്വഭാവമാകുന്നു. ഞാൻ പൂജ്യനാണ്, വന്ദ്യനാണ്, എല്ലാവരും എന്നെ ബഹുമാനിക്കേണം എന്നുള്ള വിചാരമില്ലായ്മ തന്നെ മാനത്തിൽ അനാസക്തി. ഈ സംസാരബന്ധത്തിൽ നിന്ന് എപ്പോഴാണ് എനിക്കു മോചനം ലഭിക്കുക, അതു എന്തുകൊണ്ടാണു ലഭിക്കുക എന്നുള്ള ദൃഢചിന്തനമാകുന്നു മുമുക്ഷുത്വമെന്നു പറയപ്പെടുന്നത്.

ഇനി ദമമെന്നതിനെ വിവരിക്കാം. ബുദ്ധിയുടെ ദോഷനിവൃത്തിക്കായി ബ്രഹ്മചൎയ്യാദി ധൎമ്മകൎമ്മങ്ങളാൽ ബാഹ്യേന്ദ്രിയങ്ങളുടെ വൃത്തികളെ തടഞ്ഞ് ബാഹ്യേന്ദ്രിയങ്ങളെ അടക്കുന്നതു ദമമാകുന്നു. ഈ ദമം മനസ്സിന്നു ശാന്തിസാധനമാണെന്നു സത്തുക്കൾ പറയുന്നു. ഇന്ദ്രിയങ്ങൾ ശബ്ദാദിവിഷയങ്ങളിൽ പ്രവൎത്തിക്കുമ്പോൾ മനസ്സും ഇന്ദ്രിയങ്ങളുടെ പിന്നാലെ അനുഗമിക്കും. അതുകൊണ്ടു ഇന്ദ്രിയങ്ങളെ നിരോധിച്ചാൽ മനസ്സിൻെറ വേഗം ശമിച്ച് സത്വഭാവത്തെ പ്രാപിക്കും. സത്വഭാവം പ്രാപിച്ചാൽ മനസ്സിന്നു പ്രസാദവും ലഭിക്കും. ചിത്തപ്രസാദത്താലല്ലാതെ മുക്തി സിദ്ധിക്കുകയില്ലല്ലോ. ചിത്തപ്രസാദത്തിന്നിരുപ്പിടം സൎവ്വേന്ദ്രിയനിരോധമാണെന്നു സത്തുക്കളാൽ പറയപ്പെട്ടിരിക്കുന്നു. ബാഹ്യേന്ദ്രിയങ്ങളെ വഴിപോലെ നിരോധിച്ചാൽ ബാഹ്യാൎത്ഥഭോഗങ്ങൾ മനസ്സിൽനിന്നു വിട്ടൊഴിയും.

"തേനസ്വദൌഷ്ട്യംപരിമുച്യചിത്തം
ശനൈഃശനൈഃശാന്തിമുപാദദാതി
ചിത്തസ്യബാഹ്യാൎത്ഥവിമോക്ഷമേവ
മോക്ഷംവിദുൎമ്മോക്ഷണലക്ഷണജ്ഞാഃ."

അതുകൊണ്ടു മനസ്സിനുള്ള മാലിന്യത്തെ ത്യജിച്ചു പതുക്കെ പതുക്കെ ശാന്തിയെ പ്രാപിക്കും. മനസ്സിന്നു ബാഹ്യാൎത്ഥത്യാഗം തന്നെയാണു മോക്ഷാവസ്ഥയെന്നു മോക്ഷലക്ഷണജ്ഞന്മാരായ മഹാന്മാർ പറയുന്നു. അതുകൊണ്ട്,

"ദമംവിനാസാധുമനഃപ്രസാദ-
ഹേതുംനവിദ്മഃസുകരംമുമുക്ഷോഃ
ദമേനചിത്തംനിജദോഷജാതം
വിസൃജ്യശാന്തിംസമുപൈതിശീഘ്രം".

മുമുക്ഷുക്കൾക്കു ചിത്തശാന്തി ലഭിക്കുവാൻ ഈ ദമമല്ലാതെ ഇത്ര സുലഭമായ സാധനം മറ്റൊന്നില്ല. ദമംകൊണ്ടു തന്നെയാകുന്നു മനസ്സിന്നു നിൎമ്മലത വന്നു ചിത്തശാന്തിയുണ്ടാവുന്നത്. മനസ്സിന്നു നിശ്ചലതവും നൈൎമ്മല്യവും സിദ്ധിപ്പാൻ പ്രാണായാമാദികളായ മറ്റുപായങ്ങളും പറയപ്പെട്ടിട്ടുണ്ട്. എന്നാൽ അതെല്ലാം ദേശകാലാദികളായ നിയമങ്ങളാൽ ക്ലേശസാദ്ധ്യങ്ങളാകുന്നു. അതുകൊണ്ടു ബുദ്ധിമാന്മാർ നല്ലവണ്ണം ആലോചിച്ചറിഞ്ഞു് ഒട്ടും മടിക്കാതെ ചിത്തശാന്തിക്കു അതിസുലഭമായ ദമത്തെത്തന്നെയാണ് പണിപ്പെട്ടും അഭ്യസിക്കേണ്ടത്.

"സൎവ്വേന്ദ്രിയാണാംഗതിനിഗ്രഹേണ
ഭോഗ്യേഷുദോഷാദ്യവമൎശനേന
ഈശപ്രസാദാച്ചഗുരോഃപ്രസാദാൽ
ശാന്തിംസമായാത്യചിരേണചിത്തം".

സൎവ്വേന്ദ്രിയങ്ങളുടേയും വേഗത്തെ തടയുന്നതിനാലും, ഭോഗ്യവസ്തുക്കളിലുള്ള ദോഷത്തെ ആലോചിച്ചറിയുന്നതിനാലും, ദൈവാനുഗ്രഹത്താലും ഗുരുകടാക്ഷത്തിനാലും ചിത്തശാന്തി ലഭിക്കുന്നതാകുന്നു. ഇനി തിതിക്ഷയെന്തെന്നു പറയാം.

പ്രാരബ്ധകൎമ്മവശാൽ വരുന്ന ആദ്ധ്യാത്മികാദി ദുഃഖങ്ങളെ ചിന്തയോ പ്രലാപമോ കൂടാതെ ക്ഷമയോടെ അനുഭവി

ക്കുന്നതു തിതിക്ഷയാകുന്നു. തിതിക്ഷക്കു തുല്യമായി മുമുക്ഷുക്കൾക്കു മറെറാരു രക്ഷയും ഇല്ല. വജ്രംകൊണ്ടു മുറിച്ചാൽക്കൂടിയും ഈ തിതിക്ഷക്കു ഹാനി തട്ടുന്നതല്ല. ധീരന്മാരായവർ ഈ തിതിക്ഷയാകുന്ന കവചത്തെ ധരിച്ചുംകൊണ്ടു സകല വിഘ്നങ്ങളേയും പുല്ലുപോലെ തള്ളിക്കളഞ്ഞു് അജയ്യയായ മായയെ ജയിക്കുന്നു. യാഗം, യോഗം, ദാനം, വ്രതം, തപസ്സു മുതലായവയെല്ലാം തിതിക്ഷകൊണ്ടാകുന്നു മഹാന്മാർക്കു സാധിക്കുന്നതു്. തിതിക്ഷയുള്ളവൎക്കു മാത്രമേ മോക്ഷലക്ഷ്മീസുഖസംഭോഗം ലഭിക്കുകയുള്ളു തിതിക്ഷയില്ലാത്തവർ എത്ര യോഗ്യന്മാരായിരുന്നാലും വിഘ്നങ്ങളാൽ അടിപെട്ടു ദുഃഖപരവശന്മാരായി ഭവിക്കുന്നു. ബ്രഹ്മചര്യം, അഹിംസ മുതലായ സൽഗുണങ്ങൾ തിതിക്ഷയുള്ളവൎക്കു മാത്രമേ ഉണ്ടാവുകയുള്ളു. പരാക്ഷേപാദികളെ സഹിക്കുവാൻ തിതിക്ഷയുള്ളവൎക്കു മാത്രമേ ശക്തിയുണ്ടാവുകയുള്ളു. അണിമാദിസിദ്ധികളും തിതിക്ഷയുള്ളവൎക്കു ലഭിക്കുകയുള്ളു ഈ തിതിക്ഷ എല്ലാ സാധനങ്ങളിലും വെച്ചു് ഉത്തമസാധനമാകുന്നു. അതുകൊണ്ടു മുമുക്ഷുക്കൾ എന്തു പ്രയത്നം ചെയ്തും തിതിക്ഷയെ മുഖ്യമായി സമ്പാദിക്കേണ്ടതാകുന്നു. സന്ന്യാസിയാവാൻ തിതിക്ഷ കൂടാതെ കഴിയുന്നതല്ല കൎമ്മസന്ന്യാസം ചെയ്തവനാണെങ്കിലും തിതിക്ഷയില്ലാത്തവനാണെങ്കിൽ അവന്നു ശ്രവണമനനാദികൾ ചെയ്യുവാൻ കഴിയുകയില്ല. ശ്രവണമനനാദികളില്ലാതെ ഒരു ഭിക്ഷു മരിക്കുന്നതായാൽ അവൻ ഉഭയഭ്രഷ്ടനായി ഭവിക്കുന്നുവെന്നല്ലാതെ അവന്റെ സന്ന്യാസംകൊണ്ടു യാതൊരു ഫലവും സിദ്ധിക്കുന്നില്ല. യോഗമാൎഗ്ഗത്തിൽനിന്നു ഭ്രഷ്ടനായി ഭവിച്ചാലും അവന്നു പുണ്യലോകപ്രാപ്തിയുണ്ടെന്നു ഭഗവാൻ ഗീതയിൽ പറഞ്ഞിട്ടുണ്ടെങ്കിലും സന്ന്യാസംകൊണ്ടുമാത്രം സിദ്ധി ലഭിക്കുകയില്ലെന്നും പറഞ്ഞിരിക്കുന്നതുകൊണ്ടു അനുഷ്ഠേയകൎമ്മത്യാഗത്തെ നിഷേധിച്ചിട്ടുണ്ടു്. അതിനാൽ മുമുക്ഷുവായവൻ പ്രാപ്തങ്ങളായ സൎവ്വദുഃഖങ്ങളേയും

തിതിക്ഷയാൽ സഹിച്ച് ശ്രവണമനനാദികളെ യഥാശക്തി ചെയ്യേണ്ടതാകുന്നു. വളരെ പണിപ്പെട്ടു അഭ്യസിക്കുന്ന തിതിക്ഷയുടെ ഫലം ദുഃഖസഹിഷ്ണുത്വമാകുന്നു. ഇനി ഉപരതിയെ പറയാം.

ചിത്തശുദ്ധിസാധനങ്ങളായ നിത്യനൈമിത്തികാദി സകല കർമ്മങ്ങളേയും വൈരാഗ്യത്തോടെ വിധിപ്രകാരം ത്യജിക്കുന്നതു സകല സത്തുക്കളാലും സമ്മതിക്കപ്പെട്ട സന്ന്യാസമാകുന്നു. ആ സന്ന്യാസം തന്നെയാകുന്നു ഉപരതിശബ്ദത്തിൻെറ അർത്ഥം. സർവ്വകർമ്മത്യാഗത്തെയാകുന്നു ഉപരതിയെന്നും സന്ന്യാസമെന്നും വേദങ്ങളാൽ പറയപ്പെടുന്നത്. കർമ്മസിദ്ധമായ പുണ്യലോകത്തിന്നും അനിത്യത്വത്തെയാണ് വേദം ഘോഷിക്കുന്നത്. അതുകൊണ്ടു ശാശ്വതഫലത്തെ ഇച്ഛിക്കുന്നവർക്ക് നശ്വരഫലഹേതുവായ കർമ്മത്താൽ പ്രയോജനമെന്ത്? നശ്വരഫലപ്രദമായ കർമ്മത്തെ നാലുവിധമായി പറയപ്പെട്ടിരിക്കുന്നു. ഉല്പാദ്യമെന്നും, ആപ്യമെന്നും, സംസ്കാര്യമെന്നും, വികാര്യമെന്നും നാലുവിധമാണ്. നിത്യമായ ബ്രഹ്മത്തിന്ന് ഈ വക സംബന്ധമൊന്നുമില്ല

ശിഷ്യൻ:—ബ്രഹ്മത്തിന്നു ഈ വക സംബന്ധമൊന്നുമില്ലെന്നുതിന്നു പ്രമാണമെന്ത്?

ഗുരു:—ബ്രഹ്മം സ്വതസ്സിദ്ധമാണെന്നും സർവ്വവും ബ്രഹ്മത്തിൽ ആപ്തമാണെന്നും ശുദ്ധമായും നിഷ്കളമായും നിഷ്ക്രിയമായും നിർമ്മലമായുമിരിക്കുന്ന ബ്രഹ്മം ആരാലും ഉല്പാദിപ്പിക്കപ്പെട്ടതല്ലെന്നും വേദങ്ങളിൽ പറയപ്പെട്ടിരിക്കുന്നതുകൊണ്ടു ബ്രഹ്മം ഉല്പാദ്യമല്ല. ആപ്താവെന്നും ആപ്യമെന്നും ഭേദമുണ്ടെങ്കിലല്ലേ ഭോക്താവിന്നു ഭോഗം അനുഭവിപ്പാൻ തരമുള്ളു. ബ്രഹ്മംതന്നെ ആത്മസ്വരൂപമായിരിക്കെ ആപ്യമാവാൻ ഒരിക്കലും ആവശ്യമില്ലല്ലോ. മാലിന്യം ബാധിച്ചതായ ദർപ്പണാദിവസ്തുക്കളെ സംസ്കരിക്കേണ്ടതാവശ്യമാകുന്നു. ആകാശത്തെപ്പോലെ നിത്യശുദ്ധമാ

യിരിക്കുന്ന ബ്രഹ്മത്തിന്നു സംസ്കാരമെന്തിനാണ്. അതു മാത്രമല്ല ദപ്പണാദിവസ്തുക്കൾ രൂപവത്തുക്കളായതിനാൽ മാലിന്യകരങ്ങളായ ദോഷവസ്തുക്കളുടെ സമ്പക്കത്താൽ മാലിന്യം സിദ്ധിക്കും. അതിന്നു സംസ്കാരത്താൽ മാലിന്യദോഷം നശിക്കും. അരൂപമെന്നും, നിത്യനിമ്മലമെന്നും, നിഷ്ക്രിയമെന്നും, നിർഗ്ഗുണമെന്നും വേദപ്രതിപാദ്യമായ ബ്രഹ്മത്തിന്ന് ഏതൊരു വസ്തുവിനോടാണ് സമ്പക്കമുള്ളത്. അങ്ങിനെയിരിക്കെ ആ കേവലബ്രഹ്മത്തിന്ന് എങ്ങിനെ മാലിന്യം ഭവിക്കും. സംസ്കാരകമ്മം ഒരിക്കലും ഉപയോഗമുള്ളതല്ല. സാവയവങ്ങളായ ക്ഷീരാദിവസ്തുക്കൾക്ക് ഏതെങ്കിലും കാരണംകൊണ്ടു പരിണാമവികാരഭേദങ്ങളുണ്ടാവുന്നതാണ്. ബ്രഹ്മം നിരഞ്ജനമാണെന്നും, നിരവദ്യമാണെന്നും നിഷ്കളമാണെന്നും മററുമാണ് വേദങ്ങൾ ബ്രഹ്മത്തെ വ്യവസ്ഥചെയ്തിരിക്കുന്നത്. അതുകൊണ്ട് ഈ വികാരിത്വവും ബ്രഹ്മത്തിന്നില്ലെന്നു സിദ്ധിക്കുന്നു. ബ്രഹ്മം നിത്യമാകുന്നു. കമ്മസാദ്ധ്യമായവ എപ്പോഴും അനിത്യം തന്നെ.

ശിഷ്യൻ:— കമ്മസാദ്ധ്യമായ പുണ്യലോകം മുതലായവ അനിത്യമെന്നു പറയുന്നതെങ്ങിനെ?

ഗുരു:— കമ്മജന്യമായ ദേഹാദിപ്രപഞ്ചം ഈ ലോകത്തിൽ നശിച്ചുപോകുന്നതുപോലെതന്നെ പുണ്യകമ്മത്താൽ സമ്പാദിക്കപ്പെട്ടതായ സ്വഗ്ഗാദിലോകവും നശ്വരമാകുന്നു കമ്മജന്യമായ ഫലാനുഭവം അനിത്യമാണെന്ന് എല്ലാവക്കും അറിയത്തക്കവണ്ണം തെളിഞ്ഞു നില്ക്കുന്നുണ്ട്. അങ്ങിനെയിരിക്കെ അറിവുള്ളവർ അനിത്യമായ സ്വഗ്ഗാദിസുഖങ്ങളെ മോഹിക്കുമോ? ജഗൽകാരണമായ ബ്രഹ്മത്തിന്നു നിത്യത്വം സവ്വസമ്മതമാണ്. ബ്രഹ്മമാണ് ജഗൽകാരണമെന്നു വേദവും സമ്മതിക്കുന്നു. വിശേഷിച്ചും സാമവേദം സവ്വവും ബ്രഹ്മമാണെന്നു സ്ഥാപിച്ചുകൊണ്ട് ആ

ബ്രഹ്മത്തിന്നു നിത്യത്വവും ജഗൽകാരണത്വവും ദൃഢീകരിച്ചിരിക്കുന്നു. അതു കൂടാതെ

"നകർമ്മണാനപ്രജയാധനേനനേതിസ്വയംശ്രുതിഃ
കർമ്മണോമോക്ഷഹേതുത്വംസാക്ഷാദേവനിഷേധതി."

കർമ്മംകൊണ്ടാവട്ടെ പുത്രന്മാരെക്കൊണ്ടാവട്ടെ ധനംകൊണ്ടാവട്ടെ ഒരുത്തൎക്കും മോക്ഷം ലഭിക്കുന്നതല്ല എന്നിങ്ങിനെ വേദവാക്യങ്ങൾ കർമ്മാദികളെ പ്രത്യക്ഷമായി നിഷേധിച്ചിരിക്കുന്നു.

"പ്രത്യക്ബ്രഹ്മവിചാരപൂർവ്വമുഭയോ-
രേകത്വബോധാദ്വിനാ
കൈവല്യംപുരുഷസ്യസിദ്ധ്യതിപര-
ബ്രഹ്മാത്മതാലക്ഷണം
നസ്നാനൈരപികീർത്തനൈരപിജപൈ-
ർന്നോകൃച്ഛ്രചാന്ദ്രായണൈ-
ർന്നോവാപ്യദ്ധ്വരയജ്ഞദാനനിഗമൈ-
ർന്നോമന്ത്രതന്ത്രൈരപി."

എന്തിനു വളരെ പറയുന്നു? ബ്രഹ്മവിചാരജന്യമായ ജീവബ്രഹ്മൈക്യജ്ഞാനംകൊണ്ടല്ലാതെ പരബ്രഹ്മാത്മലക്ഷണമായ കൈവല്യം ആൎക്കും സിദ്ധിക്കുന്നതല്ല. ഗംഗാസ്നാനം കീർത്തനം ജപം കൃച്ഛ്രചാന്ദ്രായണാദി തപസ്സുകൾ അശ്വമേധാദിയാഗങ്ങൾ വാപീകൂപാദി നിർമ്മാണങ്ങൾ വേദപാരായണം എന്നിങ്ങിനെയുള്ള യാതൊരു കർമ്മങ്ങളാലും കൈവല്യം സിദ്ധിക്കുകയില്ലെന്നു തീർച്ചതന്നെ. സകല കർമ്മങ്ങളേയും ത്യജിക്കപ്പെടുന്ന ജ്ഞാനമാണ് മോക്ഷകാരണമെന്നു വേദങ്ങളാൽ പറയപ്പെടുന്നു. സർവ്വകർമ്മങ്ങളിലും വിരക്തിവന്നവനായും ആ ബ്രഹ്മത്വം തനിക്കു സിദ്ധിക്കേണമെന്നാഗ്രഹിക്കുന്നവനായുമിരിക്കുന്ന വിവേകിക്ക് അനിത്യവസ്തുക്കളിൽ പ്രീതിയുണ്ടാകുന്നതല്ല. അതുകൊണ്ടു ബ്രഹ്മത്വം ലഭിക്കണമെന്നിച്ഛിക്കുന്നവൻ അനിത്യസുഖസാധനങ്ങളെന്നു

പറയപ്പെട്ടിരിക്കുന്ന നിത്യനൈമിത്തികാദി സകല കൎമ്മങ്ങളേയും തീരെ ത്യജിക്കേണ്ടതാകുന്നു.

ശിഷ്യൻ:— മുമുക്ഷുക്കൾ ചെയ്യേണ്ടതെന്തെല്ലാമാണ്?

ഗുരു:— മുമുക്ഷുക്കൾ അനുഷ്ഠിക്കേണ്ടതു ശ്രവണമനനാദികളാകുന്നു. രണ്ടു കൈകളുമുള്ളവനു തന്റെ ദേഹംകൊണ്ടു സകല കാൎയ്യങ്ങളും സാധിക്കുന്നതുപോലെ ശ്രവണമനനാദികളാൽ മുമുക്ഷുവിന്നു മോക്ഷം സിദ്ധിക്കും. ഒരു വിളക്കു മങ്ങികത്തിക്കൊണ്ടിരിക്കെ അതിന്റെ തിരിനീട്ടി മഷിതട്ടിക്കളഞ്ഞു വെട്ടപ്പാക്കിയാൽ ദീപപ്രഭ വൎദ്ധിക്കുന്നതുപോലെ ശ്രവണമനനാദികൾ ചെയ്യുന്നതിനാൽ ജ്ഞാനവും പ്രകാശിച്ചുവരും. മോക്ഷസിദ്ധിക്കു ജ്ഞാനമാകുന്നു മുഖ്യസാധനമെന്നു ബ്രഹ്മജ്ഞന്മാർ തീൎപ്പു ചെയ്തിരിക്കകൊണ്ടു മുമുക്ഷുവായവൻ ജ്ഞാനത്തെ അവശ്യം അഭ്യസിക്കേണ്ടതാകുന്നു.

ശിഷ്യൻ:— മുമുക്ഷുക്കൾക്കു വിഹിതകൎമ്മത്യാഗം അനുചിതമല്ലെ?

ഗുരു:— അതു മൂഢബുദ്ധികൾ പറയുന്നതാണ്. നീ ഒരിക്കലും അങ്ങിനെ ശങ്കിക്കരുത്. വിദ്വാന്മാർ അങ്ങിനെ ശങ്കിക്കയില്ല. കൎമ്മത്തിന്റെ ഫലം വേറെ, ശ്രവണാദികളുടെ ഫലം വേറെ. കൎമ്മസാധനങ്ങൾ വേറെ. ജ്ഞാനസാധനങ്ങൾ വേറെ. കൎമ്മാധികാരിയും വേറെ, ജ്ഞാനാധികാരിയും വേറെ. കാമിയാകുന്നു കൎമ്മാധികാരി. ജ്ഞാനാധികാരി നിഷ്കാമിയാകുന്നു ധനസമ്പന്നനായും സമൎത്ഥനായും ഇരിക്കുന്നതു കൎമ്മിയുടെ ലക്ഷണമാകുന്നു. ലോകത്തെ നശ്വരമായി കരുതുന്നതു ജ്ഞാനിയുടെ ലക്ഷണമാകുന്നു. ജ്ഞാനി മോക്ഷത്തിന്നും കൎമ്മി ഗൃഹത്തിന്നും അവകാശികളാകുന്നു. കൎമ്മിക്കു സാധനങ്ങൾ ഭാൎയ്യ, യജ്ഞോപകരണങ്ങൾ എന്നിവയാകുന്നു. ജ്ഞാനിക്കു ഗുരുവാക്യശ്രവണമല്ലാതെ മറ്റു യാതൊരു സാധനവും ആവശ്യമില്ല. ക

ൎമ്മത്താൽ അഹങ്കാരം മേൽക്കുമേൽ വൎദ്ധിക്കുകയും ജ്ഞാനത്താൽ അഹങ്കാരം നിഃശ്ശേഷം നശിക്കുകയും ചെയ്യുന്നു. കൎമ്മശാസ്ത്രം പ്രവൃത്തിയെ ഉണ്ടാക്കും. ജ്ഞാനശാസ്ത്രം നിവൃത്തിയെ കൊടുക്കും. ജ്ഞാനകൎമ്മങ്ങൾ ഇപ്രകാരം വിപരീതസ്വഭാവങ്ങളാകുന്നു. ജ്ഞാനകൎമ്മങ്ങളുടെ സാധനങ്ങളും തമ്മിൽ വിപരീതങ്ങളാകുന്നു. ജ്ഞാനകൎമ്മങ്ങളെ അനുഷ്ഠിക്കുന്ന അധികാരികളും ഭിന്നശീലന്മാരാകുന്നു. അവർ തമ്മിൽ ഒരിക്കലും യോജിക്കുന്നതുമല്ല. ജ്ഞാനം മേലോട്ടും, കൎമ്മം കീഴോട്ടും വലിച്ചുകൊണ്ടു പോകുന്നു. ഇതു രണ്ടിന്നും ചേൎച്ചയുണ്ടാവുന്നതെങ്ങിനെ? അഗ്നിക്കും ഉണങ്ങിയ പുല്ലിന്നും, ഇരുട്ടിന്നും വെളിച്ചത്തിന്നും തമ്മിൽ യോജിപ്പുണ്ടാവുമോ? എന്നു മാത്രമല്ല കൎമ്മത്തിന്നു ജ്ഞാനം ശത്രുവുമാകുന്നു. ജ്ഞാനത്തിന്റെ മുമ്പിൽ കൎമ്മം നില്ക്കില്ലെന്നു മാത്രമല്ല ക്ഷയിക്കുകയും ചെയ്യും. ജ്ഞാനത്തെ മറക്കുവാനോ എതിൎത്തു നില്ക്കുവാനോ കൎമ്മത്തിന്നു ശക്തിയില്ല.

"കോടീന്ധനാദ്രിജ്വലിതോപിവഹ്നി-
രൎക്കസ്യനാൎത്ത്യപകൎത്തുമീഷത്
യഥാതഥാകൎമ്മസഹസ്രകോടിർ-
ജ്ഞാനസ്യകിംനുസ്വയമേവലീയതേ"

അനേകായിരം വിറകുകൾ കത്തിച്ചുണ്ടാവുന്ന പുകകൊണ്ടു സൂൎയ്യരശ്മികളെ അല്പമെങ്കിലും മറയ്ക്കുവാൻ കഴിയുന്നില്ലല്ലോ. അതുപോലെ തന്നെ അനേകായിരം കൎമ്മങ്ങളാലും ജ്ഞാനത്തെ മറയ്ക്കുവാൻ സാധിക്കുന്നില്ല. എന്നു മാത്രമല്ല അതു തന്നത്താൻ നശിക്കയും ചെയ്യുന്നു. മനുഷ്യന്റെ രണ്ടു കൈകളും ഒരു കൎത്താവിനെ ആശ്രയിച്ചിരുന്നു പ്രവൎത്തിക്കുന്നതുപോലെ ജ്ഞാനകൎമ്മങ്ങൾ ഒരുമിച്ചിരുന്നു പ്രവൎത്തിക്കുന്നതല്ല. കൎമ്മം കൎത്തൃതന്ത്രമാകുന്നു. ജ്ഞാനം വസ്തുതന്ത്രവുമാകുന്നു. കൎത്താവിനാൽ കൎമ്മം ചെയ്യാതിരിപ്പാനും ചെയ്വാനും മറെറാരുവി

ധത്തിൽ ചെയ്യാനും കഴിയുന്നതാണ്. അതുപ്രകാരം ജ്ഞാനത്തിനും വസ്തുവിന്നും ഒരിക്കലും കർത്തൃതന്ത്രത്വമില്ല. ഒരു പദാൎത്ഥം കണ്ണിന്നു നേരെ കാണപ്പെടുന്നതെങ്ങിനെയോ അപ്രകാരം തന്നെ ജ്ഞാനവും അനുഭവപ്രമാണങ്ങളാൽ പ്രത്യക്ഷപ്പെടുന്നതല്ലാതെ കൎമ്മത്തെയോ യുക്തികൌശലങ്ങളെയോ അല്പമെങ്കിലും അപേക്ഷിക്കുന്നില്ല. അങ്ങിനെയിരിക്കെ ജ്ഞാനം വസ്തുതന്ത്രമാണെന്നുള്ളതിനു സംശയമുണ്ടോ? അതുമാത്രമല്ല ജ്ഞാനം വാസ്തവമല്ലെന്നു ശങ്കിക്കരുതെന്നുകൂടി സത്തുക്കളാൽ പറയപ്പെട്ടിരിക്കുന്നു. അതെങ്ങിനെയെന്നാൽ, ലോകത്തിൽ പ്രത്യക്ഷപ്രമാണങ്ങളാൽ കണ്ടറിയുന്ന വസ്തുക്കളിൽ സംശയമില്ലാതിരിക്കുന്നതെങ്ങിനേയോ അങ്ങിനെതന്നെ അനുഭവപ്രമാണത്താൽ കണ്ടറിയുന്ന ജ്ഞാനത്തിലും സംശയലേശമില്ല. ജ്ഞാനം സത്യമായതുകൊണ്ടു വാസ്തവമല്ലാതെ വരുന്നതല്ല. നിത്യസിദ്ധമായും സത്യമായും സൎവ്വവ്യാപകമായുമിരിക്കുന്ന പരബ്രഹ്മവസ്തുവിനെ സത്വഗുണസ്വരൂപമായ മനസ്സുകൊണ്ടു ഭാവനചെയ്താൽ നിരപേക്ഷമായ ജ്ഞാനം നിശ്ചയമായും അനുഭവപ്പെട്ടുകാണും. ഒരു രൂപത്തിൽ ദൃഷ്ടിയുറപ്പിച്ചു നല്ലവണ്ണം നോക്കുന്നതായാൽ മറ്റൊന്നും കാണാതെ ആ രൂപം മാത്രം കാണുന്നതെങ്ങിനേയോ, അതുപ്രകാരംതന്നെ അനുഭവരൂപമായിരിക്കുന്ന ജ്ഞാനവും സംശയമില്ലാതെ ഉറപ്പായി കാണപ്പെടും. ഒരു രൂപത്തെ നല്ലവണ്ണം കാണുവാൻ കണ്ണുകൾ മാത്രം ആവശ്യമായിരിക്കുന്നതുപോലെ പരബ്രഹ്മസ്വരൂപത്തെ കാണുവാൻ ശ്രവണാദിജന്യമായ ജ്ഞാനം മാത്രമല്ലാതെ മറ്റൊന്നും ആവശ്യമുള്ളതല്ല. കൎത്താവിൻെറ കാൎയ്യം കൎമ്മമാകുന്നു. കൎമ്മത്തിൻെറ കാൎയ്യം ശുഭാശുഭങ്ങളുമാകുന്നു. പ്രമാണത്തിൻെറ കാൎയ്യം ജ്ഞാനമാകുന്നു. മായയുടെ കാൎയ്യം ഈ ജഗത്താകുന്നു. വിദ്യയേയും അവിദ്യയേയും ഒന്നിച്ചറിയേണമെന്നു മഹാന്മാർ ഉപനിഷത്തുകളിൽ പറഞ്ഞിരിക്കുന്നതു കൎമ്മോപാസനകൾക്കു

വേണ്ടി മാത്രമാണ്. ജ്ഞാനകർമ്മങ്ങളുടെ ഐക്യത്തെ അതിൽ പറഞ്ഞിട്ടില്ല. അതുകൊണ്ടു നിത്യാനിത്യവസ്തുവിവേകവും ഇഹാമുത്രാർത്ഥഫലഭോഗവിരാഗവും ഇല്ലാത്ത മൂഢന്മാർക്കാണ് കർമ്മോപാസനയുടെ ആവശ്യം. മോക്ഷേച്ഛയാൽ സർവ്വവും ത്യജിച്ച വിവേകിക്കു യാതൊരു കർമ്മവും ആവശ്യമില്ല.

"മോക്ഷേച്ഛയായദഹരേവവിരജ്യതേസൌ
ന്യാസസ്തദൈവവിഹിതോവിദുഷോമുമുക്ഷോഃ
ശ്രുത്യാതയൈവപരയാചതതഃസുധീഭിഃ
പ്രാമാണികോയമിതിചേതസിനിശ്ചിതവ്യഃ".

മുമുക്ഷുവായവനു എപ്പോൾ തീവ്രവൈരാഗ്യമുണ്ടാകുന്നുവോ അപ്പോൾത്തന്നെ സർവ്വകർമ്മ സന്ന്യാസം ചെയ്യേണ്ടതാണു വിഹിതമെന്നു വിദ്വാന്മാരും വേദവും തീർച്ചപ്പെടുത്തിയിരിക്കുന്നു. അതുകൊണ്ടു ബുദ്ധിമാന്മാർ ഇതു തന്നെ പ്രമാണമെന്നു നിശ്ചയിക്കേണ്ടതാണ്. അപരോക്ഷജ്ഞാനത്തിന്നു കർമ്മം സാധനമല്ലെന്നു വേദം നിഷേധിച്ചിട്ടുണ്ട്. വേദംകൊണ്ടോ തപസ്സുകൊണ്ടോ കൂടസ്ഥനായ എന്നെ കാണ്മാൻ കഴിയുന്നതല്ലെന്നു ശ്രീകൃഷ്ണഭഗവാൻ ഗീതയിലും പറഞ്ഞിരിക്കുന്നു. പ്രവൃത്തിയെന്നും നിവൃത്തിയെന്നും വേദം രണ്ടു വിധമായി പറഞ്ഞിട്ടുള്ളതിൽ പ്രവൃത്തികൊണ്ടു ബന്ധവും നിവൃത്തികൊണ്ടു മോക്ഷവുമാണു പറഞ്ഞിരിക്കുന്നത്. അതിനാൽ മോക്ഷേച്ഛുക്കൾ കർമ്മസന്ന്യാസത്തെ ചെയ്യുന്നതല്ലാതെ ജ്ഞാനകർമ്മങ്ങൾ രണ്ടും ഒന്നായി അഭ്യസിക്കരുത്. ജ്ഞാനം വേണമെന്ന് ആഗ്രഹമുണ്ടെങ്കിൽ കർമ്മത്തെ ത്യജിക്കാതെ കഴിയുന്നതല്ല. കർമ്മം ഇഷ്ടസാധനമെന്നു വിചാരിച്ച് മുമ്പിൽ സ്വീകരിച്ചിരുന്നാലും ആ കർമ്മത്തിൻെറ നശ്വരതയേയും ഹീനതയേയും അറിഞ്ഞതിന്നുശേഷം ആ കർമ്മത്തിൽ ആർക്കെങ്കിലും അഭിരുചിയുണ്ടാകുമോ? ഉപരതി എന്ന വാക്കിൻെറ അർത്ഥം തന്നെ ആദ്യം അനുഭവിച്ച വിഷയ

വസ്തുക്കളിൽനിന്നു പിന്തിരിയുക എന്നാണല്ലോ. ആ ഉപരതി തന്നെ രണ്ടുവിധമായിട്ടാണ് പറയുന്നത്. മുഖ്യമെന്നും, ഗൌണമെന്നും ദൃശ്യങ്ങളായ വിഷയവസ്തുക്കളെ മനസ്സുകൊണ്ടുതീരെ പരിത്യാഗംചെയ്യുന്നതു മുഖ്യോപരതിയാകുന്നു. ദൈവവിധിപ്രകാരം സൎവ്വകൎമ്മസന്യാസംചെയ്യുന്നതു ഗൌണോപരതിയുമാകുന്നു. മുഖ്യോപരതി സിദ്ധിക്കേണമെന്നുണ്ടെങ്കിൽ സൎവ്വകൎമ്മസന്യാസം നിശ്ചയമായും ചെയ്യേണ്ടതാകുന്നു. ആ കൎമ്മസന്യാസത്തിന്നു വൈരാഗ്യമാകുന്ന അംഗത്തിന്റെ സഹായം ഒഴിച്ചുകൂടാത്തതുമാണ്. കൎമ്മസന്യാസം അംഗഹീനമാണെങ്കിൽ മുഖ്യോപരതി സിദ്ധിക്കുകയില്ല തീൎച്ചതന്നെ. അതുകൊണ്ട് ഇഹാമുത്രാൎത്ഥഫലഭോഗവിരാഗം വന്നവൎക്കു സുഖമായി സൎവ്വകൎമ്മസന്യാസം ചെയ്യാവുന്നതാണ്. അതല്ലാതെ വൈരാഗ്യമില്ലാത്തവരാണ് സൎവ്വകൎമ്മസന്യാസം ചെയ്യുന്നതെങ്കിൽ ചണ്ഡാലൻചെയ്ത യാഗംപോലെനിഷ്ഫലമായി ഭവിക്കുന്നു. സൎവ്വകൎമ്മസന്യാസിയാവട്ടെ താൻ ഗൃഹസ്ഥനായിരുന്നനുഭവിച്ച വിഷയവസ്തുക്കളെ ഒരിക്കലും സ്മരിക്കരുത്. അഥവാ ഓൎമ്മവരുന്നതാണെങ്കിലും, ഛൎദ്ദിച്ചതിനെ തിന്നുന്നതു എത്ര നിന്ദ്യമോ അത്ര കുത്സിതമായിട്ടേ വിചാരിക്കാവു. ഇനി ശ്രദ്ധയെ പറയാം.

ഗുരുവാക്യങ്ങളിലും വേദാന്തവാക്യങ്ങളിലും സത്യമാണെന്നുള്ള നിശ്ചയബുദ്ധിയാകുന്നു ശ്രദ്ധ എന്നു പറയപ്പെടുന്നത്. ഇതു മോക്ഷസാധനങ്ങളിൽവെച്ചു മുഖ്യമാകുന്നു.

"ശ്രദ്ധാവതാമേവസതാംപുമൎത്ഥഃ
സമീരിതഃസിദ്ധ്യതിനേതരേഷാം
ഉക്തംസുസൂക്ഷ്മംപരമാൎത്ഥതത്വം
ശ്രദ്ധത്സ്വസോമ്യേതിചവക്തിവേദഃ".

ശ്രദ്ധയുള്ളവൎക്കുമാത്രമേ പുരുഷാൎത്ഥസിദ്ധിയുള്ളൂ എന്നു സൂക്ഷ്മതത്വജ്ഞന്മാരും പരമാൎത്ഥതത്വജ്ഞന്മാരും പറഞ്ഞിരിക്കുന്നു. ശ്രദ്ധയില്ലാത്തവൎക്കു പുരുഷാൎത്ഥസിദ്ധി ഒരിക്കലും ഉണ്ടാവുന്നതല്ല. സാമവേദോപനിഷത്തിലും ഉദ്ദാലകമുനി

തന്റെ പുത്രനായ ശ്വേതകേതുവിനോടു 'നീ ശ്രദ്ധയുള്ളവനായിരിക്കുക' എന്നാണ് ഉപദേശിച്ചിരിക്കുന്നത്. ശ്രദ്ധയില്ലെങ്കിൽ ആൎക്കും സന്മാൎഗ്ഗപ്രവൃത്തിയുണ്ടാവുന്നതല്ല. സൽപ്രവൃത്തിയില്ലെങ്കിലോ പുരുഷാൎത്ഥസിദ്ധിയുമില്ലല്ലോ. ഈ ശ്രദ്ധയില്ലാത്തതുകൊണ്ടുതന്നെയാണ് സൎവ്വജനങ്ങളും സംസാരസാഗരത്തിലുള്ള തിരമാലകളാൽ അടിപെട്ടു കുഴങ്ങിമറിയുന്നത്. അതുകൊണ്ട്

"ദൈവേ ച വേദേ ച ഗുരൗ ച മന്ത്രേ
തീൎത്ഥേ മഹാത്മന്യപി ഭേഷജേ ച
ശ്രദ്ധാ ഭവത്യസ്യ യഥാ യഥാന്ത-
സ്തഥാ തഥാ സിദ്ധിരുദേതി പുംസാം".

ദൈവത്തിങ്കലും വേദത്തിലും ഗുരുവിലും മന്ത്രത്തിലും തീൎത്ഥങ്ങളിലും മഹാത്മാക്കളിലും മരുന്നിലും എത്രത്തോളം ശ്രദ്ധയുണ്ടാകുന്നുവൊ അത്രത്തോളം ഫലസിദ്ധിയും ഉണ്ടാവുന്നതാകുന്നു. ബ്രഹ്മോപലബ്ധിക്കു ശാസ്ത്രസിദ്ധയായ ശ്രദ്ധതന്നെ മുഖ്യകാരണമെന്നറിയേണ്ടതാണ്. അതുകൊണ്ടു മുമുക്ഷുവായവൻ ഗുരുവേദാന്തവാക്യങ്ങളിൽ ശ്രദ്ധയെ അവശ്യം സമ്പാദിക്കേണ്ടതാകുന്നു. ശ്രദ്ധയില്ലെങ്കിൽ മറ്റെല്ലാം നിഷ്ഫലംതന്നെ. ഈ ശ്രദ്ധയുണ്ടാവേണ്ടതിന്നു കാരണം ഗുരുവാക്യത്തിലുള്ള വിശ്വാസമാകുന്നു. വൈദികകൎമ്മികൾക്കു വേദവാക്യം എങ്ങിനെ വിശ്വാസകരമൊ അപ്രകാരം മുമുക്ഷുക്കൾക്ക് ഈശ്വരസ്വരൂപനായ ഗുരുവിന്റെ വാക്യവും വിശ്വസനീയമാകുന്നു. എന്നാൽ സൽഗുരുവേദാന്തവാക്യങ്ങളിൽ ആസ്തികന്മാരായ പുണ്യവാന്മാൎക്കു മാത്രമെ ശ്രദ്ധയുണ്ടാവുകയുള്ളു. ഗുരുവേദാന്തവാക്യങ്ങളുടെ അൎത്ഥതാല്പൎയ്യം വിചാരിച്ചറിവാനായി മനസ്സിനെ നേരാംവണ്ണം പിടിച്ചു നിൎത്തുന്നതാകുന്നു സമാധാനമെന്നു പറയപ്പെടുന്നത്. അറിയപ്പെടേണ്ടതായ വസ്തുവിൽ മനസ്സിനെ ഏകാഗ്രമായി നിൎത്തുന്നതു മോക്ഷപ്രാപ്തിക്കു പ്രധാനകാരണമാകുന്നു. അതല്ലാ

തെ മനസ്സ് അല്പമെങ്കിലും ചഞ്ചലപ്പെടുന്നതായാൽ മററുള്ള സകലപ്രയത്നങ്ങളും വ്യൎത്ഥമായി പോകുന്നതാണ്. ഒരു വില്ലാളിക്ക് ഒരു ലക്ഷ്യത്തെ ഭേദിക്കേണമെങ്കിൽ മനസ്സിനേയും ദൃഷ്ടിയേയും കരണത്തേയും ആ ലക്ഷ്യത്തിൽതന്നെ ഉറപ്പിക്കേണ്ടിവരുന്നുവല്ലോ. വില്ലാളിക്ക് അല്പം പ്രമാദം വന്നുപോയാൽ ബാണപ്രയോഗം നിഷ്ഫലമായി ഭവിക്കുന്നില്ലേ? അപ്രകാരംതന്നെ മുമുക്ഷുവും ലക്ഷ്യമായ ബ്രഹ്മവസ്തുവിൽ മനസ്സിനേയും ദൃഷ്ടിയേയും കരണത്തെയും ഏകാഗ്രമായി ഉറപ്പിക്കേണ്ടതാകുന്നു. മോക്ഷസിദ്ധിക്കു ചിത്തസമാധാനം ഒരു അസാധാരണകാരണമായതുകൊണ്ടു മുമുക്ഷുക്കൾ എന്തു പ്രയത്നം ചെയ്തും ചിത്തസമാധാനത്തെ സമ്പാദിക്കേണ്ടതാകുന്നു. ഈ സമാധാനമുണ്ടാവേണ്ടതിന്നു രണ്ടു കാരണങ്ങളുണ്ട്. ഒന്നു തീവ്രവൈരാഗ്യവും മറെറാന്നു തീവ്രമോക്ഷേച്ഛയുമാകുന്നു. മോക്ഷസിദ്ധിക്കു ബ്രഹ്മചൎയ്യാദികൾ ബാഹ്യാംഗമായിട്ടും ശമാദിഷൾക്കസമ്പത്തി അന്തരാംഗമായിട്ടുമാണ് വേദജ്ഞന്മാർ പറയുന്നത്. ബാഹ്യാംഗത്തേക്കാൾ അന്തരാംഗം പ്രബലവുമാകുന്നു. അതിനാൽ മുമുക്ഷു അന്തരംഗമായ ശമാദിഷൾക്കത്തെ അവശ്യം അഭ്യസിക്കേണ്ടതാകുന്നു. മുമുക്ഷു അന്തരംഗവിഹീനനാണെങ്കിൽ അനേകകാലം ശ്രവണം ചെയ്തതുകൊണ്ടും യാതൊരു ഫലവും ഉണ്ടാവുന്നതല്ല. പോൎക്കളത്തിൽ കടന്നു യുദ്ധം ചെയ്യുന്ന ഭടന് എത്ര ആയുധങ്ങളുണ്ടായിരുന്നാലും ധൈൎയ്യമില്ലെങ്കിൽ ആയുധങ്ങളെ ഉപയോഗിച്ചു ജയിക്കുന്നതെങ്ങിനെ. ഇനി നാലാമത്തെ സാധനത്തേയും പറയാം:—

ബ്രഹ്മജ്ഞാനംകൊണ്ടു സംസാരപാശബന്ധത്തെ മോചിപ്പിക്കുവാൻ ആഗ്രഹിക്കുന്നതുതന്നെ മുമുക്ഷുത്വം. മററു സാധനങ്ങൾക്കെല്ലാം മൂലസാധനം മുമുക്ഷയാകുന്നു. മോക്ഷേച്ഛയില്ലെങ്കിൽ അതിൽ പ്രവൃത്തിയും ഉണ്ടാവുന്നതല്ല. ആഗ്രഹവും പ്രവൃത്തിയുമില്ലാവൎക്കു വേദാന്തശ്രവണമൊ അ

തിനാൽ ഉണ്ടാവുന്ന ഫലമോ സിദ്ധിക്കുമൊ. മുമുക്ഷ നാലു വിധത്തിലുണ്ട്. തീവ്രമെന്നും, മദ്ധ്യമെന്നും, മന്ദമെന്നും, അതിമന്ദമെന്നും ഇങ്ങിനെ നാലാണ്. നാലിന്റേയും ലക്ഷണങ്ങളെ പറയാം.

"താപൈസ്ത്രിഭിർന്നിത്യമനേകരൂപൈഃ
സന്തപ്യമാനോക്ഷുഭിതാന്തരാത്മാ
പരിഗ്രഹംസർവ്വമനർത്ഥബുദ്ധ്യാ
ജഹാതിസാതീവ്രതരാമുമുക്ഷാ. 1

താപത്രയംതീവ്രമവേക്ഷ്യവസ്തൂൻ
ദൃഷ്ട്വാകളത്രംതനയാൻവിഹാതും
മദ്ധ്യേദ്വയോർല്ലോലനമാത്മനോയൽ.
സൈഷാമതാമാദ്ധ്യമികീമുമുക്ഷാ. 2

മോക്ഷസ്യകാലോസ്തികിമദ്യമേത്വരാ
ഭുക്ത്വൈവഭോഗാൻകൃതസർവ്വകാര്യ്യഃ
മുക്ത്യൈയതിഷ്യേഹമഥേതിബുദ്ധി-
രേഷൈവമന്ദാകഥിതാമുമുക്ഷാ. 3

മാർഗ്ഗേപ്രയാതുർമ്മണിലാഭവന്മേ
ലഭേതമോക്ഷോയദിതർഹിധന്യഃ
ഇത്യാശയാമൂഢധിയാംമതിര്യ്യാ
സൈഷാതിമന്ദാഭിമതാമുമുക്ഷാ." 4

നാനാവിധങ്ങളായ താപത്രയങ്ങളാൽ അടിപെട്ട മനസ്സു കലങ്ങി സകല വിഷയങ്ങളും അനർത്ഥമാണെന്നുള്ള വിചാരത്താൽ സർവ്വസംഗപരിത്യാഗം ചെയ്യുന്നതാകുന്നു തീവ്രമുമുക്ഷ. അതിദുസ്സഹമായ താപത്രയത്തെക്കണ്ടു ഭയപ്പെട്ടു വിഷയവസ്തുക്കളെ ത്യജിക്കേണമെന്നുള്ള വിചാരം വരികയും ഭാര്യ്യാപുത്രാദികളെ ത്യജിപ്പാൻ ശക്തനല്ലാകെ രണ്ടിന്നും മദ്ധ്യേ ചഞ്ചലചിത്തനായിരിക്കുന്നതു മദ്ധ്യമ മുമുക്ഷയാകുന്നു. മോക്ഷം സമ്പാദിക്കുവാൻ കാലം ഇനിയും ഉണ്ടല്ലോ. എന്തിനായിട്ടു ബദ്ധപ്പെടുന്നു? പ്രപഞ്ചസുഖങ്ങളെല്ലാം അനു

ഭവിച്ചു ചെയ്യേണ്ടതെല്ലാം ചെയ്തു കഴിഞ്ഞശേഷം മോക്ഷത്തിനായി യത്നം ചെയ്യാം എന്നു വിചാരിക്കുന്നതു മന്ദമുമുക്ഷുവാകുന്നു. വഴിയിൽകൂടി നടക്കുന്നവൎക്കു ചിലപ്പോൾ നിധി കിട്ടാറുണ്ടല്ലോ. അതുപോലെ എനിക്കു മോക്ഷം ലഭിച്ചാൽ ഞാൻ ധന്യനല്ലേ എന്നിങ്ങിനെ ആഗ്രഹിക്കുന്ന 'മൂഢബുദ്ധി' യാകുന്നു അതിമന്ദമുമുക്ഷു. അനേകായിരം ജന്മങ്ങളിൽ ഈശ്വരനെ ഭക്തിപൂൎവ്വം ആരാധിച്ചതിനാൽ ഹൃദയത്തിലുള്ള സകല കല്മഷങ്ങളും നശിച്ചു സകല ശാസ്ത്രാൎത്ഥങ്ങളേയും ഗ്രഹിച്ചു, ഗുണദോഷങ്ങളെ വിവേചനം ചെയ്തറിഞ്ഞു വിഷയവസ്തുക്കളിൽ ആഗ്രഹമൊഴിച്ചു, നിത്യാനിത്യപദാൎത്ഥങ്ങളെ അറിഞ്ഞു മോക്ഷകാമനായി ചൂടുള്ള പാത്രത്തെ കൈവിടുന്നതുപോലെ ഗൃഹാദി സകല വസ്തുക്കളേയും വിട്ടുകളയുന്ന തീവ്രമുമുക്ഷുവാകട്ടെ ഗുരുകടാക്ഷത്താൽ സകല സംസാരബന്ധത്തിൽനിന്നും മുക്തനായി ഭവിക്കുന്നു. മദ്ധ്യമമുമുക്ഷു മൂന്നു ജന്മങ്ങൾകൊണ്ടു മുക്തിപദത്തെ പ്രാപിക്കുന്നു. മന്ദമുമുക്ഷു യുഗാന്തത്തിൽ മുക്തനാവും. അതിമന്ദമുമുക്ഷു കല്പകോടി കാലത്താലും മുക്തനാവുകയില്ല.

"നൃജന്മജന്തോരതിദുൎല്ലഭംവിദു-
സ്തതോപിപുംസ്ത്വംചതതോവിവേകഃ
ലബ്ധ്വാതദേതൽത്രിതയംമഹാത്മാ-
യതേതമുക്ത്യൈസഹസാവിരക്തഃ."

ജീവികൾക്കു ഈ മനുഷ്യജന്മമെന്നതു് ഏററവും ദുൎല്ലഭമാണു്. അതിൽവെച്ചു പുരുഷജന്മം അതിദുൎല്ലഭംതന്നെ. പുരുഷജന്മത്തിലും നിത്യാനിത്യവിവേകം ലഭിക്കുന്നതു് എത്രയോ ദുൎല്ലഭമാകുന്നു. ഇതു മൂന്നും ലഭിച്ച മഹാത്മാവു് അതിവൈരാഗ്യത്തോടെ തീവ്രമുമുക്ഷുവായ് അവശ്യം സമ്പാദിക്കേണ്ടതാകുന്നു. പുത്രകളത്രമിത്രാദി സുഖങ്ങൾ ജന്മംതോറുമുള്ളവയാണു്. എന്നാൽ മനുഷ്യജന്മവും, അതിലും പുരുഷജന്മവും, അതിൽ വിവേകിത്വവും എളുപ്പത്തിൽ ലഭിക്കുന്നതല്ല.

"ലബ്ധ്വാസുദുൎല്ലഭതരംനരജന്മജന്തു-
സ്തത്രാപിപൌരുഷമതഃസദസദ്വിവേകഃ
സംപ്രാപ്യചൈഹികസുഖാഭിരതോയദിസ്യാ-
ദ്ധിക്തസ്യജന്മകുമതേഃപുരുഷാധമസ്യ"

ഇത്ര ദുൎല്ലഭതരമായ മനുഷ്യജന്മത്തേയും അതിൽ പുരുഷജന്മത്തേയും നിത്യാനിത്യവിവേകത്തേയും ലഭിച്ച ജീവി സൎവ്വജനസാധാരണമായ വിഷയസുഖങ്ങളിൽ ആസക്തനായി ഭവിക്കുന്നുവെങ്കിൽ ആ കുത്സിതബുദ്ധിയായ പുരുഷാധമന്റെ ജന്മത്തെ ധിക്കരിക്കേണ്ടതുതന്നെ. പക്ഷിമൃഗാദി ജന്തുക്കൾ കണ്ടതെല്ലാം ഭക്ഷിച്ചും ഉപയോഗിച്ചും കാലം കഴിക്കുന്നു. മനുഷ്യരും ഈപ്രകാരം വിഷയാസക്തന്മാരാണെങ്കിൽ രണ്ടുകൂട്ടക്കും വ്യത്യാസമെവിടെ? വിവേകിയായ മനുഷ്യൻ ദേഹത്തിൽ രോഗം ബാധിക്കുന്നതിനു മുമ്പും ജരാനര ബാധിക്കുന്നതിന്നു മുമ്പും ബുദ്ധിക്ക് ഓൎമ്മകുറയുന്നതിന്നു മുമ്പും തത്വസാരങ്ങളെ ഗ്രഹിച്ചു തീവ്രമുമുക്ഷുതയെ സമ്പാദിക്കുവാൻ യത്നം ചെയ്യേണ്ടതാകുന്നു. ലോകത്തിൽ ദേവകടം, പിതൃകടം മുതലായ ബന്ധങ്ങളെ ഒഴിച്ചവർ വളരെ പേരുണ്ടാവാം. ജനനമരണബന്ധത്തെ ഒഴിച്ചു ബ്രഹ്മജ്ഞനായവൻ ആയിരത്തിൽ ഒന്നുണ്ടാവുന്നതുതന്നെ പ്രയാസം. അന്തഃകരണം അജ്ഞാനപാശത്താൽ കെട്ടുപെട്ടിരിക്കുന്നവന്നു പുറമെയുള്ള ബന്ധമോചനംകൊണ്ട് എന്തു പ്രയോജനം. അതുകൊണ്ടു വിവികിയായവൻ അജ്ഞാനപാശബന്ധത്തെ മോചിപ്പിക്കുവാനുള്ള പ്രവൃത്തിയാണ് ചെയ്യേണ്ടത്. ആ പ്രവൃത്തിയുടെ അവസാനം തീവ്രമുമുക്ഷുത തന്നെയാകുന്നു.

"ഗേഹാദിസൎവ്വമപഹായലംഘ്യതബുദ്ധ്യാ
സഃഖ്യേച്ഛയാസപതിനാനലമാവിവിക്ഷോഃ
കാന്താജനസ്യനിയതാസുദൃഢാതരായാ
സൈഷാഫലാന്തഗമനേകരണംമുമുക്ഷോഃ"

ഗൃഹാദി സകല സുഖങ്ങളേയും തുച്ഛമായി കരുതി ഭൎത്തൃസു

ഖത്തിലുള്ള ഇച്ഛാമാത്രത്താൽ മൃതനായ ഭർത്താവിനോടുകൂടെ അഗ്നിപ്രവേശം ചെയ്യുന്ന സ്ത്രീയുടെ ദൃഢവൈരാഗ്യം എങ്ങിനെയോ അപ്രകാരമുള്ള ദൃഢവൈരാഗ്യമുള്ളവന്നു മുമുക്ഷയുടെ ഫലം സിദ്ധിക്കും.

ശിഷ്യൻ— ഈ മുമുക്ഷ വർദ്ധിക്കുവാനുള്ള കാരണമെന്താകുന്നു?

ഗുരു— നിത്യാനിത്യവിവേകം ദേഹാദികളുടെ ക്ഷണഭംഗുരത്വവിചാരം മരണഭയം താപത്രയാനുഭവം ഇവയെല്ലാമാകുന്നു. വൈരാഗ്യത്തിന്നു ഹേതു നിത്യാനിത്യവിചാരമാകുന്നു. തീവ്രവൈരാഗ്യം സന്യാസത്തിന്നും സന്യാസം ശ്രവണാദികൾക്കും കാരണമാകുന്നു. ശ്രവണാദികൾ ജ്ഞാനത്തിന്നു കാരണമാകുന്നു. ജ്ഞാനമാകുന്നു മോക്ഷത്തിന്നു കാരണം. തീവ്രവൈരാഗ്യമാകുന്ന ദേഹം വിവേകമാകുന്ന ശിരസ്സ് ശമാദികളാകുന്ന അവയവങ്ങൾ മുമുക്ഷയാകുന്ന പ്രാണൻ ഇവയെല്ലാമുള്ള ശരീരി യുക്തിസാമർത്ഥ്യത്തോടുകൂടെ ഗുരുവാക്യമാകുന്ന ചാണയിൽ നല്ലവണ്ണം അണച്ചു മൂർച്ചവരുത്തിയ ജ്ഞാനമാകുന്ന വാളിനാൽ മൃത്യുവിനെ ഹനിക്കുന്നു.

ശിഷ്യൻ:— ഗുരുവിനെ ഏതുവിധം ഉപാസിക്കേണം?

ഗുരു:— മേൽപറഞ്ഞ സാധനചതുഷ്ടയസമ്പന്നനായവൻ ബ്രഹ്മതത്വശ്രവണത്തിന്നായി സമിൽപാണിയായി ഗുരുവിനെ പ്രാപിക്കേണ്ടതാകുന്നു. ബ്രഹ്മജ്ഞനായും, ബ്രഹ്മനിഷ്ഠനായും കാരുണ്യശാലിയായും ശാന്തനായും ആഗ്രഹമില്ലാത്തവനായും വേദജ്ഞനായും അഹങ്കാരമില്ലാത്തവനായും സമദർശിയായും ഇരിക്കുന്നവനാകുന്നു സൽഗുരു. ഈ ലക്ഷണങ്ങളുള്ള ഗുരുവിനെയാകുന്നു ഉപാസിക്കേണ്ടത്.

"ജന്മാനേകശതൈഃ സദാദരയുജാ
ഭക്ത്യാസമാരാധിതോ
ഭക്തൈർവ്വൈദികലക്ഷണേനവിധിനാ
സന്തുഷ്ടഈശഃസ്വയം

സാക്ഷാൽശ്രീഗുരുരൂപമേത്യകൃപയാ
ദൃഗ്ഗോചരഃസൻപ്രഭുഃ
തത്വംസാധു വി ബോധ്യതാരയതിതാൻ
സംസാരദുഃഖാൎണ്ണവാത്."

അനേകജന്മങ്ങളിൽ ഭക്തിയോടുകൂടെ വൈദികവിധി പ്രകാരം ഭക്തന്മാരാൽ ആരാധിക്കപ്പെട്ട ഈശ്വരൻ സന്തുഷ്ടനായിട്ടു താൻതന്നെ സാക്ഷാൽ ശ്രീഗുരുരൂപത്തെ ധരിച്ചു് കൃപയോടുകൂടെ ഭക്തന്മാരുടെ മുമ്പിൽ പ്രത്യക്ഷനായിട്ട് അവൎക്ക തത്വോപദേശംചെയ്തു് സംസാരദുഃഖത്തിൽനിന്ന് അവരെ ഉദ്ധരിക്കുന്നു. സാക്ഷാൽ ശിവൻ തന്നെയാകുന്നു ഗുരു. ഗുരുതന്നെയാകുന്നു ഈശ്വരൻ. മുമുക്ഷുക്കൾ ഗുരുവിനേയും ഈശ്വരനേയും ഭേദമായി വിചാരിച്ചുകൂടാത്തതാകുന്നു. അവിദ്യയാകുന്ന ഹൃദയഗ്രന്ഥിയുടെ വിനാശം ആരാൽ സംഭവിക്കുന്നുവോ അവൎക്കാണു ഗുരുശബ്ദത്തിന്ന് അൎഹതയെന്നു ഗുരുശബ്ദത്തിന്റെ അൎത്ഥജ്ഞന്മാർ പറയുന്നു. അതുകൊണ്ടു കൃതകൃത്യനായ ഗുരുവിനെ ഉപാസിക്കുക. ആ ശ്രീഗുരുകടാക്ഷത്താൽ അപാരമായ സംസാരസാഗരം ഗോഷ്പദമെന്നപോലെ അനായാസേന കടക്കാവുന്നതാകുന്നു. ശുശ്രൂഷകൊണ്ടും ഭക്തികൊണ്ടും വിനയംകൊണ്ടും ഗുരുവിനെ പ്രസാദിപ്പിച്ച് അറിവാനാഗ്രഹിക്കുന്നതിനെ ചോദിക്കേണം.

"ഭഗവൻകരുണാസിന്ധോ
ഭവസിന്ധോൎഭവാംസ്തരിഃ
യമാശ്രിത്യാശ്രമേണൈവ
പരംപാരംഗതാബുധാഃ."

അല്ലയോ കരുണാനിധേ, സംസാരസാഗരത്തിന്നു ഭവാനൊരു കപ്പലാണല്ലോ. ഇങ്ങിനെയുള്ള കപ്പലിനെ ആശ്രയിച്ചല്ലേ വിദ്വാന്മാർ അനായാസേന സംസാരസാഗരത്തെക്കടന്നു മറുകരക്കെത്തുന്നത്? അനേകായിരം ജന്മങ്ങളിൽ ഞാൻ ചെയ്ത പുണ്യകൎമ്മങ്ങളുടെ ഫലോദയം ഇപ്പോ

ഴാണുണ്ടായത്. അതുകൊണ്ട് ഞാനിപ്പോൾ ഭവൽകൃപക്കു പാത്രീഭവിച്ചു. ബ്രഹ്മജ്ഞന്മാരുടെ കൃപാവലോകനം മോഹാന്ധകാരത്തെ നശിപ്പിച്ച് ജ്ഞാനദീപത്തെ പ്രകാശിപ്പിക്കുന്നു. ദശ്നമാത്രത്തിൽ തന്നെ നേത്രങ്ങൾക്കു പ്രീതിയും മുഖത്തിന്നു പ്രസാദവും ഹൃദയത്തിന്ന് ആനന്ദവും ഉണ്ടാകുന്നു. ആയിരം കോടി സൂൎയ്യന്മാരാലും സവ്വദാഹകനായ അഗ്നിയാലും ജീവികളുടെ അന്തഃകരണത്തിലുള്ള അന്ധകാരത്തെ നശിപ്പിക്കുവാൻ സാദ്ധ്യമല്ല. അപ്രകാരമുള്ള അപാരതമസ്സിനെ ബ്രഹ്മജ്ഞൻ ഒരൊററ നോട്ടംകൊണ്ടു നശിപ്പിച്ചുകളയുന്നു.

"ദുഷ്പാരേഭവസാഗരേജനിമൃതി-
വ്യാധ്യാദിദുഃഖോൽകടേ
ഘോരേപുത്രകളത്രമിത്രബഹുല-
ഗ്രാഹാകരേഭീകരേ
കമ്മോത്തുംഗതരംഗഭംഗനികരൈ-
രാകൃഷ്യമാണോമുഹുഃ
യാതായാതഗതിഭ്രമേണശരണം
കിഞ്ചിന്നപശ്യാമ്യഹം."

ഹേ സൽഗുരോ, ജനനം മരണം രോഗം മുതലായ അനേകദുഃഖങ്ങളാൽ സമ്പൂൎണ്ണമായും പുത്രകളത്രാദികളായ ക്രൂരജലജന്തുക്കളാൽ സദാ പീഡിതമായും ഭയങ്കരമായും കരകാണാത്തതുമായ ഘോരസംസാരസാഗരത്തിൽ കമ്മങ്ങളാകുന്ന തിരമാലകളാൽ ഇഴഞ്ഞുവലിക്കപ്പെട്ട് അങ്ങോട്ടുമിങ്ങോട്ടും അടിച്ചുലച്ചു മുങ്ങിയും പൊങ്ങിയും ഞാൻ വല്ലാതെ കുഴങ്ങി. ഇതിൽ നിന്നു പിടിച്ചു കയററി എന്നെ രക്ഷിക്കുവാൻ ഇതുവരെ ഞാൻ ആരേയും കണ്ടില്ല. ഇങ്ങിനെ ആൎത്തനായ ഞാൻ എന്തൊരു പുണ്യവിശേഷംകൊണ്ടോ ഇപ്പോൾ ഭവൽപാദാംബുജത്തെ കാണ്മാനിടവന്നു. ഹേ കൃപാനിധേ, ദയ ചെയ്തു എന്നെ മൃത്യുഭയത്തിൽനിന്നു രക്ഷിക്കണേ. ഇങ്ങിനെ കനിഞ്ഞപേക്ഷിക്കുന്ന ശിഷ്യനെ നോക്കി ഗുരു ദയ

യോടുകൂടെ 'ഭയപ്പെടേണ്ട' എന്ന് അഭയപ്രദാനം ചെയ്യുന്നു. അല്ലയോ വിവേകീ, നീ മൃത്യുഭയത്തെ ദൂരെക്കളഞ്ഞാലും. നിനക്കു മൃത്യു ഒരിക്കലും ഇല്ല. നീ അദ്വൈതമായും പരമാനന്ദസ്വരൂപമായുമുള്ള പരബ്രഹ്മമാകുന്നു. നീ എന്തിനേയോ കണ്ടു ഭയപ്പെട്ട് ഭ്രമത്താൽ എന്നെ രക്ഷിക്കണേ എന്നിങ്ങിനെ പറയുന്നു. അത് ഉറങ്ങുന്നവൻെറ പ്രലാപംപോലെ വെറും മിഥ്യതന്നെയാണ്. ഒരാൾ ഉറങ്ങുമ്പോൾ സ്വപ്നത്തിൽ ഒരു സൎപ്പം വന്നു തന്നെ കടിക്കുന്നതായി കണ്ടു ഭയപ്പെട്ട് ഉറക്കെ നിലവിളിച്ചു. ഉടനെ അതു കേട്ട് അവൻെറ ആപ്തനായ മറെറാരുവൻ അവനെ വിളിച്ചുണൎത്തി കാരണം ചോദിച്ചാൽ താൻ കണ്ടതു സ്വപ്നമാണെന്നറിഞ്ഞ് 'സാരമില്ല' എന്നു പറയാറില്ലേ. അതു മാത്രമല്ല, കയറിനെ കണ്ട് സൎപ്പമാണെന്നു വിചാരിച്ചു ഭയപ്പെട്ടു നിലവിളിക്കാറില്ലേ. ആലോചിച്ചു നോക്കുന്നതായാൽ അവന്നു ഭയഹേതുവായ സൎപ്പം അവിടെ ഇല്ലല്ലോ. അവൻെറ പ്രലാപം മിഥ്യതന്നെയല്ലേ. അതുപോലെതന്നെയാകുന്നു നീയും. ജനനമരണാദിദുഃഖങ്ങൾ ഉണ്ടെന്നു പറഞ്ഞതു നിൻെറ ഭ്രമത്താൽ ഉണ്ടായതു മാത്രമാണെന്നു നല്ലവണ്ണം ആലോചിച്ചറിഞ്ഞ് ഭയത്തെ ത്യജിക്കുക. അനാത്മാവായ ദേഹാദിധൎമ്മങ്ങളെ ആത്മസ്വരൂപമായ നിന്നിൽ ആരോപിച്ച് വെറുതെ ക്ലേശിക്കുകയാണ്. അതെല്ലാം അജ്ഞാനകൃതങ്ങളാണെന്നറിഞ്ഞ് ഭയത്തെ ത്യജിച്ചു സുഖമായിരിക്കുക.

ശിഷ്യൻ:— ഹേ സൽഗുരോ, സകലവും മിഥ്യയാണെന്നു ഭവാൻ പറഞ്ഞതു ദൃഷ്ടാന്തത്തിൽ ഉപപന്നമാണെങ്കിലും ജനനമരണക്ലേശങ്ങൾ പ്രത്യക്ഷത്തിൽ സുപ്രസിദ്ധമാണല്ലോ. പ്രത്യക്ഷമായി സകലരും അനുഭവിച്ചറിയുന്ന കാൎയ്യം മിഥ്യയെന്നു പറയുന്നതെങ്ങിനെ. കണ്ണിന്നു നേരെയിരിക്കുന്ന ഘടം മിഥ്യയെന്നു പറയുവാൻ പാടുണ്ടോ. കണ്ടുകൊണ്ടിരിക്കുന്ന വസ്തുവിന്നു മിഥ്യാത്വമെങ്ങിനെ സംഭവി

കും? കാണുന്ന വസ്തു സകലക്കും പ്രത്യക്ഷപ്രമാണമാണ
ല്ലോ. അല്പജീവിയായും ജനനമരണാദിക്ലേശങ്ങൾ സദാ
അനുഭവിച്ചുകൊണ്ടിരിക്കുന്നവനുമായ ഞാൻ പരമാനന്ദ
സ്വരൂപവും നിത്യവുമായ ബ്രഹ്മമാകുന്നതെങ്ങിനെ? ആ
ത്മാവാരാകുന്നു; അനാത്മാവെന്താകുന്നു; ഇവയുടെ ലക്ഷ
ണങ്ങളെന്തെല്ലാമാണ്; ആത്മാവിൽ അനാത്മധൎമ്മങ്ങ
ളെ ആരോപിക്കുന്നതെങ്ങിനെ; അജ്ഞാനമെന്നാലെന്താ
ണ്; അജ്ഞാനത്താലുണ്ടാകുന്ന ഭയമെങ്ങിനെയുള്ളതാ
ണ്; ആ ഭയത്തെ ത്യജിക്കുന്നതെങ്ങിനെ; ജ്ഞാനമെന്നാ
ലെന്താണ്; ജ്ഞാനത്താലുണ്ടാവുന്ന സുഖം ഏതുവിധമാ
ണ്? ഇതെല്ലാം കരുണാനിധിയായ ഭവാൻ എനിക്കു ക
രതലാമലകംപോലെ പ്രത്യക്ഷപ്പെടുത്തിത്തരണം.

ഗുരു:— അല്ലയോ ശിഷ്യോത്തമ, വിവേകിയായ നീ ധന്യ
നും കൃതാൎത്ഥനുമായി. പ്രാകൃതജനങ്ങളുടെ മാൎഗ്ഗത്തെ വി
ട്ട് ബ്രഹ്മതത്വത്തെ അറിവാൻ നീ പുറപ്പെട്ടതിനാൽ ശിവ
പ്രസാദം നല്ലവണ്ണം നിന്നിൽ ഉണ്ടെന്നു നിശ്ചയിക്കാം.
ശിവപ്രസാദമില്ലാത്തവൎക്കു സിദ്ധിയും, ബുദ്ധിയും, യുക്തി
യും, മുക്തിയും ലഭിക്കുകയില്ല.

"യസ്യപ്രസാദേനവിമുക്തസംഗാഃ
ശുകാദയഃസംസൃതിബന്ധമുക്താഃ
തസ്യപ്രസാദോബഹുജന്മലഭ്യോ
ഭക്തൈകഗമ്യോഭവമുക്തിഹേതുഃ."

ശുകൻ, വാമദേവൻ മുതലായവർ സൎവ്വസംഗപരിത്യാ
ഗം ചെയ്തു ജനനമരണരൂപമായ സംസാരബന്ധത്തിൽനി
ന്നു മുക്തന്മാരായി ഭവിച്ചതു ശിവപ്രസാദത്താലാകുന്നു. ഭ
ക്തികൊണ്ടു മാത്രം പരിതുഷ്ടനായി ഭവിക്കുന്ന ആ ശിവന്റെ
പ്രസാദം അനേകായിരം ജന്മങ്ങളാൽ സമ്പാദിക്കുന്നതു സം
സാരബന്ധമോചനത്തിന്നു മുഖ്യകാരണമാകുന്നു. അനേക
ജന്മങ്ങളിൽ ഈശ്വരാൎപ്പണമായി ചെയ്ത സുകൃതപരിപാക

ത്താൽ മനുഷ്യന്നു വിവേകം ലഭിക്കുന്നു. ആ വിവേകത്താൽ തന്നെയാണ് നീയും പരമാർത്ഥതത്വാന്വേഷണത്തിന്നു പുറപ്പെട്ടത്. അതുകൊണ്ടു മനുഷ്യർക്കു വിവേകത്തിന്റെ ഫലം ഇതുതന്നെയാണ്.

"മർത്ത്യത്വസിദ്ധേരപിപുംസ്ത്വസിദ്ധേ-
ർവിപ്രത്വസിദ്ധേശ്ചവിവേകസിദ്ധേഃ
വദന്തിമുഖ്യംഫലമേവമോക്ഷം
വ്യർത്ഥംസമസ്തംയദിചേന്നമോക്ഷഃ"

മർത്ത്യത്വം ലഭിക്കുന്നതിന്റെയും അതിൽ പുരുഷജന്മം ലഭിക്കുന്നതിന്റെയും അതിൽവെച്ചു ബ്രാഹ്മണജന്മം ലഭിക്കുന്നതിന്റെയും അതിൽ വിവേകം ലഭിക്കുന്നതിന്റെയും മുഖ്യഫലം മോക്ഷമാണെന്നാണ് പറയുന്നത്. ആ മോക്ഷം ലഭിക്കുന്നില്ലെങ്കിൽ എല്ലാം വ്യർത്ഥം തന്നെ. അതുകൊണ്ടു നിന്റെ ചോദ്യങ്ങൾ ഉചിതം തന്നെ. ആത്മതത്വത്തെ അറിവാനാഗ്രഹിക്കുന്ന നിന്റെ എല്ലാം ശങ്കകളും തീരത്തക്കവണ്ണം ഉത്തരം പറയാം. സന്തുഷ്ടനായി കേൾക്കുക. അല്ലയോ ശിഷ്യാ! മനുഷ്യത്വം ഭ്രമംകൊണ്ടു നിന്നിൽ കല്പിതമായതാണ്. അതുകൊണ്ടാണ് ജനനമരണക്ലേശങ്ങളുണ്ടെന്നു തോന്നുന്നത്. ആ ദുഃഖങ്ങളൊന്നും വാസ്തവത്തിൽ നിണക്കില്ല. എല്ലാം മിഥ്യയാണ്. ഉറക്കത്തിൽ ഉണ്ടാവുന്ന സുഖദുഃഖങ്ങൾ ഉണർന്നതിന്നു ശേഷം സത്യമാണെന്ന് ആരെങ്കിലും വിചാരിക്കാറുണ്ടോ. എല്ലാവരാലും പ്രത്യക്ഷമായി കാണപ്പെടുന്ന പ്രപഞ്ചം എങ്ങിനെ മിഥ്യയായി ഭവിക്കും എന്നിങ്ങിനെ ബുദ്ധിഭ്രമത്താൽ വിചാരശൂന്യനായ നീ ശങ്കിക്കരുത്.

"ദിവാന്ധദൃഷ്ടേസ്തുദിവാന്ധകാരഃ
പ്രത്യക്ഷസിദ്ധോപിസകിംയഥാർത്ഥഃ
തദ്വൽഭ്രമേണാവഗതഃപദാർത്ഥോ
ഭ്രാന്തസ്യസത്യഃസുമതേർമൃഷൈവ."

പകൽ കണ്ണുകാണാത്ത മൂങ്ങപ്പക്ഷിക്കു പകൽ അന്ധകാരമാ

വുന്നതു പ്രത്യക്ഷസിദ്ധമല്ലെ. ആ അന്ധകാരം യഥാർത്ഥമാണോ? അതുപോലെ തന്നെ ഭ്രമത്താൽ കാണുന്ന വസ്തു ഭ്രാന്തന്നു മാത്രം സത്യമായിരിക്കും. ഭ്രാന്തിയില്ലാത്തവൎക്ക് മിഥ്യ തന്നെ. ഇത് ഒരു ഘടമാണെന്നു പറയുമ്പോൾ അതു ഘടമായി തന്നെ പ്രത്യക്ഷത്തിൽ കാണപ്പെടുന്നു. അതിൻെറ പരമാർത്ഥം വിചാരിക്കുമ്പോഴോ ആ ഘടഭാവത്തിന്നു വിലക്ഷണമായ മണ്ണായിട്ടു കാണപ്പെടുന്നു. അതുകൂടാതെ ആദിത്യനെ നോക്കുമ്പോൾ ഒരു ചാൺ അളവായിട്ടു മാത്രമേ പ്രത്യക്ഷത്തിൽ കാണുന്നുള്ളു. ശാസ്ത്രത്തിലാണെങ്കിലോ ലക്ഷ യോജന വിസ്താരമായിട്ടാണ് പറയുന്നത്. ഇപ്രകാരം പ്രത്യക്ഷപ്രമാണത്തിന്നു ശാസ്ത്രപ്രമാണത്താൽ ചിലപ്പോൾ ബാധ കാണും. അതുകൊണ്ടു നീ ഇപ്പോൾ പറഞ്ഞതായ പ്രത്യക്ഷപ്രമാണം സമ്മതിക്കത്തക്കതല്ല. ഈ ദേഹാദിപ്രപഞ്ചമെല്ലാം ഭ്രമത്താൽ നിന്നിൽ കാണപ്പെടുന്നതാണ്. ഇതു വെറും മിഥ്യയാകുന്നു. ഒരിക്കലും സത്യമല്ല. നീ ആനന്ദസ്വരൂപമായ ബ്രഹ്മമാകുന്നു. നീയും ബ്രഹ്മവും വേറെയല്ല എന്നു നല്ലവണ്ണം ആലോചിച്ചാലറിയാം.

"ലോകാന്തരേവാത്ര ഗൃഹാന്തരേവാ
തീർത്ഥാന്തരേ കർമ്മപരമ്പരാന്തരേ
ശാസ്ത്രാന്തരേ നാസ്തൃനുപശ്യതാമിഹ
സ്വയംപരംബ്രഹ്മവിചാർയ്യമാണേ".

അന്യലോകങ്ങളിലും മററും ബ്രഹ്മത്തെ അന്വേഷിച്ചാൽ കണ്ടുകിട്ടുകയില്ല. മൂഢനായവൻ തന്നുള്ളിലിരിക്കുന്ന തത്വത്തെ അറിയാതെ ശാസ്ത്രങ്ങളിൽ തിരഞ്ഞുഴലുന്നു. അതെങ്ങിനെയെന്നാൽ ഒരു ആട്ടിടയൻ ഒരു ആട്ടിൻകുട്ടിയെ കക്ഷത്തിടുക്കിക്കൊണ്ട് ഒരു കിണററിൻെറ ഉള്ളിലേക്കു നോക്കിയപ്പോൾ ആട്ടിൻകുട്ടിയുടെ പ്രതിച്ഛായ കിണററിലുള്ള വെള്ളത്തിൽ കണ്ടതിനാൽ വിചാരശൂന്യനായ ആട്ടിടയൻ എൻെറ ആട്ടിൻകുട്ടി കിണററിൽ വീണുപോയെന്നു വിചാരി

ച്ചു കിണററിലിറങ്ങി കുട്ടിയെ തിരഞ്ഞു താനും നശിച്ചപോയതുപോലെ ആകുന്നു. അതു മാത്രമല്ല, പരമാനന്ദസ്വരൂപമായ പരമാത്മാവു താൻതന്നെയാണെന്നറിയാതെ അന്യനാണെന്നു വിചാരിച്ച് പണ്ഡിതന്മാർകൂടി പുറമെയുള്ള പഞ്ചകോശങ്ങളിൽ പരമാത്മാവിനെ തിരയുന്നു. എന്നതുപോലെ തന്നെ നീയും പരമാത്ഥവസ്തുനിശ്ചയത്തെ മറന്ന് ആ വസ്തുവിൽ അവസ്തുവായ ദേഹാദിധമ്മങ്ങളെ ആരോപിച്ചുകൊണ്ടു വ്യത്ഥമായി ക്ലേശിക്കുന്നതല്ലാതെ വേറെ യാതൊന്നുമില്ല. ആത്മാനാത്മവിവേകത്തെ ഞാൻ നല്ലവണ്ണം പറഞ്ഞുതരാം. ശ്രദ്ധയോടെ കേട്ടുകൊള്ളുക.

ഇങ്ങിനെ പറഞ്ഞു ഗുരു ശിഷ്യനെ കരുണയോടുകൂടെ അഭിമുഖമായിരുത്തി അദ്ധ്യാരോപമെന്നും അപവാദമെന്നുമുള്ള രണ്ടു യുക്തികളാൽ പരബ്രഹ്മത്തെ നിഷ്പ്രപഞ്ചമാണെന്നു തെളിയിക്കുവാനായി സകലക്കും ഉപകാരമാവത്തക്കവണ്ണം ശാസ്ത്രോക്തപ്രകാരം ഉപദേശിക്കുവാൻ ആരംഭിച്ചു.

ഗുരു—അല്ലയോ ശിഷ്യോത്തമാ, വസ്തുവായ പരബ്രഹ്മത്തിൽ അവസ്തുവായ നാമരൂപാദിപ്രപഞ്ചത്തെ കല്പിക്കുന്നതേതൊന്നോ അതാകുന്നു അദ്ധ്യാരോപമെന്നു പറയപ്പെടുന്നത്. അതെങ്ങിനെയെന്നാൽ, പാമ്പല്ലാതിരിക്കുന്ന കയറിൽ പാമ്പിനെ കല്പിക്കുന്നതുപോലെയും ആകാശത്തിൽ നീലവണ്ണത്തെ കല്പിക്കുന്നതുപോലെയും സച്ചിദാനന്ദസ്വരൂപമായ പരബ്രഹ്മത്തിൽ നാമരൂപാദിപ്രപഞ്ചം കല്പിക്കപ്പെടുന്നു.

ശിഷ്യൻ—ആ കല്പനക്കു കാരണമെന്താണ്?

ഗുരു—കാരണം അജ്ഞാനമാകുന്നു. ആ അജ്ഞാനം സത്തിന്റെ കാൎയ്യമാണെന്നിരിക്കിലും സത്തിന്റെ ലക്ഷണമുള്ളതല്ല. അതു ജ്ഞാനത്തിനാൽ മാഞ്ഞുപോകുന്നതാകകൊണ്ട് അവസ്തുവാണെന്നു വിദ്വാന്മാരാൽ പറയപ്പെടുന്നു.

ശിഷ്യൻ—അതെങ്ങിനെ?

ഗുരു—മുത്തുച്ചിപ്പിയിൽ ആരോപിതമായ രജതബുദ്ധി, സൂക്ഷ്മമായി വിചാരിക്കുന്ന സമയത്തിൽ അതിൻെറ പിൻഭാഗം കറുപ്പായിരിക്കുന്നതുകൊണ്ട് ഇതു മുത്തുച്ചിപ്പിയാണെന്നും നിശ്ചയം വന്നശേഷം എങ്ങിനെ മറഞ്ഞുപോകുന്നുവോ അപ്രകാരം തന്നെ ശ്രുതിയുക്ത്യനുഭവങ്ങളാൽ പരബ്രഹ്മത്തെ അറിഞ്ഞതിന്നുശേഷം അവസ്ഥവായ അജ്ഞാനവും മറഞ്ഞുപോകുന്നു. മുത്തുച്ചിപ്പിക്കു ത്രികാലത്തിലും അഴിവില്ലാതെ അതിൽ ആരോപിതമായ രജതബുദ്ധിക്കു നാശം സംഭവിക്കുന്നതുപോലെ അദ്ധ്യാരോപകാരണമായ അജ്ഞാനം നശിച്ചുപോകുന്നു. പരബ്രഹ്മം ത്രികാലത്തിലും നശിക്കാതെ നിത്യമായുമിരിക്കുന്നു.

ശിഷ്യൻ—അജ്ഞാനത്തിൻെറ ലക്ഷണമെന്താണ്?

ഗുരു—അജ്ഞാനമെന്നതു സത്തുമല്ല അസത്തുമല്ല സദസത്തുമല്ല. അനിൎവ്വചനീയമെന്നും ത്രിഗുണാത്മകമെന്നും ബ്രഹ്മതത്വജ്ഞാനത്താൽ നശിച്ചുപോകുന്നതാണെന്നും പറയപ്പെടുന്നു. അജ്ഞാനമാവട്ടെ ഒരു മിഥ്യാസംബന്ധമാത്രത്താൽ ബ്രഹ്മത്തെ ആശ്രയിച്ചിരിക്കുന്നതാണ്.

ശിഷ്യൻ—യഥാൎത്ഥമായ ബ്രഹ്മത്തെ മിഥ്യയായ ജ്ഞാനം ആശ്രയിച്ചിരിക്കുന്നതായാൽ ബ്രഹ്മത്തിന്ന് ആശ്രയദോഷം സംഭവിക്കുകയില്ലെ?

ഗുരു—അതില്ല. ശുക്തിയിൽ രജതബുദ്ധി ആശ്രയിച്ചിരിക്കുന്നതിനാൽ ശുക്തിക്ക് ആശ്രയദോഷം സംഭവിക്കുന്നില്ലല്ലോ. അതുപോലെ തന്നെ ബ്രഹ്മത്തിന്നും ആശ്രയദോഷം ഇല്ല.

ശിഷ്യൻ—അങ്ങിനെയാണെങ്കിൽ അജ്ഞാനം വേറെ ബ്രഹ്മം വേറെ എന്നു വരുന്നതല്ലെ?

ഗുരു—അജ്ഞാനത്തിന്നു ബ്രഹ്മത്തെക്കൂടാതെ സ്വതേ സത്തയില്ലാത്തതിനാൽ അജ്ഞാനം വേറെ ബ്രഹ്മം വേറെ എന്നു വരുന്നതല്ല.

ശിഷ്യൻ:— എന്നാൽ അജ്ഞാനമുണ്ടെന്നു പറയുന്നതിന്നു അടയാളമെന്ത്?

ഗുരു:— ഈ ചരാചരാത്മകമായ പ്രപഞ്ചം കാണുന്നതും വേദശാസ്ത്രങ്ങൾ കാണപ്പെടുന്നതും ഞാൻ അജ്ഞാനിയാണെന്ന് അനുഭവിച്ചറിയുന്നതുംതന്നെ അടയാളം. ആ അജ്ഞാനത്തെ മൂലപ്രകൃതിയെന്നും ശക്തിയെന്നും അവിദ്യയെന്നും പറയുന്നു. അതു ബ്രഹ്മത്തിൽനിന്നു ഭിന്നവുമല്ല, അഭിന്നവുമല്ല.

ശിഷ്യൻ:— എന്നാൽ ദീപവും പ്രഭയുംപോലെ സാവയവമാണോ?

ഗുരു— അതു സാവയവമല്ല.

ശിഷ്യൻ— വിത്തുംമുളയുംപോലെനിരവയവമായിരിക്കുമോ?

ഗുരു:— ബീജാങ്കുരംപോലെ നിരവയവവുമല്ല. അതുകൊണ്ടാകുന്നു അജ്ഞാനം അനിൎവ്വചനീയമാണെന്നു പണ്ഡിതന്മാർ നിശ്ചയിച്ചിരിക്കുന്നത്. ആ അജ്ഞാനം സമഷ്ടി എന്നും, വ്യഷ്ടി എന്നും രണ്ടു വിധമായി പറയപ്പെട്ടിരിക്കുന്നു അതെങ്ങിനെ എന്നാൽ, നാനാരൂപങ്ങളായി തോന്നുന്ന അജ്ഞാനങ്ങളെല്ലാം ഒന്നായി കൂട്ടുന്നതിന്നു സമഷ്ടി എന്നും ഓരോന്നായി പിരിഞ്ഞു കാണുന്നതിന്നു വ്യഷ്ടിയെന്നും പേർ പറയുന്നു നാനാവിധങ്ങളായ വൃക്ഷങ്ങളെല്ലാം ഒരുമിച്ചു കൂട്ടുന്നതിനെ ഒരു വനമെന്നു പറയുന്നതുപോലെ നാനാവിധങ്ങളായ അജ്ഞാനങ്ങളെ ഒരുമിച്ചുകൂട്ടി പറയുന്നതാകുന്നു സമഷ്ടി. ഈ സമഷ്ടി അജ്ഞാനമെന്നതു ശ്രേഷ്ഠമായ ശുദ്ധസത്വഗുണത്തോടുകൂടിയതിനാൽ മായയെന്നു പറയപ്പെടുന്നു. ആ മായയിൽ പ്രതിബിംബിച്ചതായ ചൈതന്യം സൎവ്വജ്ഞത്വാദിഗുണങ്ങളോടും സൃഷ്ടിസ്ഥിതിസംഹാരശക്തികളോടുംകൂടി അവ്യാകൃതനെന്നും അവ്യക്തനെന്നും ഈശ്വരനെന്നും പറയപ്പെടുന്നു. ആ ഈശ്വരൻ സൎവ്വജ്ഞനും സൎവ്വശക്തനും

സൎവ്വഗുണസഹിതനും എല്ലാ അജ്ഞാനങ്ങളേയും പ്രകാശിപ്പിക്കുന്നവനും സ്വതന്ത്രനും സത്യസങ്കല്പനും സത്യകാമനുമാകുന്നു. ആ ഈശ്വരന്നു സത്യസങ്കല്പസൎവ്വജ്ഞത്വാദിഗുണങ്ങളുണ്ടാകുവാനുള്ള കാരണം ശുദ്ധസത്വഗുണത്തോടുകൂടിയ മായയാകയാൽ ആ സമഷ്ടി അജ്ഞാനമായമായതന്നെ ഈശ്വരന്റെ കാരണശരീരമെന്നു വിദ്വാന്മാർ പറയുന്നു. ഈ മായ ഈശ്വരന്ന് ഏററവും ആനന്ദത്തെ ഉണ്ടാക്കി വാളിനെ മറച്ച ഉറപോലെ ഈശ്വരനെ ആവരണം ചെയ്കയാൽ അത് ആനന്ദമയകോശമെന്നും ഈശ്വരന്നു സൎവ്വസംഹാരകാരണമായ സുഷുപ്തിസ്ഥാനമെന്നും പ്രാകൃത പ്രളയമെന്നും പറയപ്പെടുന്നു. ഈ സമഷ്ടി അജ്ഞാനമാകുന്ന മായയെ വ്യഷ്ട്യഭിപ്രായമായി വിചാരിക്കുമ്പോൾ അനേക വിധത്തിൽ ഭിന്നിച്ചുപോകുന്നു. ആ അജ്ഞാനവൃത്തികൾ ഒന്നിനൊന്നു ഗുണവിലക്ഷണമായതുകൊണ്ടു നാനാവിധങ്ങളെന്നു പറയുന്നു. വനത്തെ വ്യഷ്ടിയായി വിചാരിക്കുമ്പോൾ വൃക്ഷങ്ങൾ അനേകവിധമായി വരുന്നതുപോലെ അജ്ഞാനവും വ്യഷ്ടിയായി വിചാരിക്കുമ്പോൾ അനേകവിധങ്ങളായി തീരും. ഈ അജ്ഞാനം സത്വരജസ്തമോ ഗുണങ്ങളിൽ മൂന്നിലും വ്യാപിച്ചിരിക്കുന്നതുകൊണ്ടു സമഷ്ടിയെന്നും വ്യഷ്ടിയെന്നും പേരുണ്ടായതാകുന്നു. ഈ വ്യഷ്ടി അജ്ഞാനമാവട്ടെ മലിനസത്വഗുണപ്രധാനമായതുകൊണ്ടും രാജസതാമസഗുണങ്ങളോടു ചേൎന്നതുകൊണ്ടും നികൃഷ്ടമായി ഭവിച്ചു. അതാകുന്നു പ്രത്യഗാത്മാവിന്റെ ഉപാധി. മലിനസത്വഗുണപ്രധാനയായ അവിദ്യയുടെ അധിഷ്ഠാനമായ ചൈതന്യംതന്നെ പ്രത്യഗാത്മാവ്. ആ അവിദ്യയിൽ [3] പ്രതിബിംബിച്ചതായും അവിദ്യയുടെ ഗുണങ്ങളാൽ അഭിഭൂതമായുമിരിക്കുന്ന ചൈതന്യത്തെ ജീവാത്മാവെന്നു പറയപ്പെടുന്നു. ആ ജീവാത്മാവു കിഞ്ചിജ്ഞത്വം, അനീശ്വര

ത്വം സംസാരിത്വം മുതലായ ധർമ്മങ്ങളോടുകൂടിയവനാകുന്നു. അവിദ്യയുടെ അഭിമാനിയായ ചൈതന്യത്തെ പ്രാജ്ഞനെന്നു പറയപ്പെടുന്നു. അവിദ്യയാവട്ടെ തന്നിക്കധിഷ്ഠാനമായ പ്രത്യഗാത്മാവിനെ മറച്ചുവെച്ചു പ്രാജ്ഞന്ന് ഏറ്റവും അല്പാനന്ദത്തെ കൊടുക്കുന്നതുകൊണ്ട് ആനന്ദമയകോശമെന്നും വ്യഷ്ടിസ്ഥൂലസൂക്ഷ്മങ്ങൾക്കു കാരണമാകുയാൽ പ്രാജ്ഞന്നു കാരണശരീരമെന്നും പ്രാജ്ഞന്നു ദേഹേന്ദ്രിയാദി വ്യാപാരങ്ങളെ ഒതുക്കി ആനന്ദത്തെ മാത്രം കൊടുക്കുന്നതിനാൽ സുഷുപ്ത്യവസ്ഥയെന്നും പറയുന്നു. ഈ പ്രകാരമാകുന്നു സമഷ്ടി വ്യഷ്ടികളുടെ സ്വഭാവം. വനവും വൃക്ഷങ്ങളും പോലെ ഇരിക്കുന്ന സമഷ്ടി വ്യഷ്ടികൾക്കു ജാതികൊണ്ടാവട്ടെ വസ്തുകൊണ്ടാവട്ടെ യാതൊരു ഭേദവുമില്ലല്ലൊ. ഇതുപോലെതന്നെ മായയിലും അവിദ്യയിലും പ്രതിബിംബിത ചൈതന്യമായ ഈശ്വരനും ജീവനും തമ്മിൽ യാതൊരു ഭേദമില്ല, തീർച്ചതന്നെ. ഉപാധികൾ തമ്മിൽ അഭേദമായിരിക്കെ ഉപാധിയിൽ പ്രതിബിംബിത ചൈതന്യത്തിന്നു ഭേദമുണ്ടാവുന്നതെങ്ങിനെ? സമുദ്രജലവും അലയും ഒന്നായിരിക്കെ അവയിൽ പ്രതിബിംബിതനായ ആദിത്യന്നു ഭേദമുണ്ടോ. അതുപോലെതന്നെ ഉപാധികളായ മായയും അവിദ്യയും ഒന്നായിവരുമ്പോൾ അവയിൽ പ്രതിബിംബിച്ച ജീവേശ്വരന്മാർക്കും അഭേദമല്ലാതെ ഭേദമുണ്ടാവുന്നതല്ല. ഈ സമഷ്ടിവ്യഷ്ടികളായ അജ്ഞാനങ്ങൾക്കും അവയിൽ പ്രതിബിംബിച്ച ജീവേശ്വരന്മാർക്കും ആധാരമായ ശുദ്ധചൈതന്യമേതൊന്നൊ അതു തുര്യ്യമെന്നു പറയപ്പെടുന്നു. അതു തുര്യ്യോപാധികളോടുകൂടിക്കലർന്ന് അവ്യക്തമായിരിക്കുന്നതു മഹാവാക്യത്തിന്റെ വാച്യാർത്ഥമെന്നും ഉപാധിഗുണങ്ങളിൽനിന്നു പിരിഞ്ഞു വ്യക്തമായിരിക്കുന്നതു മഹാവാക്യത്തിന്റെ ലക്ഷ്യാർത്ഥമെന്നും പറയപ്പെടുന്നു. മായോപാധികനായ ഈശ്വരൻ

അനന്തശക്തികളോടുകൂടി ഈക്ഷാമാത്രത്താൽ ഈ ചരാചരാത്മകമായ പ്രപഞ്ചത്തെ സൃഷ്ടിക്കുന്നു. എന്നാൽ സൎവ്വാത്മാവായും അദ്വൈതനായും സൃഷ്ടിസാധനങ്ങൾ തന്നെ ഒഴിച്ചു വേറെ ഒന്നില്ലാതിരിക്കുന്നവനായും ഉള്ള ഈശ്വരൻ താൻ മാത്രമായി ഈ പ്രപഞ്ചത്തെ സൃഷ്ടിക്കുന്നതെങ്ങിനെയെന്നു ശങ്കിക്കേണ്ടതില്ല. അതെങ്ങിനെ എന്നാൽ, സൎവ്വശക്തനായ ഈശ്വരൻതന്നെ ഈ ജഗത്തിന്ന് ഉപാദാനകാരണമായും നിമിത്ത കാരണമായും ഭവിച്ച് ഈ സ്ഥാവരജംഗമപ്രപഞ്ചത്തെ സൃഷ്ടിക്കുകയും രക്ഷിക്കുകയും സംഹരിക്കുകയും ചെയ്യുന്നു.

ശിഷ്യൻ:— അതെങ്ങിനെ?

ഗുരു:— മായയും ചൈതന്യവുംകൂടി ഈശ്വരൻ എന്നു പറയപ്പെടുന്നതിൽ ചൈതന്യത്തെ പ്രധാനമായി പറയുമ്പോൾ നിമിത്തകാരണമായും ഉപാധിയായി മായകൊണ്ട് ഉപാദാനകാരണമായും ഭവിച്ചിരിക്കുന്നത് ഏകസ്വരൂപമായ പരമാത്മാവുതന്നെയാകുന്നു.

ശിഷ്യൻ:— ഏകസ്വരൂപമായ പരമാത്മാവു നിമിത്തകാരണമെന്നും ഉപാദാനകാരണമെന്നും രണ്ടു വിധമായിരിപ്പാൻ പാടുണ്ടോ?

ഗുരു— പട്ടുനൂൽപുഴ സ്വപ്രാധാന്യത്താൽ നിമിത്തകാരണമായും ശരീരപ്രാധാന്യത്താൽ ഉപാദാനകാരണമായും ഭവിച്ചുകാണുന്നില്ലേ. അതുപോലെ ഈശ്വരനും നിമിത്തകാരണമായും ഉപാദാനകാരണമായും ഭവിക്കുന്നു. ആ പരമാത്മാവിൻെറ സാന്നിദ്ധ്യത്താൽ തമോഗുണപ്രധാനയായ പ്രകൃതിയിൽനിന്നു ആകാശം ഉത്ഭവിച്ചു. ആകാശത്തിൽനിന്നു വായുവും വായുവിൽനിന്നു അഗ്നിയും അഗ്നിയിൽനിന്നു ജലവും ജലത്തിൽനിന്നു പൃഥിവിയുമുണ്ടായി. ഈ പഞ്ചഭൂതങ്ങളും ശുദ്ധമേ ജഡങ്ങളാകകൊണ്ട് ഇവയുടെ കാരണമായ തമോഗുണപ്രകൃതിയും ജഡസ്വരൂപ

യാണെന്നു പ്രത്യക്ഷപ്പെടുന്നു. കാര്യത്തിന്നുള്ള ഗുണങ്ങൾ കാരണത്തിന്നുള്ള ഗുണങ്ങളെ അനുസരിച്ചിരിക്കുന്നത് പതിവാണല്ലോ. ഇപ്രകാരമുണ്ടായ പഞ്ചഭൂതങ്ങൾ സൂക്ഷ്മങ്ങളായതുകൊണ്ടു സൂക്ഷ്മഭൂതങ്ങളെന്നും തന്മാത്രകളെന്നും പറയപ്പെടുന്നു. ഈ സൂക്ഷ്മഭൂതങ്ങളിൽനിന്നാകുന്നു സൂക്ഷ്മദേഹങ്ങൾ ഉത്ഭവിക്കുന്നത്.

ശിഷ്യൻ— അതെങ്ങിനെ?

ഗുരു— ഈ സൂക്ഷ്മഭൂതങ്ങളഞ്ചും ഒന്നോടൊന്നു കലൎന്നു സ്ഥൂലഭൂതങ്ങളാകുന്നതിന്നുമുമ്പ് അപഞ്ചീകൃത പഞ്ചഭൂതകാര്യങ്ങളായ പതിനേഴ തത്വങ്ങളോടുകൂടിയതുതന്നെ സൂക്ഷ്മദേഹമെന്നു പറയപ്പെടുന്നത്. ഇതു സംസാരത്തിന്നു മുഖ്യകാരണമാകയാൽ ലിംഗശരീരമെന്നും ജീവാത്മാക്കൾക്കു ഭോഗത്തിന്നു മുഖ്യകാരണമാകയാൽ ഭോഗസാധനമെന്നും പറയപ്പെടുന്നു.

ശിഷ്യൻ— ആ സൂക്ഷ്മദേഹത്തിന്റെ പതിനേഴ തത്വങ്ങൾ ഏതെല്ലാമാണ്.

ഗുരു— ആകാശം മുതലായ സൂക്ഷ്മഭൂതങ്ങൾ സത്വഗുണം കലൎന്നതിനാൽ പ്രകാശവത്തുക്കളായി ഓരോന്നിൽനിന്നും ശ്രോത്രാദികളായ അഞ്ചു ജ്ഞാനേന്ദ്രിയങ്ങൾ ഓരോന്നായി ഉത്ഭവിച്ചു. സൂക്ഷ്മഭൂതങ്ങൾ അഞ്ചിലും കലൎന്ന സാത്വികാംശങ്ങൾ ഒന്നോടൊന്നു കലൎന്നൊരുമിച്ച് സകലത്തിനും കാരണമായ അന്തഃകരണമുണ്ടായി. ഇങ്ങിനെ ഉത്ഭവിച്ചവയായ ജ്ഞാനേന്ദ്രിയങ്ങളും അന്തഃകരണവും പ്രകാശവത്തുക്കളായതു സാത്വികാംശംകൊണ്ടാണെന്നു പറയപ്പെടുന്നു. സത്വഗുണത്തിന്നു സ്വച്ഛതയും പ്രകാശവും സഹജമായതുകൊണ്ട് ആ ഗുണങ്ങൾ ജ്ഞാനേന്ദ്രിയങ്ങൾക്കും അന്തഃകരണത്തിന്നും പ്രകാശവത്തുക്കളായതുസാത്വികാംശംകൊണ്ടാണെന്നു പറയപ്പെടുന്നു. സത്വഗുണത്തിന്നു സ്വച്ഛതയും പ്രകാശവും സഹജമായതുകൊ

ണ്ട് ആ ഗുണങ്ങൾ ജ്ഞാനേന്ദ്രിയങ്ങൾക്കും അന്തഃകരണത്തിന്നും ഉണ്ടാവേണ്ടതാണല്ലോ. ആ അന്തഃകരണമാവട്ടെ വൃത്തിഭേദംകൊണ്ടു മനസ്സു ബുദ്ധി ചിത്തം അഹങ്കാരം എന്നിങ്ങിനെ നാലുവിധമായി പറയപ്പെടുന്നു. സങ്കല്പത്താൽ മനസ്സെന്നും നിശ്ചയത്താൽ ബുദ്ധിയെന്നും അൎത്ഥചിന്തനയാൽ ചിത്തമെന്നും അഭിമാനത്താൽ അഹങ്കാരമെന്നും പറയുന്നു. മനോബുദ്ധികളിൽ ചിത്തവും അഹങ്കാരവും അന്തൎഭവിച്ചുപോകുന്നു.

ലിംഗദേഹലക്ഷണത്തെ അറിവാനായി ഇതു പ്രത്യേകം ഓൎമ്മവെക്കേണ്ടതാകുന്നു. അൎത്ഥസങ്കല്പം ചെയ്യുന്ന മനസ്സു തന്നെ ചിത്തധൎമ്മമായ അൎത്ഥചിന്തനയും ചെയ്യുന്നതുകൊണ്ടു ചിത്തത്തിന്നു മനസ്സിൽ അന്തൎഭാവം നല്ലവണ്ണം സിദ്ധിക്കുന്നു. അതുപോലെതന്നെ ബുദ്ധിക്കും ദേഹാദികളിൽ ഞാനെന്നുള്ള അഭിമാനം ദൃഢമായി സിദ്ധിച്ചിരിക്കകൊണ്ടു അഹങ്കാരം ബുദ്ധിയിൽ അന്തൎഭവിക്കുമെന്നുള്ളതു നല്ല യോജിപ്പായിരിക്കുന്നു. അതുകൊണ്ടു ബുദ്ധിക്കു കൎത്തൃത്വവും ബുദ്ധിയാൽ പ്രേരിതങ്ങളായ ഇന്ദ്രിയങ്ങൾക്കു കരണത്വവും സിദ്ധിക്കുന്നു. ഇങ്ങിനെയുള്ള ബുദ്ധി ജ്ഞാനേന്ദ്രിയങ്ങളോടു കൂടുന്നതുകൊണ്ടും അറിവു പ്രധാനമായിരിക്കുന്നതുകൊണ്ടും ആത്മാവിനെ മറച്ചിരിക്കുന്നതുകൊണ്ടും വിജ്ഞാനമയകോശമാണെന്നു വിദ്വാന്മാർ പറയുന്നു. ഈ വിജ്ഞാനമയകോശമെന്നു പറയപ്പെടുന്ന ബുദ്ധിയാകുന്നു കൎത്തൃത്വലക്ഷണത്തോടും അഹങ്കാരവൃത്തിയോടുംകൂടി സകല സംസാരത്തേയും നിൎവ്വഹിച്ചുകൊണ്ടിരിക്കുന്നത്. ദേഹേന്ദ്രിയാദികളിലും ഗൃഹാദികളിലും ഞാനെന്നും എന്റേതെന്നും ഉള്ള അഭിമാനം തന്നെ വിജ്ഞാനമയ കോശം. അതിനെത്തന്നെയാകുന്നു ജീവനെന്നും പുരുഷനെന്നും പറയപ്പെടുന്നത്. കൎത്താവും ഭോക്താവും സുഖിയും ദുഃഖിയും അതുതന്നെയാകുന്നു.

"സ്വവാസനാപ്രേരിതഏവനിത്യം
കരോതികൎമ്മോഭയലക്ഷണംച

ഭുംക്തേതദുത്പന്നഫലംവിശിഷ്ടം
സുഖംചദുഃഖംചപരത്രചാത്ര."

ആ ജീവൻ തന്റെ പൂവ്വവാസനയാൽ പ്രേരിതനായിട്ട് ദിനന്തോറും പുണ്യപാപരൂപമായ കമ്മങ്ങളെ ചെയ്യുകയും ആ കമ്മജന്യമായ സുഖദുഃഖഫലങ്ങളെ ഇഹലോകത്തിലും പരലോകത്തിലും അനുഭവിക്കുകയും ചെയ്യുന്നു. ആ ജീവൻ പിന്നേയും പിന്നേയും അനേകായിരം പ്രാവശ്യം ജനിച്ചും മരിച്ചുംകൊണ്ടു സംസാരമണ്ഡലത്തിൽ ഭ്രമിച്ചുഴലുന്നു. മനസ്സു ജ്ഞാനേന്ദ്രിയങ്ങളോടു കൂടുന്നതിനാൽ മനോമയകോശമെന്നു പറയപ്പെടുന്നു. ഇതിൽ മനസ്സിന്നു ഏററവും പ്രാബല്യം സിദ്ധിക്കുന്നു. സന്തോഷം സന്താപം ചിന്താകാമക്രോധാദികൾ എന്നിവയെല്ലാം ഈ മനോമയകോശത്തിന്റെ വൃത്തികളാകുന്നു. സകല കാൎയ്യങ്ങളേയും മനനംചെയ്യുന്നതു മനസ്സാകുന്നു. ബാഹ്യസുഖങ്ങളെ കാമിക്കുന്നതും മനസ്സാകുന്നു. സകല വ്യവഹാരങ്ങൾക്കും കാരണം മനസ്സാണെന്നു പ്രത്യേകം അറിയേണ്ടതാകുന്നു. കാണുന്നതും കേൾക്കുന്നതും പറയുന്നതും ഘ്രാണിക്കുന്നതും സ്പൎശിക്കുന്നതും എന്നുവേണ്ട അകത്തും പുറത്തും ഉള്ള സകല കാൎയ്യങ്ങളെ അറിയുന്നതും മനസ്സുതന്നെ.

"ബന്ധശ്ചമോക്ഷോമനസൈവപുംസാ-
മത്ഥോപ്യനത്ഥോപ്യമുനൈവസിദ്ധ്യതി
ശുദ്ധേനമോക്ഷോമലിനേനബന്ധാ
വിവേകതോത്ഥോപ്യവിവേകതോന്യഃ"

മനുഷ്യൎക്കു ബന്ധവും മോക്ഷവും ഈ മനസ്സിനാൽ തന്നെ. അത്ഥവും അനത്ഥവും മനസ്സുകൊണ്ടുതന്നെയാകുന്നു സിദ്ധിക്കുന്നത്. അതെങ്ങിനെയെന്നാൽ നിമ്മലമായ മനസ്സുകൊണ്ടു മോക്ഷവും മലിനമായ മനസ്സുകൊണ്ടു ബന്ധവും വിവേകമുള്ള മനസ്സുകൊണ്ട് അത്ഥവും അവിവേകമുള്ള മനസ്സുകൊണ്ട് അനത്ഥവും സിദ്ധിക്കുന്നു. ഈ മനസ്സു രജസ്സുമോ

ഗുണങ്ങളാൽ അഭിഭൂതമായിതീരുമ്പോൾ സത്വഗുണാംശം മറഞ്ഞ് മലിനമായും അശുദ്ധമായും ഭവിക്കുന്നു. തമോഗുണവികാരങ്ങളായ ജഡത്വം മോഹം ആലസ്യം പ്രമാദം കാമക്രോധാദികൾ എന്നിവകളാൽ അടിപെട്ടു ചഞ്ചലമായി സൂക്ഷ്മസ്വരൂപത്തെ അറിയുവാൻ കഴിയാതെ ഭ്രമിക്കുകയും ചെയ്യുന്നു. സർവ്വാന്ധകാരത്തേയും നശിപ്പിക്കുവാനുള്ള ശക്തി ദീപത്തിന്നുണ്ടെങ്കിലും അതു കൊടുങ്കാററിനാൽ അഭിഭൂതമാവുമ്പോൾ ദീപത്തിൻെറ പ്രഭ നശിച്ചുപോകുന്നില്ലേ? അതുപോലെതന്നെ യഥാർത്ഥസ്വരൂപത്തെ അറിവാനുള്ള ശക്തി മനസ്സിന്നുണ്ടെങ്കിലും തമോവികാരങ്ങളാകുന്ന ശത്രുക്കളുടെ ആക്രമണം നിമിത്തം ഭ്രമിച്ച് ചഞ്ചലമായിപ്പോകുന്നു. അതുകൊണ്ടു മുമുക്ഷുക്കൾ ജനനമരണബന്ധത്തെ നശിപ്പിക്കേണമെങ്കിൽ രജസ്തമോ ഗുണങ്ങളേയും അവയുടെ ധർമ്മങ്ങളായ ദുർഗ്ഗുണങ്ങളേയും തീരെ ത്യജിച്ചു മനസ്സിൽ ശുദ്ധസത്വം പ്രകാശിക്കത്തക്കവണ്ണം മനസ്സിനെ പരിശുദ്ധമാക്കിത്തീർക്കുവാൻ എപ്പോഴും പ്രയത്നിക്കേണ്ടതാകുന്നു.

ശിഷ്യൻ— ചിത്തശുദ്ധിക്കു എന്തെല്ലാം പ്രയത്നങ്ങളാണു ചെയ്യേണ്ടത്?

ഗുരു— "ഗർഭാവാസജനിപ്രണാശനജരാ-
വ്യാധ്യാദിഷുപ്രാണിനാം
യദ്ദുഃഖംപരിദൃശ്യതേചനരകേ
തച്ചിന്തയിത്വാമുഹുഃ
ദോഷാനേവവിലോക്യസർവ്വവിഷയേ-
ഷ്വാശാംവിമുച്യാശിത-
ശ്ചിത്തഗ്രന്ഥിവിമോചനായസുമതിഃ
സത്വംസമാലംബതാം."

മനുഷ്യർ മനോമാലിന്യനിവൃത്തിക്കായി ഗർഭാവാസം ജനനം മരണം ജരാവ്യാധി മുതലായവകളിൽ കാണുന്ന ദുഃഖങ്ങളെ വീണ്ടുംവീണ്ടും ആലോചിക്കുകയും സകല വിഷയങ്ങളിലുമു

ള്ള ദോഷങ്ങളെ ആലോചിച്ചറിഞ്ഞ് അവകളിലുള്ള ആശകളെ തീരെ ത്യജിക്കുകയും ചെയ്ത സത്വഗുണത്തെ അവലംബിക്കേണ്ടതാകുന്നു. യമനിയമങ്ങളെ പ്രയത്നപ്പെട്ടും അനുഷ്ഠിക്കുന്ന വിവേകിയുടെ ചിത്തം നിർമ്മലമായി ഭവിക്കും. പരദ്രോഹം പരദ്രവ്യം പരനിന്ദ ഇവകളിൽ വിമുഖത വരികയും പരന്മാരുടെ സുഖദുഃഖങ്ങളെ തന്റേതുപോലെ കാണുകയും ഈശ്വരനേയും ഗുരുവിനേയും ഭക്തിയോടെ ഭജിക്കുകയും ചെയ്യുന്നവരുടെ ചിത്തം നിർമ്മലമായി ഭവിക്കും. സജ്ജനസേവ, ഈശ്വരാരാധന, തീർത്ഥസ്നാനം വർണ്ണാശ്രമധർമ്മനിഷ്ഠ എന്നിവയും ചിത്തപ്രസാദത്തിന്നു കാരണമാണെന്നു വിദ്വാന്മാർ പറയുന്നു. നിർമ്മലമായ മനസ്സുകൊണ്ടു മാത്രമേ പരമാത്മതത്വത്തെ അറിവാൻ കഴിയുകയുള്ളൂ. ആത്മതത്വത്തെ അറിയാതെ മറെറാന്നുകൊണ്ടും മുക്തി സിദ്ധിക്കുകയില്ല.

"മനഃപ്രമാദഃപുരുഷസ്യബന്ധോ
മനഃപ്രസാദോഭവബന്ധമുക്തിഃ
മനഃപ്രസാദാധിഗമായതസ്മാ-
ന്മനോനിരാസംവിദധീതവിദ്വാൻ".

മനോമാലിന്യമാകുന്നു മനുഷ്യന്ന് ബന്ധമെന്നു പറയുന്നു ആ ബന്ധമോചനം മനഃപ്രസാദവുമാകുന്നു. അതുകൊണ്ടു മനഃപ്രസാദം ലഭിപ്പാനായി അറിവുള്ളവർ മനോമാലിന്യത്തെ കളയേണ്ടതാകുന്നു.

ഇനി കർമ്മേന്ദ്രിയങ്ങളുടെ ഉത്ഭവത്തെ കേൾക്കുക. മുമ്പെ പറഞ്ഞിട്ടുള്ള സൂക്ഷ്മഭൂതങ്ങൾ അഞ്ചിലും രാജസാംശം കലന്നതിൽ ഓരോന്നിൽനിന്നു വാക്കു മുതലായ കർമ്മേന്ദ്രിയങ്ങൾ ഉണ്ടായി. സൂക്ഷ്മഭൂതങ്ങൾ അഞ്ചിലും കലന്ന രാജസാംശം ഒന്നോടൊന്നു കലന്നതിൽനിന്നു ക്രിയാരൂപങ്ങളായ പ്രാണാദി വായുക്കൾ അഞ്ചുണ്ടായി. കർമ്മേന്ദ്രിയങ്ങൾക്കും പ്രാണാദി വായുക്കൾക്കും ക്രിയ പ്രധാനമായി കാണുന്നതി

നാൽ അവ രാജസാംശങ്ങളാണെന്നു വിദ്വാന്മാർ തീൎച്ചപ്പെടുത്തിയിരിക്കുന്നു. രജോഗുണശക്തി ക്രിയാത്മികയാണെന്നും തമോഗുണശക്തി ജഡാത്മികയാണെന്നും സത്വഗുണശക്തി പ്രകാശാത്മികയാണെന്നും മഹൎഷികൾ പറയുന്നു. മേൽപറഞ്ഞ പ്രാണാദിവായുക്കളഞ്ചും കൎമ്മേന്ദ്രിയങ്ങളോടു കൂടുമ്പോൾ പ്രാണമയകോശമെന്നു പറയപ്പെടുന്നു. പ്രാണമയകോശത്താലാകുന്നു സ്ഥൂലദേഹം ചേഷ്ടിക്കപ്പെടുന്നതു. സ്ഥൂലദേഹത്താൽ ചെയ്യപ്പെടുന്ന പാപപുണ്യകൎമ്മങ്ങൾക്കെല്ലാം കൎത്താവു പ്രാണമയകോശമാകുന്നു. വൃക്ഷങ്ങൾ കാററുള്ളപ്പോൾ നാനാവിധമായി ചലിക്കയും കാററില്ലെങ്കിൽ നിശ്ചലമായിരിക്കയും ചെയ്യുന്നതുപോലെ വിഹിതങ്ങളോ അവിഹിതങ്ങളോ ആയ നാനാവിധക്രിയകളിലും ദേഹത്തെ പ്രേരിപ്പിക്കുന്നതു പ്രാണമയകോശമാകുന്നു. മുൻപറഞ്ഞ വിജ്ഞാനമയകോശവും മനോമയകോശവും ഈ പ്രാണമയകോശവുംകൂടി ആത്മാവിനുള്ളിൽ ലയിച്ചിരിക്കുന്നതുകൊണ്ടു ലിംഗശരീരമെന്നും സ്ഥൂലദേഹത്തേക്കാൾ സൂക്ഷ്മമായതുകൊണ്ടു സൂക്ഷ്മശരീരമെന്നും പറയപ്പെടുന്നു ഇങ്ങിനെയുള്ള സകല സൂക്ഷ്മശരീരങ്ങളും ഒന്നായി കൂടുന്നതിനെ (വൃക്ഷസമൂഹത്തെ വനമെന്നു പറയുന്നതുപോലെ) സമഷ്ടിസൂക്ഷ്മശരീരമെന്നും ഈ സമഷ്ടിസൂക്ഷ്മശരീരത്തിൽ പ്രതിഫലിച്ച ചൈതന്യത്തെ ഹിരണ്യഗൎഭനെന്നും സൂത്രാത്മാവെന്നും മഹാപ്രാണനെന്നും പറയപ്പെടുന്നു. സ്വൎണ്ണംപോലെ പ്രകാശമുള്ള ബുദ്ധിയിൽ പ്രതിബിംബിച്ച ചൈതന്യം സ്വൎണ്ണംപോലെ വിളങ്ങുന്നതിനാൽ ഹിരണ്യഗൎഭനെന്നും മണികളിൽ നൂൽ കോൎത്തതുപോലെ സകല സൂക്ഷ്മശരീരങ്ങളിലും ആത്മാവു വ്യാപിച്ചിരിക്കുന്നതുകൊണ്ടു സൂത്രാത്മാവെന്നും സകല ശരീരങ്ങളേയും പ്രാണനം ചെയ്യുന്നതുകൊണ്ടു മഹാപ്രാണനെന്നും പേർ പറയുന്നു. ഇപ്രകാരമുള്ള സമഷ്ടിസൂക്ഷ്മശരീരം ഓരോന്നായി വേർപിരിയുന്നതിനെ വ്യഷ്ടിസൂക്ഷ്മശരീരമെന്നും ഇവകളിൽ പ്ര

ദാഭാസനോടുകൂടെ പ്രതിബിംബിച്ച ചൈതന്യത്തിനെ തൈജസനെന്നും പറയുന്നു. തേജോമയമായ അന്തഃകരണ ഉപാധിയോടുകൂടിയതിനാൽ തൈജസനെന്നും സ്ഥൂലത്തേക്കാൾ സൂക്ഷ്മമായതുകൊണ്ടു വ്യഷ്ടിസൂക്ഷ്മശരീരമെന്നും ഈ സൂക്ഷ്മശരീരം ജാഗ്രത്തിലുള്ള വാസനകളെ സൂക്ഷ്മമായി അറിയുന്നതുകൊണ്ടു സ്വപ്നാവസ്ഥയെന്നും പറയുന്നു. ഈ തൈജസൻ ജാഗ്രൽകാലത്തിലുള്ള വാസനയാൽ കല്പിക്കപ്പെട്ട സൂക്ഷ്മബുദ്ധിവൃത്തികൊണ്ടു സൂക്ഷ്മവിഷയങ്ങളെ സ്വപ്നത്തിൽ അനുഭവിക്കുന്നു. ഈ സമഷ്ടിസൂക്ഷ്മശരീരത്തിന്നും വ്യഷ്ടിസൂക്ഷ്മശരീരങ്ങൾക്കും മുൻപറഞ്ഞ സ്ഥൂലശരീരത്തെപ്പോലെ ജാതിവസ്തു ഏകമായതുകൊണ്ടു ഭേദമില്ലെന്ന് അറിയേണ്ടതാകുന്നു. ഈ സൂക്ഷ്മസമഷ്ടിക്കും വ്യഷ്ടിക്കും തമ്മിൽ ഭേദമില്ലാത്തതുകൊണ്ട് ഇവയിൽ അഭിമാനികളായ തൈജസനും സൂത്രാത്മാവിന്നും, മുൻപറഞ്ഞ കാരണശരീരാഭിമാനികളായ പ്രാജ്ഞനും ഈശ്വരനും ഭേദമില്ലാതിരിക്കുന്നതുപോലെ തന്നെ അഭേദമാണെന്നറിയേണ്ടതാണ്. ഇപ്രകാരമാകുന്നു സൂക്ഷ്മപ്രപഞ്ചത്തിന്റെ ലക്ഷണം. ഇതു ശാസ്ത്രസമ്മതവുമാകുന്നു. ഇനി സ്ഥൂലപ്രപഞ്ചത്തിന്റെ ലക്ഷണത്തേയും പറയാം.

മുൻപറഞ്ഞ സൂക്ഷ്മഭൂതങ്ങൾ അന്യോന്യം കലന്നു പഞ്ചീകരണം ചെയ്യപ്പെട്ടതിനാൽ സ്ഥൂലഭൂതങ്ങളായി ഭവിച്ചു.

ശിഷ്യൻ—പഞ്ചീകരണം എങ്ങിനെയാണ്?

ഗുരു—ആകാശാദികളായ സൂക്ഷ്മഭൂതങ്ങൾ അഞ്ചും ഓരോന്നും ഈരണ്ടായി പിരിഞ്ഞു ആദ്യത്തെ ഭാഗം നിൎത്തി രണ്ടാമത്തെ ഭാഗങ്ങൾ ഓരോന്നും നാലു ഭാഗമായി പിരിഞ്ഞ് മറ്റു നാലു ഭൂതങ്ങളിലും ചേൎന്നു. ഇങ്ങിനെ ഓരോ ഭൂതങ്ങളുടെ പകുതിയും മറ്റുള്ള നാലു ഭൂതങ്ങളുടെ നന്നാലായി പിരിഞ്ഞ ഭാഗങ്ങളിൽനിന്ന അരക്കാൽ ഭാഗങ്ങളും കൂടിച്ചേൎന്ന് അഞ്ചു സ്ഥൂലഭൂതങ്ങളായി ഭവിച്ചു. ഈ പഞ്ചീകരണം അപ്രാമാണ്യമെന്നു ശങ്കിക്കേണ്ട.

ശിഷ്യൻ—സാമവേദോപനിഷത്തിൽ ത്രിവൃൽകരണമായിട്ടാണല്ലോ പറഞ്ഞിരിക്കുന്നത്.

ഗുരു—വായുവും ആകാശവും അമൂർത്തദ്രവ്യങ്ങളായതുകൊണ്ടും മൂർത്തദ്രവ്യങ്ങളായ പൃഥ്വി അഗ്നി ജലം എന്നിവകൾ മുൻപറഞ്ഞവയിൽ ലയിക്കുന്നവയാകകൊണ്ടും ഈ പഞ്ചീകരണം തന്നെയാകുന്നു പ്രാമാണ്യമെന്നു വിദ്വാന്മാർ സമ്മതിക്കുന്നു. ഇപ്രകാരമല്ലാതെ ത്രിവൃൽകരണം ചെയ്താൽ പ്രത്യക്ഷാദിവിരോധങ്ങൾ സംഭവിക്കുന്നതാകുന്നു. ആകാശവായുക്കളുടെ ധർമ്മം അഗ്ന്യാദികളിൽ കാണപ്പെട്ടിരിക്കുന്നു. ആകാശവായുക്കളിൽ അഗ്ന്യാദികൾ കാണപ്പെടുന്നതുമില്ല. ഈ അഗ്ന്യാദികളുടെ അംശമാവട്ടെ ആകാശവായുക്കളിൽ അല്പമാത്രം കലർന്നുകൊണ്ട് അഗ്ന്യാദികളുടെ ധർമ്മം ആകാശവായുക്കളിൽ കാണപ്പെടുന്നില്ല. സമസ്തവസ്തുക്കളിലും കാരണംപോലെ കാര്യവും കാണപ്പെട്ടിരിക്കുന്നതുകൊണ്ട് ഈ പഞ്ചീകരണം പ്രാമാണ്യമെന്നു തന്നെ വിദ്വാന്മാർ നിശ്ചയിച്ചിരിക്കുന്നു. ഈ പഞ്ചീകൃതഭൂതങ്ങളുടെ ഗുണത്തെ പറയാം. കേൾക്കു. ആകാശത്തിന്റെ ഗുണം ശബ്ദമാകുന്നു. വായുവിന്റെ ഗുണം ശബ്ദവും സ്പർശവുമാകുന്നു. ശബ്ദവും സ്പർശവും രൂപവും അഗ്നിയുടെ ഗുണങ്ങളാകുന്നു. ജലത്തിന്റെ ഗുണങ്ങൾ ശബ്ദം, സ്പർശം, രൂപം, രസം, എന്നു നാലുവിധങ്ങളാകുന്നു. ശബ്ദം, സ്പർശം, രൂപം, രസം, ഗന്ധം എന്നിങ്ങിനെ അഞ്ചുവിധമാകുന്നു പൃഥ്വിയുടെ ഗുണങ്ങൾ. ഇവയുടെ ഗുണങ്ങളാകുന്നു ജ്ഞാനകർമ്മേന്ദ്രിയങ്ങളിലും കാണപ്പെടുന്നത്. ശ്രോത്രം ആകാശത്തിന്റെ അംശമായതുകൊണ്ട് ആകാശത്തിന്റെ ഗുണമായ ശബ്ദത്തെ ഗ്രഹിക്കുന്നു. വായുവിന്റെ അംശമായ ത്വക്ക് സ്പർശത്തെ ഗ്രഹിക്കുന്നു. കണ്ണുകൾ അഗ്ന്യംശമായതുകൊണ്ട് രൂപത്തെ ഗ്രഹിക്കുന്നു. ജിഹ്വ ജലാംശമായതുകൊണ്ട് രസത്തെ ഗ്രഹിക്കുന്നു. മൂ

ക്ക് ഭൂമ്യംശമായതുകൊണ്ടു ഗന്ധത്തെ ഗ്രഹിക്കുന്നു. വാക്ക് ആകാശാംശമായതുകൊണ്ട് ശബ്ദോച്ചാരണം ചെയ്യുന്നു. പാദങ്ങൾ വായുവിന്റെ അംശമായതുകൊണ്ടു ഗമനാദികൾ ചെയ്യുന്നു. കൈകൾ അഗ്ന്യംശമായതുകൊണ്ട് അച്ചനാദികൾ ചെയ്യുന്നു. ഉപസ്ഥേന്ദ്രിയം ജലാംശമായതുകൊണ്ടു രേതോവിസർജ്ജനം ചെയ്യുന്നു. പായുരിന്ദ്രിയം ഭൂമ്യംശമായതുകൊണ്ടു മലവിസർജ്ജനം ചെയ്യുന്നു. ശ്രോത്രത്തിന്ന് അധിദൈവാദിയും, ത്വക്കിന്നു വായുവും, നേത്രത്തിന്നു സൂര്യനും, ജിഹ്വക്ക് വരുണനും, ഘ്രാണത്തിന്ന് അശ്വിനീദേവകളും, വാക്കിന്ന് അഗ്നിയും, പാണിക്ക് ഇന്ദ്രനും, പാദത്തിന്നു ത്രിവിക്രമനും, പായുരിന്ദ്രിയത്തിന്നു മൃത്യുവും, ഉപസ്ഥേന്ദ്രിയത്തിന്നു പ്രജാപതിയും, മനസ്സിന്നു ചന്ദ്രനും, ബുദ്ധിക്കു ബൃഹസ്പതിയും, അഹങ്കാരത്തിന്നു രുദ്രനും, ചിത്തത്തിന്നു ക്ഷേത്രജ്ഞനും അധിദൈവതങ്ങളാകുന്നു. ഈ അധിദേവതകൾ ആകാശാദിപഞ്ചഭൂതങ്ങളിൽ നിന്നു സത്വഗുണാംശത്താൽ ജനിച്ചവരാകുന്നു. ഇവർ സർവ്വപ്രാണികളുടേയും ഇന്ദ്രിയസ്ഥാനങ്ങളിൽ വസിച്ചുകൊണ്ട് അതാതു പ്രാണികളുടെ കർമ്മങ്ങൾക്കനുസരിച്ചു നിഗ്രഹാനുഗ്രഹങ്ങളെ ചെയ്യുന്നു. സർവ്വപ്രാണികളുടേയും സകല കർമ്മങ്ങൾക്കും കാരണം ഇവകളാകുന്നു.

"കർമ്മാനുരൂപേണഗുണോദയോഭവേൽ
ഗുണാനുരൂപേണമനഃപ്രവൃത്തിഃ
മനോനുവൃത്തൈരുഭയാത്മകേന്ദ്രിയൈ-
ർന്നിവർത്ത്യതേപുണ്യമപുണ്യമത്ര."

കർമ്മങ്ങൾക്കനുസരിച്ചു ഗുണങ്ങളുണ്ടാകുന്നു. ഗുണങ്ങൾക്കനുസരിച്ചു മനസ്സു പ്രവർത്തിക്കുന്നു. പ്രാണികളുടെ മനസ്സുകളെ അനുസരിച്ചിരിക്കുന്ന ജ്ഞാനകർമ്മേന്ദ്രിയങ്ങളാൽ പുണ്യപാപരൂപങ്ങളായ സകല കർമ്മങ്ങളും ചെയ്യപ്പെടുന്നു. ഇപ്രകാരം വിജ്ഞാനമയനായ ജീവൻ പ്രപഞ്ചാത്മകനായിരുന്നും

കൊണ്ടു ഞാൻ കർത്താവാകുന്നുവെന്നു ദേഹത്തെ അഭിമാനിക്കുന്നു. ആത്മാവാവട്ടെ സർവ്വത്തിന്നും സാക്ഷിമാത്രനായി ഒന്നും ചെയ്യാതേയും ചെയ്യിക്കാതേയും തട സ്വഭാവത്തോടിരിക്കുകയാകുന്നു. കാണുന്നതും കേൾക്കുന്നതും ചെയ്യുന്നതും എല്ലാം അഹങ്കാരമാകുന്നു.

അഹങ്കാരവികാരങ്ങളിലൊന്നും ആത്മാവിന്നു സംബന്ധമില്ലാത്തതുകൊണ്ടു സാക്ഷി മാത്രമല്ലാതെ കർത്തൃത്വമോ ഭോക്തൃത്വമോ ഇല്ല. ലോകത്തിൽ സകല പ്രാണികൾ ചെയ്യുന്ന കർമ്മങ്ങൾക്കും ആദിത്യൻ സാക്ഷി മാത്രമായിരിക്കുന്നില്ലേ? ആദിത്യൻ ഒരു തൊഴിലും ചെയ്യിക്കുന്നില്ല. ചെയ്യുന്നതുമില്ല. പ്രാണികൾ അവരവരുടെ സ്വഭാവാനുസരണം പ്രവർത്തിക്കുന്നു എന്നു മാത്രമേ ഉള്ളു. എന്നതുപോലെ നിഷ്ക്രിയനായ പ്രത്യഗാത്മാവും സർവ്വപ്രാണികളുടേയും പ്രവൃത്തികളിൽ സാക്ഷി മാത്രനായിരിക്കുന്നു. ഇപ്രകാരമുള്ള പരമാത്ഥതത്വത്തെ അറിയാതെ മായാമോഹിതന്മാരായവർ ആത്മാവിൽനിന്നു ഭിന്നമായിരിക്കുന്ന ദേഹേന്ദ്രിയാദികളാൽ ചെയ്യപ്പെടുന്ന കർമ്മങ്ങളെ ആത്മാവിൽ ആരോപിക്കുന്നു. ആകാശത്തിൽ നിഷ്ക്രിയനായിരിക്കുന്ന ചന്ദ്രനെ സ്പർശിക്കപോലും ചെയ്യാതിരിക്കുന്ന മേഘങ്ങൾ ഓടുന്നതു കണ്ട് ചന്ദ്രൻ ഓടുന്നുവെന്നു പറയുന്നതുപോലെ ആത്മതത്വമറിവില്ലാത്ത മൂഢബുദ്ധികൾ അനാത്മകാര്യങ്ങളെ ആത്മാവിൽ വ്യത്ഥമായി ആരോപിക്കയാകുന്നു.

ഇനി ആത്മാനാത്മവിവേകത്തെ പറയാം. കേൾക്കുക. ഈശ്വരന്റെ ഈക്ഷയാൽ പഞ്ചീകൃതഭൂതങ്ങളിൽനിന്നു ചരാചരാത്മകമായ ബ്രഹ്മാണ്ഡമുത്ഭവിച്ചു. ജരായുജമെന്നും, അണ്ഡജമെന്നും, സ്വേദജമെന്നും, ഉത്ഭിജ്ജമെന്നും പറയപ്പെടുന്ന ചതുർവ്വിധജന്മങ്ങളിൽ ജനിച്ചവൎക്കും നെല്ലു മുതലായ ഔഷധങ്ങളും, വായു, അഗ്നി, ജലം, ഭൂമി മുതലായവയും ആഹാരമായി ഭവിച്ചു.

"കേചിന്മാരുതഭോജനാഃഖലുപരേ
ചന്ദ്രാക്കതേജോശനാഃ
കേചിത്തോയകണാശിനോപരിമിതാഃ
കേചിത്തുമൃദ്ഭക്ഷകാഃ
കേചിത്പണ്ണശിലാതൃണാദനപരാഃ
കേചിത്തുമാംസാശനാഃ
കേചിത്ബ്രീഹിയവാന്നഭോജനപരാ
ജീവന്ത്യമീജന്തവഃ"

ചില ജന്തുക്കൾ വായുവിനെ ഭക്ഷിച്ചും, മററു ചിലർ ചന്ദ്രകിരണങ്ങളേയും, ചിലർ സൂൎയ്യകിരണങ്ങളേയും, ചിലർ മഴത്തുള്ളികളേയും, ചിലർ ജലവും, ചിലർ മണ്ണു കല്ലു മുതലായവയും, ചിലർ ഇല പുല്ലു മുതലായവയും, ചിലർ മാംസവും, ചിലർ സസ്യങ്ങളും ഭക്ഷിച്ചും ജീവിക്കുന്നു. മേൽപറഞ്ഞവയായ ചതുൎവ്വിധജന്തുക്കളും അവരവരുടെ കൎമ്മത്തിന്നനുരൂപമായി ജനിച്ചു വളരുന്നു. ജരായുജങ്ങൾ മനുഷ്യാദികളും അണ്ഡജങ്ങൾ പക്ഷി മുതലായവയും സ്വേദജങ്ങൾ മൂട്ട പേൻ തുടങ്ങിയവയും ആകുന്നു. ഭൂമിയെ ഭേദിച്ചു മുളക്കുന്ന വൃക്ഷാദികളാകുന്നു ഉൽഭിജ്ജങ്ങൾ. ഇപ്രകാരമുള്ള ചതുൎവ്വിധ ഭൌതികം തന്നെ സ്ഥൂലശരീരമായി ഭവിക്കുന്നു. ഈ സമഷ്ടിയിൽ അവച്ഛിന്നമായും പ്രതിബിംബമായുമിരിക്കുന്ന ചൈതന്യത്തെയാകുന്നു വൈശ്വാനരനെന്നും വിരാട്ടെന്നും പറയുന്നത്. വിശ്വത്തിലുള്ള മനുഷ്യാദി ജീവികളിൽ ഞാനെന്നുള്ള അഹംഭാവംകൊണ്ടു വൈശ്വാനരനെന്നും താൻ തന്നെ നാനാവിധരൂപങ്ങളായി വിളങ്ങുന്നതുകൊണ്ടു വിരാട്ടെന്നും പേരുണ്ടായി. ഈ ചതുൎവ്വിധഭൌതികസമഷ്ടികളേയും അതാതു ജാതിരൂപവിശേഷങ്ങളെ പിരിച്ചുനോക്കുമ്പോൾ മുമ്പേതത്തെപ്പോലെ വ്യഷ്ടിയായി കാണപ്പെടുന്നു. ഈ വ്യഷ്ടിയിൽ അവച്ഛിന്നമായും പ്രതിബിംബമായുമിരിക്കുന്ന ചൈതന്യത്തെ വിശ്വനെന്നു പറയപ്പെടുന്നു. ഈ വിശ്വമായ സ്ഥൂലദേഹ

ത്തിൽ അഭിമാനിയായതുകൊണ്ടു വിശ്വനെന്ന പേർ സാൎത്ഥമായി ഭവിച്ചു. ഈ വിശ്വന്നു സ്ഥൂലശരീരമായി വ്യഷ്ടി ഭവിക്കുന്നു. ഇതിനെ അന്നവികാരിത്വത്താൽ അന്നമയകോശമെന്നും പറയപ്പെടുന്നു. ഈ സ്ഥൂലശരീരമാവട്ടെ അച്ഛൻ ഭക്ഷിക്കുന്ന അന്നവികാരജന്യമായ ശുക്ലശോണിതങ്ങളിൽനിന്നു ജനിക്കുകയും അന്നത്താൽ വൎദ്ധിക്കുകയും അന്നമില്ലെങ്കിൽ നശിക്കുകയും ചെയ്യുന്നു. ആയതുകൊണ്ടു അന്നമയകോശമെന്നു പ്രസിദ്ധമായി. ഈ അന്നമയകോശം, ആനന്ദമയകോശം മുതലായ മറ്റു നാലു കോശങ്ങളേയും മറച്ചിരിക്കുന്നു. ഈ സ്ഥൂലദേഹമാവട്ടെ ആത്മാവിന്റെ സ്ഥൂലഭോഗങ്ങളുടെ ഇരിപ്പിടമാകുന്നു. ആത്മാവു ഈ സ്ഥൂലദേഹത്തിൽ വസിച്ച് സ്ഥൂലങ്ങളായ ശബ്ദാദിവിഷയങ്ങളെ ഭുജിച്ചുകൊണ്ടിരിക്കുന്നതിനാൽ ഇതിനെ ഭോഗായതനമെന്നു പറയപ്പെടുന്നു. പഞ്ചേന്ദ്രിയങ്ങളാൽ ഗ്രഹിക്കപ്പെടുന്ന ശബ്ദാദിവിഷയഭോഗങ്ങളെ ദേഹേന്ദ്രിയമനസ്സുകളോടുകൂടി അനുഭവിക്കുന്നതിനാൽ ആത്മാവിനെ ഭോക്താവാണെന്നു വിദ്വാന്മാർപറയുന്നു. ഈ ആത്മാവു ഏകാദശദ്വാരത്തോടുകൂടിയ ദേഹമാകുന്ന മാളികയിൽ അജ്ഞാനോപാധിസ്ഥിതനായി ഒരു മഹാരാജാവിനെപ്പോലെ ഇന്ദ്രിയവൎഗ്ഗങ്ങളാകുന്ന പരിവാരങ്ങളാൽ സേവിതനായിരുന്നുകൊണ്ടു വിഷയഭോഗങ്ങളെ ഭുജിക്കുന്നു. ഈ ആത്മാവിനെ അധിഷ്ഠാനദേവതകളാൽ പ്രേരിതങ്ങളായ ജ്ഞാനേന്ദ്രിയകൎമ്മേന്ദ്രിയങ്ങളും മനസ്സ മുതലായവയും അതാതു പ്രവൃത്തികളിൽ നിയമിക്കപ്പെട്ടപ്രകാരം ഭൃത്യന്മാരെന്നപോലെ ജാഗ്രതയോടെ ഭജിച്ചുകൊണ്ടിരിക്കുന്നു. ഈ ആത്മാവു സ്ഥൂലദേഹത്തിലിരുന്നു ഞാനെന്നും എന്റേതെന്നുമുള്ള അഭിമാനത്താൽ സ്ഥൂലഭോഗങ്ങളെ അനുഭവിക്കുന്നതു ജാഗ്രദവസ്ഥയാകുന്നു. ഇപ്രകാരമുള്ള സമഷ്ടിവ്യഷ്ടി ശരീരങ്ങൾക്കും ഇവ രണ്ടിന്റെ അഭിമാനികളായ വിശ്വവൈശ്വാനരന്മാൎക്കും മുമ്പേത്തെപ്പോലെ തന്നെ യാതൊരു ഭേദവുമില്ല.

സ്ഥൂലസൂക്ഷ്മകാരണപ്രപഞ്ചങ്ങളെല്ലാം മുമ്പെ പറഞ്ഞിട്ടുണ്ടല്ലോ. അവ മൂന്നും കൂടി ഒരു മഹാ പ്രപഞ്ചമായിത്തീരുന്നു. ആ മഹാ പ്രപഞ്ചത്തിൽ അവച്ഛിന്നമായും വിശപ്രാജ്ഞാദിലക്ഷണമായും വിരാട്ടു മുതൽ ഈശ്വരപൎയ്യന്തം നിറഞ്ഞിരിക്കുന്നതുമായ ചൈതന്യം ഒന്നു തന്നെയാകുന്നു. ആദ്യന്തരഹിതമായും അവ്യക്തമായും ജനനമില്ലാത്തതായും നാശരഹിതമായുമിരിക്കുന്ന ആ ചൈതന്യം മഹാപ്രപഞ്ചത്തിൽ തപ്താ‌യഃപിണ്ഡം പോലെ അകത്തും പുറത്തും വ്യാപിച്ചിരിക്കുന്നു. അതുകൊണ്ടാകുന്നു 'സൎവ്വം ഖല്വിദം ബ്രഹ്മ' എന്നു മഹാവാക്യത്തിൽ പറയപ്പെട്ടിരിക്കുന്നത്. മഹാന്മാർ ഈ വാക്യാൎത്ഥത്തെ വാച്യാൎത്ഥമെന്നും ഉപാധിരഹിതനായ ആത്മാവിനെ ലക്ഷ്യാൎത്ഥമെന്നും പറയുന്നു. കാൎയ്യകാരണലക്ഷണമായ ദൃശ്യപ്രപഞ്ചം സ്ഥൂലം മുതൽ അജ്ഞാനപൎയ്യന്തം അനാത്മകമാണെന്നു നല്ലവണ്ണം അറിയുക. മനോബുദ്ധിചിത്താഹങ്കാരരൂപമായ അന്തഃകരണത്തേയും അന്തഃകരണവൃത്തികളേയും കണ്ടുകൊണ്ടു നിൎവ്വികാരനായി നിത്യനായിരിക്കുന്ന ചൈതന്യം ഏതോ അതു മാത്രമാണ് ആത്മാവെന്നു സൂക്ഷ്മബുദ്ധിയാൽ ഗ്രഹിച്ചുകൊള്ളുക. ഈ പ്രത്യഗാത്മാവ് സ്വയംപ്രകാശനും അംഗമില്ലാത്തവനും അസംഗനും ശുദ്ധനും സൎവ്വചൈതന്യരൂപനും സൎവ്വസാക്ഷിയുമാകുന്നു. ആത്മാവിന്നു ജനനമില്ല, വളൎച്ചയില്ല, മരണവുമില്ല. അതുകൊണ്ടു ശാശ്വതൻ, പുരാണൻ, നിത്യൻ, എന്നും മറ്റും വിദ്വാന്മാർ പറയുന്നു. ജനനം, സ്ഥിതി, വൃദ്ധി, മാററം, ക്ഷയം, നാശം എന്നുള്ള ആറുവിധ വികാരങ്ങളാവട്ടെ സ്ഥൂലകാൎശ്യാദിവ്യവഹാരങ്ങളാവട്ടെ വെളുപ്പു കറുപ്പു മുതലായ നിറഭേദമാവട്ടെ വൎണ്ണാശ്രമങ്ങളാവട്ടെ സ്ഥൂലദേഹങ്ങൾക്കല്ലാതെ സൎവ്വവികാരസാക്ഷിയായ ആത്മാവിന്ന് ഒരിക്കലുമില്ലെന്നറിക. ഇങ്ങിനെയുള്ള ആത്മാവിൽ അനാത്മഭാവവും അനാത്മകമായ ദേഹാദികളിൽ ആത്മഭാവവും മോഹത്താൽ വിപരീതമായി

ആരോപിച്ചുകൊണ്ട് അജ്ഞാനികൾ സംസാരസാഗരത്തിൽ ചുഴലുന്നു. ഞാൻ ബ്രാഹ്മണനാണ്, അറിവുള്ളവനാണ്, മൂഢനാണ്, പാപിയാണ്, സുകൃതിയാണ്, സുഖിയാണ്, ദുഃഖിയാണ് എന്നിങ്ങിനെ ആത്മാവിൽ കല്പിക്കുന്നതു ബുദ്ധിഭ്രമത്താലാകുന്നു. ബുദ്ധിദോഷത്താൽ അനാത്മധൎമ്മങ്ങളെ ആത്മാവിൽ ആരോപിക്കുന്നതുകൊണ്ടുള്ള ഗുണമാവട്ടെ ദോഷമാവട്ടെ അണുമാത്രം പോലും ആത്മാവിനെ സംബന്ധിക്കുന്നില്ല. മരുഭൂമിയിൽ മൃഗതൃഷ്ണാജലം പ്രവഹിക്കുന്നതുപോലെ കാണപ്പെടുന്നുണ്ട്, എന്നാൽ ആ ജലത്താൽ ഭൂമിക്കു നനവു തട്ടുന്നുണ്ടോ? വെളുത്തിരിക്കുന്ന ശംഖ് ദൃഷ്ടിദോഷത്താൽ മഞ്ഞനിറമായി കാണപ്പെടുന്നതായാൽ ശംഖ് മഞ്ഞനിറമായിത്തീരുമോ? കുട്ടികൾ ആകാശം കറുപ്പാണെന്നു പറയുന്നതുകൊണ്ട് ആകാശം കറുപ്പാവുമോ?

ശിഷ്യൻ— അല്ലയോ ഗുരോ, നേത്രങ്ങൾക്കും മനസ്സിന്നും അഗോചരമായ പ്രത്യഗാത്മാവിൽ അനാത്മധൎമ്മങ്ങളെ ആരോപിക്കുന്നതെങ്ങിനെ? ഒരു വസ്തുവിനെ കണ്ടാലല്ലെ അതിൽ മറെറാരു പദാൎത്ഥത്തെ ആരോപിക്കുവാൻ തരമുള്ളു? രജ്ജുവിൽ സൎപ്പവും ശുക്തിയിൽ രജതവും വസ്തുസാദൃശ്യത്താൽ ആരോപിക്കാറുണ്ട്. ഒരു വസ്തുവിനെ മുമ്പൊരിക്കൽ കണ്ടിട്ടുള്ള ഓൎമ്മകൊണ്ടു മറെറാരു പദാൎത്ഥത്തെ കാണുമ്പോൾ ആ വസ്തുവാണെന്നു തോന്നാറുമുണ്ട്. അതല്ലാതെ ഒരിക്കലും കണ്ടനുഭവമില്ലാത്ത ആത്മാവിൽ അനാത്മധൎമ്മങ്ങളെ ആരോപിക്കുവാൻ പാടുണ്ടോ? ഇങ്ങിനെ അനുഭവമില്ലാതിരിക്കുന്ന ആത്മാവിന്നു വിപരീതമായ അനാത്മാവിനോടു സാദൃശ്യമുണ്ടായതെങ്ങിനെ? അനാത്മാവിൽ ആത്മാരോപം എങ്ങിനെയാണുണ്ടായത്? ആ അദ്ധ്യാസം നിവൃത്തിക്കയില്ലെ? അതിന്നുള്ള ഉപായമെന്താണ്? ഈശ്വരന്നും ജീവന്നും ഉപാധിസംബന്ധം സമമാണെന്നു പറഞ്ഞുവല്ലോ. അങ്ങിനെയാണെങ്കിൽ ജീ

വന്നുമാത്രം ബന്ധം ഭവിക്കുകയും ഈശ്വരന്നു ബന്ധമില്ലാതിരിക്കയും ചെയ്യുന്നതെങ്ങിനെ? ഇതെല്ലാം കരുണാനിധിയായ ഭവാൻ എനിക്കു കരതലാമലകംപോലെ പ്രത്യക്ഷമാക്കിത്തരണം.

ഗുരു— അല്ലയോ ബുദ്ധിമാനായ ശിഷ്യാ, ആത്മാവ് അവയവത്തോടുകൂടി നേത്രഗോചരമായി ഭവിക്കുന്നില്ലെങ്കിലും ആത്മചിഹ്നം അപരോക്ഷമായി എല്ലാവൎക്കും അനുഭവമുള്ളതു സുപ്രസിദ്ധമാകുന്നു. ഇതു തന്നെയാണ് ആത്മാവുണ്ടെന്നുള്ളതിന്നു അടയാളം. ഞാൻ ഇല്ലെന്നു ആരും പറയാറില്ല. ഞാനുണ്ടെന്നുള്ളതിന്നു വല്ല സാക്ഷിയോ പ്രമാണമോ ആരും ആവശ്യപ്പെടാറുമില്ല. വിശേഷിച്ച് പ്രമാണങ്ങൾക്കെല്ലാം പ്രാമാണ്യം എന്തു കാരണത്താലാണെന്നു ആലോചിച്ചറിയുക. ആത്മാവിനെ മായാകാൎയ്യങ്ങൾ മറച്ചിരിക്കുന്നതുകൊണ്ട് ആൎക്കും പ്രത്യക്ഷമായി കാണപ്പെടുന്നില്ല. മേഘങ്ങൾ സൂൎയ്യനെ മറയ്ക്കുന്നതുപോലെ അഹങ്കാരാദികൾ ആത്മാവിനെ മറയ്ക്കുന്നു. അതുകൊണ്ടു നേത്രഗോചരമായ വസ്തുവിൽ മാത്രമേ അദ്ധ്യാസം പാടുള്ളു എന്ന നിയമം മഹാന്മാർ ചെയ്തിട്ടില്ല. ഈ അദ്ധ്യാസത്തിന്നു കാരണം ഭ്രാന്തി മാത്രമാകുന്നു. ആകാശത്തിൽ കറുപ്പു മുതലായ വൎണ്ണങ്ങളെ ആരോപിക്കുന്നതുപോലെ ബുദ്ധിഭ്രമത്താൽ ആത്മാവിൽ അനാത്മാക്കളെ ആരോപിക്കുന്നു. അനാത്മാവിൽ ആത്മതയെ ആരോപിക്കുന്നതിന്നു മറ്റൊരു സാദൃശ്യവും വേണമെന്നില്ല. ഈ ശംഖ് മഞ്ഞനിറമാണെന്നു പറയുവാൻ വല്ല സാദൃശ്യവുമുണ്ടോ? ഉപാധിസഹിതമായ രജ്ജുസൎപ്പഭ്രമത്തിൽ സാദൃശ്യം കാണപ്പെടും. ഉപാധിരഹിതമായ ഭ്രമങ്ങളിൽ യാതൊരു സാദൃശ്യവും കാണപ്പെടുന്നില്ല. എങ്കിലും കുറച്ചൊരു സാദൃശ്യം പറയാം, കേൾക്കു.

ഈ ആത്മാവു ഏറ്റവും നിൎമ്മലനും അതി സൂക്ഷ്മനും

അത്യന്തം പ്രകാശസ്വരൂപനുമാകുന്നു. അപ്രകാരം തന്നെ സത്വാത്മകമായ ബുദ്ധിയും നിൎമ്മലവും പ്രകാശസ്വരൂപവുമാകുന്നു. എന്നാൽ അതു സൂൎയ്യരശ്മിയുടെ സമ്പൎക്കത്താൽ സൂൎയ്യനെപ്പോലെ മിന്നുന്നസ്ഫടികക്കല്ലിനെപ്പോലെആത്മാവിൻെറ സാന്നിദ്ധ്യത്താൽ ആത്മാവിനെപ്പോലെ പ്രകാശിക്കുന്നതാകുന്നു. ആത്മപ്രകാശത്താലാകുന്നു ബുദ്ധിക്കു പ്രകാശമുണ്ടാവുന്നത്. ബുദ്ധിപ്രകാശത്താൽ മനസ്സു പ്രകാശിക്കുന്നു. മനസ്സിൻെറ പ്രകാശത്താൽ ഇന്ദ്രിയങ്ങളും ഇന്ദ്രിയപ്രകാശത്താൽ ശരീരവും പ്രകാശിക്കുന്നു. അതുകൊണ്ടു ദേഹേന്ദ്രിയാദികളായ അനാത്മവസ്തുക്കളിൽ മൂഢന്മാൎക്കു ആത്മബുദ്ധി ഭവിക്കുന്നു. കണ്ണാടിയിൽ കാണുന്ന നിഴലിനെ കുട്ടികൾ സത്യമായി കരുതുന്നില്ലേ? ബുദ്ധിയിൽ ആത്മാദ്ധ്യാസം നിമിത്തം ഇങ്ങിനെ ഒരു സാദൃശ്യം കാണുന്നുണ്ട്. അനാത്മവസ്തുക്കളായ ദേഹേന്ദ്രിയാദികളിൽ ഞാൻ എന്ന അദ്ധ്യാസം കാണുന്നതിന്നു കാരണം പിന്നിൽ കാണുന്ന അദ്ധ്യാസങ്ങൾക്കു മുമ്പിൽ മുമ്പിൽ കാണുന്ന അദ്ധ്യാസങ്ങൾ തന്നെ. സുഷുപ്തിമൂൎഛയിൽനിന്നു ഉണൎന്നെഴുനീററവരിലും അദ്ധ്യാസവാസന കാണുന്നുണ്ട്. അതിനാൽ അവിദ്യ എന്നുള്ളത് അനാദിയാകുന്നു. ഈ അദ്ധ്യാസബാധക്കുള്ള കാരണവും പറഞ്ഞുതരാം.

ജനനമരണാദിദുഃഖകരമായ ഈ അനൎത്ഥം എവിടെനിന്നുണ്ടായെന്നു അറിയേണ്ടതാണല്ലോ. ആത്മോപാധിയായ അവിദ്യക്കു രണ്ടു ശക്തികളുണ്ട്. അവക്കു വിക്ഷേപം എന്നും ആവരണം എന്നും പേരാകുന്നു. ഇവകളാലാകുന്നു ആത്മാവിന്നു സംസാരമുണ്ടായത്. ആവരണശക്തി ശുദ്ധതമോഗുണപ്രധാനയായതിനാൽ ആവരണത്തിന്നു മുഖ്യഹേതുവായി ഭവിച്ചു. അതിനെയാകുന്നു മൂലജ്ഞാനമെന്നു പറയപ്പെടുന്നത്. സകല പ്രപഞ്ചത്തേയും ആവരണശക്തിയാകുന്നു മോഹിപ്പിച്ചിരിക്കുന്നത്.

"വിവേകവാനപ്യപിയൌക്തികോപി
ശ്രുതാത്മതത്വോപിചപണ്ഡിതോപി
ശക്ത്യായയാസംവൃതബോധദൃഷ്ടി-
രാത്മാനമാത്മസ്ഥമിമംനിവേദ".

വിവേകിയാവട്ടെ അതിയുക്തിയുള്ളവനാവട്ടെ ആത്മതത്വത്തെ കേട്ടറിഞ്ഞ വിദ്വാനാവട്ടെ ഈ ആവരണശക്തിയാൽ ബോധദൃഷ്ടികൾ മറയ്ക്കപ്പെട്ടുന്നതുകൊണ്ടു തൻെറ ദേഹത്തിൽ സ്ഥിതിചെയ്യുന്ന ആത്മാവിനെ അറിയുന്നില്ല. വിക്ഷേപമെന്നു പറയുന്ന രജോഗുണശക്തിയാവട്ടെ സകല പ്രവൃത്തികൾക്കും കാരണഭൂതയായി സ്ഥൂലം മുതൽ സൂക്ഷ്മംവരെയുള്ള സകല അനാത്മപ്രപഞ്ചത്തേയും സത്തായിരിക്കുന്ന ആത്മാവിൽ കല്പിച്ചുണ്ടാക്കുന്നു. മുൻപറഞ്ഞ ആവരണശക്തിയാവട്ടെ, ജീവികളെ തന്നെത്താൻ മറന്നു മയക്കുന്ന നിദ്രയെപ്പോലെ പ്രത്യഗാത്മാവിനെ ഉള്ളിൽ മറച്ചുവെച്ചുകൊണ്ടു പുറത്തു വിക്ഷേപശക്തിയെ കാണിച്ചുകൊണ്ടിരിക്കും. ഈ മഹാശക്തി നിമ്മലസ്വരൂപനായ ആത്മാവിനെ മറയ്ക്കുകയാൽ ജീവികൾ മോഹത്താൽ അനാത്മകമായ ദേഹാദിയിൽ ഞാനെന്നുള്ള ആത്മബുദ്ധിയെ ചെയ്യുന്നു. ഉറങ്ങുന്നവൻ സ്വപ്നം കാണുമ്പോൾ മിഥ്യയായ ആ സ്വപ്നദേഹത്തിൽ താനെന്നുള്ള ബുദ്ധിയുണ്ടാകുന്നതെങ്ങിനെയൊ അപ്രകാരം അനാത്മധമ്മങ്ങളായ ജനനം മരണം വിശപ്പ് ദാഹം ഭ്രമം ഭയം മുതലായ ദേഹധമ്മങ്ങളെ ആത്മാവിൽ ആരോപിക്കുന്നു. വിക്ഷേപശക്തിയാൽ പ്രേരിതനായിട്ടു പുണ്യപാപരൂപങ്ങളായ കമ്മങ്ങളെ ചെയ്യുകയും ആ കമ്മങ്ങളുടെ ഫലങ്ങളെ അനുഭവിച്ചുകൊണ്ടു സംസാരസമുദ്രത്തിൽ പരിഭ്രമിക്കയും ചെയ്യുന്നു.

"അധ്യാസദോഷാത്സമുപാഗതോയം
സംസാരബന്ധഃപ്രബലപ്രതീചഃ

യദ്യോഗതഃക്ലിശ്യതിഗർഭവാസ-
ജന്മാപ്യയക്ലേശഭയൈരജസ്രം."

ഈ സംസാരബന്ധം പ്രത്യഗാത്മാവിന്നു വന്നുകൂടിയതു അദ്ധ്യാസദോഷത്താലാകുന്നു. സംസാരബന്ധത്താൽ ഗർഭവാസം മുതലായ ദുഃഖങ്ങളെ അനുഭവിച്ചു ക്ലേശിക്കുകയും ചെയ്യുന്നു.

ശിഷ്യൻ:— അദ്ധ്യാസം എന്നാൽ എന്താകുന്നു?

ഗുരു:—അദ്ധ്യാസം എന്നു പറയുന്നത് വസ്തുവിനെ അവസ്തുവാണെന്നു ഗ്രഹിക്കുന്നതുതന്നെ. അതു ഭ്രാന്തിസ്വഭാവമാണ്. സംസാരത്തിന്റെ ആദികാരണവുമാണ് സർവ്വാനർത്ഥങ്ങൾക്കും ബീജംഅദ്ധ്യാസമാകുന്നു. അതുകൊണ്ടാകുന്നുആത്മാവിന്നു ദുഃഖസ്വരൂപമായ സംസാരബന്ധം ഭവിച്ചത്. അദ്ധ്യാസം നശിച്ചാൽ സംസാരവും നശിച്ചു. ഇതു രണ്ടും ബദ്ധനിലും മുക്തനിലും സ്പഷ്ടമായി കാണുന്നതു നോക്കുക. പ്രവൃത്തികൊണ്ടു ബദ്ധനേയും നിവൃത്തികൊണ്ടു മുക്തനേയും തിരിച്ചറിയേണ്ടതാണ്. പ്രവൃത്തിതന്നെയാകുന്നു സംസാരം. മുക്തിയെന്നതു നിവൃത്തിയുമാകുന്നു. ഇങ്ങിനെയുള്ള അദ്ധ്യാസം ആത്മാവിന്നു സംഭവിച്ചതു മിഥ്യാജ്ഞാനമെന്നു മാത്രമേ പറയേണ്ടതുള്ളൂ. അത് ഇല്ലാത്തതാണെങ്കിലും രജ്ജുവിൽ സർപ്പബുദ്ധിയെന്നതുപോലെ ഒരു ഭ്രമത്തെയുണ്ടാക്കുന്നു. ജീവാത്മാവിന്നും ഈശ്വരന്നും ഉപാധിസംബന്ധം സമമാണെന്നിരിക്കിലും ഉപാധിയുടെ വ്യത്യാസംകൊണ്ടു ജീവന്നു മാത്രം സംസാരബന്ധം സംഭവിക്കുന്നതല്ലാതെ സംസാരബന്ധമോ സംസാരകാര്യമോ ഈശ്വരന്നില്ല. ഈശ്വരന്റെ ഉപാധി ശുദ്ധസത്വപ്രധാനയായ മായയാകുന്നു. എല്ലാററിലും ഉൽകൃഷ്ടതസത്വത്തിന്നായതുകൊണ്ട് ഈശ്വരന്നു സംസാരബന്ധമില്ല. അല്പജ്ഞതയില്ല, വിക്ഷേപമില്ല, വിക്ഷേപകാര്യവുമില്ല. സർവ്വജ്ഞനായ ഈശ്വരൻ ഒരേടത്തും മറവില്ലാത്ത

ജ്ഞാനവൈഭവത്തോടുകൂടി തന്റെ ഉപാധിയായ മായയെ വശപ്പെടുത്തി, രജസ്തമോശക്തികളെ തന്റെ ശക്തികൊണ്ടു കീഴടക്കി സൎവ്വവ്യാപിയായി ഒട്ടും ചഞ്ചലമില്ലാതെ സൃഷ്ടിസ്ഥിതിസംഹാരാദികളെ താൻ തന്നെ ഇച്ഛപോലെ ചെയ്തുകൊണ്ടു ക്രീഡിക്കുന്നു. അതുകൊണ്ടു വിക്ഷേപാവരണങ്ങൾക്ക് ഈശ്വരനെ ഒന്നും ചെയ്യുവാൻ കഴിയുകയില്ല. സൎവ്വസ്വതന്ത്രനായ ഈശ്വരൻ വിക്ഷേപാവരണശക്തികളുടെ പ്രവൃത്തിയെ തടുക്കുവാൻ ശക്തനാകുന്നു. ഈശ്വരൻ നിഗ്രഹാനുഗ്രഹശക്തനാണെന്നും സൎവ്വസ്വതന്ത്രനാണെന്നും മററും വേദവും പറയുന്നു. ജീവോപാധിയായ അവിദ്യയിലാവട്ടെ സത്വഗുണമില്ലാത്തതിനാൽ രജസ്തമസ്സുകൾക്കു പ്രാബല്യം ഭവിക്കുന്നു. അപ്രകാരം രജസ്തമോഗുണകാൎയ്യങ്ങൾക്കും പ്രാബല്യമുണ്ടാവുന്നു. അതുകൊണ്ടു ജീവനു സൎവ്വദാ ദുഃഖലക്ഷണമായ സംസാരബന്ധം ഭവിക്കുന്നു.

"ഏതസ്യസംസൃതേൎഹേതുരദ്ധ്യാസോത്ഥവിപൎയ്യയഃ
അദ്ധ്യാസമൂലമജ്ഞാനമാഹുരാവൃതിലക്ഷണം."

ഇപ്രകാരമുള്ള സംസാരത്തിന്റെ ഹേതുവായതു വിപരീതഭ്രമമായ അദ്ധ്യാസമാകുന്നു. അദ്ധ്യാസത്തിനു ഹേതു ആവരണലക്ഷണമായ അജ്ഞാനവുമാകുന്നു.

"അജ്ഞാനസ്യനിവൃത്തിസ്തുജ്ഞാനേനൈവനകൎമ്മണാ
അവിരോധിതയാകൎമ്മനൈവാജ്ഞാനസ്യബാധകം."

അജ്ഞാനത്തിന്റെ നിവൃത്തിയാവട്ടെ ജ്ഞാനത്താൽ മാത്രമേ സിദ്ധിക്കയുള്ളൂ. കൎമ്മത്താൽ ഒരിക്കലും സിദ്ധിക്കുകയില്ല. അതെന്തുകൊണ്ടെന്നാൽ അജ്ഞാനത്തിനു കൎമ്മം വിരോധിയല്ലായ്കയാൽ അജ്ഞാനത്തെ നശിപ്പിക്കുന്നതായി വരുന്നതല്ല.

"കൎമ്മണാജായതേജന്തുഃകൎമ്മണൈവപ്രലീയതേ
കൎമ്മണഃകാൎയ്യമേവൈഷാജന്മമൃത്യുപരമ്പരാ."

ജീവികൾ ജനിക്കുന്നതുകൎമ്മത്താലാകുന്നു. മരിക്കുന്നതും കൎമ്മത്താൽ തന്നെ. ജനനമരണപരമ്പരയായ ഈ സംസാരം കൎമ്മത്തിൻെറ കാൎയ്യംതന്നെയാകുന്നു. കൎമ്മത്തിൻെറ വിലക്ഷണമായ ജ്ഞാനം കൎമ്മത്താൽ സിദ്ധിക്കുകയില്ല. കൎമ്മം അജ്ഞാനത്തിൻെറ കാൎയ്യമായതുകൊണ്ടു കൎമ്മത്താൽ അജ്ഞാനം വൎദ്ധിക്കുകയല്ലാതെ ഒരിക്കലും നിവൃത്തിക്കുകയില്ല. ഒരു പദാൎത്ഥം ഏതൊന്നിൽ വൎദ്ധിച്ചുവരുന്നുവോ അതിനാൽ പദാൎത്ഥത്തിന്നു നാശം ഭവിക്കുകയില്ല. അതുകൊണ്ടു കൎമ്മം അജ്ഞാനത്തിന്നു സഹായമായിരിക്കുന്നതല്ലാതെ വിരോധമായി വരികയില്ല. സകല കൎമ്മങ്ങളും അജ്ഞാനത്തിന്ന് ഒരിക്കലും വിരോധികളല്ല. കൎമ്മത്താൽ അജ്ഞാനനാശത്തെ കല്പിക്കുവാൻ ആരും സമൎത്ഥന്മാരായി വരുന്നതുമല്ല. അതുകൊണ്ട് അജ്ഞാനനിവൃത്തി കൎമ്മംകൊണ്ട് ഒരു കാലത്തും സിദ്ധിക്കയില്ല. അതു ജ്ഞാനത്താൽ മാത്രമേ സാധിക്കയുള്ളു. ഭിന്നപ്രകൃതികളായ ജ്ഞാനത്തിന്നും അജ്ഞാനത്തിന്നും തമ്മിൽ വിരോധം യുക്തമാകുന്നു. ഇരുട്ടിന്നും വെളിച്ചത്തിന്നും അന്യോന്യവിരോധമുള്ളതുപോലെ ജ്ഞാനത്തിന്നും അജ്ഞാനത്തിന്നും പരസ്പരവിരോധം പ്രത്യക്ഷമായി കാണുന്നു. ജ്ഞാനംകൊണ്ടല്ലാതെ അജ്ഞാനനാശം മററൊന്നുകൊണ്ടും സിദ്ധിക്കയില്ല. അതിനാൽ വിദ്വാനായവൻ അജ്ഞാനത്തെ നശിപ്പിക്കുവാനായി ജ്ഞാനത്തെ അവശ്യം സമ്പാദിക്കേണ്ടതാകുന്നു. ജ്ഞാനം ആത്മാനാത്മവിവേകത്താലല്ലാതെ മററൊന്നിനാലും സിദ്ധിക്കയില്ല. ആത്മാവിന്നതെന്നും അനാത്മാവിന്നതെന്നും യുക്തികൊണ്ടു വിവേചനം ചെയ്യേണ്ടതാകുന്നു. ആ വിവേചനത്താൽ അനാത്മകങ്ങളിൽ ആത്മബുദ്ധി നശിച്ചുപോകുന്നതാകുന്നു. ഇങ്ങിനെയുള്ള ആത്മാനാത്മവിവേകമുണ്ടാവാനായി ഈ വിവാദത്തെ നിരൂപിക്കുന്നു. ഇതുകൊണ്ട് ആത്മാനാത്മതത്വം വെളിപ്പെടുന്നതാകുന്നു. വേദാന്തതത്വത്തെ അറിയാത്തവരായും വിദ്വാന്മാരെ

നു നടിക്കുന്നവരായും ഈശ്വരപ്രസാദവും ഗുരുപ്രസാദവുമി ല്ലാത്തവരുമായ മൂഢന്മാർ ആത്മസ്വരൂപത്തെ പലപ്രകാര മായി വാദിക്കുന്നു. അതിനെക്കുറിച്ച് അല്പമൊന്നു പറയാം. ഏററവും മൂഢരായ ചിലർ ആത്മാവാകുന്നതു പുത്രനാണെ ന്നു വാദിക്കുന്നു. അതെന്തുകൊണ്ടെന്നാൽ, ആത്മാവിൽ എ ത്ര പ്രീതിയുണ്ടോ അത്ര പ്രീതി പുത്രനിലും കാണുന്നതുകൊ ണ്ടും പുത്രനുണ്ടാവുന്ന സുഖദുഃഖങ്ങൾ തനിക്കു തൻെറതുപോ ലെ അനുഭവപ്പെടുന്നതുകൊണ്ടും ആത്മാവുതന്നെയാകുന്നു പുത്രൻ എന്നുള്ള വേദവചനത്താലും ദീപത്തിൽനിന്നു മ ററൊരു ദീപമുണ്ടാവുന്നതുപോലെ പിതാവിൽനിന്നു പുത്രനു ണ്ടാവുന്നതുകൊണ്ടും വിത്തിൻെറ ഗുണം മുളക്കെന്നതുപോ ലെ അച്ഛൻെറ ഗുണം പുത്രനിലും കാണുന്നതുകൊണ്ടും പു ത്രനാകുന്നു ആത്മാവെന്നു ഭ്രാന്തബുദ്ധികൾ പറയുന്നു. പു ത്രൻ ആത്മാവായി ഭവിക്കുന്നതെങ്ങിനെ? പുത്രനേക്കാൾ അ ധികം പ്രീതി സ്വദേഹത്തെയല്ലെ തോന്നുന്നത്. ഭവനം ക ത്തുകയാണെങ്കിൽ പുത്രനെ നോക്കാതെ ജീവികൾ ഓടിക്ക ളയുന്നു. ദേഹരക്ഷയ്ക്കുവേണ്ടി പുത്രനെ വിററു കളയുന്നു. പു ത്രൻ തനിക്കു പ്രതികൂലമാണെങ്കിൽ പുത്രനെ കൊല്ലുകകൂടെ ചെയ്യുന്നു. അതുകൊണ്ടു പുത്രൻ ഒരിക്കലും ആത്മാവായി ഭ വിക്കുന്നതല്ല. അച്ഛൻെറ ഗുണത്തിന്നോ രൂപത്തിന്നോ ഉള്ള സാദൃശ്യം ദീപത്തിന്നൊന്നുപോലെ പുത്രന് ഒരിക്കലും ഉണ്ടാ വുന്നതല്ല. അംഗവൈകല്യമില്ലാത്ത പിതാവിൽനിന്ന് അംഗഹീനനായ പുത്രൻ ജനിക്കുന്നു. ഗുണവാനിൽനിന്നു ദുർഗ്ഗുണവാനായ പുത്രനുണ്ടാവുന്നു. അതുകൊണ്ട് ആയുക്തി കളും വാക്കുകളും ആഭാസം മാത്രമാണ്. പുത്രനും തൻെറ വീട്ടിൽ അച്ഛനെന്നപോലെ തന്നെ സകല വസ്തുക്കളിലും എ ജമാനത്വമുണ്ടെന്നുകാണിക്കുവാനായിട്ടാണ് ആത്മത്വത്തെ പറയപ്പെട്ടിരിക്കുന്നത്. ആത്മാവാകുന്നു പുത്രൻ എന്നു വേദം മുഖ്യപ്രവൃത്തിയായിപറഞ്ഞിട്ടില്ല. ഉപചാരവചനമായിട്ടേ പ

ഞ്ഞിട്ടുള്ളു. അതുമുഖ്യവചനമാവുന്നതല്ല. അതുമല്ല ഞാൻഎന്നു പറയുന്ന വാക്കിന്റെ ലക്ഷ്യമായ അത്ഥം ദേഹമാത്രമാണ്. മറെറാന്നുമല്ല (ചാവ്വാകമതം തുടങ്ങുന്നു.) ദേഹമാകുന്നു ഞാൻ എന്നുള്ള നിശ്ചയം സകല ജനങ്ങൾക്കും പ്രത്യക്ഷസിദ്ധവുമാകുന്നു. ഈ പുരുഷൻ അന്നരസമയനാകുന്നു എന്നു വേദം പറയുന്നതിനേയും ദേഹത്തിനാണ് പുരുഷത്വം കല്പിച്ചിരിക്കുന്നത്. അതുകൊണ്ടു ദേഹമാണ് ആത്മാവ്. പുത്രൻ ആത്മാവായി വരില്ല. എന്നിങ്ങിനെ പറയുന്ന ചാവ്വാകമതത്തേയും കേട്ടു സഹിപ്പാൻ കഴിയാതെ മറെറാരു മതക്കാർ (ചാവ്വാകമത ഏകദേശീയൻ, ഇന്ദ്രിയാത്മവാദി) പറയുന്നു. ദേഹം ആത്മാവാകുന്നതെങ്ങിനെ? അതിന്നു യാതൊരു സ്വാതന്ത്ര്യവുമില്ലല്ലോ. അചേതനവുമാണ്. ഇന്ദ്രിയങ്ങൾ ഇളകുമ്പോൾ ഇളകുന്നതല്ലാതെ സ്വതേ ചേഷ്ടിപ്പാൻ അതിന്നു കഴിയുകയില്ല. ഗൃഹസ്ഥന്മാക്കു വീട് ആശ്രയമായിരിക്കുന്നതുപോലെ ദേഹം ചക്ഷുസ്സു മുതലായ ഇന്ദ്രിയങ്ങളുടെ ഇരിപ്പിടം മാത്രമാകുന്നു. ബാല്യം മുതലായ അവസ്ഥകളോടുകൂടിയതുമാകുന്നു. അതു മാത്രമല്ല ശുക്ലശോണിതസംഭവമായതുകൊണ്ടു ദേഹത്തിന്ന് ആത്മത്വം ഒരിക്കലും സംഭവിപ്പാൻ പാടുള്ളതല്ല. ഞാൻ കുരുടൻ, ഞാൻ ചെകിടൻ, ഞാൻ ഊമ എന്നുള്ള അനുഭവങ്ങളാൽ ഇന്ദ്രിയാത്ഥങ്ങളെ അറിവാനുള്ള ശക്തി ഇന്ദ്രിയങ്ങൾക്കാണല്ലോ. അതിനാൽ ആത്മാവാകുന്നത് ഇന്ദ്രിയങ്ങളാകുന്നു. ഇന്ദ്രിയങ്ങളാണ് ആത്മാവാകുന്നതെന്ന് ഉപനിഷത്തുക്കളാലും പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ട് ഇന്ദ്രിയങ്ങൾക്കാകുന്നു ആത്മത്വം യുക്തമായിരിക്കുന്നത്. ഇങ്ങിനെ ഉറപ്പായി പറയുന്ന വാദത്തെ കേട്ടു സഹിപ്പാൻ കഴിയാതെ മറെറാരു മതക്കാരൻ (പ്രാണാത്മവാദി) പറയുന്നു. ഇന്ദ്രിയങ്ങൾ എങ്ങിനെ ആത്മാവാവും? ഒന്നിനാൽ പ്രവത്തിപ്പിക്കുന്ന കോടാലിയെപ്പോലെ അവയ്ക്കു വല്ല ചൈതന്യവുമുണ്ടോ? ഒരു കോടാലിക്ക് എ

ത്രു ചേതനത്വമുണ്ടോ അത്രമാത്രമേ ഇന്ദ്രിയങ്ങൾക്കുമുള്ളൂ. ഉപനിഷത്തുകൾ ഇന്ദ്രിയങ്ങൾക്കു സാക്ഷാൽ ചേതനത്വമുണ്ടെന്നു പറയുന്നില്ല. അധിഷ്ഠാനദേവതകൾക്കു ചേതനത്വമുണ്ടെന്നു മാത്രമേ പറഞ്ഞിട്ടുള്ളൂ. അചേതനങ്ങളായ ദീപാദികൾക്കു പുറത്തിരിക്കുന്ന പദാൎത്ഥങ്ങളെ കാണിക്കുവാനുള്ള സാമൎത്ഥ്യമില്ലാതിരിക്കുന്നതുപോലെ ജഡങ്ങളായ ചക്ഷുരാദി ഇന്ദ്രിയങ്ങളും അചേതനങ്ങൾ തന്നെ. ഇന്ദ്രിയങ്ങളെ ചേഷ്ടിപ്പിക്കുന്നതു പഞ്ചവൃത്തിയോടുകൂടിയ പ്രാണനാകുന്നു. സൎവ്വംവസ്തുകളേയും അറിയുന്നതു പ്രാണനായതുകൊണ്ട് ആത്മത്വം യുക്തമാകുന്നു. ഞാൻ വിശപ്പുള്ളവനാണ്, ദാഹമുള്ളവനാണ് എന്നുള്ള അനുഭവത്താലും പ്രാണമയനാകുന്നു ആത്മാവെന്നുള്ള വേദവചനത്താലും ആത്മത്വം പ്രാണനല്ലാതെ ഇന്ദ്രിയങ്ങൾക്കല്ല. ഇങ്ങിനെയുള്ള വാദം കേട്ട് മറെറാരു മതക്കാരൻ(മനആത്മവാദികൾ)പറയുന്നു. പ്രാണനെങ്ങിനെ ആത്മാവാവും? അതൊരു വായു മാത്രമല്ലേ? തുരുത്തിയിലെ കാററുപോലെ പുറത്തും അകത്തും പോയിക്കൊണ്ടിരിക്കുന്നതല്ലാതെ ഹിതമാവട്ടെ അഹിതമാവട്ടെ ഒന്നും തന്നെ അത് അറിയുന്നില്ല. ചാപല്യമുള്ള പ്രാണൻ ജഡസ്വഭാവത്താലാണ് പ്രവൎത്തിച്ചുകൊണ്ടിരിക്കുന്നത്. ഉറക്കത്തിൽ പ്രാണനുണ്ടായിരുന്നിട്ടും മനസ്സ് അതറിയുന്നില്ലല്ലോ. മനസ്സല്ലേ സകല ജ്ഞാനങ്ങൾക്കും കാരണം. മനസ്സു സൎവ്വവും അറിയുന്നു. അതുകൊണ്ടു മനസ്സിന്നാകുന്നു ആത്മത്വം, ഒരിക്കലും പ്രാണനല്ല. ഞാൻ ചിന്തിച്ചു, ഞാൻ സങ്കല്പിച്ചു, ഞാൻ വികല്പിച്ചു എന്നുള്ള അനുഭവത്താലും 'ആത്മാവു മനോമയനാകുന്നു'വെന്നുള്ള ശ്രുതിവാക്യത്താലും ആത്മത്വം മനസ്സിന്നാകുന്നു യുക്തം, പ്രാണനല്ല. ഇങ്ങിനെയുള്ള മതത്തെ കേട്ട് മറെറാരു മതക്കാരൻ (ബൌദ്ധമതം) അതിനെ ദൂഷിച്ചു പറയുന്നു. മനസ്സു ആത്മാവാകുന്നതെങ്ങിനെ? മനസ്സിനാൽ പ്രേരിതങ്ങളായ ഇന്ദ്രിയങ്ങൾ ഓരോന്നു പ്രവൎത്തിക്കുന്നതു

പോലെ ബുദ്ധിയാൽ പ്രേരിതമായ മനസ്സു പ്രവൎത്തിക്കുന്നു. കൎത്താവില്ലാതെ കരണം തന്നെ ഒന്നും പ്രവൎത്തിക്കുകയില്ല. കരണത്തിൻെറ കൎത്താവാരോ ആ കൎത്താവിന്നാകുന്നു ആത്മത്വം യുക്തമാകുന്നത്. ആത്മാവു സ്വാതന്ത്ര്യനായും ആരാലും പ്രേരിതല്ലാതേയും ഇരിക്കേണ്ടതാണ്. ഞാൻ കൎത്താവാകുന്നു, ഞാൻ ഭോക്താവാകുന്നു എന്ന അനുഭവത്താലും ബുദ്ധി തന്നെയാകുന്നു ആത്മാവാകുന്നത്. അഹങ്കാരം ബുദ്ധിധൎമ്മമാണല്ലോ. ആത്മാവു വിജ്ഞാനമയനാകുന്നുവെന്നും വിജ്ഞാനമാകുന്നു സകല കൎമ്മങ്ങളേയും ചെയ്യുന്നതെന്നും ബുദ്ധിക്കുള്ള കർത്തൃത്വം മുഖ്യമായി ശ്രുതി പ്രതിപാദിക്കുന്നു. അതിനാൽ ബുദ്ധിക്കു തന്നെയാകുന്നു ആത്മത്വം യോജിക്കുന്നത്. എന്നിങ്ങിനെയുള്ള ബുദ്ധമതനിശ്ചയത്തെക്കേട്ട് പ്രഭാകരനും താൎക്കികനും ദേഷ്യത്തോടെ പറയുന്നു. ബുദ്ധി ആത്മാവാകുന്നതെങ്ങിനെ? ബുദ്ധി അജ്ഞാനകാൎയ്യമാണ്. അതു ക്ഷണം ക്ഷണം ഉണ്ടായി നശിക്കുന്നു. അതുകൊണ്ടു ബുദ്ധിക്ക് ആത്മത്വം യുദ്ധമല്ല. ബുദ്ധി മുതലായ എല്ലാററിന്നും അജ്ഞാനത്തിൽ ലയം കാണുന്നതുകൊണ്ടും ആബാലവൃദ്ധം സകലൎക്കും ഞാൻ അജ്ഞാനിയാകുന്നു എന്നുള്ള അനുഭവം കാണുന്നതുകൊണ്ടും അജ്ഞാനമാകുന്നു ആത്മാവ്, ബുദ്ധിയല്ല. വിജ്ഞാനമയനെ ഒഴിച്ച് ആനന്ദമയൻ വേറെയാകുന്നു. ആനന്ദമയനാകുന്നു ആത്മാവെന്നു വേദവാക്യവുമുണ്ട്. ദുഃഖചിഹ്നമില്ലാതിരിക്കുന്നതാകുന്നു ആനന്ദമയത്വം. സുഷുപ്തിയിൽ ബുദ്ധി മുതലായ സൎവ്വവും അജ്ഞാനത്തിൽ ലയിക്കുന്നതുകൊണ്ടു ദുഃഖം കാണുന്നില്ല. ദുഃഖമുള്ളവൎക്കുകൂടി സുഷുപ്തിയിൽ സുഖമുണ്ടാവുന്നു. ഞാൻ ഒന്നും അറിഞ്ഞില്ല, സുഖമായുറങ്ങി എന്നുള്ള അനുഭവം കാണുന്നു. അതുകൊണ്ട് ആത്മത്വം അജ്ഞാനത്തിന്നാകുന്നു യുക്തം, ബുദ്ധിക്കല്ല. ഇങ്ങിനെയുള്ള മതത്തെ ഭാട്ടന്മാർ അവരുടെ യുക്തികൊണ്ടു ദൂഷിക്കുന്നു. അജ്ഞാനം ആത്മാവാകുന്നതെങ്ങി

നെ? ജ്ഞാനവും കൂടി വേണ്ടിവരും. ജ്ഞാനമില്ലെങ്കിൽ ഞാൻ അജ്ഞാനിയാകുന്നുവെന്നുള്ളതു എങ്ങിനെ അറിയും? ഞാൻ സുഖമായുറങ്ങി, ഒന്നും അറിഞ്ഞില്ല, എന്നു തന്റെ അജ്ഞാനവും ജ്ഞാനവും ഉറക്കമുണൎന്നവനിൽ കാണപ്പെടുന്നു. ആത്മാവു പ്രജ്ഞാനഘനനും ആനന്ദമയനുമാണെന്ന് ഉഭയാത്മകമായിട്ടാണു വേദവും പ്രതിപാദിക്കുന്നത്. ആത്മാവു മിന്നാമിനുങ്ങയെപ്പോലെ ചിത്തും ജഡവും ചേൎന്നതാകുന്നു. കുടം ചുമർ മുതലായവയെപ്പോലെ കേവലം ജഡമാവുന്നതല്ല. എന്നിങ്ങിനെയുള്ള നിശ്ചയത്തെക്കേട്ട് മൂഢനായ ശൂന്യമതക്കാരൻ പറയുന്നു. ആത്മാവു ജ്ഞാനാജ്ഞാനമയനാകുന്നതെങ്ങിനെ? ജ്ഞാനത്തിന്നും അജ്ഞാനത്തിന്നും തമ്മിലുള്ള വ്യത്യാസം ഇരുട്ടിന്നും വെളിച്ചത്തിന്നും തമ്മിലുള്ളതുപോലെ പ്രസിദ്ധമാണല്ലോ. പ്രകാശാന്ധകാരങ്ങളെന്നതുപോലെ ജ്ഞാനാജ്ഞാനങ്ങൾക്കു സാമാനാധികരണ്യമാവട്ടെ, സംയോഗമാവട്ടെ ഒരിക്കലും സിദ്ധിക്കുന്നതല്ല. അജ്ഞാനമാവട്ടെ, ജ്ഞാനമാവട്ടെ, ബുദ്ധിയാവട്ടെ, ഗുണങ്ങളാവട്ടെ സുഷുപ്തിയിൽ കുറച്ചെങ്കിലും അനുഭവിക്കപ്പെടുന്നില്ല. ശൂന്യം മാത്രമാണ് അനുഭവിക്കപ്പെടുന്നത്. സുഷുപ്തിയിൽ യാതൊരു വസ്തുവുമില്ല. ഞാൻ എന്നും എന്റേതെന്നും അറിയുന്നില്ല. എന്നിങ്ങിനെ ഉറക്കമുണൎന്നവരെല്ലാവരും ശൂന്യത്തെത്തന്നെയാണ് സ്മരിക്കുന്നത്. അതുകൊണ്ടു ശൂന്യമാണ് ആത്മാവ്. ജ്ഞാനാജ്ഞാനമയനല്ല. വേദവും അസത്താകുന്നു ആദ്യമുണ്ടായതെന്നു ഉറപ്പിച്ചു പറയുന്നു. അതുകൊണ്ടും ശൂന്യത്തിന്നാണ് ആത്മത്വം യുക്തം. ഘടമെന്നുള്ളതു മുമ്പില്ലാതിരിക്കയും ഉണ്ടായതിൽപ്പിന്നെ ഘടമായി കാണപ്പെടുകയും ചെയ്യുന്നതുപോലെ അസത്തിൽനിന്നു ഈ സത്തെല്ലാം ഉണ്ടായതാകുന്നു. അതിനാൽ ആത്മത്വം സൎവ്വപ്രകാരേണയും ശൂന്യത്തിന്നു തന്നെയാകുന്നു യോഗ്യത. (അദ്വൈതമതം) ഇപ്രകാരം പരസ്പരവിരോധികളായ നാനാമതക്കാർ തങ്ങ

ളാണു വിദ്വാന്മാരെന്നു നടിച്ചുകൊണ്ടു അവരവരുടെ മതത്തിന്നനുസരിച്ച് അല്പാല്പം ശ്രുതിയുക്തികളെ ഗ്രഹിച്ച് നിശ്ചയിച്ചിരിക്കുന്ന മതങ്ങളെ വിദ്വാന്മാർ ശ്രുതിയുക്ത്യനുഭവങ്ങളെക്കൊണ്ടു ഖണ്ഡിക്കപ്പെട്ടവയാകുന്നു. അതുകൊണ്ടു പുത്രൻ മുതൽ ശൂന്യംവരെയുള്ള അനാത്മത്വം നല്ലവണ്ണം തെളിവായിരിക്കുന്നു. മറെറാരു പ്രമാണത്താൽ ബാധിക്കപ്പെട്ട പ്രമാണത്തെ മഹാന്മാർ അംഗീകരിക്കാറില്ല. പുത്രൻ മുതൽ ശൂന്യംവരെയുള്ള ആത്മത്വവും ഓരോ പ്രമാണങ്ങളാൽ നിരാകരിക്കപ്പെട്ടതുകൊണ്ടു അവയെല്ലാം അനാത്മകമാണെന്നു നല്ലവണ്ണം ഗ്രഹിച്ചുകൊള്ളുക.

ശിഷ്യൻ:— ഹേ ഗുരോ, സുഷുപ്തിസമയത്തിൽ ദേഹേന്ദ്രിയാദിസകലവും ലയിച്ചിരിക്കുമ്പോൾ ശൂന്യമല്ലാതെ മറെറാന്നും അനുഭവപ്പെടുന്നില്ല ആ ശൂന്യം അനാത്മാവാണെങ്കിൽ ആത്മാവെന്നു പറയുന്ന യാതൊരു പദാൎത്ഥവും അനുഭവപ്പെട്ടു കാണുന്നില്ലല്ലോ. സുഷുപ്തിയിൽ ആത്മാവുണ്ടെങ്കിൽ അനുഭവപ്പെട്ടുകാണാത്തതെന്തുകൊണ്ടാണ്? സുഷുപ്തിയിൽ ആത്മാവുണ്ടെന്നുള്ളതിന്നു എന്തു പ്രമാണം? ആ ആത്മാവിൻെറ ലക്ഷണമെന്താണ്? അഹങ്കാരാദികളായ മററുള്ളവയെല്ലാം ബാധിക്കപ്പെട്ടിരിക്കെ ആത്മാവു മാത്രം ബാധിക്കപ്പെടാത്തതെന്തുകൊണ്ടാണ്? ഇങ്ങിനെ ഹൃദയഗ്രന്ഥിലക്ഷണമായ സംശയത്തെ യുക്തിയാകുന്ന വാൾകൊണ്ടു ഛേദിച്ച് എന്നെ രക്ഷിക്കണെ.

ഗുരു— അല്ലയോ ശിഷ്യാ, ഈ ചോദ്യം അത്യന്തം സൂക്ഷ്മതരമായിരിക്കുന്നു. സൂക്ഷ്മബുദ്ധികളിൽ മാത്രമേ സൂക്ഷ്മാൎത്ഥനോട്ടമുണ്ടാവുകയുള്ളൂ. നീ ചോദിച്ച ശങ്കകൾക്കെല്ലാം സമാധാനം പറഞ്ഞുതരാം. അതു ഏററവും രഹസ്യമാണ്. സൂക്ഷ്മമാണ്. മുമുക്ഷുക്കൾക്കു മുഖ്യമായി അറിയേണ്ടതുമാണ്. കാൎയ്യരൂപങ്ങളായ ബുദ്ധി മുതലായവയെല്ലാം കാരണമായ സുഷുപ്തി അജ്ഞാനത്തിൽ ലയിക്കുന്നു. അ

തു വടവൃക്ഷം അതിന്റെ ബീജത്തിനുള്ളിൽ ആരും കാ
ണാതെ ഒതുങ്ങിയിരിക്കുന്നതുപോലെ സ്വസ്വരൂപത്തോടു
കൂടെ വികാരമില്ലാത്ത വിധത്തിൽ ഒതുങ്ങിയിരിക്കയാ
ണ്. ശൂന്യമായിപ്പോവുകയല്ല. വടവൃക്ഷം ചില ദിക്കിൽ
മുളയായും ചിലേടത്തു വിത്തായും ഇരിക്കുന്നതുപോലെ
ആത്മാവ് കാർയ്യരൂപമായും കാരണരൂപമായും ഇരിക്കു
ന്നു. ആത്മാവ് സുഷുപ്തിയിൽ വികാരരഹിതനായിരിക്കു
ന്നതുകൊണ്ടാണ് അവ്യാകൃതനെന്നു വേദത്താൽ പറയ
പ്പെട്ടത്. ഇപ്രകാരമുള്ള വേദനിശ്ചയത്തെ അറിയാത്ത
വരായ മൂഢന്മാർ ജഗത്തിനെ കാണാതിരിക്കുന്ന അവ
സ്ഥയെ ശൂന്യമെന്നു പറയുന്നു. അസത്തിൽനിന്നു സത്തു
ണ്ടാവുന്നത് ഒരേടത്തും കേട്ടിട്ടില്ല, കണ്ടിട്ടുമില്ല. മനുഷ്യ
രുടെ കൊമ്പിൽനിന്നു എന്തെങ്കിലും ഉത്ഭവിക്കുമോ? ആ
കാശപുഷ്പത്തിൽനിന്നു എന്തെങ്കിലും ഉണ്ടാകുമോ? ഉണ്ടാ
വുമെങ്കിൽ അസത്തിൽനിന്നു സത്തും ഉണ്ടാവും. മണ്ണില്ലാ
തെ കുടം ഉണ്ടാവുമെങ്കിൽ വെള്ളംകൊണ്ടോ മണൽകൊ
ണ്ടോ കുടം ഉണ്ടാവട്ടെ. അതു ഒരേടത്തും കാണുന്നില്ല.
സത്തായിരിക്കുന്ന മണ്ണു തന്നെയാണ് കുടത്തിന്നു ഏകരൂ
പമായ കാരണമായി കാണുന്നത്. കാരണത്തിന്നുള്ള
സ്വഭാവമെ കാർയ്യത്തിന്നും ഉണ്ടാവുകയുള്ളൂ. അതല്ലെ
ങ്കിൽ കാർയ്യകാരണലക്ഷണത്തിന്നു വിപരീതം സംഭവി
ക്കും. സത്തിൽനിന്നു അസത്തുണ്ടായെന്നുള്ളതു സർവ്വലോക
സമ്മതവും, സർവ്വശാസ്ത്രസമ്മതവുമായ ഒരു പരമാർത്ഥമാ
കുന്നു. അസത്തിൽനിന്നു സത്തുണ്ടാവുന്നതെങ്ങിനെ എന്നു
ശങ്കിച്ചുംകൊണ്ടു വേദവും അതിനെ നിഷേധിക്കുന്നു. അ
തുകൊണ്ട് അസത്തിൽനിന്നു സത്തുണ്ടാവുന്ന കാർയ്യം യോ
ജിപ്പുള്ളതല്ല. മിഥ്യതന്നെ. അല്ലയോ ഭ്രാന്തശിരോമ
ണിയായ മൂഢാ, പ്രാജ്ഞനായ ആത്മാവ് അവ്യക്തശബ്ദ
ത്തോടുകൂടി ജാഗ്രതയായിരിക്കുമ്പോൾ ശൂന്യാവസ്ഥ എ

ങ്ങിനെ സംഭവിക്കും? സുഷുപ്തിയിൽ ശൂന്യാവസ്ഥയാണെന്നു നിന്നോട് ആരു പറഞ്ഞു? അല്ലെങ്കിൽ എന്തു കാരണത്താൽ നീ അനുമാനിച്ചു? എന്തുകൊണ്ടു നിശ്ചയിച്ചു? എന്നു ചോദിച്ചാൽ മൂഢൻ എന്തുത്തരം പറയും? ഇതിനുത്തരം പറയുന്നവർ ആരും ഇല്ല. സുഷുപ്തിയിലുള്ള ശൂന്യാവസ്ഥയെ ആത്മാവല്ലാതെ മറ്റാരാകുന്നു അറിയുന്നത്. സുഷുപ്തിയിൽ അനുഭവിച്ച ശൂന്യാവസ്ഥയെ അനുഭവിച്ചവൻ തന്നെ പറയുന്നു. ആ സുഷുപ്തിയിലും താനുണ്ടെന്നുള്ള അവസ്ഥയെ ആലോചിച്ചറിയാത്ത മൂഢന്മാർ സുഷുപ്തിയിൽ താനും ശൂന്യമാണെന്നു പറഞ്ഞുകൊള്ളുന്നു. എല്ലാ ജനങ്ങളും ഒന്നും അറിയാത്ത സുഷുപ്തിധൎമ്മത്തിൽ ലയിക്കുന്നു. ബുദ്ധി മുതലായ സൎവ്വവും ഇല്ലാത്തതായ സുഷുപ്തിധൎമ്മത്തെ അറിയുന്നവനാകുന്നു നിൎവ്വികാരനായ ആത്മാവെന്നറിയുക.

"യസ്യേദംസകലംവിഭാതിമഹസാ
തസ്യസ്വയംജ്യോതിഷഃ
സൂൎയ്യസ്യേവകിമസ്തിഭാസകമിഹ
പ്രജ്ഞാദിസൎവ്വംജഡം
നഹ്യൎക്കസ്യവിഭാസകംക്ഷിതിതലേ
ദൃഷ്ടംതഥൈവാത്മനോ
നാന്യഃകോപ്യനുഭാസകോനുഭവിതാ
നാതഃപരഃകശ്ചന."

സ്വയംപ്രകാശനായ യാതൊരാത്മാവിൻെറ പ്രകാശത്താൽ സകല ജഗത്തും പ്രകാശിക്കുന്നുവൊ ആ ആത്മാവിനെ പ്രകാശിപ്പിക്കുവാൻ ഏതൊരു വസ്തുവാണുള്ളത്? സകലത്തേയും പ്രകാശിപ്പിക്കുന്ന സൂൎയ്യനെ പ്രകാശിപ്പിക്കുവാൻ ലോകത്തിൽ മറെറാന്നിനേയും കാണുന്നില്ല. അതുപോലെ ആത്മാവിനെ പ്രകാശിപ്പിക്കുന്ന വസ്തു ഒന്നുംതന്നെ ലോകത്തിലില്ല. ജാഗ്രൽസ്വപ്നസുഷുപ്തികളെ അനുഭവിക്കുന്നവനാ

കുന്നു ആത്മാവ്. ആ ആത്മാവിനെ മററാരാൽ അറിയാൻ കഴിയും? സർവ്വവസ്തുക്കളേയും ദഹിക്കുന്നതാകുന്നു അഗ്നി. ആ അഗ്നിയെ ദഹിപ്പിക്കുവാൻ മറെറാരു പദാൎത്ഥമില്ലാതിരിക്കുന്നതുപോലെ സകലത്തേയും അറിയുന്നത് ആത്മാവാകുന്നു. ആ ആത്മാവിനെ അറിവാൻ മററാരേയും കാണുന്നില്ല. അനുഭവരൂപമായി സ്വയംപ്രകാശനായിരിക്കുന്ന ആത്മാവു താനായിരിക്കെ തന്നെക്കൂടാതെ അറിയുന്നതിന്നു വേറെ ഒരു അറിവില്ലാത്തതിനാൽ തന്നാൽത്തന്നെ ആത്മാവിനെ അറിയേണ്ടതാകുന്നു. മററുള്ളവയെ അറിയേണ്ടുന്ന ബുദ്ധി മുതലായതെല്ലാം സുഷുപ്തിയിൽ ലയിക്കുകയാൽ ആത്മാവു താൻതന്നെ ഒന്നും കാണാൻ കഴിയാതേയും കേൾക്കാൻ കഴിയാതേയും ഇരിക്കുന്നു. ഈ സുഷുപ്തിരൂപമായ അന്ധകാരത്തിന്നു താൻതന്നെ സാക്ഷിയായി ഭവിച്ച് നിൎവ്വികാരനായി സുഖമായിരിക്കുന്നു. അതുകൊണ്ടു സുഷുപ്തിയിൽ ആത്മാവുണ്ടെന്നുള്ളതിന്നു പ്രമാണം ഉറക്കമുണൎന്നവൻ താൻ ഉറക്കത്തിൽ ഉണ്ടായ അവസ്ഥയെ അറിയുന്നതുതന്നെ. ഞാൻ സുഖമായുറങ്ങി, ഒന്നും അറിഞ്ഞില്ല എന്നു പറയുന്ന അനുഭവം ആത്മാവുണ്ടെന്നുള്ളതിന്നു പ്രമാണമാകുന്നു. സുഷുപ്തി ആനന്ദമയമാണെന്നും അതിൽ മറെറാരു വസ്തുവില്ലെന്നും സുഷുപ്തിയിൽ അനുഭവിച്ച അവസ്ഥയെ ഉറക്കമുണൎന്നവൻ ഓൎമ്മവെച്ചു പറയുന്നു. അവനവൻ അനുഭവിച്ച അവസ്ഥയെ മാത്രമേ അവനവന്ന് ഓൎമ്മവെക്കുവാനൊ പറയുവാനൊ കഴിയുകയുള്ളു. അതല്ലാതെ മറെറാരുത്തൻ അനുഭവിച്ച അവസ്ഥയെ സ്മരിപ്പാനൊ പറവാനൊ കഴിയുന്നതല്ല. മുമ്പുണ്ടായ സ്മരണയാകുന്നു പിന്നേയും ഉണ്ടാകുന്നത്. ആദ്യം ഒരവസ്ഥ അനുഭവിച്ചിട്ടില്ലെങ്കിൽ പിന്നെ അതിന്റെ സ്മരണ ഉണ്ടാവില്ലെന്നുള്ള യുക്തിയും ആത്മാവുണ്ടെന്നുള്ളതിന്നു പ്രമാണമാകുന്നു. ആത്മാവിന്നു സ്വപ്നമില്ലാതേയും യാതൊരു കാൎയ്യമില്ലാതേയും ഇരിക്കുന്ന അവസ്ഥയാകുന്നു സുഷു

പ്തി. ആ സുഷുപ്തിയിൽ ആത്മാവു് നിർവ്വികാരനായിരിക്കുന്നുവെന്നു വേദം പറയുന്നതും പ്രമാണിക്കേണ്ടതാകുന്നു. സുഷുപ്തിയിൽ യാതൊരാഗ്രവുമില്ലാതേയും ഒരു സ്വപ്നവും കാണാതേയുമിരുന്നു എന്നുള്ള അനുഭവം സുഷുപ്തിയിൽ ആത്മാവില്ലെങ്കിൽ എങ്ങിനെ സംഭവിക്കുന്നു? ഇങ്ങിനെയുള്ള പ്രമാണങ്ങളാൽ സുഷുപ്തിയിൽ ആത്മാവു സാക്ഷിയായിരിക്കുന്നുണ്ടെന്നു് അനുഭവപ്പെടുന്നു. ഈ ആത്മാവു കേവലസ്വരൂപവും ശുദ്ധവും സച്ചിദാനന്ദലക്ഷണവുമാകുന്നു. പ്രത്യഗാത്മാവിന്റെ സച്ചിദാനന്ദലക്ഷണമെന്തെന്നാൽ ഭൂതഭവിഷ്യദ്വർത്തമാനങ്ങളായ മൂന്നു കാലങ്ങളിലും ജാഗ്രൽസ്വപ്നസുഷുപ്തികളായ മൂന്നവസ്ഥകളിലും നശിക്കാതിരിക്കുന്നതുകൊണ്ടു സദ്രൂപത്വവും മൂന്നു കാലങ്ങളിലും പ്രജ്ഞാനഘനമായി ശുദ്ധചൈതന്യസ്വരൂപമായിരിക്കുന്നതുകൊണ്ടു ചിദ്രൂപത്വവും അഖണ്ഡാനന്ദസ്വരൂപമായതുകൊണ്ടു് ആനന്ദരൂപത്വലക്ഷണവും ആകുന്നു. എല്ലാവക്കും ജാഗ്രത്സ്വപ്നസുഷുപ്ത്യവസ്ഥകളിൽ ഞാനെന്നുള്ള സത്ത ഉണ്ടാവുന്നതുകൊണ്ടു മൂന്നു കാലങ്ങളിലും ആത്മാവു സത്തായിരിക്കുന്നു. ആത്മാവു സർവ്വകാലത്തിലുമുണ്ടെന്നുള്ള അടയാളം അഭിന്നമായി കാണുന്നു. ഒരു കാലത്തും ആത്മാവില്ലാതിരിക്കുന്നില്ല. അതുകൊണ്ടു് ആത്മാവിന്നു നിത്യത്വം പറയപ്പെട്ടിരിക്കുന്നു. വന്നുംപോയുമിരിക്കുന്ന ബാല്യയൌവനാദ്യവസ്ഥകളിലും ജാഗ്രൽസ്വപ്നാദ്യവസ്ഥകളിലും ദൃഷ്ടവും ശിഷ്ടവുമായ മററുള്ള സകല ബുദ്ധിവൃത്തികളിലും ആത്മാവിന്റെ സത്ത എപ്പോഴും ഇടവിടാതെയിരിക്കുന്നു. ഗംഗാജലത്തിൽനിന്നുണ്ടാവുന്ന തിരമാലകളിലെല്ലാം ഗംഗാജലം ഇടവിടാതിരിക്കുന്നതുപോലെ ആത്മാവു സകല വസ്തുക്കളിലും ഏകരൂപമായ സാക്ഷിയായി സ്ഥിരപ്പെട്ടിരിക്കുന്നു. അഹങ്കാരാദിവൃത്തികൾ ക്ഷണന്തോറും ഒന്നിൽനിന്നു മറെറാന്നിൽ പരിണമിക്കുന്നതുകൊണ്ടു വികാരമുള്ളവയും ഭിന്നപ്രകൃതികളുമാകുന്നു. സദ്രൂപനായ ആത്മാവു

നിഷ്കളനായതുകൊണ്ടു യാതൊരു വികാരവുമില്ല, പരിണാമവുമില്ല, നിത്യസ്വരൂപനാകുന്നു. ഏതൊരു സ്വപ്നം ഞാൻ കണ്ടുവോ ആ ഞാൻ തന്നെയാണ് സുഖമായുറങ്ങിയതും ഉറക്കമുണർന്നതും. ഈ അവസ്ഥാത്രയത്തിലും ആത്മാവു സത്താമാത്രനായിരിക്കുന്നതുകൊണ്ടു സദ്രൂപനാണെന്നുള്ളതിൽ സംശയമില്ല. വേദത്തിൽ പറയപ്പെട്ട പതിനാറു കലകൾ ചിദാഭാസനാകുന്നു. ആത്മാവിന്നല്ല. ആത്മാവു നിഷ്കളനായതുകൊണ്ടു ലയമില്ല. ലയമില്ലാത്തതുകൊണ്ടു ആത്മാവു നിത്യനെന്നറിയുക. ജഡമായ പ്രപഞ്ചത്തെ പ്രകാശിപ്പിക്കുന്ന സൂര്യൻ ജഡമല്ല, പ്രകാശാത്മകൻ തന്നെ. അതുപോലെ ജഡങ്ങളായ ബുദ്ധി മുതലായവയെ പ്രകാശിപ്പിക്കുന്ന ആത്മാവു ചിദ്രൂപനാകുന്നു. ജഡപദാർത്ഥങ്ങളെ പ്രകാശിപ്പിക്കുന്നതു സൂര്യപ്രഭയാലാകുന്നു. അതല്ലാതെ ജഡപദാർത്ഥങ്ങൾക്കു സ്വതേ പ്രകാശമുണ്ടാവുന്നതല്ല. അതുപോലെ ബുദ്ധീന്ദ്രിയാദികൾക്കും സ്വയംപ്രകാശമില്ല. ചിദ്രൂപനായ ആത്മാവിന്റെ പ്രകാശത്താലാകുന്നു അവയെല്ലാം പ്രകാശിക്കുന്നത്. അതുകൊണ്ട് ആത്മാവു ചിന്മയസ്വരൂപനാകുന്നു. വേദസമ്മതവും ഇതുതന്നെയാണ്. സൂര്യൻ തന്നെ പ്രകാശിപ്പിക്കുവാനോ അന്യവസ്തുക്കളെ പ്രകാശിപ്പിക്കുവാനോ മറ്റൊരു പ്രകാശത്തെ അപേക്ഷിക്കാറില്ല. അപ്രകാരം തന്നെ ചിന്മയനായ ആത്മാവും തന്നെ പ്രകാശിപ്പിക്കുവാനോ ബുദ്ധീന്ദ്രിയാദികളെ പ്രകാശിപ്പിക്കുവാനോ മറ്റൊരു പ്രകാശത്തെ അപേക്ഷിക്കുന്നില്ല: അന്യപ്രകാശത്തെ അണുമാത്രമെങ്കിലും അപേക്ഷിക്കാതെ ആത്മപ്രകാശത്താൽ സകല വസ്തുക്കളേയും പ്രകാശിപ്പിച്ചുകൊണ്ടു ചിന്മയനായ ആത്മാവു സ്വയംജ്യോതിഃസ്വരൂപനായി വിളങ്ങുന്നു. ആ ആത്മാവിനെ ചന്ദ്രനോ, സൂര്യനോ, അല്പമെങ്കിലും പ്രകാശിപ്പിക്കുന്നില്ല. പ്രകാശസ്വരൂപികളായ സൂര്യചന്ദ്രാദികളെല്ലാം ചിന്മയപ്രകാശത്താലാകുന്നു പ്രകാശിക്കുന്നത്. അതുകൊണ്ടു സർവ്വാവസ്ഥ

കളിലും ഒരുപോലെ വിളങ്ങുന്ന ആത്മാവു ചിദ്രൂപനാകുന്നു വെന്നറിയുക. ആത്മാവു സുഖസ്വരൂപനായതുകൊണ്ടു തന്റെ ലക്ഷണം ആനന്ദമാകുന്നു. സൎവ്വോൽകൃഷ്ടമായ പ്രേമാസ്പദത്വം നിമിത്തമാകുന്നു ആത്മാവിന്നു സുഖസ്വരൂപത്വം സിദ്ധിച്ചത്. സകല ജീവികൾക്കും സുഖഹേതുക്കളായ വസ്തുക്കളിൽ ഉള്ള പ്രേമത്തിന്ന് അവധിയുണ്ട്. ആത്മാവിലുള്ള പ്രീതിക്കാവട്ടെ ഒരിക്കലും അവധിയില്ലാത്തതാകുന്നു. ഇന്ദ്രിയങ്ങളെല്ലാം ക്ഷീണിച്ചാലും ദേഹം ജീൎണ്ണമായാലും പ്രാണപ്രയാണം സമീപിച്ചാലും ജീവികൾ ജീവിച്ചിരിപ്പാൻ തന്നെയാണ് പിന്നെയും ആഗ്രഹിക്കുന്നത്. അതുകൊണ്ടു സകല ശരീരികൾക്കും പരമപ്രേമാസ്പദം ആത്മാവുതന്നെയാകുന്നു. ആത്മാവിന്റെ പ്രീതിക്കുവേണ്ടി മാത്രമാകുന്നു മററു വസ്തുക്കളിൽ പ്രീതിയുണ്ടാവുന്നത്. പുത്രാദികളെക്കാളും ധനത്തെക്കാളും പ്രിയതരമായത് ആത്മാവാകുന്നു. എന്നുവേണ്ട ദേഹേന്ദ്രിയാദി സകല വസ്തുക്കളെക്കാളും പ്രിയതരമായത് ആത്മാവാകുന്നു. ആപത്തിലും സമ്പത്തിലും ഒരുപോലെ പ്രിയമായ വസ്തു എപ്പോഴും പ്രിയമായിരിക്കുന്നതല്ലാതെ ഒരിക്കലും അപ്രിയമാവുന്നതല്ല. സകല ജീവികൾക്കും ആത്മാവാണല്ലോ പ്രിയതരവസ്തു. ആത്മാൎത്ഥമായിട്ടാണു പുത്രമിത്രകളത്രാദികളും ധനധാന്യാദികളും ഗൃഹാദിസകല പദാൎത്ഥങ്ങളും. വ്യാപാരം, കൃഷി, പശുപരിപാലനം, രാജസേവ, ഔഷധപ്രയോഗം മുതലായ സകല പ്രവൃത്തികളും ആത്മാവിന്നുവേണ്ടിയാകുന്നു. പ്രവൃത്തിയാവട്ടെ, നിവൃത്തിയാവട്ടെ എല്ലാം ആത്മസുഖത്തിന്നുവേണ്ടിയാകുന്നു ചെയ്യുന്നത്. മററൊരുത്തൎക്കും വേണ്ടി ചെയ്യുകയല്ല. അതുകൊണ്ട് ആത്മാവു പരമാനന്ദവസ്തുവാകുന്നു. ഈ ആത്മാവല്ലാതെ വേറെ ഒരു സുഖവസ്തു ഉണ്ടെന്നു വിചാരിക്കുന്നവൻ പരമദുഃഖത്തെയാണനുഭവിക്കുക.

ശിഷ്യൻ:— ഹേ, ഗുരോ, ഞാൻ ഇനി വേറെ ഒന്നു ചോദി

കുന്നു. അറിവുള്ളവർ അറിവില്ലാത്തവരുടെ വാക്കിനെ അപരാധമായി വിചാരിക്കുകയില്ല. ആത്മാവു വേറെ ആയതുകൊണ്ട് ആത്മാവിന്നു സുഖരൂപത്വം ഇല്ലെന്നു വിചാരിച്ച് ആത്മാവിൻെറ സുഖത്തിന്നായിട്ടാണല്ലോ സകല ജീവികളും പ്രയത്നിക്കുന്നത്. ആത്മാവു സുഖസ്വരൂപനാണെങ്കിൽ ജീവികൾ സുഖത്തിനുവേണ്ടി പ്രയത്നം ചെയ്യേണ്ടുന്ന ആവശ്യമെന്ത്? ഈ സംശയത്തെ തീർത്തു തരണം.

ഗുരു:— അല്ലയോ പ്രിയശിഷ്യാ, ആത്മാവു ആനന്ദസ്വരൂപനാണെന്നറിയാത്ത മൂഢജനങ്ങളാകുന്നു സുഖത്തിനുവേണ്ടി പുറമെ പ്രയത്നിക്കുന്നത്. അറിവുള്ളവർ പ്രയത്നിക്കുകയില്ല. ഗൃഹത്തിൽ നിക്ഷേപിച്ചിരിക്കുന്ന ധനത്തെ അറിയാത്തവൻ ഭക്ഷണത്തിന്നായി ഭിക്ഷതേടി നടക്കുന്നു. തൻെറ ഗൃഹത്തിൽ നിക്ഷേപമുണ്ടെന്നറിഞ്ഞവൻ ഭിക്ഷയ്ക്കു നടക്കുമോ?

"സ്ഥൂലംചസൂക്ഷ്മംചവപുഃസ്വഭാവതോ
ദുഃഖാത്മകംസ്വാത്മതയാഗൃഹീത്വാ
വിസ്മൃത്യചസ്വംസുഖരൂപമാത്മനഃ
ദുഃഖപ്രദേഭ്യഃസുഖമജ്ഞഇച്ഛതി."

മൂഢനായവൻ സ്വതേ ദുഃഖാത്മകമായ സ്ഥൂലദേഹത്തേയും സൂക്ഷ്മദേഹത്തേയും ആത്മാവാണെന്നു വിചാരിച്ചും സുഖസ്വരൂപമായ ആത്മസ്വരൂപത്തെ മറന്നും തനിക്കു ദുഃഖപ്രദങ്ങളായ വിഷയങ്ങളിൽനിന്നു സുഖത്തെ കാംക്ഷിക്കുന്നു.

"നഹിദുഃഖപ്രദംവസ്തുസുഖംദാതുംസമർഹതി
കിംവിഷംപിബതോജന്തോരമൃതത്വംപ്രയച്ഛതി."

ദുഃഖപ്രദമായ വസ്തു സുഖത്തെ കൊടുക്കുകയില്ല. വിഷമാവട്ടെ കുടിക്കുന്നവന്നു ദുഃഖപ്രദമായ മരണത്തെ കൊടുക്കുന്നതല്ലാതെ ജീവിപ്പിക്കുമോ? പാമരന്മാർ ആത്മാവു വേറെ, സുഖം വേറെ എന്നു നിശ്ചയിച്ച് സുഖത്തിന്നായി പുറമെ പ്ര

യത്നം ചെയ്യുന്നതു സത്യം തന്നെ, സംശയമില്ല. ലോകത്തിൽ സകല ശരീരികൾക്കും ഇഷ്ടവസ്തുക്കളെ സ്മരിക്കുമ്പോഴും കാണുമ്പോഴും അനുഭവിക്കുമ്പോഴും ഒരു ആനന്ദം ഉണ്ടാവുന്നുണ്ടല്ലോ. ആ ആനന്ദം വസ്തുധൎമ്മമല്ല. എന്തുകൊണ്ടെന്നാൽ അതു മനസ്സിൽ ഉണ്ടാവുന്നതു മാത്രമാണ്. വസ്തുധൎമ്മത്തിന്റെ ഉപലബ്ധി മനസ്സിൽ ഉണ്ടാവുന്നതെങ്ങിനെ? ഒരു വസ്തുവിന്റെ ധൎമ്മം മറെറാരു വസ്തുവിൽ ഉപലബ്ധിയുണ്ടാവുന്നതു കണ്ടിട്ടില്ല. അതുകൊണ്ട് ആനന്ദം ഒരിക്കലും വസ്തുധൎമ്മമല്ല. എന്നാൽ ഈ ആനന്ദം മനസ്സിന്റെ ധൎമ്മവുമല്ല. അതെന്തുകൊണ്ടെന്നാൽ ഇഷ്ടവസ്തുവിനെ കാണാതിരിക്കുമ്പോൾ മനസ്സിൽ ആനന്ദമുണ്ടാവുന്നില്ല. എന്നാൽ ആനന്ദത്തെ പ്രകാശിപ്പിക്കുന്നതായ വ്യഞ്ജകം ഇല്ലാതിരിക്കുമ്പോഴും വ്യംഗമായ ആനന്ദം ഉണ്ടാവില്ലെന്നു വിചാരിക്കേണ്ട. ഈ പറഞ്ഞ ആനന്ദം ഇഷ്ടവസ്തുദൎശനത്താൽ ഉണ്ടായില്ലെന്നും വരാം. വ്യഞ്ജകമുണ്ടെങ്കിൽ വ്യംഗ്യമുണ്ടാവില്ലെന്നുള്ളതു, വ്യഞ്ജകവ്യംഗ്യഭാവങ്ങൾക്കു ദോഷം സിദ്ധിക്കുന്നതുകൊണ്ടു വിദ്വാന്മാരാൽ സമ്മതിക്കപ്പെടുന്നതല്ല. ഇഷ്ടവസ്തുലാഭത്തിൽ ആനന്ദമുണ്ടാവാതിരിക്കുന്നതിന്നു ദുരദൃഷ്ടം. മുതലായവ പ്രതിബന്ധമായി വരുന്നുകൂടെ എന്നാണെങ്കിൽ ദുരദൃഷ്ടമുള്ളവൎക്ക് ഇഷ്ടവസ്തുലാഭംതന്നെ സിദ്ധിക്കുകയില്ല. അതുകൊണ്ട് ആനന്ദം മനസ്സിന്റെ ധൎമ്മമാകുന്നതല്ല. എന്നാൽ ആനന്ദം ആത്മാവിന്റെ ധൎമ്മമാണോ എന്നാകണെങ്കിൽ ആത്മാവു നിൎഗ്ഗുണനായതുകൊണ്ട് ആത്മധൎമ്മവുമല്ല. പൂൎവ്വാൎജ്ജിതപുണ്യവിശേഷത്താൽ സത്വപ്രധാനമായി സ്വച്ഛമായിരിക്കുന്ന മനസ്സിൽ ആനന്ദലക്ഷണനായ ആത്മാവു തന്നെ പ്രതിബിംബിക്കുന്നു. സ്വച്ഛജലത്തിൽ ചന്ദ്രൻ പ്രതിബിംബിക്കുന്നതുപോലെയാകുന്നു. അപ്രകാരം മനസ്സിൽ പ്രതിബിംബിതമായ ആഭാസാനന്ദമാവട്ടെ പുണ്യബലത്തിന്റെ ഏററക്കുറച്ചിൽപോലെ ഏറിയും കുറഞ്ഞും ഇരിക്കുന്ന

താണ്. സാർവ്വഭൌമാനന്ദം മുതൽ ബ്രഹ്മാനന്ദം വരെ വേദപ്രതിപാദിതങ്ങളായ സകലാനന്ദങ്ങളും അവസാനം നശിച്ചുപോകുന്ന വിഷയാനന്ദങ്ങളാകുന്നു. അതു പുണ്യവാന്മാരാൽ അനുഭവിക്കപ്പെടുന്നവയാകുന്നു. അവക്ക് വിഷയാനന്ദം അനുഭവിക്കുമ്പോഴും അനുഭവിച്ചു കഴിഞ്ഞാലും വലുതായ ദുഃഖംതന്നെയാകുന്നു ലഭിക്കുന്നത്. വിഷം കലൎന്ന അന്നത്തെ ഭക്ഷിക്കുമ്പോഴും ഭക്ഷണത്തിന്നു ശേഷവും ദുഃഖംതന്നെയാണല്ലോ ഉണ്ടാവുന്നത്. ബ്രഹ്മദേവൻെറ പദത്തെ പ്രാപിച്ചു സുഖിക്കുന്നവൎക്കുകൂടി ഉന്നതസുഖം ക്ഷയിച്ചുപോകുമല്ലോ എന്നുള്ള ഭയംകൊണ്ടു ദുഃഖമേ ഉണ്ടാവുകയുള്ളൂ. ചെറിയ രാജാക്കന്മാൎക്ക് വലിയ രാജാക്കന്മാരിൽനിന്നു ഭയമുണ്ടാവുന്നതുപോലെ ബ്രഹ്മാദി സകല ജീവികൾക്കും ഭയമേ ഉണ്ടാവുന്നുള്ളൂ. അതുകൊണ്ടു അറിവുള്ളവർ വിഷയാനന്ദത്തെ ഒരിക്കലും കാംക്ഷിച്ചുകൂടാത്തതാകുന്നു. പ്രതിബിംബത്തിൻെറ ബിംബഭൂതമായ ആനന്ദമേതോ അതാകുന്നു ആനന്ദലക്ഷണമായ ആത്മാവ്. ആ ആത്മാനന്ദം ശാശ്വതവും അദ്വയവും പരിപൂൎണ്ണവും നിത്യവും ഏകവും ഭയരഹിതവും ആണെന്നു പറയപ്പെട്ടിരിക്കുന്നു. പ്രതിബിംബമായ ആ ഭാസാനന്ദവും ബിംബഭൂതമായ ആനന്ദത്തെപ്പോലെ തന്നെ കാണപ്പെടുന്നു. പ്രതിബിംബത്തിന്നു കാരണം ബിംബമാകുന്നു. ബിംബമില്ലാതെ പ്രതിബിംബമുണ്ടാവുന്നതല്ല. അതിനാൽ ബിംബാനന്ദത്തെപ്പോലെ പ്രതിബിംബാനന്ദവും കാണപ്പെടുന്നു. ഇപ്രകാരം വിദ്വാന്മാർ യുക്തികൊണ്ടു മാത്രം അറിയുന്നതല്ലാതെ ജാഗ്രത്തിലോ സ്വപ്നത്തിലോ ബിംബാനന്ദത്തെ ഒരിക്കലും അറിയുന്നില്ല. ഈ ആത്മാനന്ദം ജാഗ്രത്തിലും സ്വപ്നത്തിലും അവിദ്യാകാൎയ്യമായ ബുദ്ധീന്ദ്രിയാദികളുടെ സംബന്ധത്താൽ കാണപ്പെടുന്നില്ല. ദുഃഖസ്വരൂപങ്ങളായ സ്ഥൂലസൂക്ഷ്മദേഹങ്ങൾ സുഷുപ്തിയിൽ ലയിക്കുമ്പോൾ പ്രത്യഗാനന്ദലക്ഷണമായ ആത്മാനന്ദം സ്ഫുരിക്കുന്നു. ആ സ

ഷുപ്തിയിൽ ബുദ്ധീന്ദ്രിയാദികളോ വിഷയങ്ങളോ ഒന്നുമില്ലാത്തതിനാൽ ആത്മാവു കേവലാനന്ദമാത്രമായി താനൊഴികെ മററൊന്നില്ലാത്ത അദ്വൈതസ്വരൂപമായിരിക്കുന്നു. ഉറക്കത്തിൽനിന്നുടനനു എഴുനീല്ക്കുന്ന സകല ജനങ്ങളാലും ആത്മാവു ആനന്ദസ്വരൂപമാണെന്നു അറിയപ്പെടുന്നുണ്ടല്ലൊ. അതുകൊണ്ടു് ഇതിൽ സംശയമേ ആവശ്യമില്ല. നിയ്യും ആത്മാവു ആനന്ദസ്വരൂപമാണെന്നറിഞ്ഞിട്ടുണ്ടു്. ഉറക്കമുണൎന്നെഴുനീല്ക്കുമ്പോൾ ഞാൻ സുഖമായുറങ്ങി എന്നു തോന്നാറില്ലെ? ഉപനിഷദൎത്ഥങ്ങളുടെ ഗന്ധം കൂടി അറിയാത്തവരായ പൂൎവ്വവാദികൾ ദുഃഖമില്ലാത്തതുതന്നെ സുഖം എന്നു പറഞ്ഞുവല്ലോ. അതു സാരമില്ലാത്തതും വെറും വ്യാജവുമാകുന്നു. ലോഷ്ടാദികൾക്കു യാതൊരു ദുഃഖവുമില്ല. എന്നാൽ അവകൾക്കു സുഖം കാണുന്നില്ലല്ലോ. ഇതു സകലൎക്കും പ്രത്യക്ഷാനുഭവമല്ലെ? വേദവും ആത്മാവു ചിൽഘനനും സൽഘനനും ആനന്ദഘനനും ആണെന്നു ഘോഷിക്കുന്നു. ബ്രഹ്മവിത്തുക്കളും ധീരന്മാരും മഹാത്മാക്കളും ധന്യന്മാരുമായ ഉത്തമജനങ്ങൾ സമാധിയിൽ പ്രത്യഗാത്മാവിന്റെ ആനന്ദഘനസ്വരൂപത്തെ കേവലാനന്ദമാത്രമായി പ്രത്യക്ഷം അനുഭവിക്കുന്നുവെന്നതിന്നു സംശയമില്ല. ബ്രഹ്മാദിസകല ജീവികളും അവരവരുടെ ഉപാധിക്കനുസരിച്ചു് ഈ ബിംബാനന്ദത്തിന്റെ അംശലേശം മാത്രമാണു് അനുഭവിക്കുന്നതു്. ഭക്ഷണപദാൎത്ഥങ്ങളിൽ ഉണ്ടാവുന്ന സുഖകരമായ മധുരരസം അതിൽ ചേൎത്തിരിക്കുന്ന ശൎക്കരയുടേതല്ലാതെ മററു പദാൎത്ഥങ്ങളുടേതല്ലല്ലോ. അതുപോലെ ഓരോരുത്തൎക്കു് ഓരോ വിഷയസംബന്ധത്താൽ ഉണ്ടാവുന്ന ആനന്ദവും ബ്രഹ്മാനന്ദാംശലേശത്തിന്റെ സ്ഫുരണത്താലുണ്ടാവുന്നതാകുന്നു. ചന്ദ്രപ്രകാശത്താൽ ആമ്പൽപ്പൂ വിടരുന്നതുപോലെ ബ്രഹ്മാനന്ദസ്ഫുരണത്താലാകുന്നു സൎവ്വാനന്ദങ്ങളും പ്രകാശിക്കുന്നതു്. സത്വവും, ചിത്വവും, ആനന്ദരൂപത്വവും പരമാത്മാവിന്റെ സ്വ

രൂപമാകുന്നു, മറെറാന്നുമല്ല. ആത്മാവു നിർഗ്ഗുണവസ്തുവായതുകൊണ്ടു ഗുണങ്ങളൊന്നുമുണ്ടാവുന്നതല്ല. ആത്മാവിനെപ്പോലെ സത്യമായ മറെറാന്നുണ്ടെങ്കിൽ ആത്മാവിന്നു വിവർത്തനം ഭവിക്കുമായിരുന്നു. അതില്ല, പ്രപഞ്ചം മിഥ്യയായതുകൊണ്ടു അദ്വിതീയനായ പരമാത്മാവിന്നു വിവർത്തനം ഒരിക്കലും സംഭവിക്കുന്നതല്ല. ആത്മാവു കേവലനെന്നും നിർഗ്ഗുണനെന്നും വേദവും പറയുന്നു. അതുകൊണ്ടു് ആത്മാവിന്നു ഗുണം ഒരിക്കലും ഇല്ല. ഉഷ്ണവും പ്രകാശവും അഗ്നിയുടെ സ്വഭാവമായിരിക്കുന്നതുപോലെ സച്ചിദാനന്ദങ്ങൾ ആത്മാവിൻെറ സ്വഭാവമാണെന്നാകുന്നു നിശ്ചയിച്ചിരിക്കുന്നത്. ഈ പരമാത്മാവിന്നു സജാതീയവിജാതീയലക്ഷണഭേദവുമില്ല. അദ്വൈതവസ്തുവായ പരമാത്മാവിൽ പ്രപഞ്ചത്തിന്നുള്ള വിജാതീയഭേദം അപവാദയുക്തിയാൽ കാണപ്പെടുന്നില്ല. അപവാദമെന്തെന്നാൽ, രജ്ജുസ്വരൂപത്തിൽ വിപരീതമായി തോന്നിയ സർപ്പസ്വരൂപം എങ്ങിനെ തള്ളപ്പെടുന്നുവോ അപ്രകാരം സത്തായ പരബ്രഹ്മത്തിൽ വിപരീതമായി തോന്നിയ പ്രപഞ്ചത്തെ തള്ളി സത്താമാത്രമായി കാണുന്നത് അപവാദയുക്തിയാണെന്നു ബ്രഹ്മജ്ഞന്മാരായ വിദ്വാന്മാർ പറയുന്നു. ഇങ്ങിനെയുള്ള പ്രപഞ്ചത്തിൻെറ ഉല്പത്തി സത്തായ പരബ്രഹ്മവസ്തുവിൽനിന്നാണെന്നു യുക്തികൊണ്ടു് അറിയുന്നവരായ സൂക്ഷ്മബുദ്ധികൾ പ്രപഞ്ചവും സന്മാത്രമാണെന്നു് അറിയേണ്ടതാകുന്നു. ചതുർവ്വിധയോനിജങ്ങളായ സ്ഥൂലശരീരങ്ങളും അവകളുടെ ഭക്ഷ്യയോഗ്യമായ അന്നപാനാദികളും അവകൾക്കിരുപ്പിടമായ സകല ബ്രഹ്മാണ്ഡങ്ങളും പഞ്ചീകൃതങ്ങളായ സ്ഥൂലപഞ്ചഭൂതങ്ങൾ മാത്രമാണെന്നറിയേണ്ടതാകുന്നു. ഈ പ്രപഞ്ചം കാരണമായ ബ്രഹ്മത്തിൻെറ കാർയ്യരൂപമായി കാണുന്നതുകൊണ്ടു ബ്രഹ്മമാത്രം തന്നെയാണെന്നു വിചാരിച്ചാലറിയാവുന്നതാണു്. മണ്ണിൽനിന്നുണ്ടാവുന്ന ഘടാദികൾ മണ്ണല്ലാതെ ഭവിക്കുന്നതല്ലെന്നു

ആലോചിച്ചാൽ അറിയാവുന്നതല്ലേ? ഘടത്തിന്റെ അകത്തും പുറത്തും മണ്ണുതന്നെയാണു കാണപ്പെടുന്നത്. ഘടം എപ്പോഴും മണ്ണുതന്നെയാണ്. ഘടത്തിന്ന് ആകൃതിയുണ്ടല്ലോ, അതുകൊണ്ട് അതു മണ്ണല്ല എന്നു പറവാൻ പാടില്ല. മണ്ണിനെത്തന്നെയാണ് ആകൃതികൊണ്ടു മൂഢന്മാർ ഘടമാണെന്നു പറയുന്നത്. ആലോചിച്ചു നോക്കുമ്പോൾ നാമംകൊണ്ടു ഭേദമുണ്ടെന്നല്ലാതെ വസ്തുവിന്നു ഭേദം കാണപ്പെടുന്നില്ല. അതുകൊണ്ടു കാര്യം ഒരിക്കലും കാരണത്തിൽനിന്നു ഭേദമുള്ളതായിവരില്ല. അതുപോലെ ഭൌതികമായ സകല പ്രപഞ്ചവും ഭൂതമാത്രമല്ലാതെ മറെറാന്നുമല്ല. ആ പഞ്ചീകൃതഭൂതങ്ങളും ശബ്ദാദികളായ അതാതു ഗുണങ്ങളോടുകൂടി പഞ്ചീകൃതഭൂതകാര്യങ്ങളായ സൂക്ഷ്മശരീരങ്ങളും അപഞ്ചീകൃതഭൂതഭൂതമാത്രമായിത്തന്നെ ഭവിക്കുന്നു. ആ അപഞ്ചീകൃതഭൂതങ്ങളും സത്വരജസ്തമോഗുണങ്ങളോടുകൂടെ അവസ്ഥാകാരണമായ അവ്യക്തമായി ഭവിക്കുന്നു. അവ്യക്തമാവട്ടെ ആത്മാഭാസസ്വരൂപമായി താനേ വിളങ്ങുന്നു. ഇപ്രകാരം ശരീരത്രയങ്ങൾക്കും ആധാരഭൂതമായും ശുദ്ധമായും ആദ്യമായും അഖണ്ഡമായും ഏകരൂപമായുമിരിക്കുന്ന പരബ്രഹ്മവസ്തു സന്മാത്രംതന്നെയാകുന്നു. ഇതിൽ ശരീരത്രയവികല്പമേയില്ല. ഇതു സത്താമാത്രം തന്നെ. ഏകനായിരിക്കുന്ന ചന്ദ്രനെ രണ്ടായി കാണുന്നതു മനുഷ്യന്റെ ദൃഷ്ടിദോഷത്താലാകുന്നു. അതുപോലെ തന്നെ ബ്രഹ്മവും നാനാരൂപമായി തോന്നുന്നതു ബുദ്ധിദോഷത്താലാകുന്നു. ബുദ്ധിദോഷം നശിച്ചാൽ ബ്രഹ്മം ഏകമായിത്തന്നെ പ്രകാശിക്കും. രജ്ജുവിനെക്കണ്ടു സർപ്പമാണെന്നു തോന്നുന്ന ബുദ്ധിഭ്രമം അതു രജ്ജുവാണെന്നറിയുമ്പോൾ രജ്ജുവിൽ ലയിക്കുന്നതുപോലെ ബ്രഹ്മത്തിൽ ഉണ്ടാവുന്ന ജഗൽഭ്രമബുദ്ധി ഗുരുവേദാന്തവാക്യരഹസ്യങ്ങളാൽ അനുഭവപ്പെട്ട ബ്രഹ്മത്തെ അറിയുമ്പോൾ ഭ്രമത്തോടുകൂടി ബ്രഹ്മത്തിൽ തന്നെ ലയിച്ചുപോകുന്നു. ഇപ്രകാരം ബുദ്ധിഭ്രമത്താ

ലുണ്ടായ ദ്വൈതബുദ്ധി നശിക്കുമ്പോൾ പരബ്രഹ്മവസ്തു അദ്വിതീയമായി സത്തായി ഏകരൂപമായി പ്രകാശിക്കുന്നതുകൊണ്ടു നിർവ്വികല്പമായ ബ്രഹ്മവസ്തുവിൽ വിജാതീയഭേദം കാണപ്പെടുന്നില്ലെന്നറിക. അഭിന്നനായ ആത്മാവിന്നു മായ അവിദ്യ എന്നുള്ള ഉപാധികളുണ്ടാകുമ്പോൾ സജാതീയഭേദമുള്ളതുപോലെ തോന്നും. ആ ഉപാധികളെ സ്വപ്നത്തെപ്പോലെ വ്യാജമാണെന്നു തള്ളിക്കളയുന്നതായാൽ ആ ഉപാധിസംബന്ധമില്ലാത്തതുകൊണ്ട് ആത്മാവു സജാതീയഭേദമൊന്നുമില്ലാതെ സ്വയംപ്രകാശകനായ ബ്രഹ്മമാത്രമായിത്തന്നെ വിളങ്ങും. ഘടത്തിന്റെ ആകാശം ഘടം നശിക്കുമ്പോൾ മഹാകാശത്തിൽ ലയിക്കുന്നതുപോലെ ഉപാധി നശിക്കുമ്പോൾ ആത്മാവു കേവലം ബ്രഹ്മമാത്രമായിത്തന്നെ ഭവിക്കുന്നു. ഘടമുള്ളപ്പോഴും ഇല്ലാതിരിക്കുമ്പോഴും മഹാകാശം ഭിന്നമില്ലാതെ പൂർണ്ണമായിത്തന്നെ ഇരിക്കുന്നതാണ്. നിത്യസമ്പൂർണ്ണമായ ആകാശത്തിന്നു ഭിന്നത്വം എങ്ങിനെ സംഭവിക്കും? അപരിച്ഛിന്നമായ ആകാശം ഘടാദികളാൽ പരിച്ഛിന്നമെന്നതുപോലെ പാമരന്മാർക്കു തോന്നുന്നു. ഏകസ്വരൂപമായ ഭൂമി, ഗ്രാമം, ക്ഷേത്രം മുതലായ അവധികളാൽ ഭിന്നമായി തോന്നുന്നില്ലേ? അതുപോലെ മഹത്തിലും വെച്ചു മഹത്തരമായ പരബ്രഹ്മവസ്തു ഭ്രമത്താലുണ്ടായ കല്പിതബുദ്ധിയാൽ പരിച്ഛിന്നമെന്നതുപോലെ തോന്നുകയാകുന്നു. അതുകൊണ്ടു ബ്രഹ്മത്തിന്നും ആത്മാവിന്നുമുള്ള ഭേദം കല്പിതമാകുന്നു, വാസ്തവമല്ല. ബ്രഹ്മത്തിന്നും ആത്മാവിന്നുമുള്ള അഭേദത്തെക്കാണിപ്പാനായി വേദം 'തത്വമസി' എന്നുള്ള മഹാവാക്യത്താൽ ബ്രഹ്മാത്മാക്കൾക്കുള്ള ഐക്യത്തെ പ്രതിപാദിക്കുന്നു. ആ മഹാവാക്യത്തിന്റെ വാച്യാർത്ഥം പ്രത്യക്ഷവിരോധമായതുകൊണ്ട് ഐക്യം സിദ്ധിക്കുന്നില്ല. ലക്ഷ്യാർത്ഥംകൊണ്ടു തൽ ത്വം എന്നുള്ള പദാർത്ഥങ്ങളുടെ ഐക്യം സിദ്ധിക്കുന്നു. അതുപോലെ ഉപാധിയുള്ളപ്പോഴും ഇല്ലാതിരിക്കു

മ്പോഴും ആത്മാവു പരിപൂൎണ്ണനായിരിക്കുന്നതല്ലാതെ ഭിന്ന ത്വം ഒരിക്കലും സംഭവിക്കുകയില്ല.

ശിഷ്യൻ:— അല്ലയോ ഗുരോ, തൽ ത്വം പദങ്ങൾക്ക് അ ൎത്ഥം എത്രവിധമുണ്ട്? വാച്യാൎത്ഥമെന്നാലെന്താകുന്നു? ല ക്ഷ്യാൎത്ഥമെന്നാലെന്ത്? വാച്യാൎത്ഥത്തിന്ന് ഐക്യസിദ്ധി ക്കു വിരോധമെന്താകുന്നു? ആ വിരോധം ലക്ഷ്യാൎത്ഥത്തി ന്ന് ഇല്ലാത്തത് എന്തുകൊണ്ടാണ്? തത്വമസി എന്ന വാ ക്യത്തിന്നു ലക്ഷ്യാൎത്ഥമായ ജീവബ്രഹ്മൈക്യസിദ്ധിക്ക് എ ന്തു ലക്ഷണയാണ് പറയപ്പെട്ടിരിക്കുന്നത്? കരുണാനി ധിയായ ഭവാൻ ഇതെല്ലാം വിസ്തരിച്ചുപദേശിക്കുക.

ഗുരു:— അല്ലയോ ശിഷ്യാ, നിന്റെ പൂൎവ്വാൎജ്ജിതങ്ങളായ ത പസ്സുകളെല്ലാം ഇപ്പോഴാണു ഫലിച്ചിരിക്കുന്നത്. ശ്രദ്ധ യോടെ കേട്ടുകൊള്ളുക.

ഈ മഹാവാക്യശ്രവണത്താൽ തന്നെ പൂൎണ്ണജ്ഞാനം ലഭിക്കുന്നതാകുന്നു. ഈ മഹാവാക്യാൎത്ഥത്തെ വിചാരിച്ചറി യാതിരിക്കുന്ന കാലം വരെയ്ക്കും ജനനമരണരൂപമായ സം സാരബന്ധം നശിക്കുന്നതല്ല. സച്ചിദാനന്ദരൂപമായും അഖ ണ്ഡരസാവസ്ഥയായും ഇരിക്കുന്ന മോക്ഷം സത്തുക്കൾക്ക് ഈ മഹാവാക്യജന്യമായ പരോക്ഷജ്ഞാനത്താലാകുന്നു സി ദ്ധിക്കുന്നത്. അതുകൊണ്ടു മുമുക്ഷുക്കൾ സംസാരമോചന ത്തിന്നായി ഈ മഹാവാക്യാൎത്ഥത്തെത്തന്നെയാണ് അറിയേ ണ്ടത്. ഇതിനെ വിസ്തരിച്ചു പറയാം. ശ്രദ്ധിച്ചു കേൾക്കു.

മഹാവാക്യത്തിന്നു വാച്യാൎത്ഥം ലക്ഷ്യാൎത്ഥം മുതലായ ഭേദത്താൽ ബഹുവിധമായ അൎത്ഥങ്ങൾ വിദ്വാന്മാരാൽ പ റയപ്പെട്ടിട്ടുണ്ട്. ഈ മഹാവാക്യത്തിൽ തൽ, ത്വം, അസി എന്നിങ്ങിനെ മൂന്നു പദങ്ങളാണല്ലോ കാണപ്പെടുന്നത്. അ തിൽ ആദ്യത്തേതായ 'തൽ'പദത്തെക്കുറിച്ചു പറയാം. തൽ പദത്തിന്നു വാച്യാൎത്ഥമെന്നും ലക്ഷ്യാൎത്ഥമെന്നും രണ്ടുവിധ ത്തിലാണ് ബ്രഹ്മജ്ഞന്മാരാൽ അൎത്ഥം പറയപ്പെട്ടിരിക്കുന്ന

ത്. അതിൽ വാച്യാൎത്ഥത്തെ ഒന്നാമതു പറയാം. ശുദ്ധസത്വപ്രധാനമായും, ചിൽപ്രതിബിംബസഹിതമായും, ആകാശം മുതൽ വിരാൾപുരുഷാന്തമുള്ള കാൎയ്യത്തോടുകൂടിയതും, സമഷ്ട്യജ്ഞാനത്തിൽ ചേൎന്ന ചൈതന്യമായതും, സച്ചിദാനന്ദലക്ഷണമുള്ളതായും സൎവ്വജ്ഞത്വം ഈശ്വരത്വം അന്തൎയ്യാമിത്വം മുതലായ ഗുണങ്ങളോടുകൂടിയതായും സൃഷ്ടിസ്ഥിതിസംഹാരം മുതലായ ധൎമ്മങ്ങളോടുകൂടിയതായും സൎവ്വാകാരമായി ശോഭിക്കുന്നതായും എണ്ണുവാൻ കഴിയാത്ത ഗുണങ്ങളോടുകൂടിയതായും ഉള്ളതാകുന്നു. അവ്യക്തമായ ആ ബ്രഹ്മത്തെയാകുന്നു തൽപദത്തിന്റെ വാച്യാൎത്ഥമെന്നു പറയപ്പെട്ടിരിക്കുന്നത്. തൽപദാൎത്ഥമായ ബ്രഹ്മത്തിന്നും ത്വംപദാൎത്ഥമായ പ്രത്യഗാത്മാവിന്നും തമ്മിലുള്ള സംബന്ധം വിശേഷണവിശേഷ്യങ്ങളായ നീലം ഉല്പലം എന്നു പറയുന്ന വാക്യാൎത്ഥത്തിന്റെ സംബന്ധംപോലെയുള്ളതല്ല. വിശേഷണവിശേഷ്യപദങ്ങളുടെ ആവശ്യം അന്യവസ്തുക്കളിൽനിന്നു ഭേദത്തെക്കാണിപ്പാനാകുന്നു. നീലശബ്ദംകൊണ്ടു വിശേഷിക്കപ്പെട്ട ഉല്പലം ശുക്ലാദിവൎണ്ണവിശിഷ്ടമല്ലെന്നു തെളിയിക്കുവാൻ വേണ്ടിയാകുന്നു. നീലോല്പലശബ്ദങ്ങൾ വിശേഷണവിശേഷ്യഭാവമായിട്ടു വാക്യാൎത്ഥം പറയുന്നതിന്നു പ്രമാണാന്തരവിരോധമൊന്നുമില്ലാത്തതുകൊണ്ട് ഇവിടെ ഈവിധം വാക്യാൎത്ഥം യുക്തമായിരിക്കുന്നു. ഇപ്രകാരം തത്വമസി എന്ന വാക്യാൎത്ഥത്തിൽ അൎത്ഥവൎണ്ണനം യോജിക്കുന്നതല്ല. എന്തുകൊണ്ടെന്നാൽ, സൎവ്വജ്ഞത്വാദിവിശിഷ്ടമായ തൽപദാൎത്ഥത്തിന്റെയും കിഞ്ചിജ്ജ്ഞത്വാദിവിശിഷ്ടമായ ത്വംപദാൎത്ഥത്തിന്റെയും അന്യോന്യഭേദത്തെ കാണിക്കുന്നതായ വിശേഷണവിശേഷ്യഭാവസംബന്ധത്താലോ ഇതരസംബന്ധത്താലോ വാക്യാൎത്ഥം ഘടിക്കുന്നതിന്നു പ്രത്യക്ഷാദിപ്രമാണസിദ്ധമായ വിരോധമുള്ളതുകൊണ്ട് ആ വിധം വാക്യാൎത്ഥം യുക്തമാവുകയില്ല. ആ പ്രത്യക്ഷാദിവിരോധമെന്തെന്നു പറയാം.

12 *

സർവ്വേശ്വരത്വം, സ്വാതന്ത്രത്വം, സർവ്വജ്ഞത്വം, സത്യകാമത്വം, സത്യസങ്കല്പത്വം, സർവ്വാത്മത്വം മുതലായ ഗുണവിശിഷ്ടനാകുന്നു തൽപദത്തിന്റെ അർത്ഥമായ ഈശ്വരൻ. കിഞ്ചിജ്ഞൻ, ദുഃഖിതൻ, സംസാരി, അവിദ്യാവശഗൻ ഇങ്ങിനെയുള്ള ജീവനാകുന്നു ത്വം പദത്തിന്റെ അർത്ഥമായ ജീവൻ. ഇങ്ങിനെ വിപരീതന്മാരായ ഇവർക്ക് ഐക്യം എങ്ങിനെ സംഭവിക്കും? ഇങ്ങിനെയുള്ള വിരോധം ജീവേശ്വരന്മാരിൽ പ്രത്യക്ഷമായി കാണുന്നു. അഗ്നിക്കും മഞ്ഞിന്നും തമ്മിലുള്ളതുപോലെ ശബ്ദംകൊണ്ടും അർത്ഥംകൊണ്ടും പരസ്പരം വിരുദ്ധധർമ്മികളായ ജീവേശ്വരന്മാർക്ക് ഐക്യം സിദ്ധിക്കുന്നതിൽ പ്രത്യക്ഷാദിവിരോധങ്ങളുണ്ട്. എന്നാൽ ഐക്യത്തെ പരിത്യജിക്കുന്നതായാലോ ശ്രുതിവചനത്തിന്നും സ്മൃതിവചനത്തിന്നും വലുതായ വിരോധവും സംഭവിക്കുന്നു. ശ്രുതിവചനങ്ങളാകട്ടെ ജീവേശ്വരന്മാരുടെ ഐക്യത്തെ താല്പര്യമായി പ്രതിപാദിക്കുന്നു. പിന്നേയും പിന്നേയും പറയപ്പെട്ടതായ ഈ മഹാവാക്യത്തിൽനിന്നുതന്നെ ശ്രുതിവചനതാല്പര്യം ഗ്രഹിക്കേണ്ടതാകുന്നു. വിശിഷ്ടമോ സംസൃഷ്ടമോ ആയ വാക്യാർത്ഥം മിഥ്യയായതുകൊണ്ടു ശ്രുതിസമ്മതമാകുന്നതല്ല. അഖണ്ഡാർത്ഥബോധരൂപമായ വാക്യാർത്ഥംതന്നെയാകുന്നു ശ്രുതിസമ്മതമായിരിക്കുന്നത്. ശ്രുതിയാവട്ടെ കാർയ്യകാരണാത്മകമായ പ്രപഞ്ചത്തിന്നു പിന്നേയും പിന്നേയും സദേകരൂപത്വത്തെത്തന്നെ കാണിച്ചുകൊണ്ടു സുഷുപ്തിയിൽ ആ ബ്രഹ്മത്തോടുകൂടി ജീവാത്മാവിന്ന് ഐക്യത്തെ പ്രതിപാദിച്ച് എല്ലായ്പോഴും ഐക്യമുണ്ടെന്നു കാണിപ്പാനായി പ്രവർത്തിച്ചതായ 'ഐതദാത്മ്യ'മെന്നുള്ള ശ്രുതി ബ്രഹ്മത്തിന്ന് അദ്വിതീയത്വം സിദ്ധിപ്പാനായി ജീവപരന്മാരുടെ ഐക്യത്തെ സദാ പ്രതിപാദിക്കുന്നു. ജീവനും പ്രപഞ്ചവും ബ്രഹ്മത്തിൽനിന്നു ഭിന്നമാണെങ്കിൽ ബ്രഹ്മത്തിന്ന് അദ്വിതീയത്വം

എങ്ങിനെ സിദ്ധിക്കും? ആ ജീവപരന്മാക്ക് അഖണ്ഡത്വവും ഏകത്വവുംതന്നെയാണ് ശ്രുതിസമ്മതമായിട്ടുള്ളത്. എന്നാൽ ഇതിൽ തത്വം പദങ്ങളുടെ വാച്യാൎത്ഥങ്ങളിലുള്ള വിരുദ്ധാംശങ്ങളെ പരിത്യജിച്ച് പ്രത്യക്ഷാദിവിരോധത്തേയും അവയിൽ വിരോധമില്ലാത്ത അംശങ്ങളെ സ്വീകരിച്ച് ശ്രുതിവിരോധത്തേയും പരിഹരിക്കാം. എന്നാൽ വാക്യാൎത്ഥം ലഭിപ്പാൻ വേണ്ടി ലക്ഷണയെ സ്വീകരിക്കേണ്ടതാകുന്നു. വാച്യാൎത്ഥം ഘടിക്കാത്ത ദിക്കിൽ ലക്ഷണയെ സ്വീകരിക്കുക പതിവാണ്. ചില വിദ്വാന്മാർ വാച്യാൎത്ഥങ്ങൾക്കു യോജിപ്പില്ലാതെ വരുന്ന സമയത്തും ലക്ഷണയെ സ്വീകരിക്കാറുണ്ട്. ലക്ഷണ, ജഹല്ലക്ഷണയെന്നും, അജഹല്ലക്ഷണയെന്നും ജഹദജഹല്ലക്ഷണയെന്നും മൂന്നു വിധത്തിലാകുന്നു. ഒരു വാക്യത്തിന്റെ വാച്യാൎത്ഥത്തെ വിട്ട് മറെറാരൎത്ഥത്തെ സ്വീകരിക്കുന്നതു ജഹല്ലക്ഷണയാകുന്നു. ഒരു വാക്യത്തിൽ വാച്യാൎത്ഥത്തോടുകൂടി വേറെ ചില അൎത്ഥത്തെ സ്വീകരിക്കുന്നത് അജഹല്ലക്ഷണയാകുന്നു. വാച്യാൎത്ഥത്തിൽ ഏതാനുംഭാഗംവിടുകയും ഏതാനും ഭാഗത്തെ സ്വീകരിക്കയും ചെയ്യുന്നതു ജഹദജഹല്ലക്ഷണയാകുന്നു. ഗംഗയിൽ ഇടയന്മാരുടെ തെരുവുണ്ടെന്നുപറയുന്നതു ജഹല്ലക്ഷണയാകുന്നു. പാൽ കാക്കതൊടാതെസൂക്ഷിക്കേണമെന്നു പറയുന്നതുഅജഹല്ലക്ഷണയാകുന്നു. കാക്ക തൊടാതെ സൂക്ഷിക്കേണമെന്നു പറയുന്നതുകൊണ്ടു കാക്കയെ ഒഴിച്ചു മററുള്ള ജന്തുക്കളും തൊടരുതെന്നു അൎത്ഥമാവുന്നു. അന്നൊരിക്കൽ ഒരേടത്തു കണ്ട ദേവദത്തനാകുന്നു ഇന്നിവിടെ കാണുന്ന ഇവൻ എന്നുപറയുന്നതു ജഹദജഹല്ലക്ഷണയാകുന്നു. തത്വമസി എന്ന വാക്യത്തിൽ ജഹല്ലക്ഷണ യോജിക്കുന്നതല്ല. ഗംഗയിൽ ഇടയത്തെരുവുണ്ടെന്നു പറയുന്നതു ഗംഗയെ സംബന്ധിച്ച കരയെ സ്വീകരിക്കുന്നതുപോലെ സൎവ്വജ്ഞത്വം മുതലായ ധൎമ്മങ്ങളോടുകൂടീട്ടുള്ള ചൈതന്യം അസംഗമായതുകൊണ്ടു തത്വമസി വാക്യത്തിൽ സംയോ

ജിക്കുന്നില്ല. ജഹല്ലക്ഷണപോലെ തന്നെ അജഹല്ലക്ഷണയും യോജിക്കുകയില്ല. പാൽ കാക്കതൊടാതെ സൂക്ഷിക്കേണമെന്നു പറയുന്നവന്നു, പൂച്ച മുതലായ മററു ജന്തുക്കളും തൊടരുതെന്ന് അഭിപ്രായമുള്ളതുകൊണ്ടാണ് അജഹല്ലക്ഷണയെന്നു പറയപ്പെട്ടിട്ടുള്ളത്. ജീവപരമാത്മാക്കൾക്കു ഐക്യത്തെ ബോധിപ്പിക്കുന്നതായ തത്വമസി എന്ന വാക്യത്തിൽ പരോക്ഷത്വം, അപരോക്ഷത്വം മുതലായ വിരുദ്ധാംശങ്ങളെ കളയാതെ ഐക്യം സിദ്ധിക്കുന്നതല്ല. അതുകൊണ്ട് അജഹല്ലക്ഷണയും യോജിക്കുന്നതല്ല. ജഹദജഹല്ലക്ഷണയാവട്ടെ, തൽപദത്തിൻേറയും ത്വംപദത്തിൻേറയും വിരുദ്ധാംശങ്ങളെ വിട്ടുകളഞ്ഞ് വിരോധമില്ലാത്ത അംശങ്ങളെ സ്വീകരിച്ചു ജീവപരമാത്മാക്കൾ തമ്മിലുള്ള ഐക്യത്തെ നല്ലവണ്ണം കാണിക്കുന്നുണ്ടെന്നുള്ളതിൽ ഒട്ടും സംശയം വേണ്ട. ജീവപരമാത്മാക്കളിൽ വിരുദ്ധാംശങ്ങളേതെല്ലാമെന്നാൽ പരോക്ഷത്വം അപരോക്ഷത്വം, സർവ്വജ്ഞത്വം കിഞ്ചിജ്ഞത്വം മുതലായവകളാകുന്നു. ഇവ അജ്ഞാനകല്പിതങ്ങളായതുകൊണ്ടു ത്യാജ്യങ്ങളാകുന്നു. തത്വമസി എന്ന വാക്യാർത്ഥംകൊണ്ട് ഉപാധിരഹിതമായും സച്ചിദാനന്ദസ്വരൂപമായും അദ്വയമായും നിർവ്വിശേഷമായും നിരാഭാസമായും ഇന്നവിധമാണെന്നു പറവാൻ കഴിയാത്തതായും ആദ്യന്തരഹിതമായുമിരിക്കുന്ന നിർഗ്ഗുണബ്രഹ്മം ശേഷിക്കുന്നു. ഈ ജീവപരമാത്മാക്കൾക്ക് ഉപാധിസംബന്ധംകൊണ്ടു തോന്നുന്നതായ വിരോധം ഐക്യജ്ഞാനംകൊണ്ടു ഉപാധിസംബന്ധം ത്യജിക്കപ്പെടുമ്പോൾ ഇവക്കു തമ്മിലുള്ള ഐക്യത്തിന്നു യാതൊരു വിരോധവും ഇല്ല. ഉപാധിയും ഉപാധിസംബന്ധവും ഉപാധിധർമ്മങ്ങളുടെ സംബന്ധവും വിരോധങ്ങളും ഇവയെല്ലാം ഭ്രാന്തിയാൽ കല്പിക്കപ്പെട്ടവകളാകകൊണ്ടു സ്വപ്നത്തിൽ കണ്ട വസ്തു ഉറക്കമുണരുമ്പോൾ മിഥ്യയാകുന്നതുപോലെ ഭ്രാന്തി നശിച്ചു തത്വജ്ഞാനം വരുമ്പോൾ എ

ല്ലാം മിഥ്യതന്നെയാകുന്നു നിദ്രകൊണ്ടുണ്ടായവയായ ദേഹം, ധൎമ്മം, സുഖദുഃഖം മുതലായ പ്രപഞ്ചമാവട്ടെ ജീവേശ്വരന്മാരുടെ ഭേദമാവട്ടെ ഒരിക്കലും സത്യമായി വരുവാൻ പാടുള്ളതല്ല. ഇപ്രകാരം തന്നെ മായാകല്പിതങ്ങളായ ദേശം, കാലം, ജഗത്ത്, ഈശ്വരൻ എന്നുള്ള ഭ്രമങ്ങളും മിഥ്യതന്നെയാകുന്നു. ഈ സ്വപ്നത്തിന്നും മായക്കും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നിരിക്കെ ഇതിൽ സത്യമേതാകുന്നു? മിഥ്യയേതാകുന്നു? അവിദ്യാകാൎയ്യം നിമിത്തം സ്വപ്നവും ജാഗ്രത്തും തുല്യംതന്നെയാകുന്നു. ഈ സ്വപ്നജാഗ്രങ്ങൾ രണ്ടിന്നും ദ്രഷ്ടാവിന്റെയും ദൃശ്യത്തിന്റെയും ദൎശനത്തിന്റെയും കല്പനകൾ സമമാകുന്നു. ഇവ രണ്ടും ഇല്ലാതാവുന്നതു സുഷുപ്തിയിൽ സകലരാലും അനുഭവിക്കപ്പെടുന്നതുമാകുന്നു. ഇവ രണ്ടിന്നും യാതൊരു വ്യത്യാസവുമില്ലാത്തതുകൊണ്ടു രണ്ടും മിഥ്യകൾ തന്നെ. ബ്രഹ്മത്തിൽ തോന്നുന്നവകളായ സജാതീയവിജാതീയഭേദങ്ങളും ഭ്രാന്തിയാൽ കല്പിതങ്ങളാകുന്നു. കാലത്രയത്തിലും അത് ഇല്ലാത്തതാകുന്നു. കല്പിതമായ ഭേദം മിഥ്യയാണെന്നറിവാനായിട്ടാണ് ശ്രുതി അതിനെ നിഷേധിക്കുന്നത്. അതുകൊണ്ടു ബ്രഹ്മം സദാ അദ്വിതീയവും വികല്പമില്ലാത്തതും ഉപാധിരഹിതവും നിൎമ്മലവും നിരന്തരാനന്ദഘനവും നിരീഹവും നിരാസ്പദവുമായ ഏകസ്വരൂപമാകുന്നു. ബ്രഹ്മത്തിൽ യാതൊരു ഭേദവുമില്ല, ഗുണസംബന്ധവുമില്ല. വാക്കോ മനസ്സോ അതിൽ പ്രവൎത്തിക്കുന്നില്ല. ആബ്രഹ്മം ശാന്തമായും അനന്തമായും കേവലമായും അദ്വിതീയമായും ഇരിക്കുന്ന ആനന്ദമാത്രമായി ശോഭിക്കുന്നു. അല്ലയോ ശിഷ്യാ, ജരാമരണരഹിതമായും, സച്ചിദാനന്ദാത്മകമായും നിത്യമായും സത്യമായും ഇരിക്കുന്ന പരബ്രഹ്മം നീ തന്നെയാകുന്നു. ഞാൻ പറയുന്നതു സത്യമാണ്. നീ, ഈ കാണുന്ന ദേഹമല്ല, പ്രാണനല്ല, ഇന്ദ്രിയങ്ങളുമല്ല, മനസ്സോ ബുദ്ധിയോ അഹങ്കാരമോ അല്ല, ഇവകളുടെ സംബ

ന്ധവും നിനക്കില്ല. അല്ലയോ പ്രിയശിഷ്യാ, മേൽപറഞ്ഞ വകളെയെല്ലാം പ്രകാശിപ്പിച്ചുകൊണ്ട് അവയുടെ സാക്ഷിമാത്രമാകുന്ന നിമ്മലബ്രഹ്മമാകുന്നു നീയെന്നറിഞ്ഞാലും. യാതൊരു വസ്തു ജനിക്കുന്നുവോ ആ വസ്തു വദ്ധിക്കുകയും നശിക്കുകയും ചെയ്യുന്നു. അജനായി നിത്യനായിരിക്കുന്ന നിണക്കു ജനനവുമില്ല, മരണവുമില്ല. കമ്മയോഗത്താൽ യാതൊരു ദേഹം ജനിക്കുകയും വദ്ധിക്കുകയും നശിക്കുകയും ചെയ്യുന്നുവോ ഈ അവസ്ഥകളിലെല്ലാം നീ ഇരിക്കുന്നതുകൊണ്ട് ആ അവസ്ഥകളിലെല്ലാം അറിയുന്ന സാക്ഷി മാത്രമാകുന്നു. നീ സ്വയംപ്രകാശമായും അഖിലാത്മകമായും ജാഗ്രത്സ്വപ്നസുഷുപ്ത്യവസ്ഥകളിൽ ഞാൻ ഞാൻ എന്ന ഭാവത്തോടെ ഏകരൂപമായി സദാ പ്രതിഭാസിക്കുന്നതായും ബുദ്ധിയുടെ സകല വികാരങ്ങളെയും അറിഞ്ഞുകൊണ്ട് അവികാരിയായിരിക്കുന്ന യാതൊരു പരബ്രഹ്മമുണ്ടോ ആ ബ്രഹ്മം നീയാകുന്നു. സദാ സംവിദ്രൂപമായ ആത്മസ്വരൂപത്തിൽ കല്പിതമായ സവ്വപ്രപഞ്ചത്തിന്നും സത്തയെ കൊടുത്തു സ്വപ്രകാശത്തിനാൽ സകലത്തെയും പ്രകാശിപ്പിച്ചുകൊണ്ടു കേവലജ്ഞാനമാത്രമായിരിക്കുന്ന യാതൊരു ബ്രഹ്മമുണ്ടോ അതു നീതന്നെയാകുന്നു. ദൃഢസമാധിനിരതന്മാരായ പരമഹംസന്മാർ നിമ്മലഹൃദയങ്ങളിൽ സച്ചിദാനന്ദസ്വരൂപമായ യാതൊരു ആത്മതത്വത്തെ പ്രത്യക്ഷമായി കണ്ടു സന്തോഷിക്കുന്നുവോ ബോധസ്വരൂപമാകുന്ന ആ ബ്രഹ്മം നീതന്നെയാകുന്നു. അവ്യയം അനന്തം അനാദിമദ്ധ്യം അവ്യക്തം അക്ഷരം അപ്രമേയം ആനന്ദഘനം അനാമയം അദ്വിതീയം എന്നിങ്ങിനെ വേദപ്രതിപാദ്യമായ യാതൊരു കേവലജ്ഞാനമാത്രബ്രഹ്മമുണ്ടോ അതു നീതന്നെയാകുന്നു. അകത്തും പുറത്തും ഒരുപോലെ നിറഞ്ഞതായി ആകൃതിക്കു മാററമില്ലാത്തതായി മണ്ണിനെപ്പോലെ വികാരമില്ലാത്തതായി മൂഢബുദ്ധികൾക്കു നാമരൂപാദിപ്രപഞ്ചംപോലെ തോന്നുന്നതായി ആത്മവേദ്യമായിരി

ക്കുന്നയാതൊരു ബ്രഹ്മമുണ്ടോ ബോധസ്വരൂപമായ ആ ബ്രഹ്മം നീതന്നെയാകുന്നു. നിന്റെ ദേഹമാവട്ടെ, ദേഹസംബന്ധമാവട്ടെ, ദേഹധർമ്മമാവട്ടെ ഇവയുടെ ആരോപമെല്ലാം ഭ്രാന്തിമാത്രമാകുന്നു. വാസ്തവത്തിൽ ഒന്നും തന്നെയില്ല. അതുകൊണ്ടു നീ ജനനമില്ലാത്തവനാകുന്നു. അങ്ങിനെയിരിക്കെ നിനക്കു മരണഭയം എങ്ങിനെയുണ്ടാവും? നീ പരിപൂർണ്ണനാണല്ലോ. ഭ്രാന്തിദൃഷ്ടിയിൽ കാണുന്ന സകലവും യഥാർത്ഥദൃഷ്ടിയിൽ നീ തന്നെയാകുന്നു. ലോകത്തിൽ നിന്നെയൊഴിച്ചു മറ്റൊരു വസ്തുവില്ല അദ്വയനായിരിക്കുന്ന നിനക്ക് ഏതൊരു വസ്തുവിൽ നിന്നാകുന്നു ഭയമുണ്ടാവാനിടയുള്ളത്. ഈ കാണുന്നതഖിലവും ഞാൻ തന്നെയാണെന്ന് ആത്മസ്വരൂപമായി അറിയുന്ന വിദ്വാന് ഏതിൽ നിന്നാകുന്നു ഭയം? തങ്കൽനിന്നു തന്നെ തനിക്കു ഭയമുണ്ടാവാനിടയില്ല. അതുകൊണ്ട് നീ നിർഭയനും നിത്യനും ആനന്ദസ്വരൂപനും അസംഗനും നിഷ്ക്രിയനും ശാന്തനും അദ്വയനും ആയ ബ്രഹ്മം തന്നെയാകുന്നു. ത്രിപുടിരഹിതവും ജ്ഞാതാവിൽ നിന്നു വേറല്ലാത്തതും അഖണ്ഡജ്ഞാനസ്വരൂപവും ജ്ഞേയമല്ലെന്നു പറവാൻ കഴിയാത്തതും ജ്ഞേയമാണെന്നു പറവാൻ കഴിയാത്തതും ബുദ്ധിപ്രവർത്തകവും ശുദ്ധവും ആകുന്ന ആ ബ്രഹ്മം നീതന്നെയാകുന്നു. തൈജസാദിഭേദങ്ങളോടു കൂടാത്തതും ജ്ഞാനമാത്രമായതും സദ്രൂപമായതും സമരസമായതും ഏകമായതുമായ ശുദ്ധബ്രഹ്മം നീയാകുന്നു. സർവ്വസ്വരൂപമായതും എല്ലാററിനേയും തള്ളിക്കളഞ്ഞാൽ ശേഷിക്കുന്നതും സത്യവും ശാശ്വതവും അനന്തവുമായ ശുദ്ധബ്രഹ്മം നീതന്നെയാകുന്നു. നിത്യാനന്ദമായും അഖണ്ഡൈകരസമായും നിഷ്കളമായും നിഷ്ക്രിയമായും പ്രത്യഗാത്മാവിൽനിന്ന് അഭിന്നമായും അവ്യക്തമായും ഇരിക്കുന്ന ശുദ്ധബോധം നീതന്നെയാകുന്നു. വിശേഷരഹിതമായും ആകാശംപോലെ ഉള്ളും പുറവും നിറഞ്ഞതായും ബ്രഹ്മാനന്ദമായും അദ്വൈതമായുമി

രിക്കുന്ന ശുദ്ധബ്രഹ്മം നീതന്നെയാകുന്നു. അതുകൊണ്ടു 'ഞാൻ നിർവ്വികല്പമായും നിർഗ്ഗുണമായുമിരിക്കുന്ന ബ്രഹ്മം തന്നെയാകുന്നു' എന്നിങ്ങിനെയുള്ള അഖണ്ഡാകാരയായ വൃത്തിയോടുകൂടെ നിഷ്ക്രിയമായ ബ്രഹ്മത്തിൽ ഇരുന്നുകൊള്ളുക.

"അഖണ്ഡാമേവൈതാം ഘടിതപരമാനന്ദലഹരീം
പരിദ്ധ്വസ്തദ്വൈതപ്രമിതിമമലാംവൃത്തിമനിശം
അമുഞ്ചാന! സ്വാത്മന്യനുപമസുഖേബ്രഹ്മണിപരേ
രമസ്വപ്രാരബ്ധംക്ഷപയസുഖവൃത്ത്യാത്വമനയാ".

ദ്വൈതപ്രതീതിയെ കളയുന്നതായും പരമാനന്ദലഹരിയെ ഉണ്ടാക്കുന്നതായുമുള്ള ഈ അഖണ്ഡാകാരവൃത്തിയെ എപ്പോഴും വിടാതെ അനുപമസുഖമായ പരബ്രഹ്മത്തിൽ ലയിച്ചുകൊണ്ടു സുഖാനുഭവത്താൽ പ്രാരബ്ധത്തെ ക്ഷയിപ്പിച്ചുകൊള്ളുക. അല്ലയോ ശിഷ്യാ, ബ്രഹ്മാനന്ദരസത്തെ ആസ്വദിക്കുന്നതിൽ അതിതല്പരമായ ഏകാഗ്രചിത്തംകൊണ്ടു സദാസമാധിനിഷ്ഠനായിരുന്നുകൊൾക.

ശിഷ്യൻ— ഹേ, ഗുരോ, മഹാവാക്യാർത്ഥത്തിന്റെ ശ്രവണമാത്രത്താൽ തന്നെ ഈ അഖണ്ഡാകാരവൃത്തി ഉണ്ടാവുമോ? അതോ വേറെ വല്ല ക്രിയയും ചെയ്യേണ്ടിവരുമോ? സമാധിയെന്നാലെന്താകുന്നു? അത് എത്ര വിധമുണ്ട്, സമാധി സിദ്ധിപ്പാനുള്ള സാധനങ്ങൾ എന്തെല്ലാമാണ്? സമാധിക്കുള്ള വിഘ്നങ്ങൾ എന്തെല്ലാമാണ്? ഇതെല്ലാം ദയവുചെയ്തു പറഞ്ഞുതരിക.

ഗുരു—അല്ലയോ ശിഷ്യാ, ഇതിന്നധികാരികൾ മുഖ്യാധികാരിയെന്നും, ഗൌണാധികാരിയെന്നും രണ്ടു വിധമായി പറയപ്പെട്ടിരിക്കുന്നു. അഖണ്ഡാകാരവൃത്തി ഉത്ഭവിക്കുന്നത് ഇവരുടെ പ്രജ്ഞയെ അനുസരിച്ചാകുന്നു.

"ശ്രദ്ധാഭക്തിപുരസ്സരേണവിഹിതേനൈവേശ്വരംകർമ്മണാ
സന്തോഷ്യാർജ്ജിതതൽപ്രസാദമഹിമാജന്മാന്തരേഷ്വേവയഃ

നിത്യാനിത്യവിവേകതീവ്രവിരതിന്യാസാദിഭിഃസാധനൈ-
ർയ്യുക്തഃസച്ശ്രവണേസതാമഭിമതോമുഖ്യാധികാരീദ്വിജഃ"

ജന്മാന്തരങ്ങളിൽ തന്നെ ശ്രദ്ധാഭക്തിപുരസ്സരം വിഹിതകർമ്മങ്ങളാൽ ഈശ്വരനെ സന്തോഷിപ്പിച്ച സമ്പാദിച്ചതായ പ്രസാദമഹിമയാൽ ഉത്ഭവിച്ച നിത്യാനിത്യവിവേകം, തീവ്രവൈരാഗ്യം, സർവ്വകർമ്മസന്യാസം മുതലായ സാധനങ്ങളോടുകൂടിയ ദ്വിജൻ മഹാവാക്യശ്രവണത്തിനു മുഖ്യാധികാരിയാണെന്നാകുന്നു മഹാന്മാരുടെ അഭിപ്രായം. ആത്മജ്ഞനായ ഗുരുനാഥങ്കൽനിന്ന് അദ്ധ്യാരോപാപവാദക്രമത്തെ അനുസരിച്ച മഹാവാക്യശ്രവണം സിദ്ധിക്കുമ്പോൾ ഹൃദയകാലുഷ്യമെല്ലാം വേഗത്തിൽ നശിച്ച ശുദ്ധബുദ്ധിയായവനു നിത്യാനന്ദമായും അദ്വിതീയമായും നിരുപമമായും നിർമ്മലമായും ഏകതത്വമായും ഇരിക്കുന്ന ആ പരബ്രഹ്മം ഞാൻ തന്നെയാകുന്നു എന്നുള്ള അഖണ്ഡാകാരവൃത്തി ഉത്ഭവിക്കുന്നു. ആ അഖണ്ഡാകാരവൃത്തി ചിൽപ്രതിബിംബത്തോടുകൂടെ ആത്മാവിൽനിന്നു ഭിന്നമല്ലാത്ത കേവലപരബ്രഹ്മത്തെത്തന്നെ വിഷയീകരിച്ച് ആവരണലക്ഷണമായ അജ്ഞാനത്തെ നശിപ്പിക്കുന്നു. അഖണ്ഡാകാരവൃത്തിയാൽ അജ്ഞാനം നശിക്കുമ്പോൾ അജ്ഞാനകാർയ്യമായ ദേഹാദിപ്രപഞ്ചവും അജ്ഞാനത്തോടുകൂടെ നശിച്ചുപോകുന്നു. വസ്ത്രത്തിൻെറ കാരണമായ നൂലിന്നു നാശം ഭവിക്കുമ്പോൾ നൂലിൻെറ കാർയ്യമായ വസ്ത്രം നശിക്കാതിരിക്കയില്ലല്ലൊ. ഈ അഖണ്ഡാകാരവൃത്തി അഹങ്കാരവൃത്തിയേയും നശിപ്പിക്കുന്നു. സൂർയ്യൻെറ ഉപപ്രഭ സൂർയ്യനെ പ്രകാശിപ്പിക്കുവാൻ മതിയാവാത്തതുപോലെ അഖണ്ഡവൃത്തിയിൽ പ്രതിബിംബിച്ച ചിദാഭാസൻ സ്വയംപ്രകാശമായ പരബ്രഹ്മത്തെ പ്രകാശിപ്പിക്കുവാൻ മതിയാവുന്നതല്ല. നല്ല വെയിലത്തു വെച്ച ദീപം പ്രഭയില്ലാതിരിക്കുന്നതുപോലെ ബ്രഹ്മപ്രകാശത്താൽ മങ്ങിയ പ്രകാശത്തോടുകൂടിയ ചിദാഭാസൻ പരബ്രഹ്മത്തെ പ്രകാശിപ്പിക്കു

വാൻ മതിയാവുന്നതല്ല. കണ്ണാടിയിൽ കാണുന്ന പ്രതിബിംബമുഖം കണ്ണാടിയില്ലാതാവുമ്പോൾ ബിംബമുഖത്തിൽ ചേരുന്നതുപോലെ ചിദാഭാസന്റെ ഉപാധി ലയിച്ചുപോകുന്നതുകൊണ്ടു ബിംബഭൂതമായ കേവലബ്രഹ്മമായിത്തന്നെ ഭവിക്കുന്നു. ഘടാദിവിഷയങ്ങളിലുള്ള അജ്ഞാനത്തെ സദാകാരമായ അന്തഃകരണവൃത്തി നീക്കിക്കളയുമ്പോൾ അതിലുള്ള ചിദാഭാസൻ ഘടാദിവിഷയങ്ങളെ പ്രകാശിപ്പിക്കുന്നതുപോലെ സ്വപ്രകാശമായ ബ്രഹ്മത്തെ പ്രകാശിപ്പിക്കുന്നതല്ല. അതുകൊണ്ടു തന്നെയാണ് ബ്രഹ്മത്തിന്നു വൃത്തിവിഷയത്വമുണ്ടെന്നു മഹാന്മാർ പറയുന്നത്. ഫലവ്യാപ്യത്വം (ഫലം=വൃത്തിയിൽ പ്രതിബിംബിച്ച ചിദാഭാസം. വ്യാപ്യത്വം=വിഷയത്വം) ബ്രഹ്മത്തിന്നില്ല. അതിനാലാകുന്നു സൂക്ഷ്മബുദ്ധിയാൽ അറിയേണ്ടതാണ് ബ്രഹ്മം എന്നു ശ്രുതി പറഞ്ഞിരിക്കുന്നത്. മന്ദബുദ്ധികൾക്കു മനനാദികളില്ലാതെ ശ്രവണമാത്രത്താൽ അഖണ്ഡാകാരവൃത്തി ഉണ്ടാവുകയില്ല. ശ്രവണം മനനം നിദിധ്യാസനം എന്നിവകളെ താല്പര്യത്തോടുകൂടി നിരന്തരമായി ചെയ്യുന്നതുകൊണ്ടു ബുദ്ധിക്കു സൂക്ഷ്മത്വം ലഭിക്കും. സൂക്ഷ്മബുദ്ധികൊണ്ടു വസ്തുവിനെ അറിയുകയും ചെയ്യാം. അതുകൊണ്ടു സൂക്ഷ്മബുദ്ധിയില്ലാത്ത മന്ദബുദ്ധികൾക്കു വസ്തുഗ്രഹണത്തിന്നു ശ്രവണമനനനിദിധ്യാസനങ്ങളെ നല്ലവണ്ണം പിന്നേയും പിന്നേയും ചെയ്യേണ്ടതാകുന്നു. എല്ലാ വേദാന്തവാക്യങ്ങൾക്കും ആറുവിധമായ ലക്ഷണങ്ങൾകൊണ്ട് അദ്വിതീയബ്രഹ്മത്തെ പ്രതിപാദിക്കുന്നതിലാകുന്നു താല്പര്യമെന്നുള്ള നിശ്ചയത്തെ ശ്രവണമെന്നു പറയപ്പെടുന്നു. ആറുവിധ ലക്ഷണങ്ങൾ എന്തെന്നാൽ, ഉപക്രമോപസംഹാരം, അഭ്യാസം, അപൂർവ്വതാ, ഫലം, അർത്ഥവാദം, ഉപപത്തി എന്നിവകളാകുന്നു. ഛാന്ദോഗ്യോപനിഷത്തിൽ 'സദേവസൌമ്യേദമഗ്രആസീൽ' എന്നു തുടങ്ങി 'ഐതദാത്മ്യമിദം സർവ്വം; തത്വമസി ശ്വേതകേതോ' എന്ന് അവസാനിക്കുന്നതാ

കുന്നു ഉപക്രമോപസംഹാരം. 'തത്വമസിശ്വേതകേതോ' എന്ന് ഒമ്പതു പ്രാവശ്യം ബ്രഹ്മവസ്തുവിനെ പിന്നേയും പിന്നേയും ഉപദേശിക്കുന്നതാകുന്നു അഭ്യാസം. ഉപനിഷൽപ്രമാണംകൊണ്ടല്ലാതെ മറ്റുള്ള പ്രമാണങ്ങളാൽ ബ്രഹ്മത്തെ അറിവാൻ കഴിയാത്തതാകുന്നു അപൂർവ്വത. ബ്രഹ്മത്തെ അറിഞ്ഞാൽ ബ്രഹ്മമായി ഭവിക്കുന്നതാകുന്നു ഫലം. അദ്വിതീയവസ്തുവിനെ പ്രശംസിക്കുന്നതാകുന്നു അർത്ഥവാദം. ബ്രഹ്മത്തിനെ അറിയുന്നതിനാൽ സർവ്വജ്ഞാനവും സംഭവിക്കുന്നതാകുന്നു ഉപപത്തി. മൃല്ലോഹാദിദൃഷ്ടാന്തത്തോടുകൂടി ബോധിപ്പിക്കുന്നതാകുന്നു ഉപപത്തി. ശ്രവണം ചെയ്തതായ അദ്വിതീയാത്മസ്വരൂപത്തിനെ വേദാന്തവാക്യാനുസാരികളായ യുക്തികളെക്കൊണ്ടു ചിന്തിക്കുന്നതു മനനമാകുന്നു. ശ്രവണമനനങ്ങളാൽ സിദ്ധിച്ചതായ ബ്രഹ്മവസ്തുവിന്റെ പ്രത്യക്ഷജ്ഞാനം സിദ്ധിപ്പാനായി ദേഹാദികളെ വിഷയീകരിക്കാതെ ബ്രഹ്മത്തെ മാത്രം വിഷയീകരിച്ചുകൊണ്ടു തൈലധാരപോലെ ഇടവിടാതെ പ്രവഹിക്കുന്ന അന്തഃകരണവൃത്തിസമൂഹത്തിന്നാകുന്നു ധ്യാനമെന്നു പറയപ്പെടുന്നത്. ഉപനിഷൽപ്രമാണങ്ങളിലുള്ള സംശയം നിശ്ശേഷം നശിക്കുന്നതുവരെ പ്രയത്നിച്ച് ശ്രവണംചെയ്യേണ്ടതാകുന്നു. പ്രമേയമായ ആത്മസ്വരൂപത്തിലുള്ള സംശയനിവൃത്തിക്കായി യഥാർത്ഥസ്വരൂപത്തിന്റെ നിശ്ചയം വരുന്നതുവരെ പിന്നേയും പിന്നേയും മനനം ചെയ്യേണ്ടതാകുന്നു. മോക്ഷേച്ഛുവായവൻ ആത്മവിഷയമായ വിപരീതബുദ്ധി തീരെ നശിക്കുന്നതുവരെ നിരന്തരം ധ്യാനം ചെയ്യേണ്ടതാകുന്നു. ദൃശ്യപ്രപഞ്ചത്തെ യുക്തികൊണ്ടു നിരസിച്ചിട്ടുണ്ടെങ്കിലും അപരോക്ഷജ്ഞാനംകൊണ്ടു പ്രപഞ്ചം നശിക്കുന്നതുവരെ ഭിക്ഷുവായവൻ വഴിപോലെ ധ്യാനാദികൾ ചെയ്യേണ്ടതാകുന്നു. ഈ സമാധി സവികല്പകമെന്നും, നിർവ്വികല്പകമെന്നും രണ്ടു വിധമാകുന്നു. അതിൽ ആദ്യം സവികല്പകസമാധിയുടെ ലക്ഷണം പറയാം. ജ്ഞാതൃ,

ജ്ഞാന, ജ്ഞേയങ്ങളായ ത്രിപുടീഭാവത്തിന്നു ലയംവരാതെ തന്നെ ചിത്തവൃത്തി ജ്ഞേയമായ കേവലബ്രഹ്മത്തിൽ ബ്രഹ്മാകാരമായി ഭവിക്കുന്ന വിധം സ്ഥിതിചെയ്യുന്നതു സവികല്പകസമാധിയെന്നു മഹാന്മാർ പറയുന്നു. മണ്ണുകൊണ്ടുണ്ടാക്കിയ ഘടം മണ്ണുതന്നെ ആയിരുന്നാലും കാണുന്നവൎക്കു ഘടമെന്നു തോന്നുന്നതുപോലെ സന്മാൎഗ്ഗമായ ബ്രഹ്മത്തിൽ ത്രിപുടിയും സന്മയിയായിത്തന്നെ ശോഭിക്കുന്നു. അതുകൊണ്ടുതന്നെയാകുന്നു മഹാന്മാർ ഇതിനെ സവികല്പകസമാധിയെന്നു പറയുന്നത്. ത്രിപുടീഭാവത്തെ ത്യജിച്ചു ജ്ഞേയമായ ബ്രഹ്മമാത്രമായിട്ടുള്ള ദൃഢസ്ഥിതി മനസ്സിന്നു നിൎവ്വികല്പമായ അവസ്ഥയാകുന്നതുകൊണ്ട് അതിനെ നിൎവ്വികല്പസമാധിയെന്നു പറയപ്പെടുന്നു. ജലത്തിലിട്ട ലവണം ജലത്തോടുചേൎന്നു ലയിച്ചു ജലമാത്രമായി കാണപ്പെടുന്നതല്ലാതെ ലവണമായിട്ടു വേറെ കാണപ്പെടുന്നുണ്ടോ? അതുപോലെത്തന്നെ ബ്രഹ്മാകാരയായ വൃത്തി ബ്രഹ്മമാത്രമായി ഭവിച്ചതിന്നുശേഷം വേറെ കാണപ്പെടുന്നില്ല. അദ്വിതീയബ്രഹ്മമായിട്ടുതന്നെ ശോഭിക്കുന്നു. ത്രിപുടി മുതലായ വികല്പമില്ലാത്തതുകൊണ്ടാണ് ഇതിനെ നിൎവ്വികല്പമെന്നു പറയപ്പെടുന്നത്. ഈ സമാധികൾക്കു വൃത്തിയുടെ ഭാവാഭാവങ്ങളാൽ ഭേദം സിദ്ധിച്ചതാണ്. വൃത്തിയുടെ അഭാവം സമാധിയിലും സുഷുപ്തിയിലും സമമായി കാണപ്പെടുന്നുണ്ടെങ്കിലും സുഷുപ്തിയിൽ അജ്ഞാനം കാണപ്പെടുന്നുണ്ട്. സമാധിയിൽ അതില്ല. അതുകൊണ്ടു മുമുക്ഷുവായവൻ അജ്ഞാനകാൎയ്യമായ വിപരീതബുദ്ധിയെ നിവൎത്തിപ്പാനായി ഈ രണ്ടു വിധസമാധികളേയും പണിപ്പെട്ടും ചെയ്യേണ്ടതാകുന്നു. ഈ സമാധികളുടെ അനുഷ്ഠാനത്താൽ വിപരീതഭാവന നശിക്കുമ്പോൾ ജ്ഞാനത്തിനുള്ള പ്രതിബന്ധം നശിച്ചു സദാ ആനന്ദസ്വരൂപം സിദ്ധിക്കും. ഈ സവികല്പകസമാധി ദൃശ്യാനുവിദ്ധമെന്നും, ശബ്ദാനുവിദ്ധമെന്നും രണ്ടു വിധമുണ്ട്. അവയുടെ ലക്ഷണത്തെയും പറയാം.

കാമക്രോധാദിചിഹ്നങ്ങളായ ദൃശ്യങ്ങളുടെ സംസർഗ്ഗം ഏതൊരു സമാധിയിൽ കാണപ്പെടുന്നുവൊ അതാകുന്നു ദൃശ്യാനുവിദ്ധ സവികല്പക സമാധിയെന്നു പറയപ്പെടുന്നത്. ഞാൻ എന്നും എന്റേതെന്നും ഉള്ള കാമാദിവൃത്തികൾ ആരാൽ കാണപ്പെടുന്നുവൊ ആ ദ്രഷ്ടാവിനു അഹങ്കാരാദിവൃത്തികളെല്ലാം ദൃശ്യങ്ങളാകുന്നു. ആ ദൃശ്യങ്ങളെ യാതൊരു വികാരവുമില്ലാതെ കാണുന്നതുതന്നെ അവകളുടെ സാക്ഷി മാത്രമായിട്ടാണ് വിചാരിക്കേണ്ടത്. ദൃശ്യങ്ങളെ നിഷ്ക്രിയനായി കാണുന്ന ദ്രഷ്ടാവു എന്നാൽ കാണപ്പെടുന്ന സകല ദൃശ്യങ്ങൾക്കും ഞാൻ സാക്ഷി മാത്രമാകുന്നു എന്നിങ്ങിനെ ആത്മാവിനെ സകലസാക്ഷിസ്വരൂപമാണെന്നറിഞ്ഞിട്ടു കാമാദി സകല ദൃശ്യങ്ങളേയും ആത്മാവിൽതന്നെ ലയിപ്പിക്കേണ്ടതാകുന്നു.

"നാഹംദേഹോനാപ്യസൂന്നാക്ഷവർഗ്ഗോ
നാഹംകാരോനോമനോനാപിബുദ്ധിഃ
അന്തസ്തേഷാംചാപിതദ്വിക്രിയാണാം
സാക്ഷീനിത്യഃപ്രത്യഗേവാഹമസ്മി. 1

വാചഃസാക്ഷീപ്രാണവൃത്തേശ്ചസാക്ഷീ
ബുദ്ധേഃസാക്ഷീബുദ്ധിവൃത്തേശ്ചസാക്ഷീ
ചക്ഷുഃശ്രോത്രാദീന്ദ്രിയാണാംചസാക്ഷീ
സാക്ഷീനിത്യഃപ്രത്യഗേവാഹമസ്മി. 2

നാഹംസ്ഥൂലോനാപിസൂക്ഷ്മോനദീർഘോ
നാഹംബാലോനോയുവാനാപിവൃദ്ധഃ
നാഹംകാണോനാപിമൂകോനഷണ്ഡഃ
സാക്ഷീനിത്യഃപ്രത്യഗേവാഹമസ്മി. 3

നാസ്മ്യാഗന്താനാപിഗന്താനഹന്താ
നാഹംകർത്താനപ്രയോക്താനവക്താ
നാഹംഭോക്താനോസുഖീനൈവദുഃഖീ
സാക്ഷീനിത്യഃപ്രത്യഗേവാഹമസ്മി. 4

നാഹംയോഗീനാപിയോഗീനരാഗീ
നാഹംക്രോധീനൈവകാമീനലോഭീ
നാഹംബദ്ധോനാപിയുക്തോനമുക്തഃ
സാക്ഷീനിത്യഃപ്രത്യഗേവാഹമസ്മി. 5
നാന്തഃപ്രജ്ഞോനോബഹിഃപ്രജ്ഞകോവാ
നൈവപ്രജ്ഞോനാപിചാപ്രജ്ഞഏഷഃ
നാഹംശ്രോതാനാപിമന്താചബോദ്ധാ
സാക്ഷീനിത്യഃപ്രത്യഗേവാഹമസ്മി. 6
നമേസ്തിദേഹേന്ദ്രിയബുദ്ധിയോഗോ
നപുണ്യലേശോപിനപാപലേശഃ
ക്ഷുധാപിപാസാദിഷഡ്ഡൂർമ്മിദൂരഃ
സദാവിമുക്തോസ്മിചിദേവകേവലഃ. 7
അപാണിപാദോഹമവാഗചക്ഷുഷീ
അപ്രാണഏവാസ്മ്യമനാഹ്യബുദ്ധിഃ
വ്യോമേവപൂർണ്ണോസ്മിവിനിർമ്മലോസ്മി
സദൈകരൂപോസ്മിചിദേവകേവലഃ." 8

ഇപ്രകാരം സദാതന്നെ ആത്മസ്വരൂപമായി കണ്ടുംകൊണ്ടു കാണപ്പെടുന്ന ദൃശ്യാദികളെ തന്നിൽ ലയിപ്പിക്കുന്ന വിദ്വാൻ ഭ്രാന്തിനിമിത്തം സ്വതേ തോന്നുന്നതായ വിപരീതഭാവത്തെ തീരെ ത്യജിക്കുന്നു. വിപരീതബുദ്ധി ഇല്ലാതാവുന്നതുതന്നെയാണ് മോക്ഷമെന്നു പറയുന്നത്. ഈ വിപരീതഭ്രമനാശം എപ്പോഴും മനസ്സിനെ അടക്കിക്കൊണ്ടിരിക്കുന്നവന്നു മാത്രമേ സിദ്ധിക്കുകയുള്ളു. അതില്ലാത്തവൎക്കു സിദ്ധിക്കുകയില്ല. വേഷംകൊണ്ടോ ഭാഷകൊണ്ടോ ഈ അഖണ്ഡാനന്ദാത്മസ്ഥിതി ലഭിക്കുന്നതല്ല. ഈ ആത്മാനുഭവസിദ്ധിക്കായി ഉപാധിയിലുള്ള മമതയേയും അഹംഭാവത്തേയും ഉപേക്ഷിക്കേണ്ടതാകുന്നു. ആത്മതത്വത്തെ അവലംബിച്ചു പ്രകൃതിയെ നശിപ്പിക്കുന്നതായാൽ മാത്രമേ മുക്തനായി ഭവിക്കുകയുള്ളു. അതല്ലാതെ അനേക കോടി കൎമ്മങ്ങളെ ചെ

ഷ്ഠാലും മുക്തി സിദ്ധിക്കുകയില്ല. ആത്മസ്വരൂപത്തെ അറിഞ്ഞാൽ സംസാരബന്ധക്ലേശമെല്ലാം നശിക്കും. ക്ലേശം നശിച്ചാൽ ജനനമരണങ്ങളും നശിക്കും. പുനർജ്ജനനമില്ലാതാവുന്നതാണല്ലോ മുക്തി. ആ മുക്തി ക്ലേശക്ഷയത്താൽ സിദ്ധിക്കും. ക്ലേശക്ഷയത്തിനുള്ള കാരണം ആത്മൈകനിഷ്ഠയാകുന്നു. അതുകൊണ്ടു മുമുക്ഷുവായവൻ ആത്മനിഷ്ഠയെ തന്നെയാണ് ചെയ്യേണ്ടത്. ജീവികൾക്കു ജനനകാരണങ്ങളായ ക്ലേശങ്ങൾ വാസനകളാകുന്നു. ജ്ഞാനനിഷ്ഠയാകുന്ന അഗ്നികൊണ്ട് ആ വാസനകൾ വെന്തുപോകുന്നതായാൽ അവ പിന്നെ ജന്മഹേതുക്കളായി ഭവിക്കുകയില്ല. അഗ്നിയിൽ വെന്ത വിത്തുകൾ പിന്നെ മുളക്കാത്തതുപോലെ ജ്ഞാനാഗ്നിയാൽ വെന്തുപോയ വാസനകൾ പുനർജ്ജന്മഹേതുക്കളായി ഭവിക്കുന്നതല്ല. അതുകൊണ്ടു മുമുക്ഷുവായവൻ വാസനകൾ നിശ്ശേഷം നശിപ്പാനും വിപരീതഭാവത്തെ നിവർത്തിക്കുവാനും ജ്ഞാനനിഷ്ഠയെ പണിപ്പെട്ടും ചെയ്യേണ്ടതാകുന്നു. ജ്ഞാനനിഷ്ഠാതല്പരനായവന്നു യാതൊരു കർമ്മങ്ങളും ഉപയോഗമുള്ളതല്ല. പരസ്പരവിരോധികളായതുകൊണ്ടും ഭിന്നസ്വഭാവികളായതുകൊണ്ടും ജ്ഞാനത്തിനും കർമ്മത്തിന്നും സഹസ്ഥിതി ഉണ്ടാവുന്നതല്ല. കർത്തൃസ്വഭാവമുള്ളതാകുന്നു കർമ്മം, ജ്ഞാനമോ നേരെ വിപരീതവുമാകുന്നു. കർമ്മം ദേഹാത്മബുദ്ധിയെ വർദ്ധിപ്പിക്കുന്നു. ജ്ഞാനം ദേഹാത്മബുദ്ധിയെ നശിപ്പിക്കുന്നു. കർമ്മം അജ്ഞാനകാരണമാകുന്നു. ജ്ഞാനം അജ്ഞാനനാശകമാകുന്നു. ഇങ്ങിനെ പരസ്പരവൈരികളായ ജ്ഞാനകർമ്മങ്ങൾക്കു സഹസ്ഥിതി എങ്ങിനെ സിദ്ധിക്കും? തേജസ്സിന്നും അന്ധകാരത്തിനും സഹസ്ഥിതി ഘടിക്കാത്തതുപോലെ ജ്ഞാനത്തിനും കർമ്മത്തിന്നും സഹസ്ഥിതി ഒരിക്കലും ഘടിക്കുകയില്ല. പടിഞ്ഞാട്ടു നോക്കുന്നവൻ കിഴക്കു ദിക്കിനെ കാണുന്നതെങ്ങിനെ? ആത്മനിഷ്ഠയിൽ സ്ഥിതി ചെയ്യുന്നവന്നു കർമ്മത്തിൽ യോഗ്യത എങ്ങിനെ സിദ്ധിക്കും?

ജ്ഞാനനിഷ്ഠനായ മുമുക്ഷുവിന്നു കൎമ്മത്തിൽ അവകാശമില്ലതന്നെ. അവന്നു ജ്ഞാനനിഷ്ഠതന്നെ കൎമ്മം, അതുതന്നെ സന്ധ്യാവന്ദനം മുതലായ സകലവും, ജ്ഞാനനിഷ്ഠയല്ലാതെ അവന്നു മററു യാതൊരു കൃത്യവുമില്ല. ബുദ്ധികല്പിതങ്ങളായ മാലിന്യങ്ങളെ കഴുകിക്കളയുന്നതാകുന്നു ആത്മനിഷ്ഠന്ന് ഉചിതമായ സ്നാനം. അങ്ങിനെയുള്ള സ്നാനത്താൽ മാത്രമേ അവന്നു ശുദ്ധി ലഭിക്കുകയുള്ളു. മൃൽജലാദികളാൽ ചെയ്യുന്ന സ്നാനംകൊണ്ടു് അവൻ ശുദ്ധനാവുകയില്ല. ത്രികരണങ്ങളാലും അനുഷ്ഠിക്കപ്പെടുന്ന കൎമ്മങ്ങളെല്ലാം അസത്യമായതിനാൽ വ്യൎത്ഥമെന്നറിഞ്ഞു സകല ദൃശ്യങ്ങളേയും നിഷേധിച്ചു് ആത്മസ്വരൂപത്തിൽ മനസ്സിനെ ഉറപ്പിച്ചു് ആത്മസ്വരൂപമായി സ്ഥിതി ചെയ്യുന്നതുതന്നെ ജ്ഞാനനിഷ്ഠന്നു സൎവ്വാനുഷ്ഠാനം. പരമാൎത്ഥതത്വത്തെ അറിഞ്ഞവരായും ശുദ്ധാന്തഃകരണന്മാരായും സത്തുക്കളായും ഉള്ള യതികൾക്കു് ആത്മാനുസന്ധാനമല്ലാതെ മറെറന്തൊരനുഷ്ഠാനമാണുള്ളതു്? അതുകൊണ്ടു ജ്ഞാനനിഷ്ഠാതല്പരനായ യതി യാതൊരെളക്കവും കൂടാതെ ജ്ഞാനനിഷ്ഠയിൽ മാത്രം ഏകനിഷ്ഠനായി എപ്പോഴും ആത്മനിഷ്ഠയിൽതന്നെ സ്ഥിതി ചെയ്യേണ്ടതാകുന്നു. യോഗത്തിൽ കയറുവാനാഗ്രഹിക്കുന്ന മുമുക്ഷുവിന്നു് ഉചിതമായ കൎമ്മം കൎത്തവ്യമാകുന്നു. യോഗത്തിൽ കയറുന്നവനാവട്ടെ യാതൊരു കൎമ്മങ്ങളും കൎത്തവ്യമല്ല. സമാധിയോഗത്തിലേക്കു കയറുന്ന മുമുക്ഷുവിന്നു മറെറാരു കൎമ്മാനുഷ്ഠാനം യുക്തമല്ലാത്തതാകുന്നു. മറെറാരു കൎമ്മത്തിൽ ആസക്തി സംഭവിക്കുന്നതായാൽ ഒരു വൃക്ഷത്തിൽ കയറുന്നവൻ മറെറാന്നിനെ പിടിക്കാനാഗ്രഹിച്ചു വൃക്ഷത്തെ കൈവിടുമ്പോൾ താഴത്തു വീണു നശിക്കുന്നതുപോലെ നിശ്ചയമായും അധഃപതിച്ചുപോകുന്നു. സമാധിയോഗത്തിൽ കയറുന്ന സിദ്ധനാവട്ടെ ധന്യനും കൃതകൃത്യനുമാകുന്നു. അവന്നു ബഹിർദൃഷ്ടിതന്നെയുണ്ടാകുന്നതല്ല. പിന്നെ മററുള്ള കൎമ്മങ്ങളുടെ

കഥ പറയേണ്ടതുണ്ടോ? ഇങ്ങിനെയാകുന്നു സവികല്പകദൃശ്യാനുവിദ്ധസമാധി. ഇനി സവികല്പകശബ്ദാനുവിദ്ധസമാധിയെ പറയാം.

"ശുദ്ധോഹംബുദ്ധോഹംപ്രത്യഗ്രൂപേണനിത്യസിദ്ധോഹം
ശാന്തോഹമനന്തോഹംസതതപരാനന്ദസിന്ധുരേവാഹം. 1
ആദ്യോഹമനാദ്യോഹംവാങ്മനസാസാദ്ധ്യവസ്തുമാത്രോഹം
നിഗമവചോവിദ്യോഹംഅനവദ്യാഖണ്ഡബോധരൂപോഹം.
വിദിതാവിദിതാന്യോഹംമായാതത്കാര്യലേശശൂന്യോഹം
കേവലദൃഗാത്മകോഹംസംവിന്മാത്രഃസകൃദ്വിഭാതോഹം. 3
അപരോഹമനപരോഹംബഹിരന്തശ്ചാപിപൂർണ്ണഏവാഹം
അജരോഹമക്ഷരോഹംനിത്യാനന്ദോഹമദ്വിതീയോഹം. 4
പ്രത്യഗഭിന്നമഖണ്ഡംസത്യജ്ഞാനാദിലക്ഷണംശുദ്ധം
ശ്രുത്യവഗമ്യംതത്ത്വംബ്രഹ്മൈവാഹംപരംജ്യോതിഃ. 5

മേല്പറഞ്ഞപ്രകാരം മറെറാരു വസ്തുക്കളേയും ഗ്രഹിക്കാതെ സത്തിനെ മാത്രം ഗ്രഹിച്ചുകൊണ്ടിരിക്കുന്ന വൃത്തികൊണ്ടു പ്രപഞ്ചവിലക്ഷണമായ ബ്രഹ്മത്തെ മാത്രം പ്രതിപാദിക്കുന്ന വാക്യങ്ങളാൽ സിദ്ധിക്കുന്ന വസ്തുവിനെ മുമുക്ഷുവായവൻ നിശ്ചലനായി ധ്യാനിക്കേണ്ടതാകുന്നു കാമക്രോധാദി ദൃശ്യവർഗ്ഗങ്ങളെ നിശ്ശേഷം പരിത്യജിച്ച് മുൻപറഞ്ഞ ശുദ്ധോഹം ബുദ്ധോഹം മുതലായ ശബ്ദഭാവനയോടുകൂടി ദൃഗ്രൂപമായ ബ്രഹ്മവസ്തുവിൽതന്നെ നിഷ്ഠനായിരിക്കുന്നവനുണ്ടാകുന്ന ഭാവനയെ ആകുന്നു ശബ്ദാനുവിദ്ധസമാധിയെന്നു പറയുന്നത്. ആത്മാവിങ്കൽ സാക്ഷിത്വഭാവനയും ദൃശ്യത്തെ നിവർത്തിച്ചതായ മനോവസ്ഥയും ആകുന്നു നിർവ്വികല്പസമാധിയെന്നു പറയുന്നത്. യാതൊരുത്തൻ സവികല്പകസമാധിയെ ഔജ്ജ്വല്യമായ വാസനാവൃദ്ധിയോടുകൂടി ഇടവിടാതെ വളരെക്കാലം അഭ്യസിക്കുന്നുവോ അവന്നു നിർവ്വികല്പകസമാധി സിദ്ധിക്കും. നിർവ്വികല്പകസമാധിനിഷ്ഠയിൽ ഇരിക്കുന്നവന്നു ജനനമരണനാശവും നിത്യത്വവും നിശ്ചലമായും ശാശ്വ

തമായും ഇരിക്കുന്ന നിത്യാനന്ദവും ലഭിക്കും നിശ്ചയം തന്നെ. നിർവികല്പകസമാധിനിഷ്ഠൻ ഞാൻ വിദ്വാനാണെന്നോ ഇതു മറെറാരു പദാർത്ഥമാണെന്നോ ഉള്ള അറിവു ബാഹ്യമായിട്ടോ ആന്തരമായിട്ടോ ലേശംപോലുമില്ലാതെ ആത്മാനന്ദാമൃതസമുദ്രത്തിൽ മുങ്ങിയവനായിട്ടു ഏകസ്വരൂപനായി നിർവ്യാപാരനായിരിക്കുന്നു. ഇപ്രകാരം നിർവികല്പമായിത്തന്നെ നിഷ്ഠന്മാരായ ധന്യന്മാർ ജീവിച്ചിരിക്കുന്നവരാണെന്നു കാണുന്നവക്കു തോന്നുന്നുണ്ടെങ്കിലും അവർ മുക്തന്മാർ തന്നെയാകുന്നു.

സന്മാത്രവിഷയങ്ങളായ മേല്പറഞ്ഞ മൂന്നു സമാധികളെ ഹൃദയത്തിൽ അഭ്യസിക്കുന്നതുപോലെ ദ്വൈതനിവൃത്തിക്കായി ബാഹ്യവിഷയങ്ങളിലും മൂന്നു സമാധികളെ അഭ്യസിക്കേണ്ടതാകുന്നു. അവയുടെ സ്വരൂപത്തെ ചുരുക്കിപ്പറയാം കേൾക്ക. സത്യജ്ഞാനാനന്ദരൂപമായ പരബ്രഹ്മവസ്തു അധിഷ്ഠാനമാകുന്നു. ഈ നാമരൂപാത്മകമായപ്രപഞ്ചം ആ ബ്രഹ്മവസ്തുവിൽ ആരോപിതമാകുന്നു. അതിൽ കാണുന്ന സത്യത്വം ചിത്സ്വഭാവം ആനന്ദം എന്നിങ്ങിനെ മൂന്നും അധിഷ്ഠാനബ്രഹ്മത്തിന്റെ സ്വരൂപങ്ങളാകുന്നു. നാമവും രൂപവും ആരോപിതപ്രപഞ്ചത്തിന്റെ സ്വരൂപങ്ങളാകുന്നു. മൂഢന്മാർ ഭ്രമത്താൽ ഈ അഞ്ചിനേയും ഒന്നാക്കി ഇതു പ്രപഞ്ചമാകുന്നു എന്നു പറയുന്നു. ശൈത്യം ശ്വേതം രസം ദ്രവത്വം തരംഗം എന്നുള്ള നാമം ഇവ അഞ്ചിനേയും ഒന്നാക്കി ഇതു അലയാകുന്നു എന്നു പറയുന്നതുപോലെതന്നെ. ആരോപിതങ്ങളായ നാമരൂപങ്ങളെ ഉപേക്ഷിച്ച് സദ്രൂപമായ ബ്രഹ്മത്തിന്റെ സ്വരൂപങ്ങളായ സച്ചിദാനന്ദങ്ങളെ മാത്രം ഗ്രഹിക്കുന്നതു ബാഹ്യസമാധിയിൽ ആദ്യത്തേതാകുന്നു. ഭിക്ഷുവായവൻ സച്ചിദാനന്ദസ്വരൂപമായ ബ്രഹ്മത്തിൽനിന്നു നാമരൂപങ്ങളെ വേറാക്കി അവയെ ബ്രഹ്മത്തിൽതന്നെ ലയിപ്പിച്ച് സച്ചിദാനന്ദസ്വരൂപമായി അദ്വയമായ അധിഷ്ഠാനബ്രഹ്മം തന്നെയാകുന്നു താൻ എന്നുള്ള നിശ്ചയമുള്ളവനായി ഭവിക്കും.

"ഇയംഭൂർന്നസന്നാപിതോയംനതേജോ
നവായുർന്നഖംനാപിതല്ക്കാര്യജാതം
യദേഷാമധിഷ്ഠാനഭൂതംവിശുദ്ധം
സദേകംപരംസത്തദേവാഹമസ്മി. (1)
നശബ്ദോനരൂപംനചസ്പർശകോവാ
തഥാനോരസോനാപിഗന്ധോനചാന്യഃ
യദേഷാമധിഷ്ഠാനഭൂതംവിശുദ്ധം
സദേകംപരംസത്തദേവാഹമസ്മി. (2)
നസദ്രവ്യജാതംഗുണാനക്രിയാവാ
നജാതിർവ്വിശേഷോനചാന്യഃകദാപി
യദേഷാമധിഷ്ഠാനഭൂതംവിശുദ്ധം
സദേകംപരംസത്തദേവാഹമസ്മി (3)
നദേഹോനചാക്ഷാണിനപ്രാണവായു-
ർമ്മനോനാപിബുദ്ധിർന്നചിത്തംഹ്യഹംധീഃ
യദേഷാമധിഷ്ഠാനഭൂതംവിശുദ്ധം
സദേകംപരംസത്തദേവാഹമസ്മി (4)
നദേശോനകാലോനദിശാപിസത്സ്യാ-
ന്നവസ്ഥാന്തരംസ്ഥൂലസൂക്ഷ്മാദിരൂപം
യദേഷാമധിഷ്ഠാനഭൂതംവിശുദ്ധം
സദേകംപരംസത്തദേവാഹമസ്മി." (5)

യാതൊരുത്തൻ നാമരൂപാത്മകമായ ഈ പ്രപഞ്ചം സത്യസ്വരൂപമായ അധിഷ്ഠാനബ്രഹ്മം തന്നെയാകുന്നു എന്നിങ്ങിനെ നടക്കുമ്പോഴും ഇരിക്കുമ്പോഴും കിടക്കുമ്പോഴും സദാ ദൃഢനിശ്ചയത്തോടുകൂടി ഇരിക്കുന്നുവോ അതു ബാഹ്യദൃശ്യാനുസിദ്ധസമാധിയാകുന്നു. ആരോപിതമായ നാമരൂപാദിപ്രപഞ്ചത്തെ ലയിപ്പിച്ച് കളങ്കരഹിതവും അദ്വിതീയവും ആനന്ദസ്വരൂപവുമായ ബ്രഹ്മം ഞാനാകുന്നു എന്നിങ്ങിനെ ഭാവിക്കേണ്ടതാകുന്നു. നിർവ്വികാരമായും, നിരാകാരമായും, നിരഞ്ജനമായും, അനാമയമായും, ആദ്യന്തരഹിതമായും, പൂ

ൎണ്ണമായും, നിഷ്കളങ്കമായും, നിരാതങ്കമായും, നിൎവ്വിശേഷമായും, നിരാഭാസമായും, ത്രിവിധപരിച്ഛേദരഹിതമായും, ആനന്ദമായും, അക്ഷരമായും, മുക്തമായും, അവിക്രിയമായും, വിജ്ഞാനൈകരസമായും, നിത്യമുക്തമായും, സത്യമായും ശുദ്ധമായും, ബുദ്ധമായും, തത്വസിദ്ധമായും, പരമായും, പ്രത്യൿസ്വരൂപമായും, അഖണ്ഡമായും, സ്വപ്രകാശമായും, പരാകാശമായും, സുസൂക്ഷ്മമായും, സത്താമാത്രമായും, നിൎവ്വികല്പമായും, മഹത്തമമായും, പരമാദ്വൈതമായും ഇരിക്കുന്ന കേവലബ്രഹ്മമാകുന്നു ഞാൻ എന്നിങ്ങിനെ ധ്യാനിക്കേണ്ടതാകുന്നു. മേല്പറഞ്ഞ ശബ്ദങ്ങളാൽ സിദ്ധമായ കേവലവസ്തുവിനെ ധ്യാനിക്കുന്നവൻെറ ചിത്തം ലക്ഷ്യബ്രഹ്മത്തിൽ പ്രതിഷ്ഠിതമായി ഭവിക്കും. ഇതാകുന്നു ബാഹ്യശബ്ദാനുവിദ്ധസമാധി.

ബ്രഹ്മാനന്ദരസാവേശത്താൽ ബ്രഹ്മത്തോടു ഏകീഭവിച്ചതായ വൃത്തിയുടെ നിശ്ചലാവസ്ഥയാകുന്നു ബാഹ്യനിൎവ്വികല്പസമാധിയെന്നു പറയുന്നത്. യതി സമാധിയിലിരിക്കുമ്പോഴും സമാധിയിൽനിന്നുണരുമ്പോഴും അപ്രമത്തനായി ജിതേന്ദ്രിയനായി പരിശുദ്ധാന്തഃകരണനായി മേല്പറഞ്ഞ ആറുവിധ സമാധികളേയും എപ്പോഴും അനുഷ്ഠിക്കേണ്ടതാകുന്നു. വിപരീതബുദ്ധി നിശ്ശേഷം നശിച്ച് ബ്രഹ്മസ്വരൂപം തടവില്ലാതെ പ്രകാശിക്കുന്നതുവരെ മുൻപറഞ്ഞ ആറുവിധ സമാധികളുടേയും നിരന്തരാഭ്യാസത്താൽകാലത്തെ നയിപ്പിക്കേണ്ടതാകുന്നു. മോക്ഷേച്ഛുവായ വിദ്വാൻ ഈ സമാധികളുടെ അഭ്യാസത്തിൽനിന്നു ഒരിക്കലും തെററിപ്പോകരുത്. പ്രമാദം ഉണ്ടായാൽ സൂൎയ്യനില്ലാത്ത സമയം അന്ധകാരമെന്നപോലെ മായ ക്ഷണംകൊണ്ടു വൎദ്ധിക്കുന്നതാകുന്നു. വിദ്വാന്മാർ ആത്മാനുഭവത്തെ വിട്ട് ക്ഷണഃനേരംഃപോലും ഇരിക്കരുത്. മുമുക്ഷുക്കൾക്കു ആത്മാനുഭവത്തിങ്കലുള്ള പ്രമാദമാകുന്നു മൃത്യുവെന്നു പറയുന്നത്, സാക്ഷാൽ യമനല്ല. ഈ സമാധിയെ അഭ്യസിക്കുന്നവനു പിന്നെ വികല്പം എന്നതുണ്ടാ

വുകയില്ല. സൎവ്വാത്മഭാവവും ഈ സമാധികൊണ്ടു സിദ്ധിക്കുന്നതാണ്. സൎവ്വാത്മഭാവം തന്നെയാണല്ലോ കൈവല്യമെന്നു പറയുന്നത്. വിദ്വാനായവന്നു ബ്രഹ്മവിദ്യയുടെ ഫലം സൎവ്വാത്മഭാവമാകുന്നു. വിദ്വാനായ ജീവന്മുക്തന്നു ബ്രഹ്മാനന്ദാനുഭവം തന്നെയാകുന്നു ഫലം. ഞാൻ എന്റേതു് എന്നുള്ള അസദാത്മബുദ്ധിയെ ഉണ്ടാക്കുന്ന വാസനാരൂപമായ ഗ്രന്ഥിയും കൎമ്മബന്ധവും സമാധികൊണ്ടു നശിച്ചുപോകുന്നു. പ്രതിബന്ധമില്ലാത്ത ബ്രഹ്മജ്ഞാനവും ലഭിക്കുന്നു. നിൎമ്മലചിത്തന്മാരായ മുമുക്ഷുക്കൾക്കു ബ്രഹ്മവിഷയമായ സമാധി തന്നെയാകുന്നു ബ്രഹ്മജ്ഞാനത്തിന്നും മോക്ഷത്തിന്നും നിഷ്കണ്ടകമായ മാൎഗ്ഗം. അതുകൊണ്ടു നീയും പ്രമാദരഹിതനായി സമാധികളെ അഭ്യസിച്ചു് വാസനാഗ്രന്ഥിയെ ദഹിപ്പിച്ചു് യോഗിശ്രേഷ്ഠനായി ബ്രഹ്മാനന്ദാമൃതസമുദ്രത്തിൽ മുങ്ങിക്കുളിച്ചു് സന്തുഷ്ടനായി രമിക്കുക. നിശ്ചലവൃത്തിയായ നിൎവ്വികല്പസമാധിയെത്തന്നെയാണ് യോഗജ്ഞന്മാർ യോഗമെന്നു പറയുന്നത്.

യോഗത്തിന്നു യമം നിയമം ആസനം പ്രാണായാമം പ്രത്യാഹാരം ധാരണ ധ്യാനം സമാധി എന്നിങ്ങിനെ എട്ടംഗങ്ങളുണ്ടെന്നു വിദ്വാന്മാർ പറയുന്നു. സൎവ്വവും ബ്രഹ്മമാണെന്നുള്ള ബോധത്താൽ ഇന്ദ്രിയവൎഗ്ഗങ്ങളെ അടക്കുന്നതു യമമെന്നു പറയപ്പെട്ടിരിക്കുന്നു. ഈ യമത്തെ മുമുക്ഷുവായവൻ പിന്നേയും പിന്നേയും അഭ്യസിക്കേണ്ടതാകുന്നു. ഇതരവസ്തുക്കളെ ചിന്തിക്കാതെ ധ്യേയവസ്തുവിന്റെ നിരന്തരചിന്താപ്രവാഹം പരമാനന്ദജനകമായ നിയമമാകുന്നു. ഈ നിയമത്തെ ബുധന്മാർ അത്യാദരേണ അനുഷ്ഠിക്കുന്നു. സുഖമായിരുന്നു നിരന്തരം ബ്രഹ്മചിന്തനം സിദ്ധിക്കുന്ന സ്വസ്തികം മുതലായ ആസനങ്ങളാകുന്നു ആസനമെന്നു പറയപ്പെടുന്നത്. ശാസ്ത്രീയമല്ലാത്ത ആസനങ്ങൾ സുഖനാശകങ്ങളാകുന്നു. അന്തഃകരണം മുതലായ സൎവ്വവസ്തുക്കളിലും ബ്രഹ്മഭാവനയാൽ

സകല വൃത്തികളേയും നിരോധം ചെയ്യുന്നതു പ്രാണായാമമാകുന്നു. പ്രപഞ്ചനിരോധത്തെ ചെയ്യുന്ന വൃത്തിയാകുന്നു രേചകപ്രാണായാമം. ബ്രഹ്മോഹം ഭാവനയായ വൃത്തിയാകുന്നു കുംഭകപ്രാണയാമം. മേല്പറഞ്ഞ യമാദി ലക്ഷണങ്ങൾ ജ്ഞാനികൾക്കുള്ളവയാകുന്നു. അജ്ഞാനികൾക്കാവട്ടെ പ്രാണപീഡനവും ആകുന്നു. വിഷയങ്ങളിലുള്ള ആത്മബുദ്ധിയെ പരിത്യജിച്ചു മനസ്സിനെ ചിത്സ്വരൂപത്തിൽ മഗ്നമാക്കുന്നതു പ്രത്യാഹാരമാകുന്നു. ഈ പ്രത്യാഹാരം മുമുക്ഷുക്കൾ പ്രത്യേകം അഭ്യസിക്കേണ്ടതാകുന്നു. മനസ്സു ചെല്ലുന്നേടത്തെല്ലാം ബ്രഹ്മമയമായി ധരിക്കുന്നതു മുഖ്യമായ ധാരണയാകുന്നു. ഞാൻ ബ്രഹ്മമാകുന്നു എന്നുള്ള സദാകാരവൃത്തിയുടെ നിരാലംബസ്ഥിതിയാകുന്നു ധ്യാനമെന്നു പ്രസിദ്ധമായി പറയുന്നത്. ഇതു പരമാനന്ദപ്രദമാകുന്നു. നിർവ്വികാരവൃത്തിയാൽ ബ്രഹ്മാകാരമായി ഭവിച്ച് ബ്രഹ്മവൃത്തിയേയും മറന്നു കളയുന്നതു സമാധിയാകുന്നു. സമാധിചെയ്യുന്ന സമയത്തു വിഘ്നങ്ങൾ വന്നു ആക്രമിക്കുവാനിടയുണ്ട്. വിഘ്നങ്ങളെന്തെന്നാൽ, ബ്രഹ്മചിന്തയില്ലാതാവുക, ബ്രഹ്മചിന്തനത്തിനു സാമർത്ഥ്യമില്ലാവുക, ആലസ്യം, ഭയം, വിഷയേച്ഛ, ആരവണം, വിക്ഷേപം ഇവയെല്ലാമാകുന്നു. ഈ വക വിഘ്നങ്ങളെ ബ്രഹ്മജ്ഞാനികൾ തീരെ അകററണ്ടതാകുന്നു. വിഘ്നങ്ങളെ കളഞ്ഞ് ജിതേന്ദ്രിയനായി ഒട്ടും പ്രമാദമില്ലാതെ സമാധിയെ അനുഷ്ഠിച്ച് നീ ബ്രഹ്മസ്വരൂപമായി ഭവിക്കുക.

ഇപ്രകാരമുള്ള ഗുരൂപദേശം, ശ്രുതിപ്രമാണം, ആത്മയുക്തി ഇവകളെക്കൊണ്ടു ശിഷ്യൻ താൻ പരമാത്മസ്വരൂപമാണെന്നറിഞ്ഞ് വശീകൃതേന്ദ്രിയനായി സമാഹിതചിത്തനായി ഒരേടത്തു നിശ്ചലനായിരുന്ന് ആത്മനിഷ്ഠനായി ഭവിച്ചു. ഇങ്ങിനെ വളരെക്കാലം ആത്മധ്യാനത്തിൽ ഇരുന്ന് ഉണന്നെഴുനീററ് പരമാനന്ദഭരിതനായി ഗുരുവിൻെറ പാദങ്ങളിൽ നമസ്കരിച്ച് ഗൽഗദസ്വരത്തിൽ പറഞ്ഞു.

“നമോനമസ്തേഗുരവേനിത്യാനന്ദസ്വരൂപിണേ
മുക്തസംഗായശാന്തായത്യക്താഹന്തായതേനമഃ. (1)
ദയാധാമ്നേനമോഭൂമ്നേമഹിമ്നഃപാരമസ്യതേ
നൈവാസ്തിയൽകടാക്ഷേണബ്രഹ്മൈവാഭയമദ്വയം. (2)
കിംകരോമികഗച്ഛാമികിംഗൃഹ്ണാമിത്യജാമികിം
യന്മയാപൂരിതംവിശ്വംമഹാകല്പാംബുനായഥാ. (3)
മയിസുഖബോധപയോധൌമഹതിബ്രഹ്മാണ്ഡബുൽബുദസ(ഹസ്രം
മായാമയേനമരുതാഭൂത്വാഭൂത്വാപുനസ്തിരോധത്തേ. (4)
നിത്യാനന്ദസ്വരൂപോഹമാത്മാഹംത്വദനുഗ്രഹാൻ
പൂൎണ്ണോഹമനവദ്യോഹംകേവലോഹംചസൽഗുരോ. (5)
അകൎത്താഹമഭോക്താഹമവികാരോഹമക്രിയഃ
ഏനന്ദഘനഏവാഹമസംഗോഹംസദാശിവഃ. (6)

ത്വൽകടാക്ഷവരചാന്ദ്രചന്ദ്രികാ-
പാദധൂതഭവതാപജഃശ്രമഃ
പ്രാപ്തവാനഹമഖണ്ഡവൈഭവാ-
നന്ദമാത്മപദമക്ഷയംക്ഷണാൽ. (7)

ഛായയാസ്പൃഷ്ടമുഷ്ണംവാശീതംവാദുഷ്ഠുസുഷ്ഠുവാ
നസ്പൃശത്യേവയൽകിഞ്ചിത്പുരുഷംതദ്വിലക്ഷണം. (8)
നസാക്ഷിണംസാക്ഷ്യധൎമ്മാനസ്പൃശന്തിവിലക്ഷണം
അവികാരമുദാസീനംഗൃഹധൎമ്മാപ്രദീപവൽ. (9)

രവേൎയ്യഥാകൎമ്മണിസാക്ഷിഭാവോ
വഹ്നേൎയ്യഥാവായസിദാഹകത്വം
രജ്ജോൎയ്യഥാരോപിതവസ്തുസംഗ-
സ്തഥൈവകൂടസ്ഥചിദാത്മനോമേ.” (10)

“സൂൎയ്യന്നു കൎമ്മസാക്ഷിത്വം ഉള്ളതുപോലെയും, പഴുത്ത ഇരുമ്പിൽ അഗ്നിക്കുള്ള ദാഹകത്വം പോലെയും, രജ്ജുവിൽ ആരോപിതമായ സൎപ്പാദികളോടു രജ്ജുവിന്നുള്ള സം

ബന്ധംപോലെയും ആകുന്നു കൂടസ്ഥചിദാത്മാവായ എനിക്ക പ്രപഞ്ചാദികളോടുള്ള സംബന്ധം.”

ഇങ്ങിനെ ശിഷ്യൻ ഗുരുവിനെ സ്തുതിച്ചു നമസ്കരിച്ചു വിനീതനായി മുമുക്ഷുക്കളുടെ ഉപകാരത്തിന്നായി പിന്നേയും കുറഞ്ഞൊന്നു ചോദിച്ചു. “അല്ലയോ, ഭഗവൻ, ജീവന്മുക്തന്റേയും ജീവന്മുക്തന്നുണ്ടാകുന്ന ബ്രഹ്മാനുഭവത്തിന്റേയും വിദേഹമുക്തന്റേയും ലക്ഷണങ്ങളെ കൃപയോടെ പറഞ്ഞു തരിക.”

ഗുരു:—അല്ലയോ ശിഷ്യ! ജ്ഞാനഭൂമികയുടെ ലക്ഷണങ്ങളെ ആദ്യം നിന്നോടു പറയാം. അതിനെ അറിഞ്ഞാൽ നീ ചോദിച്ച എല്ലാററിനേയും അറിയാവുന്നതാണ്. ജ്ഞാനഭൂമികകൾ എന്നു പറയുന്നത്, ആദ്യത്തേതു ശുഭേച്ഛ, രണ്ടാമതു വിചാരം, മൂന്നു തനുമാനസി, നാലു സത്വാപത്തി, അഞ്ച് അസംസക്തി, ആറു പദാർത്ഥഭാവന, ഏഴതുര്യ്യം ഇങ്ങിനെയാകുന്നു. ‘ഞാനെന്താ ഇങ്ങിനെ മൂഢനായിരിക്കുന്നതു ശാസ്ത്രങ്ങളാലും സജ്ജനങ്ങളിൽനിന്നും അറിവു സമ്പാദിക്കേണ്ടതല്ലെ’ എന്നിങ്ങിനെ വൈരാഗ്യസഹിതം ആലോചിക്കുന്നതു ‘ശുഭേച്ഛ’യാകുന്നു. ശാസ്ത്രങ്ങളാലും സജ്ജനസംസർഗ്ഗത്താലും വൈരാഗ്യപൂർവ്വം ഉണ്ടാകുന്ന സദാചാരത്തെ ‘വിചാരം’ എന്നു പറയുന്നു. ശുഭേച്ഛയാലും വിചാരത്താലും ഉണ്ടാവുന്ന വിഷയവൈരാഗ്യത്താൽ ചിത്തവൃത്തി ക്ഷയിക്കുന്നതു ‘തനുമാനസി’യാകുന്നു. മൂന്നു ഭൂമികയുടെ അഭ്യാസത്താൽ വൈരാഗ്യം നിമിത്തം ചിത്തം ശുദ്ധസത്വത്തിൽ സ്ഥിതിചെയ്യുന്നതു ‘സത്വാപത്തി’യാകുന്നു. നാലു ഭൂമികകളുടെ വൃദ്ധിച്ച സത്വാപത്തിയാൽ ഉണ്ടാവുന്ന ‘അസംസർഗ്ഗം’ ‘അസംസക്തി’യെന്നു പറയപ്പെടുന്നു. പഞ്ചഭൂമികാഭ്യാസംകൊണ്ടും ആത്മാവിൽത്തന്നെ രമിക്കുന്നതുകൊണ്ടും ബാഹ്യാഭ്യന്തരവസ്തുക്കളുടെ ഭാവനയില്ലാത്തതുകൊണ്ടും അന്യന്മാരാൽ

പണിപ്പെട്ടുണർത്തേണ്ടതായ സ്ഥിതി ‘പദാർത്ഥഭാവന’യാകുന്നു. ആറു ഭൂമികകളുടെ ചിരാഭ്യാസത്താലും ഭേദബുദ്ധി തീരെ നശിച്ചുപോകുന്നതുകൊണ്ടും ഉള്ള സ്വസ്വരൂപസ്ഥിതിയാകുന്നു ‘തുര്യ്യാവസ്ഥ’യെന്നു പറയപ്പെടുന്നത്.

എല്ലാം ദൃശ്യവസ്തുക്കളിലും ഇതു എന്റേത് എന്നുള്ള ഭാവനയെ മഹാന്മാരായ ബ്രഹ്മജ്ഞാനികൾ ‘ജാഗ്രൽ ജാഗ്രത്’ എന്നു പറയുന്നു. സകല ദൃശ്യങ്ങളും സച്ചിദാനന്ദസ്വരൂപനായ എങ്കൽ കല്പിതമാകുന്നുവെന്നറിഞ്ഞ് അവയിലുള്ളതായ രൂപങ്ങളെ ത്യജിക്കുന്നതു ‘ജാഗ്രൽസ്വപ്ന’മെന്നു പറയുന്നു. പരിപൂർണ്ണചിത്സ്വരൂപനായ എങ്കൽ ബോധമാത്രമല്ലാതെ മറ്റൊന്നുമില്ലെന്നുള്ള അറിവിനെ ‘ജാഗ്രൽസുഷുപ്തി’യെന്നു പറയുന്നു. മൂലജ്ഞാനം നശിച്ചതുകൊണ്ട് ആഭാസജ്ഞാനത്താൽ ഉണ്ടാവുന്ന പ്രവൃത്തികളാൽ എനിക്ക് അല്പംപോലും ബന്ധമില്ലെന്നുള്ള അറിവു ‘സ്വപ്നജാഗ്ര’മെന്നു പറയപ്പെടുന്നു. കാരണമായ അജ്ഞാനം നശിച്ചതുകൊണ്ട് അതിന്റെ കാര്യങ്ങളായ ദ്രഷ്ടൃദർശനദൃശ്യങ്ങൾ എനിക്കില്ലെന്നുള്ള അറിവു ‘സ്വപ്നസ്വപ്ന’മെന്നു പറയുന്നു. അതിസൂക്ഷ്മവിചാരത്താൽ നിശ്ചലമായ മനോവൃത്തി ജ്ഞാനത്തിൽ ലയിക്കുന്നതു ‘സ്വപ്നസുഷുപ്തി’യെന്നു പറയുന്നു. അന്തഃകരണവൃത്തികളോടുകൂടിയ ചിദാകാരമായ ബുദ്ധിവൃത്തികളിൽ ഉണ്ടാവുന്ന ആനന്ദാനുഭവത്തെ ‘സുഷുപ്തി ജാഗ്രത്’ എന്നു പറയുന്നു. വളരെക്കാലം അനുഭവിച്ചതായ ആനന്ദാനുഭവവൃത്തി സമസ്ഥിതിയാകുന്നതു ‘സുഷുപ്തിസ്വപ്ന’മാകുന്നു. ദൃശ്യാകാരമായ ബുദ്ധിവൃത്തി കൈവല്യാകാരതയെ പ്രാപിച്ചു ബോധസ്വരൂപമായി ഭവിക്കുന്നതു ‘സുഷുപ്തിസുഷുപ്തി’യാകുന്നു. നിർവ്വികാരബ്രഹ്മരൂപമായ വൃത്തിപ്രവാഹം സർവ്വാവസ്ഥകളിലും പരബ്രഹ്മരൂപേണ പ്രകാശിക്കുന്നതു ‘തുര്യ്യ’മെന്നു പറയപ്പെടുന്നു. ഇപ്രകാരമുള്ള അവസ്ഥാവിലാസങ്ങളെ ആലോചിച്ചറിയുന്നവൻ സുഖേന മുക്തനായി ഭവിക്കും. ശുഭേച്ഛ

മുതലായ ഭൂമികകൾ ഭേദവും അഭേദവും ഉള്ളവയാകുന്നു. ഭേദബുദ്ധിയുള്ളതുകൊണ്ട് ഈ മൂന്നു ഭൂമികകളെ ജാഗ്രൽജാഗ്രത് എന്നു പറയുന്നു. ദ്വൈതബുദ്ധി നശിക്കുകയും അദ്വൈതബുദ്ധി ദൃഢമായി ഭവിക്കുകയും ചെയ്യുമ്പോൾ നാലാമത്തെ ഭൂമികയിൽ കയറും. അപ്പോൾ ലോകമെല്ലാം സ്വപ്നതുല്യമായി തോന്നും. അതുകൊണ്ടു നാലാം ഭൂമിക ജാഗ്രൽസ്വപ്നമെന്നു പറയുന്നു. സുഷുപ്തിസ്ഥാനമെന്നു പേരായ അഞ്ചാം ഭൂമികയിൽ കയറി ഭേദജ്ഞാനം നിശ്ശേഷം നശിച്ച് അദ്വിതീയബ്രഹ്മത്തിൽ മാത്രം സ്ഥിതി ചെയ്യുന്നു. അതിനാൽ അഞ്ചാം ഭൂമികയെ ജാഗ്രൽസുഷുപ്തിയെന്നു പറയുന്നു. ആറാം ഭൂമികയിൽ കയറിയവൻ പ്രപഞ്ചവിചാരം നിശ്ശേഷം നശിച്ച് അന്തർമ്മുഖനായി അദ്വൈത ബ്രഹ്മത്തിൽ സദാ സ്ഥിതി ചെയ്യുന്നു. കാണുന്നവർക്ക് ക്ഷീണംകൊണ്ടു ഗാഢനിദ്ര ചെയ്യുന്നവനെപ്പോലെ തോന്നും. ഈ ഭൂമികയിൽ വാസനാരഹിതനായി അഭ്യാസം ചെയ്യുന്നവൻ ക്രമത്തിൽ ഏഴാം ഭൂമികയായ തുര്യാവസ്ഥയെ പ്രാപിച്ച് യോഗിരാട്ട് ആയി ഭവിക്കുന്നു. വിദേഹമുക്തിതന്നെയാകുന്നു 'തുര്യാതീതം' എന്നു പറയപ്പെടുന്നത്.

യാതൊരുത്തൻ, സത്തെന്നോ അസത്തെന്നോ ഞാനെന്നോ ഞാനല്ലെന്നോ ഉള്ള വിചാരങ്ങൾ തീരെ ക്ഷയിച്ച് അദ്വിതീയമായ കേവലബ്രഹ്മത്തിൽ നിർഭയനായി സ്ഥിതിചെയ്യുന്നുവോ, യാതൊരുത്തൻ, ആകാശത്തിൽ ശൂന്യകുംഭമെന്നപോലെ അകവും പുറവും നിറഞ്ഞിരിക്കുന്നവനാകുവോ, യാതൊരുത്തൻ, മററുള്ളവരെപ്പോലെ വിഷയവൃത്തികളിൽ വ്യാപരിക്കുന്നവനാണെങ്കിലും കാണുന്ന സകല വസ്തുക്കളും ഇല്ലാത്തതാണെന്നും പ്രപഞ്ചഭാവമാകുന്നു യഥാർത്ഥസ്ഥിതിയെന്നും വിചാരിക്കുന്നുവോ അവൻ ജീവന്മുക്തനാകുന്നു. യാതൊരുത്തന്നു മനോവിലാസങ്ങളായ സുഖദുഃഖങ്ങൾ ഉണ്ടാവുന്നതുംനശിക്കുന്നതുമില്ലയോ, പ്രാരബ്ധത്തെ അനുസരിച്ചു സ്ഥിതി ചെയ്യുന്ന അവൻ ജീവന്മുക്തനാകുന്നു. യാതൊരുത്തൻ സുഷു

ഷ്ഠിസ്ഥനായിരുന്നുകൊണ്ടു ജാഗരിക്കുന്നവനും പ്രപഞ്ചവ്യാപാരരൂപമായ ജാഗ്രത്തില്ലാത്തവനും വാസനാരഹിതമായ ജ്ഞാനമുള്ളവനും ആകുന്നുവോ അവൻ ജീവന്മുക്തനാകുന്നു. യാതൊരുത്തൻ രാഗദ്വേഷാദികളെ അനുസരിച്ചു പ്രവൃത്തിക്കുന്നതായാലും ആകാശംപോലെ അതിനിർമ്മലനായിരിക്കുന്നുവോ അവൻ ജീവന്മുക്തനാകുന്നു. പ്രവൃത്തിയെ ചെയ്താലും ഇല്ലെങ്കിലും അഹങ്കാരമില്ലാത്തവനായും യാതൊന്നിലും ബുദ്ധി സംബന്ധിക്കാതിരിക്കുന്നവനായും ഉള്ളവനും ജീവന്മുക്തനാകുന്നു. സകല കാര്യങ്ങളിലും പ്രവർത്തിക്കുന്നുണ്ടെങ്കിലും പരകാര്യത്തിലെന്നപോലെ ആസക്തിരഹിതനായിരിക്കുന്ന പൂർണ്ണാത്മാവും ജീവന്മുക്തനാകുന്നു. ദ്വൈതരഹിതമായി പരിശുദ്ധമായിരിക്കുന്ന കേവലചിദ്രൂപത്തിൽ സ്ഥിരമായി മനോവിശ്രാന്തിയുള്ളവൻ ജീവന്മുക്തനാകുന്നു. ഇതു പ്രപഞ്ചമാകുന്നു, ഇവൻ അന്നു കണ്ടവനാകുന്നു എന്നിങ്ങിനെ മിഥ്യാഭൂതമായ ദൃശ്യപ്രതീതി മനസ്സിൽ ഉണ്ടാകാതിരിക്കുന്നവൻ ജീവന്മുക്തനാകുന്നു. ഞാൻ പരമാത്മാവും ചിത്സ്വരൂപനും നിർഗ്ഗുണനും മായാതീതനുമാകുന്നു എന്നിങ്ങിനെ ആത്മസ്വരൂപത്തിൽ സ്ഥിതി ചെയ്യുന്നവൻ ജീവന്മുക്തനാകുന്നു. ഞാൻ ദേഹത്രയവ്യതിരിക്തമായ ശുദ്ധബ്രഹ്മചൈതന്യമാകുന്നുവെന്നുള്ള ദൃഢപ്രജ്ഞനും ജീവന്മുക്തനാകുന്നു. ഞാൻ ബ്രഹ്മമാകുന്നു, ഞാൻ ബ്രഹ്മമാകുന്നു, ഞാൻ ചിദ്രൂപനാകുന്നു, ഞാൻ ചിദ്രൂപനാകുന്നു എന്നിങ്ങിനെ ദൃഢനിശ്ചയമുള്ളവൻ ജീവന്മുക്തനാകുന്നു. ഇങ്ങിനെയുള്ള ജീവന്മുക്തൻ തന്റെ പ്രാരബ്ധദേഹം കാലത്താൽ നശിക്കുമ്പോൾ ജീവന്മുക്തിപദത്തെ ത്യജിച്ചു, വായു നിശ്ചലനായി ഭവിക്കുന്നതുപോലെ വിദേഹമുക്തിപദത്തെ പ്രാപിക്കുന്നു. അപ്പോൾ അവാങ്മനസഗോചരമായി തൽപദാർത്ഥമായ ബ്രഹ്മരൂപമായി ഭവിക്കുന്നു.

യാതൊരു ബ്രഹ്മവസ്തുവിനെ ശൂന്യവാദികൾ ശൂന്യമെ

നും ബ്രഹ്മജ്ഞാനികൾ ബ്രഹ്മമെന്നും, വിജ്ഞാനവാദികൾ വിജ്ഞാനമെന്നും, മലവാദികൾ മലാത്മകമെന്നും, സാംഖ്യന്മാർ പുരുഷനെന്നും, യോഗികൾ ഈശ്വരനെന്നും, ശൈവാഗമസ്ഥന്മാർ ശിവനെന്നും, കാലവാദികൾ കാലമെന്നും പറയുന്നുവോ, യാതൊരു ബ്രഹ്മവസ്തു സർവ്വശാസ്ത്രസിദ്ധാന്തമായും, സർവ്വഹൃദയങ്ങളിൽ അനുസ്യൂതമായും, സർവ്വസ്വരൂപമായും, സർവ്വവ്യാപിയായും ഇരിക്കുന്നുവോ വിദേഹമുക്തൻ ആ പരമാർത്ഥവസ്തുവായിഭവിക്കുന്നു. ഞാൻകേവലബ്രഹ്മമാകുന്നു, ഞാൻചിത്സ്വരൂപനാകുന്നു എന്നുള്ള വിചാരംകൂടി ഉണ്ടാവാതെ കേവലബ്രഹ്മസ്വരൂപനായിത്തന്നെ ഭവിക്കുന്നവൻ വിദേഹമുക്തനാകുന്നു. വിദേഹമുക്തന്നുപ്രപഞ്ചപ്രതീതിയുമില്ല ബ്രഹ്മപ്രതീതിയുമില്ല, അതീതനെന്ന ഭാവനകൂടി ഇല്ലാതായി ഭവിക്കുന്നു. വിദേഹമുക്തൻചിത്തവൃത്തികളെഅതിക്രമിച്ചവനും ചിത്തവൃത്തികളെ പ്രകാശിപ്പിക്കുന്നവനും ചിത്തവൃത്തി ഇല്ലാത്തവനുമാകുന്നു. വിദേഹമുക്തന്നുജീവാത്മാവെന്നും പരമാത്മാവെന്നും ഉള്ള ചിന്തയാവട്ടെ, സങ്കല്പമാവട്ടെ യാതൊന്നുമില്ല. വിദേഹമുക്തൻ നിരുപാധികനായ ആത്മസ്വരൂപനും, വാച്യങ്ങളായ വസ്തുക്കളോടു സംബന്ധമില്ലാത്തവനും അവസ്ഥാത്രയവിഹീനനും ആകുന്നു. പുററിന്റെ സമീപത്തിൽ ത്യജിച്ചിട്ടതായ ജീവനില്ലാത്ത പാമ്പിൻചട്ടയെ സർപ്പം ഞാനെന്നോ എന്റെതെന്നോ അഭിമാനിക്കാറില്ലാത്തതുപോലെ കാര്യവർഗ്ഗങ്ങളോടുകൂടിയ മിഥ്യാജ്ഞാനം ജ്ഞാനാഗ്നിയാൽ ദഹിച്ചുപോയ സമയത്തു, സ്ഥൂലസൂക്ഷ്മശരീരങ്ങളെ അഭിമാനിക്കുന്നില്ല. അതല്ല, അതല്ല എന്നുള്ള പ്രമാണത്താൽ ഉപരഹിതനായ വിദേഹമുക്തൻ അശരീരനായി ഭവിക്കുന്നു. വിശ്വൻ, തൈജസൻ, പ്രാജ്ഞൻ എന്നുള്ള മൂന്നും, വിരാട്, ഹിരണ്യഗർഭൻ ഈശ്വരൻ എന്നുള്ള മൂന്നും, ബ്രഹ്മാണ്ഡവും, പിണ്ഡാണ്ഡവും ഭൂരാദിലോകങ്ങളും അതാതിന്റെ കാരണോപാധി നശിച്ച് പ്രത്യഗാത്മാവിൽ ലയിക്കുന്നു. അതിനുശേഷം ഒന്നുമില്ല, ഒന്നുമില്ല, ഒന്നുമില്ലതന്നെ. സത്യവസ്തു

ഒന്നുംതന്നെയില്ല. അവന്നു കാലഭേദം, വസ്തുഭേദം, ദേശഭേദം, സ്വഭേദം ഇവ അല്പംകൂടിയില്ല. വിദേഹമുക്തന്നു ജീവേശ്വരഭേദമാവട്ടെ, വേദശാസ്ത്രങ്ങളാവട്ടെ ഞാൻ, അവൻ, ഇവൻ എന്നുള്ള ഭേദമാവട്ടെ, ഞാൻ ചൈതന്യമാകുന്നു എന്നുള്ള ബുദ്ധിയാവട്ടെ യാതൊന്നുമേയില്ല. വസ്തുവായിട്ടും, അവസ്തുവായിട്ടും ബ്രഹ്മം മാത്രമേയുള്ളു. ശാന്തമായും, ശാന്താതീതമായും സത്യജ്ഞാനാനന്ദരൂപമായും ഇരിക്കുന്ന ആ പരബ്രഹ്മംതന്നെയാകുന്നു ജ്ഞാനത്തിന്നു വിഷയമായി ഭവിക്കുന്നത്. അദ്ധ്യാത്മശാസ്ത്രങ്ങളുടെ സിദ്ധാന്തം ആ പ്രശാന്തബ്രഹ്മമൊന്നൊഴികെ മായയാവട്ടെ, അവിദ്യയാവട്ടെ യാതൊന്നുമില്ലെന്നാകുന്നു. വിദേഹമുക്തിയെ പ്രാപിക്കുന്ന ജീവന്മുനാവട്ടെ ഇഷ്ടന്മാൎക്ക തന്റെ പുണ്യത്തേയും അനിഷ്ടന്മാൎക്ക തന്റെ പാപത്തേയും കൊടുത്തു ധ്യാനയോഗത്താൽ ശാശ്വതബ്രഹ്മത്തെ പ്രാപിക്കുന്നു. സദ്രൂപമായ ബ്രഹ്മത്തെ എത്രയെത്ര അധികം അറിയുന്നുവോ, അഖിലവസ്തുക്കളെ എത്രയെത്ര ത്യജിക്കുന്നുവോ അത്രത്തോളം പരമാത്മസ്വരൂപമായ പരമാനന്ദം തെളിവായി പ്രകാശിക്കുന്നു. പരബ്രഹ്മജ്ഞാനിയായ ജീവന്മുക്തൻ എവിടെയോ മരിക്കുന്നതായാലും പരബ്രഹ്മത്തിൽത്തന്നെ ലയിക്കുന്നതാകുന്നു. അവന്ന് ഊൎദ്ധ്വഗമനമെന്നതില്ല. തനിക്കു ഏതേതു ഇഷ്ടവസ്തുവോ അവയെ ത്യജിക്കുന്നവൻ മോക്ഷത്തെ പ്രാപിക്കും. ഈ മനസ്സിനെ സങ്കല്പരാഹിത്യമാകുന്ന ആയുധംകൊണ്ട് എപ്പോൾ ഛേദിക്കപ്പെടുന്നുവോ അപ്പോൾ സർവ്വസ്വരൂപവും സർവ്വവ്യാപിയും ആയ പ്രശാന്തബ്രഹ്മത്തെ പ്രാപിക്കുന്നു.

ഇപ്രകാരം ഗുരുവിന്റെ ഉപദേശമെല്ലാം കേട്ട് ശിഷ്യൻ ജ്ഞാതജ്ഞേയനായി, സംശയരഹിതനായി ഭവിച്ചു മുക്തനായി ഗുരുവിന്റെ പാദാരവിന്ദങ്ങളിൽ നമസ്കരിച്ചു ഗുരുവിന്റെ അനുജ്ഞയോടുകൂടി പുറപ്പെട്ടുപോവുകയും ചെയ്തു. ഗുരുവാകട്ടെ സദാ ആനന്ദസമുദ്രത്തിൽ മഗ്നമാനസനാ

118



യിട്ടു ഭൂമണ്ഡലത്തെ പരിശുദ്ധമാക്കിക്കൊണ്ടു മൌനിയായി സഞ്ചരിച്ചു.

“ഇത്യാചാൎയ്യസ്യ ശിഷ്യസ്യ സംവാദേനാത്മലക്ഷണം
നിരൂപിതംമുമുക്ഷൂണാം സുഖബോധോപപത്തയേ. (1)

സൎവ്വവേദാന്തസിദ്ധാന്തസാരസംഗ്രഹനാമകഃ
ഗ്രന്ഥോയംഹൃദയഗ്രന്ഥിവിച്ഛിത്ത്യൈരചിതഃസതാം.” (2)

സൎവ്വവേദാന്തസിദ്ധാന്തസാരസംഗ്രഹം.

സംപൂൎണ്ണം.

B168

18 JUNE 1936

MUL
051147